68885-C.

മുഖ്യപരീക്ഷാപാഠസാഹ്യവും,

ഹൈന്ദവനാട്യശാസ്ത്രവും.

———:o:———

ഗ്രന്ഥകർത്താ

ആർ. നാരായണപ്പണിയ്ക്കർ ബി. എ.

അദ്ധ്യാപകൻ.

സംസ്കൃതകോളേജ്,

തിരുവനന്തപുരം.



പ്രകാശകൻ

പി. ഗോവിന്ദപ്പിള്ള

വിദ്യാവിലാസിനി ബുക്ക് ഡിപ്പോ,

സന്നതുമുക്ക് ചാല,

തിരുവനന്തപുരം.

———

ഫാൻറ

വില അണ— [illegible]

പ്രകാശകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജം.

അനന്തരാമവർമ്മപ്രസ്സ്

കോട്ടയ്ക്കകം, തിരുവനന്തപുരം.

മുഖവുര.

ഇക്കൊല്ലത്തെ മുഖ്യപരീക്ഷയ്ക്കു നിർദ്ദേശിച്ചിട്ടുള്ള പാഠ്യ പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങൾ പ്രസിദ്ധീകരിച്ചാൽ കൊള്ളാ മെന്നു ചില വിദ്യാർത്ഥികൾ ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ ഒരു വ്യാഖ്യാനം തയ്യാറുചെയ്തിച്ച് മൂന്നുനാലുമാസത്തിനു മുമ്പേ അച്ചുക്കൂടത്തിലേല്പിച്ചു. ഉദ്ദേശിച്ചതിൽ കൂടുതൽ പുറങ്ങൾ വേണ്ടിവന്നതിനാലും അച്ചുക്കൂടക്കാർ ക്രമത്തിലധികം അമാ ന്തം വരുത്തിയതിനാലും ഈ രൂപത്തിലെങ്കിലും ഇതിനെ വെ ളിയിലിറക്കുന്നതിനു ഇപ്പോഴെ സാധിച്ചുള്ളൂ. കടലാസിനു വില വളരെ കൂടിയിരിക്കുന്നതുകൊണ്ട് ഗദ്യപുസ്തകങ്ങളുടെ വ്യാഖ്യാനം പ്രത്യേകം പ്രസിദ്ധീകരിക്കണമെന്നു വിചാരി ക്കുന്നു.

മുഖ്യപരീക്ഷാ വിദ്യാർത്ഥികളെ വളരെക്കാലം പഠിപ്പിച്ചു പ്രശസ്തിസമ്പാദിച്ചിട്ടുള്ള ഒരു അദ്ധ്യാപകനെക്കൊണ്ട് എഴു തിച്ചിരിക്കുന്ന ഈ വ്യാഖ്യാനം പ്രസ്തുതപരീക്ഷയ്ക്കു പോകു ന്ന ഏവർക്കും ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു

അടുത്തയാണ്ടത്തെ മുഖ്യപരീക്ഷയ്ക്കുള്ള പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങളും തയ്യാറായി വരുന്നു.

എന്നു്.

പി. ഗോവിന്ദപ്പിള്ള

പ്രകാശകൻ.

കഥകളികളുടെ ഉൽപത്തി.

—.o.—

കോട്ടാരക്കര തമ്പുരാനും കോഴിക്കോട്ടുരാജാവും തമ്മിലു ള്ള സൌന്ദര്യപ്പിണക്കത്തിൽ നിന്നും കഥകളി ഉത്ഭവിച്ചതാ യിട്ടാണ് ഐതിഹ്യം. ആധുനികചരിത്രഗവേഷകന്മാർ ഈ ഉല്പത്തിവാദത്തെ യഥാരൂപം അംഗീകരിക്കുന്നില്ല. രാമനാട്ടത്തി ന്റെ ആവിർഭാവത്തിനു ആ സംഭവം ഹേതുകമായിരുന്നാലും അതിനു ഉപയുക്തമായ കരുക്കളെ അദ്ദേഹം സങ്കല്പംകൊ ണ്ട് സൃഷ്ടിച്ചതായിരിക്കാൻ വഴിയില്ല. നൃത്തം, ആംഗ്യം; ഗാ നം ഇവമൂന്നുമാണല്ലൊ കഥകളിയുടെ പ്രധാനാംശങ്ങളാം. ഇ വ എന്നു് ഏതുവിധത്തിൽ ഉണ്ടായിഎന്നു് അന്വേഷിയ്ക്കുന്ന ഒരാൾ അദാമിന്റെയും ഔവായുടേയും അടുത്തുവരെ പോകാ തെ കഴിയുകയില്ല. പരിഷ്കാരസൂര്യന്റെ കിരണങ്ങളാം തട്ടിട്ടി ല്ലാത്ത വന്യജനങ്ങളുടെ ഇടയ്ക്കുപോലും ഇവയ്ക്കു പ്രചാരമുണ്ട്. സമുദായം പരിഷ്കാരോന്മുഖമാകുന്നതിനോടുകൂടി കലാനഷ്ടമായ ഭേദഗതികളാം ഇവയിൽ ഒരോന്നിനും വന്നുകൂടുന്നു.

ആര്യബ്രാഹ്മണരായ നമ്പൂതിരിമാരുടെ പ്രവേശത്തോടു കൂടി ഭാരതീയ നൃത്താദികലകളും കേരളത്തിലേക്കു സംക്രമിച്ചു. സംസ്കൃതനാട്യത്തിന്റെ അനുകരണമായ കൂടിയാട്ടം അവരത്രേ നമ്മുടെ നാട്ടിൽ നടപ്പാക്കിയതു്. അതിനോടുകൂടിത്തന്നെയൊ അതിനെ തുടർന്നൊ ചാക്യാർക്കൂത്തു് എന്നൊരു സമ്പ്രദായവും നടപ്പിൽവന്നു. കൂടിയാട്ടത്തിലും കൂത്തിലും അഭിനയവും അം ഗാദി വിക്ഷേപങ്ങളും അപേക്ഷിതങ്ങളായിരുന്നു. ബംഗാള ത്തിൽ പ്രചുരപ്രചാരമായിരുന്ന കളികളെ അനുകരിച്ചു ജ യദേവൻ വിരചിച്ച ഗാനാത്മികമായ ഗീതാഗോവിന്ദം കേ രളീയർക്കു പരിചയപ്പെട്ടപ്പോൾ കഥകളിയ്ക്കുവേണ്ട സകലകാ രുക്കളും കരസ്ഥമായി. ആദ്യത്തേവേഷവിധാനങ്ങളെല്ലാം കേ രളത്തിൽ മുമ്പുതന്നെ നടപ്പിലിരുന്നതായിരിയ്ക്കണം.

ഇങ്ങനെ ആര്യസമ്പർക്കം കഥകളിയുടെ പ്രാദുർഭാവത്തിനു സാഹായ്യകമായിരുന്നെങ്കിലും ഈ നവ്യമായ പ്രസ്ഥാനം ഏ

പ്പെടുന്നതിനുള്ള പ്രധാനകാരണം ഇവിടത്തെ പരിതഃസ്ഥിതികംതന്നെയാണ്. കേരളീയർക്കുണ്ടായിരുന്ന നാട്യപ്രസക്തിയുടെ ക്രമാനുഗമായ വളർച്ചയിൽ നിന്നുതന്നെയാണ് കഥകളി ഉത്ഭവിച്ചത്. ഇപ്പോഴും നടപ്പിൽ ഇരിക്കുന്ന മുദ്രകൈകളും രാഗവിധാനവും വേഷക്രമവും എല്ലാം കേരളീയരുടെപ്രത്യേക സ്വത്തായിരിക്കുന്നു. കേരളീയരുടെ നാടകം എന്നുപറയത്തക്കതായി വല്ലതുമുണ്ടെങ്കിൽ അതു കഥകളിമാത്രമാണ്. ഭരതമുനിയുടെ സിദ്ധാന്തമനുസരിച്ച് കഥകളിയെ നൃത്യത്തിലുള്ളതെ നാട്യത്തിൽ ഉൾപ്പെടുത്താൻ തരമില്ലെങ്കിലും നമ്മുടെ പൂർവികന്മാർ അതിനെ നാട്യമായിട്ടുതന്നെയാണ് ഗണിച്ചുവന്നിരുന്നത്.

ഇരയിമ്മൻതമ്പി ദക്ഷയാഗം കഥകളിയുടെപ്രാരംഭത്തിൽ

'കേനാപിതൽ പദ്ധതിരക്ഷയാഗ
നാട്യപ്രബന്ധമുദിതാസുധിയഃ പുനന്തു'

എന്നുപറഞ്ഞിരിക്കുന്നതു നോക്കുക. വാസ്തവത്തിൽ കഥകളിയുടെസ്ഥാനം ശുദ്ധനൃത്തത്തിന്റേയും നാടകത്തിന്റേയും മധ്യത്തിലാണ്. അവയെ ഒന്നുപരിഷ്കരിച്ചാൽ തമിഴ്നാടകങ്ങളെപ്പോലുള്ള ഒരുമാതിരിരൂപകങ്ങൾകിട്ടും. തമിഴ്നാടകങ്ങൾ മുനിപ്രോക്തങ്ങളായ ലക്ഷണങ്ങൾ അനുസരിച്ച് വ്യുൽപ്പത്തപ്പെട്ടവയല്ല. നേരെമറിച്ച അവയുടെരീതി ശുദ്ധദ്രാവിഡമാകുന്നു.

തമിഴ്നാടകത്തിനു കഥകളിയോടുവളരെ സാദൃശ്യം കാണുന്നുണ്ട് ഉദ്ഘാടനം, വധം, യുദ്ധം മുതലായ വർജ്യാംശങ്ങളെ രണ്ടിലും പ്രയോഗിക്കുന്നുണ്ട്. രണ്ടുംസംഗീതപ്രചുരമാകുന്നു. താളമേളാദികം ഇവയിൽ അപരിത്യാജ്യമത്രേ. കഥകളിയിൽ പാത്രങ്ങൾ മൂകവൃത്തി അവലംബിക്കുന്നു; പാട്ടുകാരനും പ്രത്യേകമുണ്ട്. ഇത്രമാത്രമേഭേദമുള്ളൂ.

കൊട്ടാരക്കര തമ്പുരാനായിരിക്കണം കൈവശമുണ്ടായിരുന്ന കരുക്കളെയെല്ലാം കൂട്ടിച്ചേർത്തു രാമനാട്ടം എന്ന ഒരു പുതിയമാർഗ്ഗം തുറന്നത്. പിന്നീടുണ്ടായ കവികൾ ഈ രീതിയെ കഴിയുന്നത്ര പരിഷ്കരിച്ചു. കല്ലടിക്കോട്ട് കപ്ലിങ്ങാട്ട് ഇരണ്ടു നമ്പൂതിരിമാർ വേഷസമ്പ്രദായത്തിൽ പലേവ്യത്യാസങ്ങൾ വരുത്തി. ഇങ്ങനെ കഥകളി ക്രമേണ വളർന്നു നാടകത്തെ

പതെത്ത അവലംബിക്കുന്നതിനു മുമ്പു് സംസ്കൃത നാടകങ്ങൾ കേരളത്തിൽ കടന്നുക്കൂടി അതിന്റെ സ്വഭാവികമായ വളർച്ച യെതടഞ്ഞു.

ഉദ്ദേശ്യം.

കഥകളികളുടെ ഉദ്ദേശ്യം വിവിധമാകുന്നു. ജനങ്ങളുടെ വിനോദവിഷയകമായ അഭിരുചിയെപ്പൂരിപ്പിച്ചു അവർക്കു വിജ്ഞാനം നൽകുന്നതിനാണു് കഥകളികർത്താക്കന്മാർ ഒന്നാമതായിശ്രമിക്കുന്നതു്. പ്രായേണ എല്ലാആട്ടക്കഥകളും ഭക്തിരസത്തെ പോഷിപ്പിക്കുന്നവയാകുന്നു. ശൃംഗാരാദിരസങ്ങൾ എല്ലാം അവിടവിടെ കലർത്തീട്ടുണ്ടെങ്കിലും ഒടുവിൽശാന്ത രസത്തിൽതന്നെ കഥകൾ അവസാനിക്കുന്നു. ഏഴുത്തച്ഛൻപാട്ടുകൾ വഴിയുള്ള കേരളീയരുടെ ഹൃദയത്തിൽ വേരുന്നിയ പൌരാണിക കഥാശ്രവണ പ്രസക്തി ഇപ്പോഴും സഹായിയായിരിക്കുന്നതോക്കെ പോലെ അവർക്കു് ആട്ടക്കഥകളോടു് അത്യധികമായ ആദരം ജനിച്ചതിൽ അത്ഭുതപ്പെടാനവകാശമില്ല.

കഥകളികളിലെ സാഹിത്യം.

കഥകളികളിലെ സാഹിത്യംവളരെ വിശിഷ്ടമാണെന്നു പറവാനില്ല. ഗതാനുഗതികത്വബുദ്ധി അവരെ ബാധിച്ചിട്ടുള്ളതുപോലെ മറാരെയും ബാധിച്ചിട്ടില്ല. അവരുടെ ഉദ്യാനവർണ്ണനമാത്രം എടുത്തുനോക്കിയാൽമതി. അഭിനവങ്ങളായ ഉല്ലേഖങ്ങളൊന്നും, നളചരിതം തുടങ്ങിയ ചില കൃതികൾ ഒഴിച്ചുള്ളവയിൽ കാണ്മാനില്ല. കലാശമായ അലംകാരഭ്രമം ആശയങ്ങളുടെ ദുരവഗാഹത്വം ഇവയാണു കഥകളികളുടെ ഇതരേതര വ്യാവർത്തകമുദ്രകൾ, ശൃംഗാരാദിരസങ്ങൾ ആട്ടക്കഥാകാരകന്മാരുടെ കൈയിൽ ബീഭത്സതരമായ് ചമയുന്നു. നവോഢകളെക്കൊണ്ടുപോലും സഭ്യേതരങ്ങളായ വാക്കുകൾ പറയിക്കുന്നതിനു അവർക്കുമടിയില്ല, രാജാക്കന്മാരുടെ പോരുവിളിരുവുകളിൽ നടക്കുന്ന അഭാസന്മാരുടെ ശണ്ഠയുംസമാനമാണു്. എത്രതന്നെ പരിപൂർണ്ണമായിരുന്നാലും അന്യഭാഷ അശയങ്ങളെ വേണ്ടപോലെ പ്രകാശിപ്പിക്കുവാൻ അപര്യാപ്തമാകുന്നു. അതുകൊണ്ടത്രേ ഈ മാതിരി അസ്വാഭാവികത കഥകളിൽ കടന്നുക്കൂടിയതു്. ഇങ്ങനെയൊക്കെ ഇരുന്നാലും സന്ദർഭ

ക്കുന്നതുണ്ടായ സ്ഥാഭങ്ങളെ നടിക്കുന്നവിഷയത്തിൽ ആട്ടക്കാരെ പ്രശംസിക്കേണ്ടതാണു്. അതുപോലെതന്നെ ആംഗ്യങ്ങളെ ഭാഷയുടെസ്ഥാനത്തു ഉപയോഗിക്കുന്നതും ഒരു മഹാത്മ്യംതന്നെ.

കഥകളികൾക്കു പൊതുവേ ചില ദൃഷ്യങ്ങൾ ഉണ്ടെന്നു പറഞ്ഞെങ്കിലും ഈ ദോഷങ്ങൾ അധികമായ് ബാധിച്ചിട്ടില്ലാത്ത ചിലകൃതികളും ഉണ്ടു്. നളചരിതം ഭാഷാസാഹിത്യത്തിനു് ഒരു വിശിഷ്ട ഭൂഷണമായ് എന്നേയ്ക്കും പ്രശോഭിക്കുന്നതാണു്. ഇരയിമ്മൻ തമ്പിയുടേയും അശ്വതി തിരുനാളിന്റേയും വിദ്വാൻ കോയിത്തമ്പുരാന്റേയും കഥകളിൽ സാഹിത്യ രസപ്രചുരമായ പല ഭാഗങ്ങളുണ്ടു്. അവയെ ഇവിടെ കൂണ്ടിക്കാണിക്കേണ്ട ആവശ്യം ഇല്ല.

കഥകളിയും നാടകവും തമ്മിലുള്ള വ്യത്യാസങ്ങൾ.

(ക) കഥകളി ന്യത്തവും, നാടകം നാട്യവും ആകുന്നു.

(ഖ) രംഗവിധാനം രണ്ടിലും ഭിന്നമാണു്

(ന) കഥകളിയിലെ രസത്തിനു അംഗാംഗീ ഭാവമില്ല. ഒരു രസത്തെ അംഗിയായ്പിടിച്ചു് അതിന്റെ പോഷണത്തിനായി ഇതരരസങ്ങളെ പ്രതിപാദിയ്ക്കുന്ന സംപ്രദായം നാടകാദിരൂപകങ്ങൾക്കേ ഉള്ളു.

(ര) ദൂരാദ്ധ്വാനം, വധം, യുദ്ധം, സംഭോഗം മുതലായി നാടകങ്ങളിൽ വർജ്യമായിട്ടുള്ളവയ്ക്കു കഥകളികളിൽ പ്രവേശം ഉണ്ടു്. പ്രധാനകഥകളികളൊക്കയും വധങ്ങളാണു്. അതിനീ രസജനകങ്ങളും അശ്ലീലങ്ങളുമായ കാര്യങ്ങളെപ്പലപ്പോഴും ആട്ടക്കാർ രംഗത്തിൽ പ്രയോഗിക്കുന്നുണ്ടു്.

(ങ) കഥോപചയവിഷയത്തിൽ ആട്ടക്കഥാകർത്താക്കന്മാരുടെ ശ്രദ്ധകാണിക്കുന്നില്ല.

(ന) പഞ്ചസന്ധികൂടം, സന്ധ്യംഗങ്ങൾ ഇവയെ സംബന്ധിച്ച നിയമങ്ങളെ കഥകളിക്കാർ അനുഷ്ഠിയ്ക്കാറില്ല.

(ഞ) ശൃംഗാരം വീരം ഈ രണ്ടു രസങ്ങളേയും കഥകളീകർത്താക്കന്മാർ പ്രധാനമാക്കാറുണ്ടു്, പ്രധാനമായ വ്യത്യാസങ്ങളെ മാത്രമേ ഇവിടെ കൂണ്ടിക്കാണിച്ചിട്ടുള്ളു.

ഭക്ഷ്യയാഗം കഥ.

കവി—

ഇതിന്റെ കവി സുപ്രസിദ്ധനായ ഇരയിമ്മൻ തമ്പിയാകുന്നു. ഇദ്ദേഹം ൧൭൮൮-ൽ തിരുവനന്തപുരത്തു് കൊട്ടയ്ക്കകത്തുള്ള കിഴക്കേമഠം എന്ന ഗൃഹത്തിൽ ജനിച്ചു, ശാസ്ത്രീത്തമാനെന്നു വിഖ്യാതനായ കേരളവർമ്മൻ തമ്പാനത്രേ ഇദ്ദേഹത്തിന്റെ പിതാവ്—മാതാവ് അന്നത്തെ ഇളയതമ്പുരാന്റെ പുത്രിയായിരുന്നതുകൊണ്ടു് രാജകുടുംബവുമായുള്ള സമ്പർക്കത്തിനു ബാല്യത്തിലേ വഴിയുണ്ടായിരുന്നു.

൧൮-ാമത്തെ വയസ്സുതികയുന്നതിനു മുമ്പു് അദ്ദേഹത്തിന്റെ കവിതാവാസനയുടെ അങ്കുരം കണ്ടു തുടങ്ങി. അന്നു് അദ്ദേഹം മുത്താട്ടു ശങ്കരൻ ഇളയതിന്റെ അടുക്കൽ സംസ്കൃതം അഭ്യസിക്കയായിരുന്നു. അദ്ദേഹത്തിന്റെ അത്യത്തെ കവിത മഹാരാജാവു തിരുമനസ്സുകൊണ്ടു കണ്ടപ്പോൾ ഗംഭീരാശയനായ ആ തിരുമേനി ഈ ബാലനേ പ്രശംസിക്കുന്നതിനുപകരം ആക്ഷേപിയ്ക്കയാണു് ചെയ്തതു്. കവിതയിൽ മനസ്സുപതിച്ചാൽ ഈ ബാലന്റെ പഠിത്തം അമാന്തത്തിലാകുമെന്നു് വിചാരിച്ചുമാത്രമാണു് താൻ അപ്രകാരം പറഞ്ഞതെന്നും കവിത സാമാന്യത്തിലധികം തന്നായിട്ടുണ്ടെന്നും പിന്നീടു് ശാസ്ത്രീത്തപാനോടു് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. 1031—ൽ അദ്ദേഹം മരിച്ചു.

സംഗീതത്തിൽ അദ്ദേഹത്തിനുള്ള പാടവം അന്യാദൃശമായിരുന്നു. പരമഭക്തനായ ഈ കവിയുടെ കീർത്തനങ്ങൾ ഹൃദയത്തെ ദ്രവീകരിക്കുന്നവയാണെന്നു അനുഭവിച്ചു തന്നെ അറിയേണ്ടതാണു്.

"കരുണചെയ്യാനെന്തു താമസം കൃഷ്ണാ," എന്ന ഗാനത്തിൽ തിങ്ങിത്തിളങ്ങുന്ന ഭക്തിരസം ആസ്വദിച്ചിട്ടില്ലാത്ത മലയാളികൾ അവരുടെ ജീവിതത്തെ ശപിയ്ക്കുണ്ടതാണു്

'ഓമനത്തിങ്കൾക്കിടാവോ'

എന്ന താരാട്ടു് കേട്ടു് എത്ര ചെറുപൈതങ്ങൾ ഇന്നും ചിത്സുഖസുഷുപ്തിയിൽ ലയിക്കുന്നു.

ഭാഷയിൽ ഉണ്ടായിട്ടുള്ള ശൃംഗാരഗാനങ്ങളും ഒന്നും തമ്പി യുടെ തിനോട്ടകിടപിടിയ്ക്കുയില്ല. സംഗീത ദേവതയുടേ അവ താര മൂത്തിയായ സ്വാതിതമ്പുരാൻ തിരുമനസ്സുകൊണ്ടുപോ ലും ഈ സംഗതിയിൽ പ്രസ്തുതകവിയെജയിച്ചിട്ടില്ലാ.

തമ്പി കീചകവധം, ഭക്ഷയാഗം ഉത്തരാസ്വയംവരം എന്ന മൂന്ന ആട്ടകഥകളും രചിച്ചിട്ടുണ്ട്. ഇവയിൽ ഭക്ഷയാ ഗം മറ്റു രണ്ടു കഥകളോളം ആട്ടക്കാക്ക രുചിക്കുന്നില്ലെന്ന മാ ത്രമല്ല സാഹിത്യവിഷയത്തിലും അല്പം പിറകിലാണെന്നുവേ ണം പറവാൻ.

ഇവയുടെ പുറമേ അനേക കീർത്തനങ്ങളും പദങ്ങളും ഒറ ശ്ലോകങ്ങളും സുഭദ്രാഹരണം, രാസക്രീഡഎന്ന രണ്ടു തിരുവാ തിരുപ്പാട്ടുകളും നവരാത്രിപ്രബന്ധം മുറജപപ്പാന ഇവകളും അദ്ദേഹം രചിച്ചിട്ടുണ്ട്.

എല്ലാ കൃതികളിലും കവിയുടെ കല്പനാ വൈഭവം മനോ ധർമ്മം വർണ്ണനാചാതുരി, പദസമ്പാദനത ഈ ഗുണങ്ങളും പ്ര കാശിക്കുന്നുണ്ട്.

കീചകവധത്തിൽ മാലിനിയുടെ നീരസജനകമായ വാക്ക കേട്ടമാത്രയിൽ പാഞ്ചാലിയുടെ ഉണ്ടായ ഭാവഭേദങ്ങളെ വർണ്ണിച്ചി രിക്കുന്നതു നോക്കുക.

ക്ഷോണീന്ദ്ര പുത്രിയുടെ വാണിനിശമ്യ പുനരേ
ണിവിലോചന നടുങ്ങി;
മിഴിയിണ കലങ്ങി; വിവശതയിൽമുങ്ങി; പല തടവു
മതിനു പുനരവളൊടുപറഞ്ഞളവു
പരുഷ മൊഴി കേട്ടടനടങ്ങി;
ദാസ്യം സമസ്തജന ഹാസ്യം നിനച്ചുനിജ മാസ്യം
നമിച്ചു പുനരേഷാ;
വിജിതസുരയോഷാ,വിഗതപരിതോഷാ;
ശ്രമസലില ബഹുലതരനയന ജലമതിലു
ടനെ മുഴകിബതമലിനതരവേഷാ,
ഗാത്രംവിറച്ചതി മാത്രംകരത്തിലഥ പാത്രം
ധരിച്ചുവിളടനിന്നു;
പരിചൊടുനടന്നുപ്രാർത്ഥികിമപിനിന്നു;

ഹരിണരിപുവരസഹിതദരി യിലിഹപൊക
മൊരുഹരിണിയുടെവിവശതകലന്ത ;
നിശചസ്യദീർഘമഥ വിശചസ്യ നാടകപിവിശച
സ്യ ചേതസി സുജാതാ;
ധൃതിരഹിത ചേതാ ധൃതപുളകജാതാ
സുതസുതനുടെ മണിനി കേതമതിലവം
ചേന്നുടീതി പരിതാപപരിഭ്രതാ.

ഇതിൽപരം ഭംഗിയായിസൈരന്ധ്രിയുടെ ഭാവങ്ങളെവർണ്ണിക്കുവാൻ വിഷമം തന്നെയാണ്. കവിയുടെ ചിത്രനിർമ്മാണ ചാതുരി അത്ഭുതാവഹം തന്നെ. പാഞ്ചാലി ക്ഷോണിന്ദ്ര പുത്രിയുടെ വാക്കുകേട്ട പെട്ടെന്നു നടുങ്ങിയതും നിജദൗന്യത്തെയോർത്തു അനനം നമിച്ചതും ശ്രമസലിലം തുടച്ചതും വിവശത കലർന്നതും പാത്രം കരത്തിലെടുത്തു ക്ഷണമാത്രം നിന്നുപോയതും വണ്ടും അജ്ഞാചംഘലനവൈമുഖ്യത്താൽ 'പരിചൊടു നടന്ന'തും രണ്ടാമതുംനിന്നതും ദീർഘമായി നിശ്വയിച്ചതും എല്ലാം നാം പ്രത്യക്ഷത്തിൽ കാണുന്നതുപോലെ തോന്നുന്നു. ഭണ്ഡകങ്ങളുടെ കൂട്ടത്തിൽ ഇതിന്റെ സ്ഥാനം അദ്വിതീയമത്രേ.

ഇതുപോലെതന്നെ ഉത്തരാസ്വയംവരത്തിൽ ദുര്യോധനന്റെ ദുരഭിമാനത്തേയും ഉത്തരന്റെ വിരവാദത്തേയും 'പാഹി മാംവീര'' എന്ന ഗാനത്തിൽ അയാം പ്രകടിപ്പിച്ച വൈക്ലബ്യത്തേയും മറും കവി വളരെ ഔചിത്യപൂർവകം വർണ്ണിച്ചിട്ടുണ്ട്.

ഉന്മീലൽ പത്രവല്ലീം പ്രഥുല കുചഭരാം
രാജമാനദ്വിജാളീം
സാന്ദ്രച്ഛായാഭി രാമാം വ്യുടരസകു സുമേഷപാത്ത
ഗന്ധാന്നിതാന്തം

ഇത്യാദി ശ്ലോകത്തിൽ സ്ഫുരിക്കുന്ന ശൃംഗാരരസം അനപലപനീയമാകുന്നു.

പ്രാസപ്രയോഗത്തിൽ കവി അതിനിപുണനാണ്.

കാമോദ്ദീപന കാരണത്രയേ
കാമിനി നീമമ വരിക സമീപേ

ഇത്യാദി ഗാനങ്ങളും അംഗലപ്രാസം, അന്ത്യപ്രാസം ഇവകൊണ്ട് എത്ര കർണ്ണാനന്ദകരമായിരിക്കുന്നു. പാട്ടുകളിൽ ഇത്ര

രാ പ്രാസം ഉപയോഗിച്ചാൽ ഉണ്ടാകുന്ന സുഖം ഒന്ന് പ്രത്യേകമാണ്.

മരാളക.....ഇത്യാതി ദക്ഷയാഗശ്ലോകത്തിലെ പ്രാസ വൈവിധ്യം നോക്കുക.

ശ്രവണ ദശയിൽ തന്നെ അർത്ഥം സ്ഫുരിക്കുക എന്ന ഒരു ഗുണം അദ്ദേഹത്തിന്റെ കവിതയ്ക്കുണ്ട്. ഉണ്ണായിവാര്യരുടെകൃതി സരസ പ്രൌഢതരവും ശബ്ദാർത്ഥാലങ്കാരചമൽകൃതവും ആണെങ്കിലും ഈ ഗുണം അദ്ദേഹത്തിനില്ല.

ഗാനങ്ങൾക്കു അവസരോചിതമായ രാഗം തിരഞ്ഞെടുക്കുന്ന വിഷയത്തിലും തമ്പി വളരെ ഔചിത്യം കാണിച്ചിട്ടുണ്ട് ഗാനങ്ങളെല്ലാം ചൊല്ലികേൾക്കാൻ വളരെ ഇമ്പമുള്ളവയാകുന്നു.

"കണ്ണിണയ്ക്കാനന്ദം" എന്നഗാനം അതേരാഗത്തിലും അതേ മട്ടിലും രചിതമായ 'കണ്ഡിന നായക'എന്ന പ്രസിദ്ധ നളചരിത ഗാനത്തോടുകിട പിടിക്കുന്നുണ്ട്. കീചകവധത്തിലെ മാനിനിമാർ മൌലിമണെ' എന്ന ഗാനം പഠിച്ചിട്ടില്ലാത്ത പെൺക്കുട്ടികളും വല്ലവരും ഉണ്ടെങ്കിൽ ഇന്നത്തെ ചില മിസ്സിയമ്മമാർ മാത്രമായിരിക്കും.'വീര വിരാടകുമാരവിഭോ' എന്നകുമ്മി ആ ഇനത്തിൽ പെട്ട പാട്ടുകളിൽ സർവോൽകൃഷ്ടമാണ്.

അറിയാതെ മമപുത്രിയെ.....
ലോകാധിപകാന്ത.....
സന്താപ മതരുതരുതേ

ഈ ഗാനങ്ങൾ സുപ്രസിദ്ധങ്ങളാണ്.

ദക്ഷയാഗം ഇതിന്റെ മൂലം ഭാഗവത പുരാണം ആകുന്നു.

ഒരിക്കൽ പ്രജാപതിമാർ ഒരു യാഗം നടത്തി. ആ അവസരത്തിൽ ദക്ഷപ്രജാപതി അവിടെ ചെന്നപ്പോൾശിവൻ എഴുന്നേറ്റഭ്യുചാരോപചാരംചെയ്യായ്കനിമിത്തംരോഷാകുലനായ് "യാഗത്തിലുള്ള ഹവിർഭാഗം ഇല്ലാതായ്പോകട്ടെ" എന്നുശപിച്ചു. പിന്നൊരിക്കൽ ദക്ഷൻ യാഗം ആരംഭിച്ചപ്പോൾ ശിവനെ ക്ഷണിച്ചതേയില്ല .സതിയാകട്ടെ ശിവന്റെ സമ്മതം ക്രൂടാതെ യാഗത്തിൽ സന്നിഹിതയായി അവിടേവെച്ചു അവരംഅധിക്ഷിപ്തയാകയും അപമാനം നിമിത്തംയോഗാഗ്നിയിൽസ്വദേഹത്തെ ദഹിപ്പിക്കയും ചെയ്തു.

നാരദൻ വിവരമെല്ലാം ശിവനെ അറിവിച്ചു. അദ്ദേഹമാകട്ടേ കോപാവിഷ്ടനായി ജടപറച്ചു് നിലത്തടിച്ചപ്പോൾ വീരഭദ്രൻ ആവിർഭവിച്ചു. ഈ വീരഭദ്രൻ ദക്ഷന്റെ തലയറുത്തു ദക്ഷിണാഗ്നിയിൽഹോമിച്ചു. അനന്തരം ദേവന്മാർ ബ്രഹ്മാവിന്റെ നേതൃത്വത്തിൽകൈലാസത്തിൽ ചെന്നു ശിവനോടു് അഭ്യർത്ഥിച്ചതനുസരിച്ചു് അദ്ദേഹം ആട്ടിൻ തലചേർത്തു് ദക്ഷനെ പുനർജ്ജീവിപ്പിച്ചു് യാഗകർമ്മത്തെ പൂർത്തിയാക്കി.

ഈ കഥയെ അതേ രൂപത്തിൽ തന്നേ പ്രസ്തുതകവി സ്വീകരിച്ചിട്ടില്ല. ഭേദഗതികളെ താഴെ ചേർക്കുന്നു.

(ക) സതിയെ അയോനിജയായ് കല്പിച്ചിരിക്കുന്നതു് താത നിഗ്രഹത്തിനു് അഭ്യർത്ഥിച്ചു് എന്നുള്ള അപകർഷത്തെ നീക്കുവാൻ വേണ്ടിയാകുന്നു.

(ഖ) സതിയുടെ തപോമധ്യേ ഒരു മനുജൻ പ്രവേശിയ്ക്കുന്നു. ഇതു ഒരു 'കർത്തിയുടെ' ആവശ്യം നിർവ്വഹിക്കാനും സതിയുടെ തപസ്സിന്റെ ഉഗ്രതയെ പ്രകാശിപ്പിക്കാനും വേണ്ടിയാകുന്നു.

ന. സതിയുടെ തപസ്സും ക്ഷോണിസുരന്റെ പരീക്ഷണവും കുമാരവ സംഭവത്തിന്റെ അനുകരണമാകുന്നു.

ർ. ശിവൻ തന്റെ ശത്രുവനേ അറിവിക്കാതെ സതിയെ കൊണ്ടുപോകുന്നതു നിമിത്തം ദക്ഷനു് കോപമുണ്ടായതായിട്ടാണു് കഥകളിയിൽ പറയുന്നതു് ദക്ഷന്റെ അഹംകാരം ശമിപ്പിക്കുവാനായിട്ടാണു് അദ്ദേഹം യാതൊരുപോലും ചോദിയ്ക്കാതെ കൈലാസത്തേക്കു തിരിച്ചതു്. താൻ മകളുടെ ഭർത്താവായ് ചെന്നതു നിമിത്തം ദക്ഷനു് തന്നോടു ന്യായമായ് വേണ്ടുംബഹുമാനം നശിച്ചുപോയെന്നു ശിവൻ വിചാരിച്ചു' അയാളെ ഒരു പാഠംപഠിപ്പിച്ചു. പോരുങ്കിൽതന്നെ കാണ്മാൻവന്ന അവസരത്തിൽനന്ദിയെകൊണ്ടു അദ്ദേഹത്തെ നിന്ദിപ്പിച്ചു. ഇവക്കെല്ലാറിനും ഉപരിയായി പിതാവിന്റെ യാഗത്തിൽ തന്റെ സ്ഥാനത്തു നന്ദിയെ അയച്ചതു് ദക്ഷന്റെ ഹൃദയത്തിൽ ഒരു ശൂലം തറച്ചതിനു തുല്യമായിരുന്നു. ഇങ്ങനെ ദക്ഷനു് തന്റെ പേരിൽ സമഗ്രമായ വൈരം ജനിക്കുന്നതിനു് വേണ്ട കാരണ

ത്തിൽ ഗഡീകരിച്ചിരുന്ന വെങ്കിൽ ഒരു ദിവസത്തെ ആട്ടത്തിന്റെ മതിയാകുകയില്ലായിരുന്നു. ആദ്യോഷത്തേ പരിഹരിക്കുന്നതിന്റെ പുരാണ കഥയിലില്ലാത്ത അനേകപാത്രങ്ങളേ രംഗത്തിൽപ്രവേശിപ്പിക്കാതെ കഴികയില്ല. വാണീദേവി; ദധിചി; നന്ദിഇവരേയെല്ലാം രംഗത്തിൽ വരുത്തി കഥയ്ക്ക് വൈചിത്ര്യം വരുത്തുന്നതിനു ഈ ഭേദഗതികൾ കൊണ്ടു സാധിച്ചു. ഒരു ആട്ടകഥയുടെ ഗുണദോഷങ്ങളെ പ്പറ്റി ചിന്തിക്കുന്ന അവസരത്തിൽ പ്രധാനമായ് നോക്കിവരുന്നതും നോക്കേണ്ടതും ഈ സംഗതിതന്നെയാണ്.

൪. വീരഭദ്രന്റെ സ്ഥാനത്തു് ഭദ്രകാളി പ്രവേശിപ്പിച്ചിരിക്കുന്നതും വേഷത്തിന്റെ വൈവിധ്യത്തിനു വേണ്ടിയാകുന്നു.

കഥാപാത്രങ്ങൾ.

കഥകളിയിൽ പാത്രങ്ങളുടെ രചനാ വിഷയകമായ നിഷ്കൃഷ്ട ആവശ്യം ഇല്ല. അവിടവിടെ നോട്ടുകളിൽ സ്വഭാവത്തെ പ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്.

രസം കഥകളികളിൽ ഒരു രസത്തേയും സ്ഥായിയായി സ്വീകരിയ്ക്കാറില്ല. വീരരസം അംഗിയാണെന്നു ചിലർ പറയുന്നു. ഇതുതീരെ അസംഗതമാകുന്നു. ദക്ഷനെ അവലംബിച്ചു അങ്കുരിക്കുന്ന ഉത്സാഹം അവസാന ഘട്ടം വരെ നിലനിൽക്കുന്നില്ല;നേരെ മറിച്ചു് പരാജയത്താലും ദുഃശ്മനത്താലും ശിഥിലീഭവിക്കുന്നതേയുള്ളൂ.

ഭക്ഷ്യയാഗം വ്യാഖ്യാനം.

(6)

ശ്ലോകം ക.

സുധിയഃ ശ്രീരാ.....സ്യ, മാത്തണ്ഡവമ്മ യുവഭൂമിപതേഃ – നിദേശാൽ, തൽപദഭൂഷാ, കേനാപി, ഉദിതം, ഭക്ഷ്യയാഗനാട്യപ്രബന്ധം, പുനന്തു. സുധികരം, ശ്രീരാമ കുലശേഖര സോദരനായമാത്തണ്ഡവമ്മ യുവഭൂമിപതിയുടെ നിദേശം അനുസരിച്ചു അദ്ദേഹത്തിന്റെ പദഭൂഷയായ ഒരുവനാൽ ഉദിതമായ ഭക്ഷ്യയാഗനാട്യപ്രബന്ധത്തെ പരിശോധിക്കട്ടേ.

സുധീ – ബുദ്ധിമാന്മാർ ശ്രീരാ.....സോദരനു – കുലശേഖരപ്പെരുമാളായ രാമവമ്മമഹാരാജാവിന്റെ അനുജൻ. നിദേശം – കല്പന. പദഭൂഷ് പദസേവകൻ. ഉദിതം – പറയപ്പെട്ടതു്. നാട്യപ്രബന്ധം –കഥകളികളേയും ഒരുപചാരികമായ് നാട്യമെന്നു വിളിക്കാറുണ്ട്. വാസ്തവത്തിൽ അഭിനയകഥകളും നൃത്യങ്ങളാണു്. പുനന്തു – പരിശോധിക്കട്ടേ. കവി തന്റെ പേരു പറയാതെ കേനാപി എന്നു പറഞ്ഞിരിക്കുന്നതു് വിനയാധിക്യത്താലാകുന്നു. വൃത്തം വസന്തതിലകം. ഉക്തം വസന്തതിലകം തഭജംജഗംഗം.

ശ്ലോകം ഖ.

ജംഭാരി മുഖ്യൈഃ സുരജനൈഃ സഭാ സംഭാവ്യഃ സുകൃതീ, കൃതീ ശംഭോഃ ശപ്തൂരതാം പ്രാപ്തവാൻ, അഖിലകലാഭക്ഷഃ ലക്ഷ്മീശംഭിമതഃ അനുപമൈഃ ഗുണൈഃ അസീമദ്യുതിഃ ഭക്ഷോനാമപ്രജാനാംപതിഃ പുരാഇഹ ആസീൽകില

ജംഭാരി മുഖ്യന്മാരായ സുരജനങ്ങളാൽ സഭാസംഭാവ്യനും സുകൃതിയും, കൃതിയും, ശംഭുവിന്റെ ശപ്തൂരതയെ പ്രാപിച്ചവനും, അഖില കലകളിലും ഭക്ഷനും, ലക്ഷ്മീശാഭീമതനും അനുപമങ്ങളായ ഗുണങ്ങളെക്കൊണ്ടു് അസീമദ്യുതിയോടു കൂടിയവനും ആയ ഭക്ഷപ്രജാപതി പണ്ടു് (ഈ ഭൂമിയിൽ) ഉണ്ടായിരുന്നു പോൽ.

സംഭാവ്യൻ – സംഭാവനംചെയ്യപ്പെടാൻ യോഗ്യൻ. സംഭാവനചെയ്യുന്നു –ബഹുമാനിക്കുന്നു സുകൃതി – പുണ്യവാൻ കൃതീ – ചരിതാർത്ഥൻ ശപ്തൂരത – ശപ്തൂരൻഎന്ന അവസ്ഥ. ഭാഗ്യയുടേയെയോ ഭത്താവിന്റേയോ അഭാവത്തെ ശപ്തൂരൻ എന്നുപേർ.. അഖിലകലാഭക്ഷൻ – സകല കലകളിലും ഭക്ഷൻ.സമർത്ഥൻ ഭക്ഷൻ ലക്ഷ്മീശാഭിമതൻ – വിഷ്ണുഭക്തൻ അനുപമങ്ങളും – നിസ്തുലങ്ങളും അസീമദ്യുതി – അതിരില്ലാത്ത കാന്തി

വൃത്തം ശാർദ്ദൂലവിക്രീഡിതം.

ഭാഗധേയ വാരിരാശി – ഭാഗ്യത്തിന്റെ ഇരിപ്പിടമായവൻ ഭാഗധേയം–ഭാഗ്യം വാരിരാശി – സമുദ്രം

(ബഹുവ്രീഹി സമാസം) ഭാസുരശരീരൻ – അതി പ്രകാശമുള്ള ശരീരത്തോട് കൂടിയവൻ. യോഗമാർഗ്ഗത്തിൽ വിശാരദനായുള്ളവൻ. വിശാരദൻ – സമർത്ഥൻ

സാധുലോക ചിന്താമണി – സാധുലോകത്തിന്റെ ചിന്താമണിയായുള്ളവൻ. സാധുലോകം – സജ്ജനങ്ങൾ. ചിന്താമണി--സർവ്വാഭീഷ്ടങ്ങളും സാധിച്ചു കൊടുക്കുന്ന ഒരു രത്നം. ബാധിതവിരോധി ജാലൻ – ശത്രുസംഘത്തെ തടയുന്നവൻ ധർമ്മ.....ൻ–ധർമ്മത്തിലും കർമ്മത്തിലും താല്പര്യമുള്ളവൻ വേദശാസ്ത്രാഭിജ്ഞോവിഭൻ–വേദം ശാസ്ത്രം മുതലായവയിൽ സമർത്ഥൻ. വേദവല്ലീ ജാനി=വേദവല്ലിയുടെ ഭർത്താവ്. മേദുരകല്യാണം– വർദ്ധിച്ചിരിക്കുന്ന കല്യാണത്തോട്കൂടി. കല്യാണം=മംഗളം.

ഇതിൽവൃത്ത്യനുപ്രാസം അഭിപ്രാസം അന്ത്യപ്രാസം എന്നിവയെ പ്രയോഗിച്ചിരിക്കുന്നു.

ന. ഏകദാ (ഒരിക്കൽ) ശ്രീമൻ ഭക്ഷഃ (ശ്രീമാനായഭക്ഷൻ) ശ്യാമം (യൌവ്വനയുക്തയും) സോമാഭിരാമ.....ലസിതാം (ചന്ദ്രനെപ്പോലെ മനോഹരമായ കാന്തിയോട് കൂടിയ മുഖത്താൽ വിളങ്ങുന്നവളും) താരഹാ.....രമ്യാം (താരാഹാരം മുതലായവയാൽ രമ്യയും) കാമേ.....ക്രിയാം(കാമക്രീഡകൾക്ക് അനുകൂലയും) കവ.....ഭാത്രീഃ (കുവലയത്തിന്റെ ബാഹുല്യമായ ആമോദസൌഭാഗ്യത്തെ ദാനംചെയ്യുന്നവളും) സരസമുപഗതാം സരസമായ് സമീപത്തണഞ്ഞവളും. പ്രഹസി തവദനാം (പുഞ്ചിരി തൂകുന്ന മുഖത്തോട്കൂടിയവളും) തയ പ്രേയസീം (പ്രിയതമയെ)ആലോക്യ (കണ്ടിട്ട്) ജാതരാഗപ്രമദാ.....ത്മാ (ഉണ്ടായരാഗം പ്രേമം ആനന്ദം ഇവകളാൽ പൂർണ്ണകുലമായ മനസ്സോട് കൂടിയവനായ്) വ്യാജഹാര=പറഞ്ഞു.

താരം – നക്ഷത്രമാല ഹാരം – മുത്തുമാല കുവലയം – ഭൂവലയം ഭൂമണ്ഡലം. ആമോദസൌഭാഗ്യം – സന്തോഷത്തേയുംസൌഭാഗ്യത്തേയും.

വൃത്തം സുശ്ലോക 'ഏഴേഴായ്' മൂന്ന ഖണ്ഡം മരഭനയയയം സുശ്ലോകാ വൃത്തമാകും.

അലങ്കാരം... സോ.....ലസിതാം —ലുപ്തോപമ.

വൃത്ത്യനുപ്രാസം അന്ത്യപ്രാസം ദ്വിതീയാക്ഷരപ്രാസം

പൂവണിഞ്ഞനവേണി – പൂവണിഞ്ഞിട്ടുള്ളതും മേഘവർണ്ണമുള്ളതുമായ തലമുടിയുള്ളവളേ. എന്റെ വാണീ (വാക്കുകളെ) ശൃണു (കേട്ടാലും)

ചരണത്തിന്റെ ഓരോ അടിയും ഒരേ അക്ഷരം കൊണ്ട് തുടങ്ങുന്നതു വളരെ കണ്ണ്സുഖപ്രദമാകുന്നു.

ഇയം രജനി കനിവോട് വിലസുന്നു – ഈ രാത്രി നമ്മിൽ കനിവോട് കൂടിവിലസുന്നു. കണ്ണേകാള.....കാരം – കണ്ണേകാളന്റെ(നീലകണ്ണന്റെ)

ഇടയെ അലങ്കരിക്കുന്നതായും, തണ്ടാ.....ദീപം (കാമന്റെ മഹോത്സവത്തിനായ് കൊളുത്തപ്പെട്ടദീപമായും) നി.....ടോപം (uf)·(നിരംകൃതമായതിമിരാടോപത്തോട്ട കൂടിയുതായും) ഉള്ളുഭാരമായ ചന്ദ്രബിംബത്തെ ഹേ! തരുണീ കണ്ടാലും. നിരാകൃതം – നശിപ്പിക്കപ്പെട്ട തിമിരാടോപം –ഇരുട്ടിന്റെ തുടോപം. തുടോപം – അഹംകാരം.

തണ്ടാർ.....ദീപം എന്നിടത്തു രൂപകം,

അവസ്ഥത്തോട്ടവസ്ഥാന്തരത്തിന്നഭേദം ചൊൽകെ രൂപകം.

തേമുഖസമം പനിമതി ബിംബം പണിതുടതുമ്പോൾ അംശുമുകുളിതേ വനജേ ദുസ്ഥിതനാംവിധി ശില്പവിധാനം മതിയാക്കി ഹനം–ബത. നിന്റെ മുഖത്തിനോട്ട തുല്യം പനിമതിബിംബത്തെ പണിചെയ്തവരവേ (അതു ചന്ദ്രന്റെ) അംശു (രശ്മി) ക്കളാൽ മുകുളിത (കൂമ്പിപ്പോയ) മായ വനജത്തിൽ ദുസ്ഥിതനായ വിധിതന്റെ ശില്പവിധാനത്തെനിന്ദിച്ചു. തീർത്തുതന്നെ– അത്ഭുതം!

വനജം – വന(വെള്ളം)ത്തിൽ നിന്നു ജനിച്ചതു് (താമര) ദുസ്ഥിതൻ – ദുഃഖേനസ്ഥിതിചെയ്യുന്നവൻ (കൂമ്പപ്പെട്ടിരിക്കുന്നവൻ) ശില്പവിധാനം – കൊത്തുപണി.

അവളുടെ മുഖത്തെ മാതൃകയാക്കി ചന്ദ്രബിംബത്തെ ബ്രഹ്മാവു പണികഴിപ്പിച്ചുതായി പറഞ്ഞിരിക്കുന്നതുകൊണ്ടു് അവളുടെ മുഖത്തിന്റെ ശോഭാതിശയം സൂചിതം.

'ഉപമാനോപമേയത്വം മറിച്ചിട്ടാൽ പ്രതീപമാം.'

എന്ന ലക്ഷണാനുസാരേണ ഇവിടെ പ്രതീപം.

താമരയിലിരുന്നു ബ്രഹ്മാവു് ചന്ദ്രനെപണിചെയ്തുയാൽ അതിന്റെ രശ്മിതട്ടി അതു കൂമ്പിപ്പോയതത്രേ. അയോഗത്തിൽ യോഗം കല്പിച്ചിരിക്കുന്നതിനാൽ സംബന്ധാതിശയോക്തി.

ഇങ്ങനെ താമര കൂമ്പിയതു നിമിത്തം ബ്രഹ്മാവു് ദുസ്ഥിതനായി ഭവിക്കയാൽ ചന്ദ്രനു പൂർണ്ണശോഭ ഇല്ലാതെ വന്നുവത്രേ.

ഉൽപ്രേക്ഷാലങ്കാരം വ്യംഗ്യം

മറെറന്നിൻധമ്മയോഗത്താലതുനാനല്ലയോഇതു്

എന്നവസ്ഥത്തിലാശംക ഉൽപ്രേക്ഷാഭ്യുയലംകൃതി.

കാ.....രൂപേ – കാമവികാരത്തെ ഉദ്ദീപിപ്പിക്കത്തക്കവണ്ണം രൂപാതിശയമുള്ളവളേ.

അയി സാമജഗാമിനി–അല്ലയൊ സുന്ദരി

സാമജഗാമിനി – ആനനടയുള്ളവൾ. ദയിതേ – പ്രിയപ്പെട്ടവളേ. തേ – നിന്റെ മധുരാധരത്തെ തരിക. അസ്ഥായാ –ശ്രദ്ധയോടുകൂടി.

കാമുകന്റെ മുഖചന്ദ്രനെക്കണ്ടാൽ കാമിനിയാകുന്ന ചകോരി താമസിച്ചു നിൽക്കുമോ.

രൂപകം അത്മാന്തരന്യാസം ഇവയെ അംഗാംഗിഭാവത്തിൽ ചേർത്തിരിക്കുന്നതിനാൽ സംകരം.

ശ്ലോകം ൪. കദാപി (ഒരിക്കൽ) പ്രഭാതേ (പ്രഭാതത്തിൽ) യമിനാം പ്രവരഃ – യമികൾക്കു ശ്രേഷ്ഠനായ (ഭക്ഷ) ഭക്ഷൻ സ്നാതുമനാഃ (കുളിക്കാൻ ഉദ്ദേശിച്ചു യമുനാംഗതഃ (യമുനയെപ്രാപിച്ചുവനായ്) തദീയാം അമനാക്കമനീയതാം (അനദിയുടെ അനല്പമായ കമനീയതയെ) വീക്ഷ്യ (കണ്ടിട്ട്) പ്രമനാ (സന്തുഷ്ടിയോടുകൂടി) സവിസ്മയം ജഗാഹേ (വിസ്മയപൂർവം മുങ്ങി

വൃത്തം വസന്തമാലിക. വിഷ്ണമേസസജംഗഗംസമത്തിൽ
സഭരേഫംയവസന്തമാലികക്ക്.

കാളിന്ദി – യമുന സാംപ്രതം – ഇപ്പോൾ ഏതൽഗ്രനോങ്ങൾ – ഇതിന്റെ ഗ്രണങ്ങൾ കുണ്ഡലീശൻ – അനന്തൻ. കുണ്ഡലീ – സർപ്പം ഞാനെ.....ൻ ശരീരമല്ല ആത്മാവാകുന്നു എന്നുള്ള ബോധത്തോടുകൂടിയവൻ.

പരമ.....ന്മാർ – ചിദാനന്ദത്തിൽ ലയിച്ചവർ (ഇവ മുനികളുടെ വിശേഷണമാകുന്നു.) നളിനം – താമര. അളിപൂന്തമിളിതാങ്ങം – വണ്ടിൻകൂട്ടങ്ങളോടു ചേർന്നവ. അളകാഞ്ചിതാസ്യാംബുജം – കുറുനിരകളാൽ അലംകൃതമായ മുഖങ്ങൾ. കാന്തമാർ – മനോഹരികൾ. (സ്ത്രീപാലംകാരം.)

പുളിനാംബുജം – ആറ്റിലും മറവും വെള്ളംതാഴുമ്പോൾ കാണുന്ന താമര. ശരദിന്ദു – ശരൽക്കാലചന്ദ്രൻ വരകംബു – ശ്രേഷ്ഠമായ ശംഖം

ശ്ലോകം ൫. പങ്കം – പാപം. ഭാഗ്യാൽ – എനിക്ക (തനിക്ക്) ശങ്കരസ്യപ്രണയിനി മകളായുണ്ടല്ലോ എന്നു ശങ്കിച്ച് പ്രണയപരവശനായ് അവളെ പത്ന്യാഃ (പത്നിയുടെ) അങ്കേ (മടിയിൽ) ചേർത്തിട്ട് ഭക്ഷൻ ഇത്ഥം(ഇപ്രകാരം) ബഭാഷേ – ഭാഷിച്ചു (പറഞ്ഞു) ശങ്കരസ്യപ്രണയിനി – ശങ്കരന്റെ ഭാര്യ.

ഭക്ഷനു സതിയിൽ അത്യുമേതന്നെ അതിരറവാത്സല്യം തോന്നിപ്പോയി. ശങ്കരന്റെ പ്രണയിനി തന്റെ മകളായ് ഭവിക്കുന്നതു് തനിക്ക് അഭിമാനകാരണമാണെന്നും ഈ ഭാഗത്തിൽ നിന്നു സ്പുരിക്കുന്നു.

കാളിന്ദീശബ്ദത്തെ രണ്ടായ് മുറിച്ചിരിക്കുന്നതു കൊണ്ടു യതിഭംഗം

അനന്തജന്മാർജ്ജിതം – അനേകജന്മാങ്ങൾകൊണ്ട് സമ്പാദിച്ചതു്. അസ്മൽ – നമ്മുടെ അനവദ്യ – കുറയാറ മഹിളാമാന്യേ – മഹിളകളിൽ വെച്ചു മാന്യയായുള്ളവളെ. ധന്യേ – ഭാഗ്യവതി. സതിയെ പുത്രിയായ് ലഭിച്ചവനും ഭാഗ്യവതിയാണല്ലോ.

വിധി – ബ്രഹ്മാവു്. നന്ദിനീ – മകൾ

ഈ മകളു വിവിധ കാമങ്ങൾ (ആഗ്രഹങ്ങൾ)യെ പൂരിപ്പിക്കുന്ന നന്ദിനിയാണ്. നന്ദിനി – കാമധേനുവിന്റെ മകൾ.

വിധിവിലാസം ഇനി നമുക്ക് നന്നു്. വിധിയ്ക്കു് ഇവിടെ കാലംപോയ

വിധുമുഖി – ചന്ദ്രമുഖി. സംബോധനം.
കവിയുടെ പദസ്വാധീനത നോക്കുക.
രൂപകാലങ്കാരം.

സാനന്ദം (ആനന്ദത്തോടുകൂടി) പിതൃജനസന്തോഷിയുക്തിതാവിനാൽപ്രപാ
ക്ഷിതയും സകലകലാ വീചക്ഷണയും) സതീ–ഇതി ഖ്യാതാഖ്യാതം (സതി എ
ന്ന ഖ്യാതമായ പേരോടു കൂടിയവളും) ആയസാ (അവനാൽ) ആബാല്യാൽ (ബാ
ല്യംമുതൽക്ക) പശുപതിം ഏവ (പശുപതിയെത്തന്നെ) ഭർത്തൃഭാവേ=വാഞ്ച
ന്തീ (ഭർത്താവാ സ്മരണമെന്ന് ആഗ്രഹിച്ചിയങ്ങുണ്ടവളായ്) തദനുഗ്രഹണം (അ
തിനു യോജിച്ച) തപഃ (തപസ്സിനെ) ചചാരി (ചരിച്ചു) തപസു ചെയ്തു എ
ന്നർത്ഥം.

വിചക്ഷണാ –സാമർത്ഥ്യമുള്ളവൾ

പുത്തം പ്രഹർഷിണി. തൃച്ചിന്നം മനോജ്ഞരാഗം പ്രഹർഷിണിക്ക്

ഫേണസിന്ധോ – ഫേണങ്ങളുടെ സിന്ധുവായുള്ളവനേ സിന്ധു – സമുദ്രം
അമൃതകരൻ – ചന്ദ്രൻ ശീതാംശു – ചന്ദ്രൻ തനുരുചി – തനുശോഭ മുഖ
മതി – മുഖചന്ദ്രൻ. ദ്വയോപി – വീണ്ടുംവീണ്ടും. വിന്യസ്ത – വിസ്തൃതം
തവചരണം ഭജാമി – നിന്റെ ചരണത്തെ ഞാൻ ഭജിക്കുന്നു.

വരണം എന്നതിനെ വരത്തിന്റെ വിശേഷണമായും എടുക്കാം. വര
ണം (വിവാഹം) അതുകൊണ്ട വരത്തെ തരിക. എന്നർത്ഥം.

നു. മാനസംഗതാം (മനസസരസ്സിനെ പ്രാപിച്ച) മരാളകന്യാം ഇവ
(ഹംസിയെഎന്നപോലെ) , അരാളകേശിം താം സതിം (കുടിലകേശിനി
യായ അതു സതിയെ) ഒരിക്കൽ അവലോക്യ കണ്ടിട്ട് കരാള ഭംഗ്യാ!–ഭയങ്കരമാ
യ ഭംഗ്യാദ്യാളോടു കൂടിയ ജാതുചിൽ(ഒരു) മന്മഥ (അസുരൻ) സുരാലസാത്മാ
കാമാതുരനായിട്ട്) ഏവം (ഇപ്രകാരം) മനസാ അബ്രവീൽ (മനസ്സുകൊണ്ട്
പറഞ്ഞു (വിചാരിച്ചു എന്നർത്ഥം.)

മന്യേ– ഞാൻ വിചാരിക്കുന്നു.

മെയ് എന്നതിനെ മൈ എന്നു ചില പുസ്തകങ്ങളിൽ കാണുന്നതു പി
ന്നിട്ടും, ശരിതന്നെ.

താമര ശൈവലസംഗേപി=താമരയ്ക്കു ശൈവലസംഗം ഉണ്ടായിരു
ന്നെങ്കിലും പായൽ.

പ്രതിവസ്തൂപമ.

അവസ്തു വസ്തു വാക്യങ്ങൾക്കേന്നാംധർമ്മത്തേ വേറെയായ.

നിർദ്ദേശിച്ചാലങ്കാരം പ്രതിവസ്തൂപമാഭിധം ഇവിടെ 'പൂമൈ.....
രമണീയം' എന്ന ഉപമേയവാക്യത്തിലും 'താമര.....ന്നല്ലോ'എന്ന ഉപമാ
നവാക്യത്തിലും സാധാരണ ധർമ്മത്തേ രമണീയമാകുന്നു. എന്നും സാമോദം
വിലസുന്നല്ലോ എന്നും പയ്യുംയശംബ് ഭങ്ങളാൽ നിർദ്ദേശിച്ചിരിക്കുന്നു. ശാകു

ന്തുത്തിലെ ''സരസിജമനുവിദ്ധം ശൈവലനാപിരമ്യം'' എന്ന ശ്ലോകാംശത്തിന്റെ തർജ്ജിമയാണിതു്.

൭. ഇതി ചിന്തയൻ (ഇപ്രകാരം വിചാരിച്ചിട്ടു്) മദഃന്ധഃ (മദംകൊണ്ടു അന്ധനും) ദുരാത്മാ (ദുരാത്മാവും) ആയ അസുരാധിപഃ (അസുരാധിപതി) സരഭസം (വേഗത്തിൽ സതീം ഉപേത്യ സതിയെപ്രാപിച്ചിട്ടു്) പ്രസഭം ഗ്രഹീതുകാമഃ (ബലാൽ പിടിക്കാൻ ഒരുമ്പെട്ടവനായിട്ടു്) സഹസാപെട്ടെന്നു് തപോമയാഗ്നൌ (തപസ്സാകുന്നതീയിൽ) ശലഭത്വം (ശലഭാവസ്ഥയെ) അലഭത (ലഭിച്ചു) ദഹിച്ചു എന്നർത്ഥം.

പ്രസഭം— ബലാൽക്കാരമായ്.

വിഷമാലങ്കാരം ഇഷ്ടസിദ്ധിയ്ക്ക ശ്രമിച്ചിട്ടു് അനിഷ്ടപ്രാപ്തി. പൂത്തം പുഷ്പിതാഗ്രാ'നനരയവിഷമത്തിലും സമത്തിൽ പുനരിഹനം ജജരംഗപുഷ്പിതാഗ്രാ.

തതഃ അനന്തരംതീവ്രേ (തീവ്രമായ) തപസിസ്ഥിതാം (തപസ്സിൽ സ്ഥിതിചെയ്യുന്നവളും പ്രിയാം (പ്രിയയും) ആയ ഇമാം സതീം (ഈ സതിയെ) നിരീക്ഷിതും) (കാണുന്നതിനും) പരീക്ഷിതുംച (പരീക്ഷിക്കുന്നതിനും) ആയിസഃ പുരാരിഃ (ആ പുരാരി) ജരാതുര(ക്ഷോണിസുരാകൃതിഃ (വാർദ്ധക്യനായ ഒരു ബ്രാഹ്മണവേഷം ധരിച്ചു്) പുരഃ ആ സാദ്ധ്യ (മുമ്പിൽ ചെന്നിട്ടു്) ഗിരം അബ്രവീൽ (വാക്കുപറഞ്ഞു) പറഞ്ഞു എന്നർത്ഥം.

വംശസ്ഥവൃത്തം. ജനങ്ങൾം വംശസ്ഥമതാം ജരങ്ങളിം അഹോരാത്രം— രാവും പകലും. ഭർഭൈവം—ഭാഗ്യദോഷം വാഹം—വാഹനം പന്നഗഭീക്ഷണം—പന്നഗങ്ങളെക്കൊണ്ടു് ഭീക്ഷണം (തൃതീയാ തൽപുരുഷ സമാസം) പരുഷാകോപത്തോടുക്രൂടി. അവനിസുരമിഷാൽ—അവനിസുരൻ എന്ന വ്യാജേന.

അന്യഭാവമെന്നിൽവേണ്ട! ഞാൻ അന്യനാണെന്നു വിചാരിക്കേണ്ട നിന്റെ കാമുകൻ തന്നെയാണു് എന്നഭ്യുദ്ധാർത്ഥം. സംഗീതാഭി എന്ന പദത്തെ മുറിച്ചിരിക്കുന്നതിനാൽ യതിഭംഗം രസലളിതം—രസംകൊണ്ടു് ലളിത.

ത്രിജഗദനുക്രമെ— മൂന്നു ലോകത്തിനും ഗുരുവായ.

൮. ചന്ദ്രാവതം സസ്മൃ (ചന്ദ്രമൌലിന്റെ) സതീവിവാഹേ (സതീ വിവാഹത്തിൽ) സഞ്ജാതഹർഷാഃ (സന്തോഷം ജനിച്ചവർ കൃതപുഷ്പവർഷാ—(പുഷ്പവർഷം ചെയ്തവരു) ആയ അമീ ഇന്ദ്രാദയഃ (ഈ ഇന്ദ്രാദികളും) തംഭേവം (ആ ശിവനെ) പ്രണിപത്യ (നമസ്കരിച്ചിട്ടു്) ഭക്ഷനെ സാന്ദ്രാദരം ശശംസുഃ (ശംസിച്ചു സ്തുതിച്ചു.)

വൃത്തം ഇന്ദ്രവജ്രാ. കേളിന്ദ്രവജ്രയ്ക്ക തതാജഗംഗം, ഭേതി— ശോഭിയ്ക്കുന്നു.

൯. അമൃതാത്മനി ഈശ്വരേ ക്രാഗ്തിരോഹിതേ (സതി) —അമൃതാത്മാവായ ഈശ്വരൻ (ചന്ദ്രനെന്നും മോക്ഷസ്വരൂപനായ പരമേശ്വരൻ എന്നും) പെട്ടെന്നു് തിരോഹിതനായ് (മറഞ്ഞവൻ) ഭവിച്ചപ്പോൾ. വിയോഗതാപാ

ൽ (വിരഹദുഃഖം നിമിത്തം) വിഹ്വലാസം സതി(ദുഃഖിതയായ ആസതീ) ആ മോദവിലാസം (സുഗന്ധം വികാസം ഇവയെ എന്നും; സന്തോഷം വിലാസം ഇവയെ എന്നും) വിഹായ (ഉപേക്ഷിച്ചിട്ട്) ആളികുലാകുലേക്ഷിതാ (ആളിമാരൽ ആകുലതയോടുകൂടി ഈക്ഷിതയായ)് കുമുദപതിപക്ഷത്തിൽ ആളികുലേക്ഷിതാ എന്ന് എടുക്കണം) കുമുദേതീ ഇവ (കുമുദവതീ എന്നപോലെ) ആ സ്ഥിതയായ കുമുദവതീ – ആമ്പൽപ്പൊയ്ക;

ശ്ലേഷോത്ഥാപിതമായ ഉപമാലങ്കാരം.

വംശസ്ഥവൃത്തം.

ഛം. ഇനി.....താന്താം (ഇപ്രകാരം പലവിധമുള്ള ചിന്തകളാൽ ക്ഷീണിച്ചുവളർന്ന) വിലപന്തീം (വിലപിച്ചുകൊണ്ടിരുന്നവളും) ആയ താം ശിവകാന്താം (ആശിവകാന്തയെ) വാണീ ഗീർവ്വാണീഭിഃ സഹാസമേത്യ (വാണിവിഗീർവ്വാണിമാരോടുകൂടിപ്രാപിച്ചിട്ട്) മൃദുവചനേന (മൃദുവായ വാക്കുകൊണ്ട്) സാന്ത്വയാമാസ (സാന്ത്വനംചെയ്തു.)

വൃത്തംഗീതി.

ഏഴുഗണം ഗുരുവൊന്നും
വേണം ജഗണം വരാതെയൊറുകളിൽ.
ഷഷ്ഠമിതേ ലഘുമയമോ
വരണമിതാര്യയ്ക്കു പൂർവ്വാർദ്ധം.

ആര്യയുടെ പൂർവ്വാർദ്ധംപോലെ ഉത്തരാർദ്ധത്തിലും വന്നാൽ അതു ഗീതിയായി.

ഈഭാഗംവരെ ദക്ഷന്റെ സ്വഭാവത്തിൽ യാതൊരു ന്യൂനതയും കാണിപ്പിച്ചിട്ടില്ല. സതീ വിവാഹം കഴിഞ്ഞ് യാത്രപോലും ചോദിയ്ക്കാതെ ശിവൻ പൊയ്കളഞ്ഞതിൽ അദ്ദേഹത്തിനു സ്വാഭാവികമായ കോപത്തിനു വഴിയുണ്ട്. തന്റെ മകളെ വീണ്ടും തപശ്ചര്യ്യ തുടരാൻ നിർബന്ധിയാക്കിയയച്ചത് ശിവന്റെ ഈ പ്രവൃത്തിയാണല്ലോ. കവി ഇതുമാറ്റം ചെയ്ത് കൂടുതൽ പാത്രങ്ങളെ പ്രവേശിപ്പിച്ചു കഥ നീട്ടിക്കൊണ്ടുപോകുവാൻ ശ്രമമാണെന്നു സ്പഷ്ടമാണ്. അല്ലാതെ കഥയുടെ ഔചിത്യത്തിനു വേണ്ടിയല്ല. ഈ വിഷയത്തിൽ നാടകകർത്താക്കന്മാരുടെ നോട്ടം കഥകളിൽ പ്രധാനമാക്കുന്നില്ല. പ്രസ്തുതമാറ്റങ്ങളും കൊണ്ട് ശിവന്റെയും പാർവ്വതിയുടേയും സ്വഭാവത്തിനാണ് അപകർഷം പറ്റിട്ടുള്ളത്. കഥാ രചനയെ സംബന്ധിച്ചിടത്തോളം പൊരുണി കഥയ്ക്കാണ് കൂടുതൽ സ്വാരസ്യം.

ഛഛ. വിഭിത് ചരിതേദക്ഷേ അതീവക്ഷുഭ്യതി (വിഭിതുചരിതനായ ദക്ഷൻ അത്യന്തം കുപിതനായ്ഭവിക്കേ) സാസതീ പുനരപിതപോവനം ഗതാ (ആ സതീ വീണ്ടും തപോവനത്തെ പ്രാപിച്ചിട്ട്) ശിവായ (ശിവനുവേണ്ടി) പുര ഇവ (പണ്ടത്തെപ്പോലെ) തപസ്തപ്തും (തപസ്സുചെയ്യ) വിഭിതചരിതൻ– ശിവൻ പൊയ്കളഞ്ഞു എന്നചരിതം അറിഞ്ഞവൻ. ശശിശേഖരൻ മുനിവരഃ

പ്രാദുർഭൂയ (മുനിയുടെ വടിവിൽവന്ന്) കൈലാസാഖ്യം ഗിരിവരം കാന്തയാ സഹശ്രുതം അഗാൽ (കൈലാസത്തെ) വേഗത്തിൽ പ്രാപിച്ചു.

വൃത്തം ഹരിണി നസമരഹരിണാഷ്ഠ്യാരം പത്തുംമുറിഞ്ഞു രസംലഗം

ഗ്രാ. തത! (അനന്തരം) ഭക്ഷ; (ഭക്ഷൻ) സപദിശിവനീതാം നിജസുതാം ശ്രുത്വാ (ഉടനേശിവനീതയായ തന്റെ സുതയേപ്പറ്റികേട്ടിട്ട്) നിതാന്തം രോഷാന്ധഃ (ഏറ്റവും രോഷാകുലനും) ത്രിപുര ഹരമാഹാത്മ്യം അനവിദൽ (പരമേശ്വരന്റെ മാഹാത്മ്യം അറിയാത്തവനും) സ്വജാമാതാ ഇതി ഉച്ചൈഃ മനസികലിതംനാഭരഭരഃ (ശിവൻ തന്റെ ജാമാതാവാണെന്ന് മനസ്സിൽ വഴിച്ചിരിക്കുന്ന അനാദരത്തോടുകൂടിയവനും) അയിട്ട് പരിസര ഗതാൻ ദേവാൻ(സമീപത്തെ പ്രാപിച്ച ദേവന്മാരെ) വീക്ഷ്യ (നോക്കീട്ട് വിമനാഃ (ദുഃഖിതനായ്) ഏവം ജഗാദ (ഇപ്രകാരം പറഞ്ഞു).

യതിക്കാരിൽതട്ടും യമനസഭലംഗം ശിഖരിണി ഇവിടെ മാത്രമേ ദക്ഷന് അല്പം അഹംകാരം ഉദിച്ചതായിക വിപ്രസ്തവിക്കുന്നുള്ളൂ. എന്നാലും. ലൗകിക ദൃഷ്ട്യാനോക്കുമ്പോൾ പിശക് ശിവന്റേറ പേരിലാണെന്നതന്നെകാണും.

പരിപാകേത– പകുത. ജ്ഞാനികൾ. ചാവ്ക്കാർ നിസ്സ്വപൻ– ലജ്ജാവിഹീനൻ. ആഢ്യൻ–ധനികൻ, ശ്രേഷ്ഠൻ. അരവിന്ദഭവൻ–ബ്രഹ്മാവ് സവ്വാപഭാം നിദാനം– സവ് ആപത്തുകൾക്കും കാരണം. ശിവം ശിവനേകണ്ടിട്ട വരിക ഭവാനശിവം–ഭവന്നേ (മംഗളം) ഉണ്ടാകും

ഗ്രന്ഥ. ഇതി അമർഷ്യവചസാ(ഇങ്ങനേയുള്ള ദേവവാക്കുകേട്ട്) ദക്ഷഃ തൽക്ഷണം ദാക്ഷായണീ വല്ലഭം (ദാക്ഷായണിയുടെ വല്ലഭനായ) ത്രീക്ഷണം (മൂക്കണ്ണനേ) സാക്ഷാൽ ഈക്ഷിതും (സാക്ഷാത്തായി കാണുന്നതിന്) ഹൃദി ആസ്ഥാംവഹൽ (ഹൃദയത്തിൽ താല്പര്യത്തെ വഹിച്ചിട്ട്) മുദാ പ്രതസ്ഥേ (സന്തോഷത്തോടുകൂടി പുറപ്പെട്ടു) ഇവിടേയും ദക്ഷന്റെ സ്വഭാവത്തിനു അപകൃത കുണ്ഠനില്ല.

ചന്ദ്രാർദ്ധ ചൂഡാമണേഃ ഭഗവതഃ (ചന്ദ്രചൂഡനായ ഭഗവാന്റെ) പാർഷദപും ശവഃ നന്ദീഭൂത്വ ശ്രേഷ്ഠനായ നന്ദി) ആ യാന്തംതം പ്രസമീക്ഷ്യ (വരുന്നതായ അദ്ദേഹത്തേ കണ്ടിട്ട) ഉച്ചാവുച്ചാം ചിന്താം സമതനോൽ (ഉച്ചാവചമായ ചിന്തയേ ചെയ്തു) പലവിധത്തിൽ ചിന്തിച്ചു എന്നത്രം.

എൻകുണതേട്ടുന്ന– എന്റെ കാൽപിടിയ്ക്കുന്ന അക്ഷിപരിചിതം– കണ്ടുശീലമുള്ളതായ ഉവ്വാര രാജസഗ്രഹണം– തടുക്കാൻ പാടില്ലാത്ത രാജസഗ്രഹണം; ഉവ്വീധരം– പവ്വതം.

ഇവിടെയും ദക്ഷന്റേറ പേരിലല്ലതെറ്റ– പരമേശ്വരന്റേറ ശ്വശുരനാണെന്നറിഞ്ഞിട്ടും അദ്ദേഹത്തേ അധിക്ഷേപിക്കുവാനാണ് നന്ദികേശ്വരൻ ഒരുമ്പെട്ടുന്നത്.

ഗ്രന്ഥ. അതതസ്മിൻ പത്മഭവാത്മജേ പുരഹരശ്രോപുരോ പകുണം പ്രവിശതി നന്ദി അഭിസ്മരൽ പ്രസഭം നിരുദ്ധ്യ പ്രകടരുഷാ പുരുഷം ബഭാഷേ.

അനന്തരം, ആ ബ്രഹ്മപുത്രനായ, (ഭക്ഷനെ) പുരഹര പുരത്തിന്റെ ഗോപുരോപകണ്ഠം, പ്രവേശിച്ചപ്പോൾ നന്ദിനേരേവന്ന്, ബലാൽക്കാരേണ, നിരോധിച്ചിട്ട് പ്രകടമായ കോപത്തോടുകൂടി പരുഷാക്ഷരമായ് പറഞ്ഞു

ഉപകണ്ഠം– സമീപം.

വൃത്തം പുഷ്പിതാഗ്രാ.

ക്ക ക്കാ ഗ്ഗ ശ്ല. ഇന്ദ്രാദി സംയുക്തങ്ങളായ ക്ഷ ക്ത ഇന്ദ്രാദി രേഫസംയുക്തമായ അക്ഷരങ്ങളും ടവർഗ്ഗം, ശഷകൾ ഇവയും ഓജോഗുണവഞ്ജകങ്ങളാണ്. ഈ ഗുണം രൌദ്രരസത്തിനു അത്യാവശ്യകമാകുന്നു. അതുകൊണ്ട് ഈ ശ്ലോകത്തിലും അടുത്ത പദ്യത്തിലും പ്രസ്തുതാക്ഷരങ്ങളെ ചേർത്തിട്ടുള്ളത് ഉചിതമായിട്ടുണ്ട്.

യാഹി– പോയാലും.

ഫ്ള. ഏവം ശൈലാഭിനാ (ശിലാഭപുത്രനാൽ–നന്ദിയാൽ) പ്രതിരുദ്ധവർത്മാ ഭക്ഷഃ (മാർഗ്ഗനിരോധനം ചെയ്യപ്പെട്ടഭക്ഷൻ). കൈലാസാൽ (കൈലാസത്തിൽനിന്നും). നഗരീം (നഗരിയെ). പ്രവിശ്യ (പ്രവേശിച്ചിട്ട്.) അധ്വരേഷു (അധ്വരങ്ങളിൽ, യാഗങ്ങളിൽ). ശവ്സ്യ (ശവ്സ്നു). ഹവ്യാപ്പണം (ഹവ്യം കൊടുക്കുന്ന പതിവു്). സർവ്വത്ര (എല്ലായിടത്തും). രോഷേണ (രുട്ടോടുകൂടി). തിരോധ (രോധിച്ചു–തടുത്തു).

ഇന്ദ്രവജ്രാവൃത്തം.

ഇതു് ലോകസ്വഭാവമല്ലേ ?

തതഃ (അനന്തരം). സവിധാതാ (ആ ബ്രഹ്മാവു്). വിധി വദ്വിധാനം കൃതും വിധാതും നിശ്ചിതാത്മാ ത്രൈപ്യാചലം ശ്രുതം ആപ്യ പത്നീനാം പതിം ദേവം (പത്നിക്കളുടെപതിയായ ദേവനോട്). ഇതിവാചം (നോട്ട്) വിധവിധാനം– വിധിപോൽ അനുഷ്ഠേയമായ. ക്രതു–യാഗം. വിധാതും–ചെയ്യുന്നതിന്. ത്രൈപ്യാചലം–കൈലാസം (വെള്ളിമല). ഉവാച (ഇപ്രകാരംവാക്കു പറഞ്ഞു). പറഞ്ഞു എന്നർത്ഥം.

സകലജഗതാംപതെ–സകലജഗത്തുകൾക്കും പതിയായുള്ളവനേ. തവ ശിവദർശനേന–അങ്ങയുടെ മംഗലത്രൈപത്തെ ദർശിച്ചുയുകൊണ്ട്. നിയോഗം കുരു – അനുവാദം തന്നാലും

തനിക്കുപകരം നന്ദിയെ അയച്ചതും ഒരു കാരണക്കെയല്ലേ ? ഇവിടെ അതുക്കാണ് ഭാവം ക്ലേശതലായ് തോന്നിക്കുന്നത്? പുരാണദൃഷ്ട്യാ ഇതിനെ സാധൂകരിക്കാമായിരിക്കാം. കഥകളിക്കാക്ക ഈവക സാഹചര്യങ്ങളിൽ ദൃഷ്ടിപതിയേണമെന്നു നിർബന്ധമില്ലായിരുന്നു. ഇവിടെ ശിവന്റെ മാഹാത്മ്യത്തേയും ശക്തിയേയും പ്രകാശിപ്പിച്ചു പരമഭക്തനായ രാവണനു ഭക്തി വർദ്ധിപ്പിക്കേണമെന്നുമാത്രമേ കവിയ്ക്കു വിചാരമുള്ളൂ.

ഫ്ന. തദനു (അതിനുശേഷം). തദാ.....പ്രഹൃഷ്ടചേതാഃ (അപ്പോഴത്തെ

൩൨. വയസ്സനാം–ഇത്യാദി ശ്ലോകത്തിൽ സാദ്ധ്യതാപ്പെടുത്തുകയായ വാക്കുകളെ ഘടിപ്പിച്ചിരിക്കുന്നതിനാൽ ലേശം എന്ന ഭ്രഷണം. പ്രാസത്തിനു വേണ്ടി ഉപയോഗിച്ചിട്ടുള്ള ജയത്തിനായ് സചയം അയത്നം ഈ പദങ്ങളും മൂലത്തിലില്ലാത്തവയാണ്.

൩൩തേജുരതിനാം ഗേയേ പുരസ്ത്രീശിഖണ്ഡിനം യാശ്ലാഘ്യാ പാണ്ഡുപുത്രാണാം സൈവാസ്മാകം ഭവിഷ്യതി

൩൪യസ്സനെ ചതിവിൽ കൊല്ലുന്നതു ശ്ലാഘ്യമാണെങ്കിൽ ഏകാകിയായ ഒരു ബാലനെ കൊല്ലുന്നതും ശ്ലാഘ്യം തന്നെ എന്നു താല്പര്യം

൩൫ത്തം വംശസ്ഥ. ജതങ്ങളും വംശസ്ഥ മതാം ജരങ്ങളും

൩൬ശ്ലോകം. ന ഫ. ചീത്ത വീഴ്ത്തും–വദ്ധിച്ച വീഴ്ത്തും അനുജാത്മജാന്വിതം –അനുജന്മാരോടും പുത്രന്മാരോടുംകൂടി. ഇവിടെ പറയാനുള്ളതൊന്ന്, പറഞ്ഞുപോയതൊന്ന് അതുകൊണ്ട് ഭംശം എന്ന ഭ്രഷണം

൩൭രഥോദ്ധതാ വൃത്തം

രന്നരംലഗുരുവും രഥോദ്ധത

൩൮രാജാ 'വിനയംധരാ.....വഴികാണിച്ചാലും' ഇവിടെ വിപ്രലംഭത്തിനു ഇടം കൊടുത്തതു ഭംഗിയായില്ല. യുദ്ധത്തിലേപ്പറ്റിരിക്കുന്ന ദുര്യോധനന്റെ ചിത്തഭാനുമതിയിലേക്ക് തിരിഞ്ഞതു അദ്ദേഹത്തിന്റെ സ്വഭാവത്തിനു ഒരു വലിയ ന്യൂനതതന്നെ

൩൯പ്രീയംഗുപുഷ്പം –ഞാഴൽപ്പൂവ്. ശ്യാമലതി ഞാഴൽ വള്ളി

പ്രീയംഗുപുഷ്പത്തിൽ വളർന്നതായ ശ്യാമലതയുടെഭംഗി–ഇവിടെ വളർന്നതായ എന്നവിശേഷണം ഭംഗിയോടു ചേരേണ്ടതാണ്

൪൦ശ്ലോകം, ൪൧ 'തേൻ ഉള്ളിൽ ഏറെനിറഞ്ഞു, എന്നുവേണം ഭ്രമണി –സൂര്യൻ ഭിന്നം –വിടർന്ന പുത്തം–മാലിനി

നനമയയുഗമെട്ടിൽ തട്ടണം മാലിനിയ്ക്കു്

൪൨) ഈ ശ്ലോകത്തിൽ നിന്നു പ്രസ്തുതാങ്കം ആരംഭിക്കുന്നതു് പ്രഭാതത്തിലാണെന്നു കാണാം. അളികം പത്മശയ്യാതലം വിട്ടുന്നതേയുള്ളു. വിടിൻ ഭളങ്ങളിടെ സുഷിരത്തിൽക്കൂടി കടന്ന സൂര്യരശ്മിയേറ്റു അളികം ഉണർന്നു സപത്നിയുക്കളോടുകൂടി പത്മശയ്യാതലം വിട്ടുപോകുന്നതിനേ ജന്നാലകളിൽ കൂടി സൂര്യരശ്മികടന്നിട്ടു ഉണർന്നു ആത്മവധുക്കളോടുകൂടി രാജാക്കന്മാർ മെത്തവിട്ടുപോകുന്നതിനോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. അംഗരാഗം ഇരുക്കുടക്കും ഉണ്ടു്. വണ്ടിനു് പടന്ന മണമേൽക്കയാൽ അനുമിതം(അനുമിക്കപ്പെട്ടതു്) ആയ അംഗരാഗമാണ് ഉള്ളതു് അംഗരാഗം–കുറിക്കൂട്ട് അദ്യത്തെ പാദത്തിൽ ഒരക്ഷരം വിട്ടുപോയിരിക്കുന്നു. ഒളങ്ങളും തൻ എന്നായിരിക്കണം

൪൩സംജസയലാങ്കിതാ ഗുരുവുമെട്ടിനാൽ വൃത്തചിയും ഹസ്രാംഭം–വി

വാശം – വകു. ശ്ലോ നമ്പർ.

കരതലമതിമേ എന്നു് യതിഭംഗം – ര്ം പാഠത്തിൽ ഒരു അക്ഷരം കൂ
വുണ്ടു്. അപരസാസ്പദം എന്നതു് അപരാധാസ്പദം എന്നു തിരുത്തിവാ
യിക്കുണം.

ശ്ലോകം – നന്ദ. പ്രേമ.....ത്തുാൽ – പ്രേമകലഹത്താൽ.

വൃത്തം വസന്തമാലിക. നകുലം.:.....കീരി.

ഇവിടെ വിപ്രലംഭത്തിനിടകൊടുത്തതു ഭംഗിയായില്ല. കൃത്യ ഔചി
ത്യം വരുത്തുവാൻ വേണ്ടിമാത്രമാണു് ശൃംഗാരരസത്തെ വലിച്ചിഴച്ചുകൊണ്ടു
വന്നിരിക്കുന്നതു്. പക്ഷേ ''നകുലവൃത്താന്ത കഥനത്താലും'' മറവം കരിപാ
ടവത്തോടുകൂടി അതിനെ പ്രധാനമായഫലത്തോടു യോജിപ്പിച്ചിട്ടുണ്ടു്. ഒന്നാ
മതായി 'നകുല' ശബ്ദത്താൽ ഭമിച്ചു് ദുര്യോധനൻ പാണ്ഡവമാരെ നശി
പ്പിക്കുന്നതെന്നു ശപഥംചെയ്യുന്നു.

സപത്നിവൃത്താന്തത്തെ -യഥാശ്രുവം ഗ്രഹിച്ചുടനേതന്നേ അദ്ദേഹത്തി
ന്റെ കോപം ശമിച്ചുവെങ്കിലും ഭാവിയെസംബന്ധിച്ചു് വല്ലതായ ഒരു അ
സ്വാസ്ഥ്യം അദ്ദേഹത്തിനു നേരിടുന്നതിനാൽ ഭാര്യയ്ത്തത്തെ സൂചിപ്പിക്കുന്നാ
തിനും പ്രസ്തുത സംഭവം സഹായിക്കുന്നുണ്ടു്. എന്നാൽ ഉന്നിമിത്തങ്ങളെ ഗ
വേഷിക്കുടി. തുണവൽക്കരിച്ചു് അദ്ദേഹം ഭാനുമതിയെ കാണുന്നതിനും അവ
ളുടെ വ്രതഭംഗം വരുത്തുന്നതിനും പിന്നീടു മുതിരുന്നു ഇങ്ങനെ പ്രതിനായക
ന്റെ സഭാവത്തെ നല്ലപോലെ വെളിപ്പെടുത്തുന്നതിനുവേണ്ടിയിട്ടുകൂടി അ
യിരിക്കും. ഈരംഗത്തിനു നാടകത്തിൽ ഇടംകൊടുത്തതു്.

ശ്ലോ – ര്ം. പ്രകൃതമായ അർത്ഥംകൊണ്ടു് ഭാര്യയ്ത്തത്തെ സൂചിപ്പിച്ചിരി
ക്കുന്നതിനാൽ തുല്യപ്രധാനം എന്ന ഭ്രഷണം.

യകാരരങ്ങളംനാലോടുജ്ജംഗപ്രയാതം.

ശ്ലോക – ര്ക്ര. ഉല്പാതദോഷം–വല്ലതായദോഷം.

ഒക്കാ – ദോഷം – മാഹാസപത്നത്തെ വിശേഷിപ്പിക്കുന്നു.

ഭീ – ഭയം.

വാശം – വകു. അക.....ഭഗവാൻ – ഉല്ലേഖാലങ്കാരം

ശ്ലോകാ ര്ന. സഗർഭ്യർ – സഹോദരന്മാർ.

പന്നഗകേതു – ദുര്യോധൻ.....അദ്ദേഹത്തിന്റെ ഔഭാര്യത്വംഅതുശ്ലോ
കാപരതയും നോക്കുക.

ശ്ലോകം ര്ര്. മന്ദാക്ഷം – ലജ്ജ. രുചി.....പ്രകാശം

അന്യർക്കു അലഭ്യമായും ഇന്ദുശ്രീയോടുകൂടിയതായും ഉള്ള വിശേഷം.

ശ്ലോകം ര്ള. മറെറാരുദുശ്ശകുനം.

ഉൽക്കടം – വലിയ.....അരം വേഗത്തിൽ രജസ്സു് – പൊടി.

ശ്ലോകം ര്ഴ. ഭുജംഗപ്രയാതം വൃത്തം

ഹലം ഉള്ളുവളർം.) അഖിലസതീ ശിരോമാലികാസതീ ഭഗവതീ–എല്ലാ സതി (പതിവ്രത) കൾക്കും ശിരോഭൂഷണമായ സതീദേവി. നിജപതിം–തന്റെ പതിയെയാട്. പദാനതാ–പദാനതയായ് (പാദത്തിൽ നമിച്ചിട്ട്). ഉവാച (പറഞ്ഞു). പ്രത്തം പ്രത്ഥമീ (ജസംജസയല,ങ്ങളിം ക്രമവുമെട്ടി നാൽ പ്രത്ഥമാക്ഷരിയാം). ഹേലോകാധിപ!കാന്ത! മേവാചം ആകർണ്ണയ (എന്റെ വാക്ക കേട്ടാലും). സത്യം–യാഗം. സതിയുടെ വാക്കുകൾ വളരെ സ്വഭാവികമായിരിക്കുന്നു.

പന്തുവരാളി–ചെമ്പട.

ഹവൽക്രമം–യാഗകർമ്മം.

സാരംഗം മുറിയടന്ത.

യജ്ഞാലോകനകൌതുകാൽ പത്യുഃ ഗിരം അനാദൃത്യ–യജ്ഞാലോകന കൌതുകം കൊണ്ട് പതിയുടെവാക്കിനെ അനാദരിച്ച്. സ്വയമേവ–തനിച്ച്. പ്രമഥൈഃ സമം–പ്രമഥന്മാ (ഭൂതഗണങ്ങൾ) രോടുകൂടി. പ്രസ്ഥായ–പുറപ്പെട്ട്. നിജപുരീം അഭ്യാഗതാം (തന്റെറപുരിയെ പ്രാപിച്ചവളർം). ഷ്ടുഷ്ടസുരാംഗനാഭിഃ അഭിതഃ ജുഷ്ടാം (ഹർഷിച്ച സുരാംഗനമാരാൽ ചുറവപാടും സേവിക്കപ്പെട്ടവളർം). (ആയ)താം സതിം (ആ സതിയെ). ദൃഷ്ട്വാ (കണ്ടിട്ട്). അധികം രുഷ്ടഃ (അധികം കോപിച്ചവനും). ദൃഷ്ടാശയഃ സഃ ഭക്ഷഃ (ദൃഷ്ടാശയനും ആയ ആ ഭക്ഷൻ). ഷ്ലുഷ്ണിതദൃഷ്ടിഃ (ഷ്ലുഷ്ണിതദൃഷ്ടിയായ്). നിഷ്ഠുരതരം (വളരെ നിഷ്ഠുരമായിട്ട്). വ്യാചഷ്ട–പറഞ്ഞു. ഷ്ലുഷ്ണിതദൃഷ്ടി– ചുവന്നുപൊട്ടിയ കണ്ണോടുകൂടിയവൻ.

ഗതനീതിഃ– നീതിവെടിഞ്ഞവൻ. പതിയുടെ വിശേഷണമായിട്ടാണ് ഈ പദം അധികം യോജിക്കുന്നത്.

പുന്നാഗവരാളി അടന്ത.

വിഷ്ടപേശവിരോധം–ലോകങ്ങൾക്ക നാഥനായിരിക്കുന്ന ശിവന്റെ വിരോധം. ഭിഷ്ടദോഷം–ഭാഗ്യദോഷം.

സതിയുടെവാക്കുകൾ കൂടെക്കവിഞ്ഞു പോയില്ലയോ? അഥവാ ഭർത്താവിനെ ദൂഷിക്കുന്നതു് ഏതുപതിവ്രതയ്ക്കാണ് രസിക്കുന്നതു്? ഏതായിരുന്നാലും തന്നെ വാത്സല്യപൂർവ്വം വളർത്തിയ പിതാവിനെ കൊന്നേമതിയാവൂ, എന്നു നിശ്ചയിച്ചതിനേക്കാൾ യോഗാഗ്നിയിൽ സ്വയംദേഹം നശിപ്പിക്കയായിരുന്നു

മുഖാരിചെമ്പട.

സാ സതീ അസതി പിതുഃ–പിതാവിന്റെ. ശ്രുതിവിരോധിം കർമ്മകരോരം അയ. വചഃ–വചസ്സിനെ. ശ്രുത്വാ–കേട്ടിട്ട്. രജതഭൂമിധരംഗത്വാ–രജതപർവ്വതത്തെ (കൈലാസത്തെ) പ്രാപിച്ചിട്ട്. ജവേനനത്വാ (വേഗത്തിൽ നമിച്ചിട്ട്). ഹ്രീയാ (തനിക്കു നേരിട്ട അവമാനത്താൽ). ഹ്രീ (ലജ്ജ) യോടും ഹൃദിഭീയാ (ഭർത്താവിന്റെ ആജ്ഞാലംഘനത്താൽ ഉണ്ടായ ഭീതികൊണ്ടും). രുഷാ (ഭർത്താവിനെ ആക്ഷേപിച്ചതു നിമിത്തമുണ്ടായ കോപംകൊണ്ടും). ശുചാച (തന്റെ മനോഗതം വ്യർത്ഥമായല്ലോ എന്നു വിചാരിച്ചുണ്ടായ ദുഃഖംകൊണ്ടും). പുരഃ സ്ഥിത്വാ–മുമ്പിൽനിന്നിട്ട്. പുരഹരം (ശിവനോടു). ഇതി ഗിരം ഉവാച (ഇപ്രകാരം പറഞ്ഞു).

വസന്തതിലകം വൃത്തം.

താമസശീലൻ–തമോഗുണപ്രധാനൻ.

ഭൈരവി ചെമ്പട.

മഹദന്തഃപുരരാജഗമനേ–മഹിച്ച അന്തഃപുരരാജന്റെ ഗതിപോലുള്ള ഗതിയോടു കൂടിയവളേ. അന്തഃപുരം–അന. അന്തകരിപുവിന്റെ ചിന്തിതത്തെ ഘടിപ്പിക്കുന്നതിൽ എല്ലായ്പോഴും കുതുകി തന്നെയാണ്. പ്രമഥഗണനായകൻ– പ്രമഥഗണങ്ങളാക്കുന്ന അഗ്നി. തൂണമിവ–തൂണുപോലെ. രൂപകം, ഉപമ ഇവയുടെ സങ്കരം. ഉൽക്കുലം–കുലംകവിഞ്ഞ. ചക്ഷുശ്രവണൻ–വായു. പക്ഷിപ്രവരൻ–ഗരുഡൻ.

ദൃഷ്ടാന്താലങ്കാരം––ഉപമാനോപമേയങ്ങൾക്ക് ബിംബപ്രതിബിംബ ഭാവം കാൺന്നതുകൊണ്ടത്രേ ദൃഷ്ടാന്തം.

സാരംഗം–ചെമ്പട.

തല്ക്ഷണാൽ.....ജാതഃ–അതു അവസരത്തിൽ ഉദ്ഭവത്തായ (വർദ്ധിച്ച) പ്രകോപത്തോടുകൂടിയ ത്രിപുരഹന്റെ (ശിവന്റെ) ലലാടത്രക്ഷാഗ്നിയിൽ ജാതനായവനും. ലലാടാക്ഷം–നെറ്റിക്കണ്ണ്. ത്രക്ഷം–തീവ്രം, കഠിനം. മഹൽഭിഃ ഭോർഭിഃ മഹത്തായ ഭോസ്സുകളോടുകൂടിയവനും. ഭോസ്സ് – ഭുജദണ്ഡം. ത്രിശിഖമുപ.....ലാതി–ത്രിശിഖം (ശൂലം) തുടങ്ങിയ ശസ്ത്ര (ആയുധം) ജാലങ്ങളെ. അഭീക്ഷ്ണം (ഇടയ്ക്കിടെ). ബിഭ്രത് (വഹിക്കുന്നവനും). രൗദ്രാത്മാ (കോപം മൂർത്തീകരിച്ചവനും). രുദ്രാണീസംഭ്രയാ (രുദ്രാണിയാൽ സംഭ്രയായും). അദ്രിപ്രതിഭടവപുഷാ (പർവ്വതത്തോടു മല്ലിടുന്ന ശരീരത്തോടുകൂടിയ

വളർം). ആയ ഭദ്രകാളീസമേതഃ (ഭദ്രകാളിയോടുകൂടിയവനും). ആയ വീരഭദ്രഃ (വീരഭദ്രൻ). പ്രളയഘനരവ (കല്പാന്തകാലത്തെ ഇടിനാദം പോലെയുള്ള സ്വരത്തിൽ). രുദ്രം ഇതി ആചചക്ഷേ (രുദ്രനോട് ഇപ്രകാരം പറഞ്ഞു). കരണീയം കിം—ചെയ്യേണ്ടതായിട്ടെന്താണുള്ളത്തു്.

വിലം— ഭാരം പുരശാസന (സംബോധന). പര.....പുരശോ—പുരന്മാരുടെ (ശത്രുക്കളുടെ രക്തംകൊണ്ടു ചുവന്നിരിക്കുന്ന പരശുവിനോടുകൂടിയവനേ.) സംബോധന.

മയാവിധേയം എന്തെന്നു നിദേശം കരു— എന്നാൽ കർത്തവ്യമായുള്ളതെന്താണെന്നു് അജ്ഞാപിച്ചാലും.

ഘണ്ടാരംമുറി അടന്ത.

സഹസ്രമുഖാ (ആയിരം തലയുള്ളവനും). ദ്വിസഹസ്രബാഹുഃ (രണ്ടായിരം കൈകളുള്ളവനും). ആയ സഃ വീരഭദ്രഃ (ആ വീരഭദ്രൻ). ഭദ്രകാളിയാ സഹ (ഭദ്രകാളിയോടുകൂടി). തദാസന്നസ്വൈരൈഃ വിവിധൈഃ ഗണൈരഥൈഃ സമാവൃതഃ (അപ്പോൾതന്നാൽ സൃഷ്ടിക്കപ്പെട്ട വിവിധപ്രേതഗണങ്ങളാൽ ചുറപ്പെട്ടവനായ്). ദക്ഷപുരിം രുരോധ (ദക്ഷപുരിയെ രോധിച്ചു).

വൃത്തം ഉപേന്ദ്രവജ്രാ. ഉപേന്ദ്രവജ്രയ്ക്കു ജതൗജഗംഗം.

ക്രുദ്ധഃ ശ്രീവീരഭദ്രഃ അട്ടഹാസൈഃ ത്രിഭുവനമഖിലം കമ്പയൻ (ക്രുദ്ധനായ ശ്രീവീരഭദ്രൻ അട്ടഹാസങ്ങളെക്കൊണ്ടു് മൂന്നുലോകത്തെയും കമ്പയനായി). ദക്ഷസ്യശീർഷം കരലസദസിനാ അവപ്രുത്യദക്ഷിണാഗ്നൌ ജുഹാവ (ദക്ഷന്റെ ശിരസ്സിനെ (തന്റെ) കരത്തിൽ ലസിക്കുന്ന അസി (വാൾ) കൊണ്ടു് ഖണ്ഡിച്ചിട്ടു് ദക്ഷിണാഗ്നിയിൽ ഹോമിച്ചു.)

ത്ര്യക്ഷാധിക്ഷേപ.....ണാം അംശേഷു വൈകല്യം ചക്രേ—ത്ര്യക്ഷനെപ്പറ്റിപറഞ്ഞ അധിക്ഷേപവാക്കു കേട്ടസമയത്തു് അനന്തരമുണ്ടായ വൃന്ദാരകന്മാരുടെ അംഗങ്ങളിൽ വൈകല്യത്തെയുംചെയ്തു (വരുത്തി). (പിന്നീടു്) അതിജവാൽ അധ്വരം (യാഗത്തെ) അഭാങ്ക്ഷീൽ (ഭഞ്ജിച്ചു).

മലഹരി പഞ്ചാരി.

അത്രാന്തരേ—ഇപ്പോൾ. ദിവ്യവൃഷാഭിരൂഢഃ സത്യാസമേതഃ ഭഗവാൻ മഹേശഃ—ദിവ്യമായ വൃഷഭ (കാള) ത്തിൽ അതിരൂഢനും (കയറിയവനും) സതിയോടുകൂടിയവനും ആയ ശ്രീമാൻ മഹേശൻ. തത്ര ആവിരാസീൽ—അവിടെ ആവിർഭവിച്ചു. സുരേന്ദ്രാഃ തംസകലേശചരം നമന്തഃ നനവു—സുരേന്ദ്രന്മാർ ആ സകലേശചരനെ നമിച്ചിയങ്ങുനാവരായ് സ്തുതിച്ചു.

ഇന്ദ്രവജ്രാവൃത്തം.

ഇന്ദിശ.

അമരവരാ–അല്ലയോ അമരവരന്മാരേ! അഹംഅധുനാ ഇഹസംപ്രസന്നഃ യൽഅസ്മി–ഞാൻ ഇപ്പോൾ ഇവിടെ സുപ്രസന്നനായിരിക്കേ). പരം വിഷാദൈഃ അലം–വിഷാദിക്കേണ്ട ആവശ്യമില്ല. അജസുതം അജമസ്തകം കൃത്വാ സജീവം വിധായ സപദിയജ്ഞം പൂരയാമി–അജസുതനേ അജമസ്തകനാക്കീട്ട് സജീവനാക്കിച്ചെയ്തു ഉടൻതന്നെ യജ്ഞത്തെ ഞാൻ പൂരിപ്പിക്കുന്നുണ്ട്. അജം–ബ്രഹ്മാവ്. അജം–ആട്ട്. അജസുതമജമജമസ്തകം വിധായ് എന്നിടത്ത് ശ്ലേഷാലങ്കാരം.

ഭൂപാളം ആടനം.

അഥ (അനന്തരം). മേഷശിരസാ സംയുക്തകണ്ഠസ്ഥലഃ–ആടിന്റെ ശിരസുകൊണ്ട് സംയുക്ത(ചേക്കപ്പെട്ട) മായകണ്ഠസ്ഥലത്തോടുകൂടിയവനും (ത്ര്യക്ഷാനുഗ്രഹജീവിതഃ (ത്ര്യക്ഷന്റെ അനുഗ്രഹത്താൽ ജീവിച്ചവനും) പൂഷ്ണശയനഃ ദക്ഷഃ (പൂഷ്ണാശയനും അയ ദക്ഷൻ). തൽക്ഷണം ഏവ (ഉടൻതന്നെ). വിധിവൽ (വിധിപ്രകാരം). യജ്ഞോത്സവംസം പൂർത്തു (വിധിപ്രകാരം യജ്ഞോത്സവത്തെ പൂർത്തിയാക്കീട്ട്). ഖട്വ.....കരം, ശശി.....മണ്ഡലം അഷ്ടമൂർത്തിം സാഷ്ടാംഗ പ്രണതഃ–അമനാക് തുഷ്ടാവ–രണ്ടു മുതലായവകൊണ്ട് ശോഭിക്കുന്ന കൈയുള്ളവനും ശശികലയാൽ ഭാസുരത്തായ ജടാമണ്ഡലത്തോടുകൂടിയവനും അയ അ അഷ്ടമൂർത്തിയെ സാഷ്ടാംഗംപ്രണമി (നമസ്കരിച്ചിട്ട് അമനാക്കായ് തോഷിപ്പിച്ചു. ഭാസുരത്ത്–ശോഭിക്കുന്നത്. മണ്ഡലം–കൂട്ടം. പൃഥിവി, ജലം, തേജസ്, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളും, സൂര്യചന്ദ്രന്മാർ, ഹോതാവ്, ഹോത്രീ ഇവ എട്ടും അയ ശിവന്റെ മൂർത്തിയുടെ അംശങ്ങൾ. ഇവ പരമ്പൊരുൾവസ്തുക്കളായിരിക്കുന്നതുപോലെ ശിവനും പരമാത്മായിട്ടുതന്നെ വർത്തിക്കുന്നു. അമനാക്–മനാക്ക് അല്പമായത്. –വളരെ. സഹനീയം സഹിക്കത്തക്കതു്. സതീസതീ–സതിയായസതീ സതിയായ–പതിവ്രതയായ. വിലപദ്മം–കുവളപത്രം. പിബതു–പാനം ചെയ്യട്ടെ. വിഹരതു–കളിക്കട്ടെ. നിരയമോചന–പാപമോചന. ശശിവിരോചന ശിഖിവിലോചന–ചന്ദ്രൻ, സൂര്യൻ അഗ്നി എന്നീകണ്ണുകളോടുകൂടിയവനേ. വിപദപാസന–വിപത്തുകളെ നശിപ്പിക്കുന്നവനേ. വിറ.....ച്ചുന–വിഷ്ണുവഹനൻ, വിധി ഇവരാൽ കൃതമായ അച്ചുനയോടുകൂടിയവൻ. (വിഷ്ണു ബ്രഹ്മാവു് മുതലായവരുപോലും പൂജിക്കുന്നവനേ). ഗിരിശരാസന–പർവ്വതത്തെ ശരാസനമാക്കിയവനേ (ത്രിപുരദഹനത്തിൽ മഹാമേരുവിനെ വില്ലാക്കിയിരിക്കുന്നു).

ത്രിപുരഭിദ്.

അഥ കൃതാശീർവ്വാദേ ഗിരിശേ ഭവതിഭയിതയാ സാകം ഗിരീശംകൈലാസം ഗതവതി—അനന്തരം ആശീർവ്വദിച്ചവനും, ത്രിപുരഭിത്തുമായ ഗിരീശഭഗവാൻ ഭയിതയോടുകൂടി ഗിരീശനായ കൈലാസത്തെ ഗതവാനായപ്പോൾ. സുരേശൈഃ സാനന്ദൈർമുനിഭിഃ അപി ശ്ലാഘിതയശഃ—സുരേശന്മാരാലും സാനന്ദന്മാരായ മുനിമാരാൽ പോലും ശ്ലാഘിതയശഃ (ശ്ലാഘിക്കപ്പെട്ടന്ന യശസ്സുള്ളവൻ). പ്രജേശഃ പ്രജാപതിയും സ ഭക്ഷഃ—ആയ ഭക്ഷൻ. നഗരീം പ്രപുരസുഖം അധ്യാസ്ത—നഗരിയിൽ പ്രപുര സുഖത്തോടുകൂടി വസിച്ചു.

ശിഖരിണീ വൃത്തം.

അശേന്ദ്രഭൃക്ഷിതം അപിനാശേന്ദ്രഭൃക്ഷിതം — അശേന്ദ്രഭൃക്ഷിതനെങ്കിലും, അശേന്ദ്രഭൃക്ഷിതനല്ല എന്ന വിരോധം തോന്നിപ്പിക്കുന്നതിനാൽ വിരോധാഭാസം.

അശേന്ദ്രഭൃക്ഷിതം—കൈലാസത്തിൽ ശോഭിക്കുന്നവൻ. നാശേന്ദ്രഭൃക്ഷിതം—വാസുകിയെ ആഭരണമാക്കിയവൻ.

സർവ്വമംഗലയാ ഉപേതം സർവ്വമംഗലഭം ഭവംഭജേ—സർവ്വ മംഗലയോടുകൂടിയവനും (പാർവ്വതി) സർവമംഗലങ്ങളേയും ദാനം ചെയ്യുന്നവനും ആയ ഭവനെ ഞാൻ വന്ദിയ്ക്കുന്നു.

ഭക്ഷയാഗത്തിന്റെ വാസ്തവമായവിഷയം ഭക്ഷന്റെദുഷ്പ്രഭരണമാകുന്നു. അതുപോലെ നാശിപ്പിക്കുന്ന ശിവനാണ ഇതിലെ നായകൻ. ഭക്ഷനല്ല.

സമാപ്തം.

വേണീസംഹാരം.

——(o)——

വേണീസംഹാരത്തിന്റെ കർത്താവായ ഭട്ടനാരായണൻ ൮-ാം ശതവർഷത്തിനും ൯-ാം ശതവർഷത്തിനും മധ്യേ ജീവിച്ചിരുന്നുവെന്ന് അതിനെ ആധാരമായ് പ്രസാധനം ചെയ്തിട്ടുള്ളവർ പറയുന്നു. എന്നാൽ അദ്ദേഹത്തിനായ് നാം കിട്ടിയുള്ള ഒരു ചെമ്പു പട്ടയത്തിൽനിന്നും കവിയുടെകാലം ൯-ാം ശതവർഷമാണെന്നുകാണാം.

നാമകരണം. "നാമകാര്യം നാടകസ്യ ഗർഭിതാർത്ഥപ്രകാശകം" എന്നനിയമംഅനുസരിച്ചു പ്രസ്തുതകവി ഈ നാടകത്തിനു് .വേണീസംഹാരം എന്ന പേരുനാം കിയിരിക്കുന്നു. ദുശ്ശാസനനാൽ സഭാമധ്യത്തിൽ അഴിയ്ക്കപ്പെട്ട പാഞ്ചാലികവർങ്ങളെ കൌരവനിഗ്രഹാനന്തരം ഭീമസേനൻ കെട്ടിയ്ക്കുന്നതാണു് പ്രതിപാദ്യവിഷയം. അതുകൊണ്ടു് ഈ പേർ ഉചിതമായിരിക്കുന്നു.

ഇതിവൃത്തം. ഭാരതത്തിലെ ഉദ്യോഗപർവ്വംമുതൽദുര്യോധനവധംവരെയുള്ള കഥയെ ഇതിൽ സംഗ്രഹിച്ചിരിക്കുന്നു.

"യൽസ്യാദനുചിതം വസ്തുനായകസ്യരസസ്യവാ"

വിരുദ്ധം തൽ പരിത്യജ്യമന്യഥാവാ. പ്രകല്പയേൽ എന്ന വിധി അനുസരിച്ചു് പ്രസ്തുതനാടകത്തിൽ കവി ചിലഭേദഗതികളും വരുത്തീട്ടുണ്ടു്. ദുര്യോധനനും ഭാനുമതിയുമായുള്ള സംഭാഷണം, രത്നികേതനഭാഗം, രാക്ഷസമിഥുനസംവാദം, പാഞ്ചാലിയുടേയും യുധിഷ്ഠിരന്റേയും ചിതാപ്രവേശനസംരംഭം ഇവയെല്ലാം കവിവരുത്തീട്ടുള്ള പ്രധാനമാറ്റങ്ങളാം. ഈ മാറ്റങ്ങളുടെ പ്രയോജനത്തെപ്പറ്റി വ്യാഖ്യാനത്തിൽ അവിടവിടെ വിമർശിച്ചിട്ടുള്ളതു നോക്കുക.

രചനാപരിപാടി. "വൈരാഗ്നിർകട്ടെ" ഇത്യാദി സൂത്രധാരവാക്യ ശ്രവണത്താൽ ഉൽഭൂതമായ ഉത്സാഹത്തോ

ട്ടിക്കൂടി "അരക്കില്ലം" എന്നിങ്ങനെ ഭീമൻപറയുന്ന വാക്കുകളിൽ കഥയുടെ ബീജാവാപം ചെയ്തിരിക്കുന്നു.

"എന്നാൽ പാഞ്ചാലി, കുരുകുലത്തെ നശിപ്പിക്കാനായി ഞങ്ങൾ ഇപ്പോൾ പോകുന്നു." ഇവിടെ പ്രകൃതാർത്ഥത്തിനു വേണ്ടിയുള്ള സമാരംഭം കാണുന്നു. ഇങ്ങിനെ ബീജാരംഭങ്ങൾ ചേർന്ന ഒന്നാം അങ്കത്തിൽ മുഖസന്ധി.

രണ്ടാമങ്കത്തിൽ "നകുലവീരദർശന" ത്തെപ്പറ്റിയും മറ്റുമുള്ള സംഭാഷണത്താൽ കഥാഗതിക്കു് അല്പം വിച്ഛിത്തിനേരിട്ടുവെങ്കിലും 'ഭീമൻ ഭഞ്ജിച്ചു" എന്ന വാക്കുകൾകൊണ്ടും പ്രകൃതത്തിലേക്കു് നമ്മെ നയിക്കുന്നതിനാൽ ഇവിടെ ബിന്ദുവിനെ ഉപക്ഷേപിച്ചിരിക്കുന്നു. അതു് അജ്ഞാനശപഥത്തിൽ നിന്നു വ്യഞ്ജിയ്ക്കുന്ന യത്നവുമായി ചേർന്ന രണ്ടാമങ്കത്തിൽ പ്രതിമുഖസന്ധി.

മൂന്നാമങ്കത്തിൽ അശ്വത്ഥാമാവൃത്താന്തശ്രവണമായ പതാകയും പ്രാപ്തപ്രാശയുംസംയോജിയ്ക്കുന്നതിനാൽ ഗർഭസന്ധി. "അഗർഭാദ്ഭാവി മശ്വത്ഥാപതാകാവി നിവർത്തതേ" എന്നവിധിയനുസരിച്ചു് പതാക അവമർശസന്ധിവരെ നീണ്ടുകിടക്കുന്നു. 5-ാം അങ്കാവസാനം വരെ ഗർഭസന്ധിയാണു്.

"ഏതുമെയ്യാദ" എന്നശ്ലോകത്തിൽ സൂചിക്കുന്ന അശ്വത്ഥാമാവിന്റെ കോപത്താൽ പ്രധാനഫലത്തിനു് അപായശങ്കയുണ്ടെങ്കിലും "പാപാത്മാവാമിവൻ....." ഇത്യാദി പ്രതിജ്ഞകൊണ്ടു് അതു് നീങ്ങുന്നു. എന്നാൽ അണിയറയിലേ കോലാഹലശ്രവണത്താൽ ഉൽബുദ്ധമായ ഉത്സാഹത്തോടുകൂടി അദ്ദേഹം ആയുധമെടുക്കാൻ തുടങ്ങിയപ്പോൾ അതു് വീണ്ടും ഉദിക്കുന്നു. പിന്നീടുണ്ടായ അശരീരിയാണു് രണ്ടാമതും അതിനു് ഇടകൊടുക്കുന്നതു്.

6-ാം അങ്കത്തിന്റെ ആരംഭംമുതൽ ആറാം അങ്കത്തിൽ "കഞ്ചുകി (അടുത്തുചെന്നിട്ടു്) മഹാരാജാവേ! അവിടുന്നു് വലിയുന്നു" ഇത്യാദിഭാഗംവരെ വിമർശമാകുന്നു. രാക്ഷസവൃത്തമാണു് പ്രകരി. അതു് നിയതാപ്തിയോടു ചേർന്നാണു് അവിമർശസന്ധിയുണ്ടാകുന്നതു്. രാക്ഷസന്റെ കപടപ്രയോഗത്താൽ പ്രധാനഫലത്തിനു് അന്തരായം നേരിട്ടുന്നെങ്കിലും ഒടുവിൽ ബീ

ജം പൂർവ്വാധികം ഉത്ഭിന്നമായിഭവിക്കുന്നതിനാലത്രേ നിയതാപ്തി.

*ബാക്കിഭാഗം നിർവ്വഹണസന്ധി. ഇവിടെ കാര്യവും ഫലാഗമവും യോജിക്കുന്നു. മുഖാദിസന്ധികളിൽ പ്രകീർണ്ണങ്ങളായ അംശങ്ങളെല്ലാം ഏകോപിച്ച് ഇവിടെ ദ്രൗപദീകേശസംയമനരൂപമായകാര്യത്തെ സഫലീകരിക്കുന്നു.

"ശിഷ്ടൻവ്യാസ" ഇത്യാദിശ്ലോകത്തിൽ അത്ഭുതരസം വ്യഞ്ജിക്കുന്നതിനാൽ നിർവ്വഹണത്തിൽ അത്ഭുതരസവും ഉണ്ട്.

ഇവിടെ സന്ധിവിഭാഗം ചെയ്തിരിക്കുന്നത് പ്രായേണ വിശ്വനാഥകവിരാജനെ അനുസരിച്ചാണ്. ഈ വിഷയത്തിൽ മതവ്യത്യാസം ഉണ്ടായേക്കാം.

കാലദേശങ്ങൾ. ഈ ദിവസത്തിലെ യുദ്ധാത്തേയാണ് ഈ അങ്കങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നത്. ഒന്നാം അങ്കത്തിന്റെപ്രസ്താവനയിൽ ശ്രീകൃഷ്ണന്റേദൗത്യത്തേപ്പറ്റിപറഞ്ഞിരിക്കുന്നു. അതിനെത്തുടർന്നതന്നേ അങ്കവും ആരംഭിക്കുന്നുണ്ട്. ശ്രീകൃഷ്ണൻ രാവിലെ പുറപ്പെട്ടിരിക്കാനാണ് സാംഗത്യമുള്ളത്. പാഞ്ചാലി ആര്യയായഗാന്ധാരിയെക്കണ്ടിട്ട തിരിച്ചുവന്നതേയുള്ളൂ. അങ്കം അവസാനിക്കുന്നതിനു മുമ്പ് ശ്രീകൃഷ്ണൻ തിരിച്ചുവരികയും യുധിഷ്ഠിരൻ യുദ്ധപ്രത്യുപനം ചെയ്യുകയുംചെയ്തുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഒന്നാമങ്കത്തിലെ ഇതിവൃത്തം ഒരു പകലിനുള്ളിൽ നടന്നകഥയായിരിക്കണം. പാഞ്ചാലിയുടെ നാലുകെട്ടാണ് ഇതിന്റെരംഗം.

രണ്ടാമങ്കം ഭീഷ്മന്റെയുംഅഭിമന്യുവിന്റെയുംമരണശേഷം ഒരു പ്രഭാതത്തിൽ ആരംഭിയ്ക്കുന്നു. ഒന്നും രണ്ടും അങ്കങ്ങളുടെ മധ്യേഎത്രദിവസങ്ങൾ കഴിഞ്ഞിട്ടുണ്ടെന്നു നാടകംകൊണ്ടുനിർണ്ണയിക്കുവാൻ തരമില്ല. ഭാരതമനുസരിച്ചു നാം ദിവസത്തെ കഥയാണ് ഭവിഷ്യത്തിലുള്ളത്) (ക്രൂടിയപക്ഷം ഫാ മണിക്കുർ)

ഭാനുമതിഗുരുക്കന്മാരെയും ദേവന്മാരെയും വന്ദിച്ചിട്ട് ബാലോദ്യാനത്തിൽ പ്രവേശിച്ചതു രാവിലെ ആണ്. രാജാവ് അവളെ അന്വേഷിച്ചു വാസഗൃഹത്തിൽ ചെന്നപ്പോൾ അളിക

അങ്കംഅവസാനിയ്ക്കുംമുമ്പു് സൂര്യഭഗവാൻ പ്രഭാതകാലത്തിലെ ചെമപ്പുപോയിതെളിഞ്ഞ ദൃന്നിരീക്ഷ്യമായ മണ്ഡലത്തോട്ടു ക്രൂടിയവനായിത്തീന്നിരിക്കുന്നു. ജയദ്രഥമാതാവും ദുശ്ശളയും പ്രവേശിക്കുന്നതിനുമുമ്പു് ഭാനുമതിയുടെ നിയമാനുഷ്ഠാനലംഘനം നേരിട്ടുകഴിഞ്ഞു. എല്ലാംകൊണ്ടും ഫ്ര മണിക്കുമുമ്പു് ഈ അങ്കത്തിലെസംഭവങ്ങളം നടന്നുകഴിഞ്ഞിരിക്കണം. (ഫ്രമണിക്കുർ)

ദേവഗൃഹത്തിലെ ബാലോദ്യാനംരംഗം.

മൂന്നാമങ്കത്തിന്റെ ആരംഭം ജയദ്രഥന്റേയും മറും മരണശേഷമാണു്. സിന്ധുരാജനെക്കൊന്ന അന്നത്തെപോലെ അർജ്ജുനൻ പതിവായി.....''ഇത്യാദി രാക്ഷസവാക്യത്തിൽ നിന്നു് ആസംഭവം നടന്നിട്ടു ഒരു ദിവസത്തിൽ ക്രൂടതൽ ആയിപ്പോയെന്നു തോന്നുന്നു. കഴിഞ്ഞ അങ്കത്തിലെ സംഭവങ്ങളെ തുടന്നു് അന്നുതന്നെജയദ്രഥൻ വധിക്കപ്പെട്ടിരിക്കണം. അയാളുടെ വസയെ പുത്തനായി രാക്ഷസികൊണ്ടു വന്നിട്ടുണ്ടു. പ്രവേശകം അവസാതിനിക്കുന്നതിനു മുമ്പു് ദ്രോണവധവും നടക്കുന്നു. അതുകൊണ്ടു രണ്ടും മൂന്നും അങ്കങ്ങളുടെ മദ്ധ്യേ കുറഞ്ഞപക്ഷം രണ്ടു ദിവസങ്ങളം കഴിഞ്ഞിരിക്കണം.

പിതാവിന്റെ യുദ്ധസാമത്ഥ്യം കണ്ടാനന്ദിക്കുന്നതിനാണു് അശ്വത്ഥാമാ പുറപ്പെട്ടിരിക്കുന്നതു് ആ ഉദ്ദേശ്യം സാധിക്കുന്നതിനു മുമ്പേ പിതൃമരണ വൃത്താന്തവുംകൊണ്ടു് സൂതൻ പ്രവേശിക്കുന്നു. നായകനാറ സൈന്യം ഓടി രക്ഷ പ്രാപിയ്ക്കുന്നു. അശ്വത്ഥാമാ ദുര്യോധനനേന്യഗ്രോധ വൃക്ഷത്തണലിൽ ഇരിക്കുന്നതായിട്ടാണു് കാണുന്നതു്. അതുകൊണ്ടു ദ്രോണവധം നടന്ന അന്നുച്ചക്കായിരിക്കണം പ്രസ്തുത സംഭവവും നടന്നതു. അങ്കത്തിന്റെ അവസാനത്തിനു മുമ്പു് ദുശ്ശസനനും യുദ്ധത്തിൽ മരിക്കുന്നു.

രംഗം (യുദ്ധഭൂമിയുടെ അടുത്തുള്ള ഒരു പ്രദേശം.)

നാലാം അങ്കം അടുത്ത ദിവസം തന്നേ ആരംഭിക്കുന്നു. ദുശ്ശസനനിഗ്രഹ ശേഷം ഭീമൻ ദുര്യോധനനേത്തേടി പുറപ്പെ

ൻ വിശ്രമം നൽകുന്നു. ഭർതൃനാശം നിമിത്തം രാജാവിന്നു മോ ഹാലസ്യം മാറീട്ടുമില്ല. അന്നത്തെ യുദ്ധത്തിൽ തന്നെ കുണ്ഡ നും മരിക്കുന്നു (ക്രൂടിയപക്ഷം ന്യൂ- മണിക്ലൂർ)

രംഗം യുദ്ധഭൂമിതന്നെ.

അഞ്ചാംഅങ്കം നാലാംഅങ്കത്തിന്റെ തുടച്ചയാകുന്നു. അ ടുത്ത ദിവസം രാവിലെ ദുര്യോധനനേ നിഗ്രഹിക്കുമെന്നു് ഭീമൻ ശപഥം ചെയ്യുന്നു. (നാളേകാലത്തു ഇത്യാദി ശ്ലോകം നോക്കു ക) യുധിഷ്ഠിരന്റെ ആജ്ഞയനുസരിച്ചു ഭീമാർജ്ജുനന്മാർ മുത ന്മാരായ യോദ്ധാക്കളെ രക്ഷിപ്പിക്കുന്നതിനായ് പോകുന്നു.

ആറാം അങ്കത്തിൽ ഭീമസേനൻതന്റെ പ്രതിജ്ഞയെ നി റവേറുന്നതിനാൽ അടുത്തദിവസം നടന്ന കഥയാണു് അതി ലെ പ്രതിപാദ്യവിഷയം.

ഇങ്ങനെ നോക്കുന്നതായാൽ രംഗത്തിൽ ഏതാനും മണി ക്കൂറുകാലംകൊണ്ടിൽ നടന്ന സംഭവങ്ങളേ മാത്രമേ അഭിനയിക്കു ന്നുള്ളുവെന്നുകാണാം.

രംഗം. പാഞ്ചാലിയുടെ അന്തഃപുരം.

രസവിചാരം ഈ നാടകത്തിലേ അംഗിയായ രസം യുദ്ധവീരമാകുന്നു. ഭീമനാകുന്ന ആലംബനവിഭാവത്തെ ആശ്ര യിച്ചു ഉദ്ദീപിച്ചതായ രണോത്സാഹം യുദ്ധപ്രഖ്യാപനത്താലും പാഞ്ചാലിയുടെ വാക്കുകളാലും മറവും ഉദ്ദീപിതമായ് ശത്രുനി ഗ്രഹാദികളാൽ അനുഭവപ്പെട്ടു് ഗർവ്വം അമർഷം സ്മൃതി ഉഗ്രത ക്രോധം മുതലായ സഞ്ചാരി ഭാവങ്ങളാൽ പോഷിതമായ് ഒടു വിൽ ദുര്യോധന വധത്തിൽ പരമകാഷ്ഠയെ പ്രാപിക്കുന്നു. ഇ ങ്ങനെ വീരരസം ആദിമുതൽ അവസാനംവരെ അംഗിയേപന നിലനിൽക്കുന്നു. അശ്വത്ഥാമാങ്കത്തിലെ രൌദ്രവും അഞ്ചാ മങ്കത്തിലെ കരുണവുംഅംഗിയായ വീരത്തിനു പോഷകങ്ങ ളായിരിക്കുന്നു. ഇവയുടെ പുറമേ ബീഭത്സം (മൂന്നാമങ്കത്തിലെ പ്ര വേശകം നോക്കുക) അദ്ഭുതംഹാസ്യം ശൃംഗാരം ഇവയേയും [illegible]

ത്തിനിടം കൊടുത്തതിൽ അനൗചിത്യമുണ്ട്. അംഗങ്ങളായ രസങ്ങളുടെ സന്നിവേശം രസവ്യക്തിയെ അപേക്ഷിച്ചിരിക്കേണ്ടതാകുന്നു. ആ സ്ഥിതിയ്ക്കു ഭാനുമതിയുമായുള്ള ദുര്യോധനന്റെ വിപ്രലംഭം അനുചിതം ആകുന്നു.

(ഇവിടെ ഭീമനെ നായകനായ്ഗണിച്ചുകൊണ്ടാണു് രസവിചാരം ചെയ്തിട്ടുള്ളതു. നാടകത്തിനു നായകൻ ധീരോദാത്തനായിരിക്കേണമെന്നുവിധിയുള്ളതിനാൽ പ്രാചീനന്മാരിൽ പലരും ഭീമനെ നായകനാക്കുന്നതിൽ വിപ്രതിപത്തിയുണ്ട്.)

പാത്രനിരൂപണം.

വിശുദ്ധനാടകപ്രകൃതിക്രമം യുധിഷ്ഠിരനെ നായകനായും ഭീമനെ പ്രതിനായകനായും ഗണിക്കുന്നു. യുധിഷ്ഠിരന്റെ ഭീമക്രോധോപചിതമായ രണോത്സാഹം ക്രമേണ പോഷിതമായ് തന്റെ രാജ്യാഭിഷേകത്തിൽ പരമകാഷ്ഠയെ പ്രാപിച്ചതായിട്ടാണു് അവർ വിചാരിക്കുന്നതു്. പ്രധാന പ്രവർത്തകനായി നിൽക്കുന്നതു് ഭീമനാണെങ്കിലുംഅദ്ദേഹത്തിന്റെ യത്നങ്ങളെല്ലാം യുധിഷ്ഠിരനെപുരസ്കരിച്ചാണല്ലൊ. യുധിഷ്ഠിരനാണ്യുദ്ധപ്രഖ്യാപനം ചെയ്യുന്നതും തന്റെ പാർശ്വത്തിലുള്ള രാജാക്കന്മാരെ വിളിച്ചു കൂട്ടുന്നതും. ഇതിനുപുറമേ സംഗരയജ്ഞദീക്ഷിതനായി അദ്ദേഹത്തെയാണു് ഭീമൻ കല്പിച്ചിരിക്കുന്നതു്. ഭീമാദികൾ രണയജ്ഞത്തിന്റെ നാലു ഋത്വിക്കുകൾ മാത്രമേആകുന്നുള്ളു. ഭീമനെപ്പോലെ എടുത്തു ചാട്ടം തനിക്കില്ലെങ്കിലും വേണ്ടീസംഹാരവിഷയത്തിൽ അദ്ദേഹവും ഉൽക്കണ്ഠിതനായിരുന്നു. സ്വപക്ഷക്കാരുടെ വിജയത്തിനു വേണ്ട കരുതലുകളെല്ലാം അദ്ദേഹം ചെയ്യാതിരുന്നുമില്ല. ധീരോദ്ധതനായതുകൊണ്ടു നാടകത്തിലെ പ്രധാന നായകനായിരിക്കുന്നതിനു ഭീമനു അവകാശവുമില്ലാ. ഏവംവിധങ്ങളായ കാരണങ്ങളാൽ. യുധിഷ്ഠിരനെ പ്രധാന നേതാവായ് ഗണിക്കാവുന്നതാണു്.

ഇങ്ങനേ ഒക്കെ ഇരുന്നാലും ആധുനികന്മാരിൽ പലരും ഭീമനെ ആണു് നായകനായി വിചാരിക്കുന്നതു്. (കേരളപാണിനിയുടെ അഭിപ്രായം നോക്കുക.) ആദ്യം മുതൽക്കുതന്നെ പിപഠിഷുക്കളുടേ ശ്രദ്ധ സവിശേഷം പതിയുന്നതു ഭീമനിലാകുന്നു. ജ്യേഷ്ഠന്റെ അനുമതിലഭിച്ചില്ലെങ്കിലും താൻ യുദ്ധത്തിനു ഒരുങ്ങിയിരിക്കുന്നു. കവിയും ഭീമനോട് പക്ഷപാ

ലിക്കുള്ളതുപോലെതന്നെ കലശലായ പക്ഷപാതിത്വവും കാണുന്നുണ്ട്. ഭാരതയുദ്ധത്തിൽ യുധിഷ്ഠിരൻ വേണ്ടപ്പോലെപങ്കു കൊണ്ടിട്ടുണ്ടെങ്കിലും പ്രസ്തുതകവി അദ്ദേഹത്തെ പിന്നോക്കംതള്ളിയിട്ടിരിക്കുന്നതേയുള്ളൂ. അർജ്ജുനൻ ഇല്ലാതിരുന്നുവെങ്കിൽ പതിനെട്ടാം യുദ്ധം ഇത്രവേഗത്തിലും എളുപ്പത്തിലും പാണ്ഡവന്മാർക്കു വിജയപൂർവ്വകം കലാശിക്കയില്ലായിരുന്നുവെന്നു് ഖണ്ഡിതമായ്പറയാം. എന്നിട്ടും അദ്ദേഹത്തിനെ കവിതിരശീലക്കുള്ളിലാണു് നിറുത്തിയിരിക്കുന്നതു്. ഈ സംഗതികളിൽ നിന്നു് കവിയുടെ പക്ഷപാതിത്വം വ്യക്തമാകുന്നു. വേണീസംഹാരമാണല്ലോ ഈ കാവ്യത്തിന്റെ പ്രതിപാദ്യ വിഷയം. അതിനു് ദുശ്ശാസനന്റേയും ദുര്യോധനന്റേയും നിഗ്രഹമാണു്. ഏകോപായം. അവരെഹനിച്ചു് നായികയുടെ തലമുടി കെട്ടിക്കുന്ന ഭീമൻതന്നേ അല്ലേനായകനായിരിക്കേണ്ടതു്. യുധിഷ്ഠിരന്റെ അഭിഷേകം പ്രധാനഫലമാണെന്നു പറയുന്നതുന്യായമാണൊ ? ധീരോദ്ധതനായ ഒരു പാത്രം നേതാവായിരുന്നു ക്രൂടെന്നു് വിധിയുണ്ടായിരുന്നാൽ അതിനെ ലംഘിച്ചു ക്രൂടെന്നുണ്ടോ ? ഇങ്ങനെമറുഭാഗത്തേയ്ക്കും വാദങ്ങൾപുറപ്പെടുവിക്കാം.

യുധിഷ്ഠിരൻ

അദ്ദേഹം ശോകഹർഷാദി ഭാവങ്ങളാൽ അനഭിഭ്രതനായ ഒരു ധീരോദാത്തനാകുന്നു. കൌരവന്മാരിൽ നിന്നും തങ്ങൾക്കു നേരിട്ട പരിഭവങ്ങൾ അതികഠിനമായിരുന്നിട്ടും കഴിയുമെങ്കിൽ സന്ധിയാകട്ടേ എന്നാണു അദ്ദേഹം വിചാരിക്കുന്നതു്. ഭരണനയത്തിൽ അദ്ദേഹം അതിനിപുണനായിരുന്നുവെന്നു് ശ്രീകൃഷ്ണദൌത്യം വെളിപ്പെടുത്തുന്നു. തങ്ങളുടെപ്രജകൾക്കും മറുള്ളവർക്കും തന്റെപേരിൽ യാതൊരുകുറവും ആരോപിക്കാൻ ഇടകൊടുക്കരുതെന്നു അദ്ദേഹത്തിനു വിചാരമുണ്ടായിരുന്നു. അതിനുവേണ്ടിത്തന്നെയാണു് സന്ധിയാലോചനചെയ്തതു്. എന്നാൽ സന്ധിയുണ്ടാകയില്ലെന്നു അറിഞ്ഞമാത്രയിൽതന്നെ യുദ്ധത്തിനുവേണ്ട ഒരുക്കങ്ങളെല്ലാം അദ്ദേഹം ചെയ്തുകഴിഞ്ഞു. താൻഏറ്റെടുത്ത കാര്യത്തിൽ വളരെ ഒതുക്കത്തോടും എന്നാൽ കാര്യക്ഷമമായും അത്രേ അദ്ദേഹം പ്രവർത്തിയ്ക്കുന്നതു്. സഹോദരന്മാരോടു് അദ്ദേഹത്തിനു അളവറ്റ സ്നേഹമാണുണ്ടായിരു

ന്നതു്. അവരിൽ ആരെങ്കിലും മരിച്ചാൽ താൻ ജീവിച്ചിരിക്കയില്ലെന്നു് അദ്ദേഹംചെയ്തിട്ടുള്ള ശപഥവും അതിനനുസരിച്ചുള്ള സംരഭംവും നോക്കുക. യുധിഷ്ഠിരനിലും ഭീമ പക്ഷപാതം കുറവല്ല. അദ്ദേഹത്തിന്റെ സ്വഭാവ മാധുര്യത്തെ "പണ്ടാബ്ഭ്രപസദസി" എന്നശ്ലോകത്തിൽ ഭീമൻ വർണ്ണിച്ചിട്ടുണ്ടു്.

ഭീമൻ ധീരോദ്ധതനാകുന്നു. അദ്ദേഹത്തിന്റെ അഹങ്കാരദ്യോതികം ഒന്നാം അങ്കത്തിൽ തന്നെ നല്ലപോലെ പ്രകാശിക്കുന്നുണ്ടു്.

ഉദ്ധതനെങ്കിലും ഗുരുഭക്തി, ഭഗവൽഭക്തി ഇവ അദ്ദേഹത്തിനു കലശലായിട്ടുണ്ടായിരുന്നു.

"അങ്ങേശ്ശാസന.....എന്ന ശ്ലോകത്തിൽ നിന്നു് ഭീമന്റെ ഔദ്ധത്യം സ്ഫുരിക്കുന്നുണ്ടെങ്കിലും അതിനോടുകൂട്ടിത്തന്നെ ജ്യേഷ്ഠഭക്തിയും അതിശയേന പ്രകാശിക്കുന്നുണ്ടു്. ശ്രീകൃഷ്ണനെ കൌരവന്മാർ അവമാനിച്ചു എന്നുകേട്ടപ്പോഴും അതിന്റെ കാഠിന്യത്തിൽ മുമ്പുണ്ടായിട്ടുള്ള പരിഭവങ്ങളെ ഒക്കെ അദ്ദേഹം വിസ്മരിച്ചിരിക്കുന്നു.

"എടാഉണ്ണിയേ! കൌരവാധമ! നീ ഇപ്രകാരം മയ്യാദ വിട്ടിരിക്കുന്നതിനാൽ പാണ്ഡവന്മാരുടെ കോപം കേവലം ഒരു നിമിത്തമായ് തീരേണ്ടതേയുള്ളു." എന്നു അദ്ദേഹം വിളിച്ചു പറയുന്നു.

"പോരാടി.....നോക്കാം" എന്ന പദ്യത്തിൽ അദ്ദേഹത്തിന്റെ ഗർവ്വും, "അന്യോന്യം കുത്തും.....സമർത്ഥൻ" എന്ന ശ്ലോകത്തിൽ ആത്മശ്ലാഘാപരതയും തെളിഞ്ഞുകാണാം. ഇങ്ങനെ കവി ഭീമന്റെ സ്വഭാവഗതികളെ ഒന്നാം അങ്കത്തിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ടു്.

ഭീമൻ യുധിഷ്ഠിരനെപ്പോലെ നയജ്ഞനോ അർജ്ജുനനെപ്പോലെ പരിഷ്കൃതാശയനോ അല്ല. യുധിഷ്ഠിരന്റെ സന്ധിയാലോചനയുടെ രഹസ്യം ഭീമനു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഭീമനേയും അർജ്ജുനനേയും ഒരുമിച്ചു് കവി ഗാന്ധാരീധൃതരാഷ്ട്രന്മാരുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ടു്. ആ അവസരത്തിൽ അവരെ ക്ലേശിപ്പിക്കുന്നതു് അനുചിതമാണെന്നു്

അജ്ജുനൻ പറയുന്നു. എന്നാൽ ഭീമൻ ആകട്ടെ ആ വാക്കുകളെ ഗണിക്കുന്നില്ലെന്നു മാത്രമല്ല കണ്ണുകോരമായ വാക്കുകളെക്കൊണ്ട് അവരെ കഠിനമായി വ്യസനിപ്പിക്കുകകൂടി ചെയ്യുന്നു. അജ്ജുനന്റെ വാക്കുകൾക്കു വാസ്തവത്തിൽ മൂച്ച് കുട്ടുതലുണ്ടെങ്കിലും അവ തന്റെ പരിഷ്കൃതാശയത്തെ പ്രകാശിപ്പിക്കുന്നവയാണ്.

കണ്ണൻ അതിപരാക്രമശാലിയെങ്കിലും അസൂയ അദ്ദേഹത്തിനെ കലശലായി ബാധിച്ചിരിക്കുന്നു. ദ്രോണന്റെ മരണശേഷം അശ്വത്ഥാമാവിനെ സേനാനായകനാക്കിയേക്കുമോ എന്ന ഭയന്നായിരിക്കാം ആ ഗുരുവിന്റെ മേൽക്കുടി അദ്ദേഹം ദോഷാരോപണം ചെയ്തത്. ദുര്യോധനൻ അശ്വത്ഥാമാവിനെ സ്തുതിക്കുന്നതുപോലും അദ്ദേഹത്തിനു സഹിക്കുന്നില്ല. കൌരവന്മാരൊട്ട് അളവറ്റ സ്നേഹം അദ്ദേഹത്തിനുണ്ടായിരുന്നു.

കണ്ണന്റേയും അജ്ജുനന്റേയും സ്വഭാവങ്ങൾക്കു തമ്മിലുള്ള വ്യത്യാസം പ്രകടമായിരിക്കുന്നു.

ക. അജ്ജുനൻ ഗുരുജനങ്ങളെപ്പറ്റി സ്വപ്നത്തിൽ പോലും ഒരു ആക്ഷേപവാക്കു പറകയില്ല; കണ്ണൻ നേരേ മറിച്ചാണ്

ഖ. ആക്ഷേപവാക്കു കോർക്കയോ സംങ്കടം നേരിടുകയോ ചെയ്യുമ്പോൾ അജ്ജുനന്റെ ശൌര്യം വർദ്ധിയ്ക്കുന്നു. അഭിമന്യു മരിച്ചപ്പോൾഅതിനു കാരണമായ ജയദ്രഥനെ അടുത്ത ദിവസം സന്ധ്യക്കു മുമ്പേ നിഗ്രഹിക്കുമെന്നു ശപഥം ചെയ്തിട്ട അദ്ദേഹം ഭയങ്കരമായ് യുദ്ധം ചെയ്യുന്നു. എന്നാൽ വൃഷസേനൻ മരിച്ചപ്പോൾ കണ്ണന്റെ അവസ്ഥ എന്തായിരുന്നുവെന്നു നോക്കുക. അശ്വത്ഥാമാഹതനായെന്ന കേട്ടമാത്രയിൽ ആയുധം ഉപേക്ഷിച്ച വകയ്ക്കു ഗുരുവിനെ നീചമായ് ചതിച്ച കണ്ണൻ ആണ് ഇപ്പോൾ നൈരാശ്യത്തോടുകൂടി സ്വജീവിതത്തെ ഒരു കളഞ്ഞിട്ട് മരണത്തെ വരിക്കുവാൻ ശ്രമിച്ചതു്

ദുര്യോധനൻ പ്രതിനായകനാകുന്നു. സഹോദരസ്നേഹം ധൈര്യം പരാക്രമം മുതലായപലേ ഗുണങ്ങൾ ഉണ്ടായിരുന്നെങ്കിലും ദുരഭിമാനം എന്ന ഒരു ദോഷം അദ്ദേഹത്തിനെ

കലശലായ് ബാധിച്ചിരുന്നതു നിമിത്തം ആണ് സ്വവംശം പോലുംനശിക്കാനിടയായതു. ശ്രീകൃഷ്ണനെ അവമാനിച്ചതും മാതാപിതാക്കന്മാരുടെ ഉപദേശങ്ങളെ അനാദരിച്ചതും അശ്വത്ഥാമാവിനെ രണ്ടാമതും പിണക്കിയതും എല്ലാം ദുരഭിമാനത്തിന്റെ വിജൃംഭണംകൊണ്ടാണു്. ദുരഭിമാനമില്ലായിരുന്നെങ്കിൽ ഭീമന്റെ പ്രതിജ്ഞയെ ലംഘിപ്പിക്കുന്നതിനു അദ്ദേഹത്തിനു കഴിയുമായിരുന്നു. കവിക്കും ഈ പാത്രത്തോടു കുറെ വിദ്വേഷം ഉണ്ടായിരുന്നുവെന്നു തോന്നുന്നു. യുദ്ധം പൊടിപൂരമായി നടക്കുമ്പോൾ ഭാനുമതിയുമായിവിപ്രലംഭം നടിക്കാൻപോയതു് കഞ്ചുകിക്കുകൂടി ഹാസ്യജനകമായിരുന്നു. തന്റെ വിജയത്തിനു വേണ്ടി ഭാനുമതി അനുഷ്ഠിച്ചവ്രതത്തെപ്പോലും അദ്ദേഹം മുടക്കുന്നു. ഇങ്ങനെ ഒരു ചാപല്യം ദുര്യോധനനിൽ ആരോപിക്കേണ്ടിയില്ലായിരുന്നു. അദ്ദേഹം ഒരു പാഷണ്ഡൻകൂടിആയിരുന്നുവെന്നു കാണിക്കേണമെന്നു് കവിക്കു നിർബന്ധണ്ടായിരുന്നതുപോലെ തോന്നുന്നു.

ഒടുക്കത്തിൽ ദുര്യോധനൻ ഭീമസേനനെപ്പോലും കവിയുന്നു. അമ്മയോടു സാവജ്ഞമായ് സംസാരിക്കുന്നതിനു് അദ്ദേഹത്തിനുക്രുസലില്ല.

ദുര്യോധനൻ ഒരു വലിയ കണ്ണപക്ഷപാതിയാണെന്നു കാണാം. ആ പക്ഷപാതത്താൽത്രേ അശ്വത്ഥാമാവിന്റെ സഹായം ലഭിക്കാതെപോയതു്.

വേണീസംഹാരം.

ഭാഷാനാടകം

—(o)—

വ്യാഖ്യാനം.

''നാടകാന്തം കവിത്വം'' എന്ന ആലംകാരികവചനത്തെ അനുസ്മരിച്ച് കവി തന്റെ കാവ്യത്തിന്റെ നിർവിഘ്ന പരിസമാപ്തിയ്ക്കായി ഇഷ്ടദേവതയെ സ്തുതിയ്ക്കുന്നു.

ഭ്രമരനിര–വണ്ടിൻകൂട്ടം. ആസ്വദിതം–ആസ്വദിക്കപ്പെട്ട. തിങ്കൾ–ഒരു ശുദ്ധ മലയാളപദം (ചന്ദ്രൻ). ഈക്ഷാരസഫലം–ഈക്ഷാരസമംകുന്ന ഫലം. ഈക്ഷാരസം–നയനസുഖം.

നാന്ദീ ശ്ലോകത്തിൽ കാവ്യാർത്ഥം വാച്യമായോ വ്യംഗ്യമായോ സ്ഫുരിയ്ക്കണമെന്ന് നിർബന്ധമുള്ളതിനാൽ 'മൂന്നുശ്ലോകങ്ങളിലും ഈഷൽ കാവ്യാർത്ഥദ്യോതകങ്ങളായിരിക്കുന്നു. 'പദ' ശബ്ദത്തിന്, ഒരുപദ്യത്തിന്റെ തൃതീയാംശമെന്നർത്ഥമുള്ളതുകൊണ്ട് 'മയ' പാദം' എന്ന അർത്ഥം കല്പിക്കുന്ന പക്ഷംപ്രസ്തുത നാന്ദി പാദശപഥത്തികയുമാകുന്നു.

തടഞ്ഞി.....ദിതമായ്–എന്ന പാദത്താൽ ദ്രൌപദീ വസ്ത്രാക്ഷേപത്തേയും 'കടന്നി.....സിതമായ'–എന്ന വരിയാൽ ശ്രീകൃഷ്ണന്റെ ദ്രൌപദീവിഷയകമായകാരുണ്യാതിശയത്തേയും കാവ്.....സുമം–ഇത്യാദിയാൽ ശ്രീകൃഷ്ണകേതയായ പാഞ്ചാലിയേയും സൂചിപ്പിക്കുന്നു.

വൃത്തം––ശിഖരിണീ. യതിക്കുറിൽ തട്ടംയമനസഭലംഗം ശിഖരിണീ.

൨. പൂളിനം–മണൽത്തിട്ട. ബാഷ്പോൽഗമം–കണ്ണീരിന്റെ ഉൽഗമം (പുറപ്പാട്). വധൂപ്രസാദം–വധുവിന്റെ പ്രസാദം. പ്രസാദം–സന്തോഷം.

ആംഗലപ്രാസം, ദ്വിതീയാക്ഷരപ്രാസംഇത്യാദി അക്ഷരാലങ്കാരങ്ങളും സഭാവോക്തിയെന്ന അർത്ഥാലങ്കാരവും ചേർന്ന സംസൃഷ്ടി.

ശൃംഗാരരസം വ്യംഗ്യം.

ഈ പദ്യം 'വധൂപ്രസാദത്തിനുവേണ്ടി' ഭീമൻ ഉദ്യമിയ്ക്കുന്നതിനെ സൂചിപ്പിക്കുന്നു.

വൃത്തം––ശാർദ്ദൂലവിക്രീഡിതം. പന്ത്രണ്ടാൽ മസജംസതംത ഗുരുവും ശാർദ്ദൂലവിക്രീഡിതം.

൩. ദൈത്യപ്രണയിനി–അസുരസ്ത്രീകൾ. സംഭ്രാന്തി–പരിഭ്രമം. ഭീതി–ഭയം. സ്തോമം–കൂട്ടം. ഉൽഗർവ്വം–വർദ്ധിച്ചിരിക്കുന്ന ഗർവ്വം. ത്രിപുര

ഹതി–ത്രിപുരന്മാരുടെ സംഹാരം. ത്രിപുരന്മാർ–താരകാക്ഷൻ, വിദ്യുന്മാലി, കമലാക്ഷൻ എന്ന മൂന്നസുരന്മാർ. അവർ ശിവഭക്തന്മാരായിരുന്നു. ബ്രഹ്മാവിന്റെ വരപ്രസാദത്താൽ അവർ മുന്നുപുരങ്ങളും നിർമ്മിച്ച് ലോകോപദ്രവം ചെയ്തുതുടങ്ങിയപ്പോൾ ദേവന്മാർ വിഷ്ണുവിനെ ശരണം പ്രാപിച്ചു. വിഷ്ണു കൌശലത്തിൽ അവരെ ശിവനെക്കൊണ്ട് നിഗ്രഹിപ്പിച്ചു. ത്രിപുരാന്തകൻ–പുരവൈരി. ഈപേർകളും ത്രിപുരസംഹാരത്തെക്കുറിക്കുന്നു.

ശർവൻ–ശിവൻ.

കൌരവസംഹാരത്തേയും ശത്രുസ്ത്രീകളുടെ ഭയനീയാവസ്ഥയേയും പാഞ്ചാലിയുടെ സന്തോഷാധിക്യത്തേയും മറവുസൂചിപ്പിക്കുന്നു. ഇതിനുപുറമേ പ്രസ്തുത നാടകത്തിന്റെ അംഗിയായരസം വീരമാണെന്നും അതിനെ രൌദ്രാദിരസങ്ങളും പോഷിപ്പിക്കുന്നുവെന്നും വ്യഞ്ജിയ്ക്കുന്നുണ്ട്.

വൃത്തം––സ്രഗ്ധര. 'ഏഴേഴായ് മുന്നുഖണ്ഡം മരഭനയയയം സ്രഗ്ധരാ വൃത്തമാകും.'

നാന്ദീലക്ഷണം. ''നാട്യശാസ്ത്രം'' നോക്കുക.

സൂത്രധാരൻ–'സൂത്രം ധാരയതീതി' സൂത്രധാരഃ 'ചരട് പിടിക്കുന്നവൻ' എന്ന പദാർത്ഥം.

൩. അഞ്ജലി ശബ്ദത്തിന്റെ അർത്ഥം 'രണ്ടുകൈപ്പടവും കൂട്ടിപ്പിടിച്ചത്' എന്നാണ്. അതിൽനിന്നും ഇവിടെരസ്സും എന്ന അർത്ഥം സിദ്ധിച്ചു.

ചിത്രാർത്ഥം–വിചിത്രങ്ങളായ അർത്ഥങ്ങളോടുകൂടിയ. ശസ്ത്രാശയൻ–മഹാലാശയൻ.

ഭവ്യകം ഭവികം ഭവ്യം കുശല ക്ഷേമമസ്രിയാം –

ശസ്തകഞ്ചാർത്ഥതുഷു. ഇത്യാദി അമരംനോക്കുക.

വിഷയസക്തി–വിഷയസുഖങ്ങളിൽ ഉള്ള ആസക്തി. വിഷ.....തോൻ –വിജിതേന്ദ്രിയൻ എന്നർത്ഥം. അസ്താഘൻ–അസ്തമിച്ച അഘ (പാപം) ങ്ങളോടുകൂടിയവൻ. മുകപിതാവ്–വ്യാസൻ.

വസന്തതിലകം വൃത്തം. ' ഉകതം വസന്തതിലകം തജങ്ജഗംഗം' ഈ ശ്ലോകം രംഗദ്വാരമാകുന്നു.

'യസ്മാദഭിനയോഹ്യത്ര പ്രാധാന്യേനോപജായതേ
രംഗദ്വാരമതോജ്ഞേയം വാഗംഗാഭിനയാത്മകം'

ഭരതകഥയെ ഇതിവൃത്തമാക്കി രചിച്ചിട്ടുള്ള ഈ കാവ്യത്തിന്റെ ആരംഭത്തിൽ തൽക്കർത്താവായ വ്യാസനേ സ്തുതിക്കുന്നത് ഉചിതമായിരിക്കുന്നു.

മൃഗരാജചിഹ്നം–സിംഹചിഹ്നം

അഭ്യർത്ഥിയ്ക്കുന്നു–പ്രാർത്ഥിയ്ക്കുന്നു.

ശ്ലോകം ൫ 'സുമാഞ്ജലികണക്ക്' ഒരു കാവ്യബന്ധത്തെ ഞങ്ങൾ അഭിനയിക്കാം. വണ്ടുകൾ എങ്ങനെ സുമാഞ്ജലിയിൽ നിന്ന് മരന്ദത്തെ

മാത്രം ആസ്വദിക്കുന്നവരോ അതുപോലെ നിങ്ങളുടെ ഗുണത്തെയും ഭജിച്ചാ
ലും. ഉപമാലങ്കാരം.

മരന്ദം–തേൻ

ഇവിടെ പ്രയോചന; എന്ന ഭാരതീവൃത്തി.

സഭാസ്യരുടെ ചിത്തവൃത്തികളെ ഉന്മുഖീകരിക്കുന്നതിനായ് ഇപ്പ സ്വപ്നങ്ങ
ളുടെ സാധാരണ നാടകകർത്താക്കന്മാർ സ്വീകരിക്കാറുണ്ട്. അവരുടെ രംഗാ
ർത്ഥ സിദ്ധിയ്ക്കായ് പ്രയോചന അവശ്യം അനുഷ്ഠേയമാണെന്നു ജ്യോതിരീശ്വ
രൻ പറയുന്നു.

വശം ൩.

പാരിപാർശ്വികൻ–സൂത്രധാരന്റെ അനുചരൻ. കൌണ്ഡം–അസിൽ
പ്പക്ഷി. സപ്തച്ഛദം – ഏഴിലംപാല കാശം– ആറവളർ. പരാഗം – പൂ
മ്പൊടി.

ശ്ലോകം ൩.

സൽപക്ഷം–നല്ലചിറക്. പക്ഷത്തിന്നു കൂട്ടുകാരെന്നും അർത്ഥമുണ്ട്.
ക്ഷപ്പിക്കുക–ക്രൂരമായ വാക്കു പറയുക. കാലവശാൽ – വസന്തമായതു
കൊണ്ടെന്നും, കാലഭോക്ഷം കൊണ്ടെന്നും. നിപതിക്കുക–താഴത്തുവരിക, ന
ശിക്കുക എന്നും. ഭപ്പോഷിതം–വലുതായ അഹങ്കാരത്തോടുകൂടിയ. ധാത്ത
രാഷ്ട്രകുലം–ഹംസങ്ങളെന്നും, കൌരവന്മാരെന്നും. നിപതിപ്പു. 'ഉ' ശീല
ാവി പ്രത്യയം.

ശ്ലേഷാലങ്കാരംകൊണ്ട് കവി കൌരവനാശത്തെ സൂചിപ്പിക്കുന്നു. വൃ
ത്തം ഗീതി. ആര്യയുടെ പൂർവ്വാർദ്ധം തന്നെ ഉത്തരാർദ്ധത്തിലും വന്നാൽ ഗീ
തിയാകും.

ആര്യയുടെ പൂർവ്വാർദ്ധത്തിന്റെ ലക്ഷണമാവിത്ത്.

ഏഴുഗണം ഗുരുവൊന്നും
വേണം ജഗണം വരാതെയൊറുകളിൽ
ഷഷ്ഠമതോലഘുമയമോ
വർണമിതാര്യയ്ക്ക പൂർവ്വാർദ്ധം.

മാരിഷ!–സൂത്രധാരൻ പാരിപാർശ്വികനെ മാരിഷ! എന്നാണു വിളി
ക്കാറുള്ളത്. ഭാവ! മാരിഷ! ഇവ നാട്യോക്തികളാകുന്നു.

വശം (൪) ശ്ലോകം ൩.

വൈരാഗ്നി–വൈരമാകുന്ന അഗ്നി (രൂപകം). രിപുസംവൃതി–ശത്രുവി
നാശം എന്നും കൌരവരുടെ നാശം എന്നും. രക്താഞ്ചിതക്ഷിതിധരം– അനു
രാഗംകൊണ്ടു ലോകത്തെ വശീകരിച്ചവർ എന്നും, രക്തംകൊണ്ട് അഞ്ചിത
മായ ക്ഷിതലത്തോടുകൂടിയവർ എന്നും (ശത്രുക്കളുടെരക്തം ക്ഷമിയിൽ പൊഴി
ച്ചിട്ടുള്ളവർ എന്നും. (ബാഹ്ലീകനിസ്സമാസം) ക്ഷതവിഗ്രഹന്മാർ–ഭഗ്നകല

ഹന്മാർ എന്നും മറിവേറം ശരീരത്തോടുകൂടിയവരെന്നും. സ്വാസ്ഥ്യം–സ്വസ്ഥതഎന്നും, സ്വത്തിലെസ്ഥിതി (പാരലൌകികസൌഖ്യം) എന്നും രണ്ടാമത്തെ അർത്ഥത്തിൽ സ്വഃ+സ്ഥ എന്ന വിഗ്രഹം; വിസർഗ്ഗം ലോപിച്ചിരിക്കുന്നു.

(ഖപ്പുരശരിവാവിസർഗ്ഗലോപോവക്തവ്യഃ) എന്ന വാർത്തകം. ശ്ലേഷാലങ്കാരം.

വൃത്തം–വസന്തതിലകം. (ലക്ഷണം മുൻപു പറഞ്ഞിട്ടുണ്ട്).

ഇവിടെ ശ്ലേഷയുടെബലത്താൽ കൌരവനാശരൂപമായ അമംഗളം സൂചിപ്പിച്ചിരിക്കുന്നു. ഇങ്ങനെയുള്ള അമംഗളത്തെ കാവ്യമുഖത്തിൽ നിബന്ധിയ്ക്കുന്നത് അശ്ലീലം എന്നദോഷമാണ്. പക്ഷേപ്രസ്തുതദോഷം ഇവിടെ ഭാവ്യർത്ഥസൂചകത്വം കൊണ്ട് ഗുണമായ് പര്യവസാനിച്ചിരിക്കുന്നു.

ഈശ്ലോകം 'കഥോൽഘാതം' എന്ന പ്രസ്താവനാഭേദത്തെ ഉദാഹരിയ്ക്കുന്നു. ഇതിനുംപൂറമേ ശ്ലേഷാവശേന ബീജാർത്ഥത്തെ സൂചിപ്പിച്ച് നേതാവിനു മംഗലത്തെ ആശംസിച്ചിരിക്കുന്നതിനാൽ ഇവിടെ കവി പതാകാസ്ഥാനത്തെയും യോജിപ്പിച്ചിട്ടുണ്ട്. ഭീമന്റെ ക്രോധോപചിതമായ ഉത്സാഹമാണ് ബീജം. (സാഹിത്യദർപ്പണക്കാരന്റെ മതം സ്വീകരിക്കുന്ന പക്ഷം. ഭീമക്രോധോപചിതമായ യുധിഷ്ഠിരോത്സാഹമത്രേ ബീജം). 'ബീജാർത്ഥം അതിന്റെ പ്രധാനഫലമായ ശത്രുമാരണമാണ്. വിവക്ഷിതം പ്രതിനായകമംഗലമാണെങ്കിലും അത് ശ്ലേഷയുടെബലത്താൽ നേതൃമംഗലാശംസയായിട്ടാണ് പര്യവസാനിച്ചിരിക്കുന്നത്. അതുകൊണ്ട് പതാകാസ്ഥാനകം.

വ്യ. അരക്കില്ലം കത്തിച്ചും കപടമായ് വിഷമേകിയും സഭയിൽ വെച്ച് ഇവരിൽ അഴൽചേർത്തും; കൃഷ്ണാവസനകരീഭാരം ഹരിച്ചും എഴുന്ന അക്രൂരക്രൂരന്മാർക്ക് ഞാൻ വാഴുമളവിൽ എവിടെ ആണ് സൌഖ്യം ലഭിക്കുവാൻ പോകുന്നത്. 'എഴും' എന്നപദം ഹരിച്ച് എന്ന പദത്തോടുചേർത്ത് അന്വയിയ്ക്കേണ്ടതാണ്. (ദ്വിരന്വയം എന്നാകാവ്യദോഷം.) തർജ്ജിമ ഭംഗിയായിട്ടില്ലാത്തതിനാൽ മൂലശ്ലോകത്തെ താഴെച്ചേർക്കുന്നു. സഭ – ദ്യൂതസഭ.

ലാക്ഷാഗൃഹാനല വിഷാന്നസഭാപ്രവേശൈഃ
പ്രാണേഷുവിത്തനിചയേഷുചനഃ പ്രഹൃത്യ
ആകൃഷ്യപാണ്ഡവവധൂപരിധാനകേശാൻ
സഃസ്ഥാഭവേന്തിമയിജീവതിധാർത്തരാഷ്ട്രഃ

ഇവിടെ വൈരപ്രകാശനംകൊണ്ടും ആത്മസംഭാവനയാലും വൈരോദാരപ്രകാരമായ ഇതിവൃത്തത്തെ സംക്ഷേപിച്ചു കവി സൂചിപ്പിച്ചിരിക്കുന്നതിനാൽ കാവ്യാർത്ഥസമർപ്പണരൂപമായ ആക്ഷേപം എന്ന മുഖസന്ധ്യംഗം.

വൃത്തം–ശിഖരിണി: (ലക്ഷണം പറഞ്ഞുകഴിഞ്ഞു).

പ്രസ്താവനാഭേദങ്ങളുടെ ലക്ഷണം, 'നാട്യശാസ്ത്രം' നോക്കി ഗ്രഹിക്കുക.

വശം ൽ. അനുനയം–സാന്ത്വനം. ഭരതപുത്രൻ–നടൻ.

ശ്ലോകം ൻ. അനുപദം . അടിക്കടി. അനയം - ദുർന്നയം. മനുജരാട്ട്-രാജാവ് (ഇവിടെ യുധിഷ്ഠിരൻ).

ദ്രുതവിളംബിതം വൃത്തം. ലക്ഷണം–ദ്രുതവിളംബിതമാംനഭവുംഭരം.

ഫാ. കുരുപ്രവീരൻ-മൂലത്തിൽ-കുരുഭിഃ എന്ന ബഹുവചനം. തത്ര - ആ വിഷയത്തിൽ. 'അഭിമതർ' എന്ന വിശേഷണം മൂലത്തിലില്ല. (ഇഷ്ടർ എന്നർത്ഥം) നിംഗം-നകുലനും സഹദേവനും. അയ്യൻ–ജ്യേഷ്ഠൻ. കില്ല്–സംശയം.

'ജരാസന്ധ' ശബ്ദത്തിന്റെ പകരം മഗധസുതൻ എന്ന പേരുവച്ചതു ഭംഗിയായില്ല. ജനനകാലത്തു് ജരാസന്ധന്റെ ശരീരം രണ്ടു ഖണ്ഡമായിരുന്നു. ജരഎന്ന രാക്ഷസിയെ ആണ് അവയെ യോജിപ്പിച്ചതു്. അങ്ങനെ ചേർക്കപ്പെട്ട മാറിടത്തെ ഭീമൻ വീണ്ടും രണ്ടാക്കി. അതുപോലെ യുധിഷ്ഠിരഭീകരം വരുത്തിക്കൂട്ടുന്ന സന്ധിയെ ഭീമൻ വിഘടനം ചെയ്യുമെന്നു പറയുന്നു. 'വിഘടയതി' എന്ന മൂലത്തിലേപദത്തിനുപകരം 'തകർക്കും' എന്നു പ്രയോഗിച്ചതും ഭംഗിയായില്ല.

ഉദാത്താലങ്കാരം.

ഇവിടെ സമുൽപന്നാത്ഭുതത്തെ അതിശയേന സൂചിപ്പിരിക്കുന്നതിനാൽ പരികരം എന്ന മുഖസന്ധ്യംഗം. ആക്ഷേപത്തിൽ സംക്ഷിപ്തമായ് ഉപക്ഷേപിച്ചിരുന്ന കാവ്യാർത്ഥത്തിന്റെ ബഹുലീകരണമാണ് ഇവിടെകാണുന്നതു്.

കല്യൻ എന്ന വിശേഷണം പ്രാസത്തിനുവേണ്ടിചേർത്തിരിക്കുന്നു.

ഫ്ര. ദൈന്യം - ദുരവസ്ഥ. ദൈന്യവും ,നാം പാർത്തതും എന്ന് നാം മത്തെ ഒരുവാക്യത്തോടു് 'ഉം' കൊണ്ടു് ഘടിപ്പിച്ചിരിക്കുന്നു. '' ഗ്രഃ ഖേദം ഖിന്നേമയി ഭജതിനാഭ്യാപി കുരുഷു '' എന്നാണ് മൂലം തർജ്ജിമയിൽ സ്ഖലച്ചു പോയിട്ടുണ്ട്. പാഞ്ചാലിയുടെ ദൈന്യം മുതലായവ കണ്ടിട്ട് ഖിന്നനായിരിക്കുന്ന എന്നിലാണ് ജ്യേഷ്ഠന് ഖേദം--കൈരവന്മാരിലല്ല. എന്നാണു മൂലത്തിന്റെ അർത്ഥം. 'ഗ്രഃ ഖേദിച്ചു എന്നുവരാം' എന്നുള്ള സഹദേവന്റെ വാക്കുകൊണ്ട് അനുകൂലമായ ഒരു മറുപടിയാണിതു്. വല്ലൂല ശബ്ദത്തിനു പകരം തോൽ എന്നുമാത്രം പ്രയോഗിച്ചിരിക്കുന്നതും ഭംഗിയായില്ല.

ഈ പദ്യത്തിൽ യുധിഷ്ഠിരന്റെ സ്വഭാവമാധുര്യം വ്യഞ്ജിയ്ക്കുന്നു. സംക്ഷോഭങ്ങൾക്കു കാരണമുണ്ടായാലും ഉദ്വേഗരഹിതനായിരിക്കുന്ന അവസ്ഥയത്രേ മാധുര്യം.

ശ്ലോകം ഫാ. അങ്ങെ.....മുങ്ങട്ടേ ഞാൻ - ഇവിടെ ഭീമന്റെ ഗ്രഃകേതിയാണ് ക്രൂദ്ധത സ്ഫുരിക്കുന്നതു്. സഗർഭർ–സഹോദരന്മാർ.

ഭീമ– (തിരിഞ്ഞുനോക്കീട്ട്) സഹദേവാ.....എന്നുതുടങ്ങി പാഞ്ചാല

സാത്വതീവൃത്തി. സമൃദ്ധമായ കായ്കുങ്ങളെവിട്ടിട്ട് അന്യകായ്കുത്തിൽ പ്രവേശിക്കുന്നതുപോലെ പരിവൃത്തി. 'കൈശികി' വൃത്തിയൊഴിച്ചുള്ള എല്ലാവൃത്തികളെയും വീരരസപ്രധാനങ്ങളായ നാടകങ്ങളും അതുപയോഗിക്കുന്നു.

ആയുധാഗാരം - ആയുധപ്പുര.

ശ്ലോ ഏഴു. അദൃഷ്ടൻ-ശകുനി.

'ഉജ്ജിതം' എന്ന വിശേഷണം വിട്ടിരിക്കുന്നു. വൃത്തം പഴയാവക്ത്രാ.

ശ്ലോ ഏഴ്. കോപപ്രചണ്ഡാഗ്നി-കോപമാകുന്ന ക്ഷോഭാഗ്നി (രൂപകം). മതല്ലീ, മതല്ലികാ, പ്രകാണ്ഡം മുതലായവ പ്രശസ്തവാചികളാകുന്നു. സമാസത്തിൽ മാത്രമേ പ്രയോഗമുള്ളൂ.

കൃഷ്ണയ്ക്കുതടിൽഗാത്രി എന്നു മൂലത്തിലില്ലാത്ത ഒരു വിശേഷണം ചേർത്തതു ചിന്തനീയമാകുന്നു. കൃഷ്ണയുടെ നിറം കറുപ്പാണു്. ആ സ്ഥിതിക്ക് തടിൽഗാത്രി എന്ന വിശേഷണം എങ്ങനെ യോജിക്കും? തടിത്തിനു് ചാഞ്ചല്യം, നല്ലവണ്ണം ഇവയാണ് ഗുണങ്ങൾ. പക്ഷേ അല്പം അസഹരസം നേരിട്ടാലും ദ്വിതീയാക്ഷരപ്രാസത്തിനു് ഐകരൂപ്യം കിട്ടിയല്ലോ എന്നു സമാധാനപ്പെടാം.

ഇവിടെ ദേശകാലസാധർമ്മ്യേണ വർണ്ണിച്ചിരിക്കുന്നതിനാൽ ദീപ്തം എന്നു ക്ഷണം.

കൃശനായിരിക്കുന്നപ്പോഴുണ്ടായിരുന്ന അഗ്നിയെ കൃഷ്ണവർഷമെന്നപോലെ തീവ്രതയും വർദ്ധിപ്പിക്കും എന്നു തർജ്ജിമചെയ്യാതെ 'തടിച്ചതും' 'തടിൽഗാത്രിയും' ഒക്കെപ്പിടിച്ചിട്ടു് ന്യൂനതവരുത്തിയതു് ഓക്കുമ്പോൾ ഭാഷാകവിതയ്ക്കു തിരുമംഗല്യം ചാർത്തുന്ന സമ്പ്രദായം നിറുത്തലാക്കുന്നതിനുമുമ്പു് എത്ര അർത്ഥനാശം നേരിട്ടുമെന്നു് ഊഹിക്കാം.

ഉപമാലങ്കാരം, ഭുജംഗപ്രയാതം, യ്കാരങ്ങളും നാലോ ഭുജംഗപ്രയാതം.

വശം ൻ. അവധീരണ-നിശ്ചയം.

ഏഭ. മൂലത്തിൽ 'പൊരി.....യില്ലേ' ഇത്യാദികളും ചോദ്യരൂപത്തിലല്ല. പ്രശ്നചിഹ്നം എടുത്തുകളഞ്ഞാൽ അർത്ഥത്തിനു കുറേക്കൂടി ചമൽക്കാരമുണ്ടാകും. ഭാഷാകൃഷ്ണനത്തിൽ ഉപയോഗിച്ചുള്ള തർജ്ജിമയുമായി ഇതിനെ സാദൃശ്യപ്പെടുത്തുക. അർജ്ജിക്കുക-മഥിക്കുക. തർജ്ജിമയിൽ ഉരസ്സുകൾ എന്ന ഭീമവിശേഷണം വിട്ടുകളഞ്ഞു.

'കാക' എടുത്തുകളയുമ്പോൾ ചോദ്യംസ്വരംകൊണ്ടു് വ്യഞ്ജിയ്ക്കുന്നതാണ്. ഇവിടം മുതൽ 'പാഞ്ചാലി'-നാഥ! പിന്നെയും പിന്നെയും പറഞ്ഞാലും" എന്നവരെ സുഖാഗമത്രുപമായ പ്രവൃത്തി എന്ന മുഖസംധ്യംഗം. സഹദേവൻ—ജ്യേഷ്ഠം.....ക്കിയതു് -എന്നതുടങ്ങി ഇവിടെ എന്തറിവാനാണു വേണ്ടു

ശ്ലോ ക്ര ശ്രുപ -ലജ്ജ.

വശം ക്രവ. ശ്ലോകം ക്ര. അവിഗണയായ് - ദുഃഖിതയായ്. കചമ തല്ലിക - തലമുടി. ദശ - അവസ്ഥ. വിരഹദശയിലെ പതിവ്രതമാർ തലമുടി കെട്ടാതിരിക്കയുള്ളൂ. ഇവിടെ പാണ്ഡുസുതന്മാർ ഇടവിടാതെ വിട്ടുപിരിയാതിരുന്നിട്ടും ദ്രൗപദി തലമുടി അഴിച്ചിട്ടിരിക്കുന്നു. അതാണ് അത്ഭുതം.

വിഷമാലങ്കാരം. (വിഷമം പറച്ചുയില്ലാത്തു രണ്ടിനെച്ചേർത്തു പറയുകിൽ.)

(൯) ഈ ശ്ലോകത്തിനും ദുരന്വയദോഷമുണ്ട്.

ഇവിടെ ഭവിച്ചു. എന്ന ക്രിയക്ക് കർത്താവില്ല, കെട്ടാൻവേണിയെയും. ഈ പ്രിയപത്നിയാളെ ധൂമശിഖയെ എന്നമട്ടിൽ തൊട്ടതായ ഒരുരവവനനത്തിന്ന് കാട്ടുതീകണക്ക് (രുട്ടാൻ) വസിക്കുന്നതായ എന്നിൽ ഈയലായ് ഭവിപ്പു. അർജ്ജ -അത്ഭുവിട്ടുപോയെങ്കിലും ദ്വീതിയാക്ഷരപ്രാസത്തിന്ന് ഐകരൂപ്യം വന്നിട്ടുണ്ട്.

ശ്ലോ- ൧൦- വശം ക്ര.

ഒരുമിച്ചു വസിക്കുകയാൽ തരുണീഹൃത്തു് ഭർത്തൃഹൃദയത്തോടു തുല്യമായ് ഭവിക്കും-- വിഷാസ്യത്തരുവിൽ ചുറ്റിയ നല്ലവള്ളിക്കുടി സംകടം അരുളുന്നു. അലങ്കാരം അർത്ഥാന്തരന്യാസം. വൃത്തം വസന്തമാലിക.

വിഷമേസസജ്ജംഗഗം സമത്തിൽ

സമരേഫം യവസന്തമാലികക്ക്.

സഹദേവൻ! – ജ്യേഷ്ഠാ -- എന്നുമുതൽ പ്രസ്തുതശ്ലോകംവരെ ദൃഷ്ടാന്തം എന്ന ഭ്രഷണം.

ചേടി – ''അല്ലയോ ഭാനുമതി..... കൊടുന്നതു്'' ഇവിടെ ദ്രൗപദീ കേശസംയമനത്തിന്റെ കാരണമായ് ഭാനുമതി കേശമോക്ഷത്തെ പുറഞ്ഞിരിക്കുന്നതിനാൽ ഹേതുവെന്ന ഭ്രഷണം. ദുര്യോധനവധാനന്തരമേ കേശസംയമനം ഉണ്ടാകയുള്ളൂ. എന്ന അഭിമതാർത്ഥത്തെ ഈ വാക്കുകൾ സൂചിപ്പിക്കുന്നു.

വ ക്ര. 'തിരിച്ചു' എന്നപദം ഭ്രമിത ശബ്ദത്തിന്റെ തജ്ജന്യമാകുന്നു. പദത്തിന്റെ കിടപ്പുകൊണ്ട് പുറപ്പെട്ട എന്ന് അർത്ഥമേതോന്നിക്കയുള്ളൂ. പ്രാസഭ്രമംകൊണ്ടുണ്ടാകുന്ന അബദ്ധംനോക്കുക. ബലമിയന്നഭീമൻ പലപ്രാവശ്യംഗദയെ തിരിച്ചു് അതുകൊണ്ട് തുടയടിച്ചുപൊടിച്ചു് എന്ന് അന്വയിക്കണം.

ചഞ്ചൽഭുജഭ്രമിത ചണ്ഡഗദാഭിഘാത സഞ്ചൂർണ്ണിതോരു യുഗളസ്യ ദുര്യോധനസ്യ

ഇവിടെ പരിന്യാസം എന്ന മുഖസന്ധ്യംഗം

പരികരത്തിൽ ബഹുലീകൃതമായ കാര്യാർത്ഥം ഇവിടെ നിശ്ചയാപത്തിരൂപേണ ഹൃദയത്തിൽ ന്യസിക്കപ്പെട്ടുന്നതിനാൽ പരിന്യാസം.

പാഞ്ചാലി! – നാഥാ! കോപി.....അനുവദിക്കട്ടേ! ഇവിടെ ഗുണാ
ധ്യാനരൂപമായ വിലോഭനം എന്നസന്ധ്യംഗം.

പരുഷവ്യഞ്ജനപ്രായം രൌദ്രരസത്തെ പോഷിപ്പിക്കുന്നു. വൃത്തിവൃത്തം.
ജസം ജസയലങ്ങളും ഗുരുവുമെട്ടിതാൽ വൃത്തിയാം,

ശ്ലോ – ഉ.ഉ. ക്ഷീരാംബോധി – പാൽക്കടൽ – മഥാദി.

മന്ദരപർവ്വതം പൂരിച്ചു – നിറഞ്ഞു. പാലാഴി മഥനദശയിൽ വെള്ളം
ഇളകിമറിഞ്ഞു മന്ദരപർവ്വതത്തിന്റെ ശഹചരങ്ങളിൽ കടക്കുന്നു

സ്തനിതം – മുഴക്കം – ധ്വനിഭേദം.

മഭട്ടഹാസനിഭം – എന്റെ അട്ടഹാസത്തിനോടുതുല്യമായും കൃഷ്ണാതി
കോപോക്തിപോലെയും എന്നു് ഉപമാനത്തെ ഉപമേയമാക്കിയിരിക്കുന്ന
തിനാൽ പ്രതിപാലംകാരം

ശ്ലോകം ഉ.

(ആത്മാവിൽ രമിച്ചു–തന്നത്താ
നെ രമിച്ചു. ആത്മാരമോ എന്നപദത്തിന്റെ തജ്ജിമ. കലുഷതയകലും– നി
ർവികല്പ ശബ്ദത്തിന്റെ തർജ്ജിമയാകുന്നു. നിർവികല്പേ സമാധേ.

അശുഭഫലനതമസ് അമംഗലമാകുന്ന ക്രൂരിരിട്ട് തമോഭീപൂകകാംക്ഷപ്പുറ
ത്തായി രജസമസ് വൃഷ്ണന്മാക്ക് അലഭ്യമായി മോഹത്താൽ വസ്തുതത്വപ്രതി
പത്തിരഹിതനു (വസ്തുതത്വങ്ങളെ പററി ബോധം ഇല്ലാത്തവനു) 'പുരാണം'
എന്നു ദേവവിശേഷണത്തെ തജ്ജിമയിൽ വിട്ടിരിക്കുന്നു.

വാശം. ഗദ്യം. അണിയായിനു കളകളെ—ഇത്യാദി തൊട്ട് വർദ്ധിക്കട്ടെ
വർദ്ധിക്കട്ടെ എന്നതുവരെ ബീജാഗമനരൂപമായ സമാധാനം എന്ന സന്ധ്യം
ഗം. ശമം – അടക്കം. അരണി – ചമത.

സത്യഭംഗം നേരിടുമെന്നുള്ള ഭയത്താൽശാന്തപ്പെട്ടുതിയതും കലനാശം.
നേരിടുതെന്നു വിചാരിച്ച് അടക്കത്തോടുകൂടി വിസ്മരിക്കാൻ ശ്രമിച്ചതും
പൂതാട്ടമാകുന്ന ചതിയിൽ സംഭരിക്കപ്പെട്ടതും ആയ ധർമ്മജക്രോധവഹ്നി
രൌപദീകേശാംബരാകർഷണങ്ങളാൽ മഹത്തായ കുരുവനത്തിൽ വർദ്ധിക്കു
ന്നു. എന്നു മൂലം. എന്നു മൂലാ———തജ്ജിമ വളരെ ഭംഗിയായിട്ടുണ്ട്.

വാശം. ഗദ്യം. (അണിയറയിൽ ഇത്യാദി ചൂളിക.

പാഞ്ചാലി നാഥ എന്താണിപ്പോൾ ..... മുഴക്കുന്നതു് ഇവിടെ കുത്സിത
ലോത്തരമായ വാക്കുകളും പറഞ്ഞിരിക്കുന്നതിനാൽ പരിഭാവനാ എന്ന മുഖ
സന്ധ്യംഗം

ശ്ലോകം ഉ.

ക്ഷത്രിക്കുലം–യാജകന്മാർ. മുരഹരൻ–ശ്രീകൃഷ്ണൻ. ദ്രുപാലൻ–ധർമ്മരൂപൻ.
നിമേണ–ക്ഷണം. യശ;–കീർത്തികളും –യശസ്സാകുന്നു. കീർത്തികളും രൂപകാല
ങ്കാരം

എന്നാൽ പാഞ്ചാലി കുരുകുലത്തെ നശിപ്പിക്കുന്നതിനായി ഞങ്ങളിപ്പോൾ
പോകുന്നു. ഇവിടെ പ്രകൃതാർത്ഥത്തിന്റെ സമാരംഭരൂപമായ കാരണം എന്നു

മുഖസന്ധ്യംഗം. പാഞ്ചാലി അത്രയുമല്ല നാഥാ.....എന്നതുടങ്ങി ഭീമൻ ക്രുദ്ധനായി .....ഭീമനിവിടെ 'വരം'' എന്നഭാഗംവരെ ഉദ്ഭേദം എന്ന സന്ധ്യംഗം ഇവിടെ ബീജാത്മം കാണിച്ചിരിക്കുന്നു.

ശ്ലോകം. ൨൫.

ക്രുദ്ധന്റെ പരിഭവകാരണ മുണ്ടായിട്ടും ക്ഷമിച്ചിരുന്നതു നിമിത്തം ലജ്ജിതനായ ഭീമൻ കൌരവരെ നശിപ്പിക്കാതെ തിരിച്ചു വരികയില്ലെന്നത്ഥം

''ക്രുദ്ധേ പരിഭവക്ഷാന്തിലജ്ജാവിധുരിതാനനം
അനിർദ്ദിഷ്ടകൌരവ്യംനപശ്യസിവൃകോദരം.''

എന്നു മൂലം. പരിഭവക്ഷാന്തി' എന്നപാഠത്തെ ഭാഷാന്തരീകരിത്താവുസ്പഷ്ടീകരിച്ചിരിക്കുന്നു.

വസാ.....പങ്കം വസ, രക്തം, മാംസം ഇവകൊണ്ടുള്ള ചളി. വസാ-കൊഴുപ്പു പാർത്ഥർ-പാണ്ഡവന്മാർ

രൂപകാലങ്കാരം.

രണ്ടാമങ്കം.

——:o:——

ശ്ലോകം ൨൬. പ്രീണിക്കുക -സന്തോഷിക്കുക. ഈ അന്തഃപുരവർണ്ണന വളരെ ഭംഗിയായിരിക്കുന്നു. നാടകകർത്താക്കന്മാരുടെ സാമർത്ഥ്യം സവിശേഷം പ്രത്യക്ഷപ്പെടുന്നതു് അപ്രധാനങ്ങളായ ഈ മാതിരി പാത്രങ്ങളിടെ സ്വഭാവരചനയിലാകുന്നു. നാടകാഭികാംക്ഷികൾ നിർദ്ദിഷ്ടങ്ങളായ പ്രത്യേകലക്ഷണങ്ങളും തികഞ്ഞിരിക്കേണമെന്ന് നിർബന്ധമുള്ളതുകൊണ്ടു കവികൾക്ക് അവരുടെ സൃഷ്ടിയിൽ സ്വാതന്ത്ര്യം വളരെ കുറവാണല്ലൊ.

ശ്വശ്രൂ-ഭർത്താവിന്റെ അമ്മ

(ആകാശത്തിൽ) ഇത്യാദി ആകാശഭാഷണം

ശ്ലോകം. ൨൭ കൃതി-സമർത്ഥൻ വിഗതചാപം-വില്ലുപോയവൻ അഭിതൃഷ്ണൻ-സന്തൃഷ്ടൻ. കവിയ്ക്കു് ദുര്യോധനനോടുള്ള ദ്വേഷം ഇവിടെപ്രത്യക്ഷപ്പെടുന്നു. പ്രതിനായകനേകഞ്ചുകിയെക്കൊണ്ടു് ആക്ഷേപിപ്പിക്കേണ്ടിയിരുന്നില്ല. ചിലഗ്രന്ഥകാരന്മാർക്ക് അവരുടെ ചില പാത്രങ്ങളോടു പ്രത്യേകപക്ഷപാതിത്വംവന്നുപോകാറുണ്ടു്. അതു സാധുവല്ലാ.

വിഷ്കംഭലക്ഷണം നാട്യശാസ്ത്രം നോക്കിഗ്രഹിക്കുക.

ഖതിവിരലാ ഇത്യാദി വാക്കുകളും ദുര്യോധനന്റെ സ്വഭാവത്തിനു വീണ്ടും അ

൩൨. വയസ്സനാം-ഇത്യാദി ശ്ലോകത്തിൽ സാദൃശ്യപ്പെടുത്തുകയായ വ്യക്തികളെ ഘടിപ്പിച്ചിരിക്കുന്നതിനാൽ ലേശം എന്ന ഭ്രഷണം. പ്രാസത്തിനു വേണ്ടി ഉപയോഗിച്ചിട്ടുള്ള ജയത്തിനായ് സചയം അയത്നം ഇവ പദങ്ങളും മൂലത്തിലില്ലാത്തവയാണ്.

൨൫തേജരതിശാം ശേയേ പുരസ്കൃത്യശിഖണ്ഡിനം യാശ്ശാഖ്യാ പാണ്ഡുപുത്രാണാം സൈവാസ്മാകം ഭവിഷ്യതി

വയസ്സനെ ചതിവിൽ കൊല്ലുന്നതു ശ്ലാഘ്യമാണെങ്കിൽ ഏകാകിയായ ഒരു ബാലനെ കൊല്ലുന്നതും ശ്ലാഘ്യം തന്നെ എന്നു താല്പര്യം

പൃത്തം വംശസ്ഥ. ജതങ്ങളം വംശസ്ഥ മതം ജരങ്ങളീം

ശ്ലോകം. ൩൫. ചീർത്ത വീര്യം-വർദ്ധിച്ച വീര്യം അനുജാത്മജാംബിതം-അനുജന്മാരോടും പുത്രന്മാരോടുംകൂടി. ഇവിടെ പറയാനുള്ളതൊന്ന്, പറഞ്ഞുപോയതാണ് അതുകൊണ്ടു ഭ്രംശം എന്ന ഭ്രഷണം

രഥോദ്ധതാ വൃത്തം

രനരംലഗുരുവും രഥോദ്ധത

രാജാ 'വിനയംധരാ.....വഴികാണിച്ചാലും' ഇവിടെ വിപ്രലംഭത്തിനു ഇടം കൊടുത്തതു ഭംഗിയായില്ല. യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന ദുര്യോധനന്റെ ചിത്തഭ്രാന്തമതിയിലേക്ക് തിരിഞ്ഞതു അദ്ദേഹത്തിന്റെ സ്വഭാവത്തിനു ഒരു വലിയ ന്യൂനത്തന്നെ

പ്രിയംഗുപുഷ്പം -ഞാഴൽപ്പൂവ്. ശ്യാമലതി ഞാഴൽ വള്ളി

പ്രിയംഗുപുഷ്പത്തിൽ വളർന്നതായ ശ്യാമലതയുടെഭംഗി-ഇവിടെ വളർന്നതായ എന്നവിശേഷണം ഭംഗിയോടു ചേരേണ്ടതാണ്

ശ്ലോകം, ൩൬. 'തേൻ ഉള്ളിൽ ഏറെനിറഞ്ഞു, എന്നുവേണം ദ്യുമണി-സൂര്യൻ ഭിന്നം -വിടർന്ന പൃത്തം-മാലിനി

നനമയയുഗമെട്ടിൽ തട്ടണം മാലിനിയ്ക്ക്

൩൭) ഈ ശ്ലോകത്തിൽ നിന്നു പ്രസ്തുതാങ്കം ആരംഭിക്കുന്നതു് പ്രഭാതത്തിലാണെന്നു കാണാം. അളികം പത്മശയ്യാതലം വിടുന്നതേയുള്ളു. വിടിൻ ഭളങ്ങളിടെ സുഷിരത്തിൽക്കൂടി കടന്ന സൂര്യരശ്മിയേറവ അളികം ഉണർന്ന സ്വവധൂക്കളോടുകൂടി പത്മശയ്യാതലം വിട്ടുപോകുന്നതിനേ ജന്നാലകളിൽ കൂടി സൂര്യരശ്മികടന്നിട്ടു ഉണർന്ന് ആത്മവധൂക്കളോടുകൂടി രാജാക്കന്മാർ മെത്തവിട്ടുപോകുന്നതിനോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. അംഗരാഗം ഇതുക്കുടക്കം ഉണ്ട്. വണ്ടിനു പടന്ന മണമേൽക്കയാൽ അനുമിതം(അനുമിക്കപ്പെട്ടതു്) ആയ അംഗരാഗമാൺള്ളതു് അംഗരാഗം-കുറിക്കൂട്ട് അദ്യത്തെ പാദത്തിൽ ഒരക്ഷരം വിട്ടുപോയിരിക്കുന്നു. ഭളങ്ങം തൻ എന്നായിരിക്കണം

൩൮ംജസംജസയലാങ്ങളിൽ ശ്രുവുമെട്ടിനാൽ വൃത്തപ്രിയം ഹസ്രംഭം-വി

വാരം – ഒക്ക. ശ്ലോ നാല്.

കരതലമതിമേ എന്നു് യതിഭംഗം – രാം പാദത്തിൽ ഒരു അക്ഷരം കുറവുണ്ടു്. അപരസാസ്പദം എന്നതു് അപരാധാസ്പദം എന്നു തിരുത്തിവായിക്കുണം.

ശ്ലോകം – നാല്. പ്രേമ.....ത്താൽ – പ്രേമകലഹത്താൽ.

വൃത്തം വസന്തമാലിക. നകുലം.....കീരി.

ഇവിടെ വിപ്രലംഭത്തിനിടകൊടുത്തതു ഭംഗിയായില്ല. കൃത്യ ഔചിത്യം വരുത്തുവാൻ വേണ്ടിമാത്രമാണ് ശൃംഗാരരസത്തെ വലിച്ചിഴച്ചുകൊണ്ടുവന്നിരിക്കുന്നതു്. പക്ഷേ ''നകുലവൃത്താന്ത കഥനത്താല്യം'' മറവം കവിപാടത്തോടുകൂടി അതിനെ പ്രധാനമായഫലത്തോടു യോജിപ്പിച്ചിട്ടുണ്ടു്. ഒന്നാമതായി 'നകുല' ശബ്ദത്താൽ ഭമിച്ചു് ദുര്യോധനൻ പാണ്ഡവന്മാരെ നശിപ്പിക്കുന്നുണ്ടെന്നു ശപഥംചെയ്യുന്നു.

സപ്നവൃത്താന്തത്തെ യഥാരൂപം ഗ്രഹിച്ചുടനേതന്നേ അദ്ദേഹത്തിന്റെ കോപം ശമിച്ചുവെങ്കിലും ഭാവിയെസംബന്ധിച്ചു് വലുതായ ഒരു അസ്വാസ്ഥ്യം അദ്ദേഹത്തിനു നേരിടുന്നതിനാൽ ഭാവ്യർത്ഥത്തെ സൂചിപ്പിക്കുന്നതിനും പ്രസ്തുത സംഭവം സഹായിക്കുന്നുണ്ടു്. എന്നാൽ ദുർന്നിമിത്തങ്ങളെ ഗവേഷകുടി. തുണവൽക്കരിച്ചു് അദ്ദേഹം ഭാനുമതിയെ കാണുന്നതിനും അവളോടെ വൃതഭംഗം വരുത്തുന്നതിനും പിന്നീടു മുതിരുന്നു ഇങ്ങനെ പ്രതിനായകന്റെ സ്വഭാവത്തെ നല്ലപോലെ വെളിപ്പെടുത്തുന്നതിനുവേണ്ടിയിട്ടുകൂടി ആയിരിക്കും. ഈരംഗത്തിനു് നാടകത്തിൽ ഇടംകൊടുത്തതു്.

ശ്ലോ – രം. പ്രകൃതമായ അർത്ഥംകൊണ്ടു് ഭാവ്യർത്ഥത്തെ സൂചിപ്പിച്ചിരിക്കുന്നതിനാൽ തുല്യോക്തം എന്ന ലക്ഷണം.

യകാരങ്ങൾനാലോളജ്ജംഗപ്രയാതം.

ശ്ലോക – രക്ത. ഉല്പാതഭോഷം–വലുതായഭോഷം.

ഒക്കാ – ഭോഷം – മാഹാസപ്നത്തെ വിശേഷിപ്പിക്കുന്നു.

ഭീ – ഭയം.

വശം – ഒവ്വ. അതു.....ഭഗവാൻ – ഉല്ലേഖാലങ്കാരം

ശ്ലോകാ രണ്ട. സഗർഭ്യർ – സഹോദരന്മാർ.

പന്നഗകേതു – ദുര്യോധൻ.....അദ്ദേഹത്തിന്റെ ഔദ്ധത്യവുംഅതുശ്ലോപരതയും നോക്കുക.

ശ്ലോകം രര. മന്ദാക്ഷം – ലജ്ജ. രുചി.....പ്രകാശം

അന്യർക്കു അലഭ്യമായും ഇരുശ്രീയോടുകൂടിയതായും ഉള്ള വിശേഷം.

ശ്ലോകം രരി. മറെറാരുദുശ്ശകുനം.

ഉൽക്കടം – വലിയ.....അരം വേഗത്തിൽ രജസ്സു് – പൊടി.

ശ്ലോകം രരെ. ഭുജംഗപ്രയാതം വൃത്തം

ശ്ലോകം ൽൻ, ചലൽച്ചേലം, നീസ്സലം, എൻകണ്ണിനിഷ്ടപ്പെട്ടം, ഇവയെല്ലാം നിതംബവിശേഷണങ്ങളാകുന്നു. ചലൽചേലം – ചലിക്കുന്നചേലയോടുകൂടിയ.

വസേസ്സകാറേറാറുലഞ്ഞുള്ളതാം എന്നതു് ഒരുമിച്ചു ചേർത്തനടയിക്കണം. കാറേറാറ് ഉലഞ്ഞ വസ്ത്രത്തോടുകൂടിയതായ (എന്റെ ഉരുയുഗം)

ഇവിടെ ഉരുവിനെപ്പറ്റി ദുര്യോധനൻ ഉപന്യസിച്ചുകൊണ്ടിരിക്കെ ''ഭഞ്ജിച്ചു'' 'ഭഞ്ജിച്ചു' എന്നുകഞ്ചുകിപറയുന്നു.

രഥകേതനഭംഗം ആണ് അഭിമതം. എന്നാൽ അതു് ഉരുഭംഗത്തിനുമായ പ്രസ്തുതാർത്ഥത്തിലും യോജിക്കുന്നു. അതുകൊണ്ടു് 'ശബ്ദം' എന്ന വീപ്സാംശം ഇവിടെയും ശൃംഗാരം ഭാവ്യർത്ഥസൂചനയ്ക്കുതന്നെ വഴികൊടുത്തിരിക്കുന്നു. കവിയുടെ സാമർത്ഥ്യം അന്യാദൃശമത്രേ.

''ഭഞ്ജിച്ചു ഭഞ്ജിച്ചു'' ഇവിടെ കവിപതനകാസ്ഥാനത്തെയും യോജിപ്പിച്ചിട്ടുണ്ടു്.

ഭീമൻ – വലിയവൻ എന്ന അഭിമതാർത്ഥം. പരിഭ്രമംകൊണ്ടു് 'ഭീമനായകാറു്' എന്നു് പറവാൻ കഞ്ചുകിയ്ക്കുകഴിഞ്ഞില്ല.

ബ്രാഹ്മണരുടെ വേഭാഷ്യത്താൽ ഈ ദുർന്നിമിത്തദോഷം നീക്കണമെന്നുപറഞ്ഞപ്പോൾ രാജാവിന്റെ ഭാവം എന്തായിരുന്നുവെന്നു നോക്കുക.

ദുശ്ശളയുടെയും മറവും വരവും ദുര്യോധനന്റെ സ്വാസ്ഥ്യത്തിനു ബാധകമായിട്ടാണ് തീരുന്നതു്. പടിക്കുപടിയായിട്ടു് അദ്ദേഹത്തിനു ദുർന്നിമിത്തങ്ങൾതന്നെ ഉണ്ടായികൊണ്ടിരിക്കുന്നു.

ശ്ലോകം – ൫൨. ഭോർബലി – ബലമുള്ളഭോസ്സുകളോടുകൂടിയവൻ ഭോസ് – ഭൂമി.

ശ്ലോകം ൫൩. ഈ ശ്ലോകത്തിൽ ദുര്യോധനന്റെ അഹംകാരം നല്ലപോലെ അഭിവ്യഞ്ജിക്കുന്നു. സിതകമലം – വെള്ളത്താമര, ആതപത്രം– കുട.

വശം. ൫൪. ശസ്ത്രപൂതമല്ലാത്തമരണം – ശസ്ത്രം, ഏറുള്ളമരണം യോദ്ധാക്കൾക്കു യശസ്കരമാകുന്നു. അങ്ങനെ മരിക്കുന്നവർ വീരസ്വർഗ്ഗം പ്രാപിക്കുന്നു.

ശ്ലോ ൫൫. ഹേമം – സ്വർണ്ണം

. സടാ.....ഹയങ്ങളേ – ഹാരകാന്തിയാൽ ദ്വിഗുണീഭവിച്ചിട്ടുള്ള സടാസോമഭാസ്സോടുകൂടിയ ഹയങ്ങളേ.

ഹാരകാന്തി – മുത്തുമാലകളുടെ കാന്തി

സടാസോമഭാസ് സടകളുടെ സോമഭാസ്സു്.

സോമഭാസ് – ചന്ദ്രപ്രകാശം.

കാമ.....ങ്ങു് – കൃതിച്ചു ഓടുന്നതിനു അവ ഒരുങ്ങിയിരിക്കയാണു്. ശ്രമപ്പെട്ടാണ് അവയെ തടഞ്ഞുനിർത്തിയിരിക്കുന്നതെന്നർത്ഥം.

ജവശബ്ദത്തെ ആവത്തിച്ചിരിക്കുന്നതിനാൽ പൂനരുക്തിദോഷം. രിപുഭീകരം – ശത്രുക്കൾക്ക് ഭയത്തെ ജനിപ്പിക്കുന്നത്. സജ്ജമായി – ഒരുക്കപ്പെട്ടിരിക്കുന്നു.

മൂന്നാം അങ്കം

പ്രവേശകത്തിൽനിന്ന് ജയദ്രഥനേറയും ദ്രോണനേറയും മറവും മരണത്തേപ്പററി നാം ഗ്രഹിക്കുന്നു.

സിന്ധുരാജൻ – ജയദ്രഥൻ.

ശ്ലോ ഇന്ദ്ര. വസ – കൊഴുപ്പ്

വൃത്തം വസന്തമാലിക.

രക്തനാസവം – രക്തമാകുന്ന ആസവം

ആസവം – മദ്യം.

ശ്ലോ ഇൻ. അംബുദാവലി – മേഘസമൂഹം. കമ്പിപ്പിച്ച് – ഇളക്കി കണ്ണുകട്ട – കണ്ണുകാണാതേ. ജന്യാബ്ധി – യുദ്ധമാകുന്നസമുദ്രം. സംഭൃതം – സംഭവിച്ചത്.

തജ്ജമ ശരിയായില്ല.

മൂലം. മഹാപ്രളയമാരുതക്ഷുഭിത പുഷ്കരാവത്തക

പ്രചണ്ഡഘന ഗർജ്ജിതപ്രതിരുദാനകാരീമുഹുഃ

രവശ്രവണഭൈരവ സ്ഥഗിതരോദസീകന്ദരഃ

കുതോഭ്യസമരോദധേരയമ ദ്രുതപൂർവ്വംപരം.

ശ്ലോകം ന്യൂ. നനമയയുതേയം മാലിനീഭോഗിലോകൈഃ

അർത്ഥം സ്പുടം.

ശ്ലോകാ ന്യൂ. കന്നംമത്തേപാദം "അസ്രുജാലാവലീഢപ്രതിബലജല ധേരന്തരൌഘായമാണേ" എന്നതിനേറ തജ്ജമയാണ്.

അസ്രുജാലയൽ വ്യാപ്തമായ ശത്രുസൈന്യമാകുന്ന ജലധിയുടെ ഉള്ളിൽ ഔർവ്വാഗ്നിപോലെ വർത്തിക്കുന്നു എന്നർത്ഥം. ഔർവ്വാഗ്നിജലത്തേയാണ് തപിപ്പിക്കുന്നത്. ഇവിടെ ദ്രോണരാകുന്ന ഔർവ്വാഗ്നി അഗ്നിയേപ്പോലും തപ്പിക്കുന്നതായി പറഞ്ഞിരിക്കുന്നതിനാൽ വ്യതിരേകം. തജ്ജമയിൽ ഘോരം സ്രുജാലയേഷ്ടം എന്നത് ദ്രോണനേറ വിശേഷണമായിട്ടാണ് പറഞ്ഞിരിക്കുന്നത്. മറെറ അർത്ഥംആണ് കുറെക്കൂടി ഹൃദ്യമായിരിക്കുന്നത്. ബലാധ്യക്ഷൻ – സൈന്യാധ്യക്ഷൻ. ഹാർദ്ദിക്യൻ – കൃതവർമ്മാവ്.

നേരെചാപത്തൊടൊത്തെൻ.....ഭീതി – ഇവിടെ അത്മപൌനരുക്തൃം എന്നകാവ്യദോഷം.

ശ്ലോകം. ന്യാ. അന്തസ്സിൽ – പ്രാസത്തിനുവേണ്ടി പ്രയുക്തം പുഷ്കലാവത്തകം – ഒരു മേഘവിശേഷം.

പു.....ശ്രേണിഃ പുഷ്കലാവർത്തകം തുടങ്ങിയ മേഘങ്ങളുടെ സമൂഹം. പർവ്വതങ്ങളിൻപുർ വസ്തുക്കളെയും സപ്തപ്രാണികളിൽ ഒരുവിഭാഗത്തിനെ അടിക്കയും ജലദശ്രേണികളെ ഏകോപിച്ച് ആകർഷിക്കയും ചെയ്യുന്നകാലത്തെ തന്റെ പിതാവിന് നാശം നേരിടുകയുള്ളു. എന്നർത്ഥം. അദ്ദേഹത്തിന്റെ സമ്പത്തിനെ മായ ഭൂജബലം ധ്വനിക്കുന്നു.

ഉദാത്താലങ്കാരം

ന്യ ഭവൻ – ശിവൻ അടർ – യുദ്ധം ദ്രോണൻ ശസ്ത്രത്തെ ബാഷ്പത്തൊടൊപ്പം മോചിച്ചതായി പറഞ്ഞിരിക്കുന്നതിനാൽ സഹോക്തിഅലങ്കാരം.

മന്ദാക്രാന്താവൃത്തം. മന്ദാക്രാന്താ മഭനേതതഗംനാലു മംരേഴുമായ്ഗം.

ഉപേക്ഷിച്ചു എന്നപദത്തെ മറിച്ചിരിക്കുന്നതിനാൽ യതിഭംഗം.

'തത്ര വ്യുൽഗ്രാഹ്യം വാക്യമത്രതാഹരണം മതം' എന്നലക്ഷണത്താൽ ഇവിടെ അത്രതാഹരണം എന്നശബ്ദസന്ധ്യംശം.

അങ്ങയുടെ വിരഹത്തിലും ഞാൻ ജീവിച്ചിരിക്കെ എങ്ങനെ അവിടത്തെ പ്രിയനായ്ഭവിക്കും, മരിക്കതന്നെയാണ് ഉത്തമം എന്നർത്ഥം.

ശര.....ഞല്ലോ.....ഇവിടെ സഹോക്തിഅലങ്കാരം.

വൃത്തം 'നസമഹരിണിക്കാരംപത്തുംമുറിഞ്ഞുരസംലഗം'

ശ്ലോ ന്യവ്യ. വിശർഹിക്കുക–വെറുക്കുക. പടംഷഡംവിധം – ജീവനില്ലാത്തവരെപ്പോലെ. ദ്രോണനേറയും പാഷതിയുടേയും കടാക്ഷണം നോക്കി നിന്നില്ലെ. അതുകൊണ്ട് തെങ്ങളിം ദുര്യോധനാദികളിം മറ്റമെല്ലാം വ്യർത്ഥമെന്നർത്ഥം.

ശ്ലോ ന്യൻ. പാഷ്തിയുടെ കചഗ്രഹത്താൽതന്നെ ദ്രൗപതിക്കാക്ഷം സംഭവിച്ചിരിക്കുന്നു. പ്രജ്ഞയും സകലവും ഇതിനാൽ തുലഞ്ഞുപോകും സംശയമില്ല.

ഇവിടെ ക്ഷിപ്തിഎന്ന സന്ധ്യംശം ഉപക്ഷിപ്തം 'രഹസ്യാർത്ഥത്തിന്റെ ഉത്തേജകമാണ് ക്ഷിപ്തി' അഭീഷ്ടഫലപ്രദമായ കർമ്മത്തിന്റെ സമാരംഭം കാണിച്ചിരിക്കുന്നതിനാൽ ഇവിടെ വിദഗ്ദ്ധം എന്ന നാട്യാലങ്കാരവും ഉണ്ട്.

'അജാതശത്രു' എന്ന പദത്തിനുശേഷം എന്നു എന്ന് ഒരു പദം വിട്ടിരിക്കുന്നതു ഭംഗിയായില്ല.

പിതാവിൽനേരിട്ട–പിതാവിനോടുനേരിട്ട അതൊക്കെ അതിരിലും വൈരമില്ലാത്ത അസഹ്യഭാവവും ദ്രുവിദ്വേഷവും ഒക്കെ. ന്യൂനപദം എന്ന കാവ്യദോഷം ഇവിടെകാണുന്നു.

ശ്ലോ. ൫. ജന്യാഗ്രത്തിൽ–യുദ്ധത്തിൽ

ശ്ലോ ൬. അവിഷഹ്യം–സഹിക്കാൻ പാടില്ലാത്തത്

വിഃ + സഹ്യം–വിഷഹ്യം.

ശ്ലോ ൯. ഗൃഹവിനിർമ്മിതി–കുടുംബത്തിന്റെ നിലനിൽപ്പ്

ശ്ലോ ൧൦. ദ്രോണർ ശസ്ത്രത്തെധരിച്ചതുകൊണ്ട് ശസ്ത്രത്തിനെ വിജയംലഭിച്ചത് അദ്ദേഹത്തിനു ശസ്ത്രത്തിന്റെ ആവശ്യമേ ഇല്ലായിരുന്നു.

ശ്ലോ ൧൧ അത്രപം–ലജ്ജകൂടാതെ.

ശ്ലോ ൧൨. ദ്രുപദനയനെ പട്ടിയോടുള്ള്യമായി കല്പിച്ചിരിക്കുന്നു. ഉപമാലങ്കാരം വ്യംഗ്യം ദ്രവിണം–ബലം ശസ്ത്രദ്രവിണം – ശസ്ത്രബലം. ദ്രോണരുടെ ശിരസ്സിൽ കരംവെക്കുകയല്ലാചെയ്തത് എന്റെ ശിരസ്സിൽ പാദം വക്കുകയാണെന്നുണ്ടായത്. 'തന്മസ്തകത്തിൽ കരമർപ്പിക്കയല്ല' എന്ന് അനുചയം വരുത്തേണ്ടിയിരിക്കുന്നു.

പരിസംഖ്യ–നിഷേധനംവ്യംഗ്യം.

ശ്ലോ ൧൩. ചമൂമർദ്ദി–സൈന്യങ്ങളെ മർദ്ദിക്കുന്നവൻ. ഇവിടെ അധ്യാനം എന്നുദ്ദേശ്യം.

വാശം ൪൯. കുവർ– ''വത്സാഭദ്രേ.....അസംഭാവ്യമായുള്ളത്'' ഇവിടെ അനുനയം എന്നുദ്ദേശ്യം. സ്നിഗ്ധങ്ങളായ വാക്കുകളെക്കൊണ്ട് കാര്യം നേടുന്നതിനെയാണ് അനുനയമെന്നു പറയുന്നത്.

ശോണിതപ്രവാതാസാരം–രക്തസമൂഹത്തിന്റെവർഷം.

അശ്വത്ഥാമാ പ്രതിക്രിയക്കു ഒരുങ്ങിയിരിക്കുവെയാണ് കൃഷ്ണൻ അദ്ദേഹത്തെ പിണക്കി അയക്കുന്നത്

ശ്ലോ ൧൫. ധൃതിമാൻ–ധൈര്യവാൻ.

ധൈര്യവാന്മാർ അസ്ത്രം ധരിച്ചിരിക്കുന്ന ഭുജത്തെയാണ് വിഷാദസമുദ്രത്തെ കടക്കുന്നതു്.

തരി–കപ്പൽ. സമുദ്രശബ്ദം വിട്ടകലുന്നതുനന്നായില്ല. ഉദ്വിഗ്നം–വർദ്ധിച്ചിരിക്കുന്നതുമാ (ദുഃഖം)

പുഷ്പിതാഗ്രാവൃത്തം { നനരയവിഷമത്തിലും സമത്തിൽ
പുനരിഹനംജജരംഗപുഷ്പിതാഗ്രാ

ദുര്യോധനന്റെ കൃഷ്ണപക്ഷപാതിത്വം ഇവിടെവെളിപ്പെടുന്നു.

ശ്ലോ ൧൭. ദുര്യോധനൻ ദ്രോണന്റെപേരിൽ കൃഷ്ണനെത്തുടരുന്ന ദോഷാരോപണം ചെയ്യുന്നതുനോക്കുക. അർത്ഥാപത്തി എന്നുദ്ദേശ്യം

ന്യാഗ്രോധം–പേരാൽ

ശ്ലോ ൧൮. ക്ലാന്തി–ക്ഷീണം. പതുസദൃശമാംതത്തുജസ്പർശം–പിതുസദൃശമായ നിന്റെഭുജസ്പർശം പിതുസദൃശമം–സ്പർശത്തിന്റെ വിശേഷണമായിട്ടാണ് ഇവിടെ ചേർത്തിരിക്കുന്നത് രോമോൽഗമം–രോമാഞ്ചം.

ശ്ലോ ൧൯. യുധിൽപ്രണയം–അംബയോടുള്ള സ്നേഹം എന്റെമനസ്സിൽ [illegible] ഉണ്ടായിട്ടുള്ള ദുഃഖത്തെ അടക്കുകമാത്രമേ

അറിഞ്ഞുകൂട്ടാ. അതായതു അവക്കരണഭേക്കാം ദുഃഖംഒരുപോലെ ആണുള്ളതു്.

ശ്ലോ വ്വ ഇവിടെ ഉൽകൃഷ്ടയുക്തമായ വംക്കുകാം പറഞ്ഞിരിക്കുന്നതിനാൽ ഉദാഹരണം എന്നശബ്ദസന്ധ്യംശം ക്രുധാ–കോപത്തോടുകൂടി

ശ്ലോ വ്വവ. ജളാരി; ഇവിടെജളശബ്ദം ചേത്തിരിക്കുന്നതു് പ്രാസത്തിനുവേണ്ടിയാണ്

ഹൃദം–കയം

ഈദിക്കിൽവെച്ചു് ശത്രുക്കളിടെ ശോണിതജലംകൊണ്ടു് പരശുരാമൻ ഒരു കയത്തെ നിമ്മിച്ചു. ക്ഷത്രിയനിൽ(കാത്തവീര്യാർജ്ജുനനിൽ) നിന്നു് അഹേത്തിന്റെ പിതാവിനു് കേശഗ്രഹരൂപമായ പരിഭവംനേരിട്ടതുപോലെ എന്റെ പിതാവിനും ഇവിടെ വച്ചു് സംഭവിച്ചിരിക്കുന്നു. രാമനെപ്പോലെതന്നെ രിപുഹതിക്കുമതിയായ ശസ്ത്രം എന്റെകൈയ്യിലുംഉണ്ടു്. അതുകൊണ്ടു് രാമൻചെയ്തകൃത്യത്തെത്തന്നെ ഞാനും ചെയ്യും.

തിളങ്ങിയ, തിളപ്പോടു––ഇവയും പ്രസത്തിനുതന്നെ. കേശഗ്രഹത്തിന്റെ വിശേഷണമായു് മൂലത്തിലുള്ള തഥാവിധശബ്ദവും അസ്ത്രത്തിന്റെ വിശേഷണമായ ''അഹിതശസ്ത്രൗഘസുരഗ്രുണി'' എന്നപദവും വിട്ടുകളഞ്ഞിട്ടുപ്രാസത്തെ ബലമായ്പിടിച്ചിരിക്കുന്നതു നോക്കുക. ''തഥാവിധ'' എന്നപദത്തിന്റെ അത്ഥം താൻ എന്നപദത്തിൽ നിന്നും ധ്വനിക്കുന്നുണ്ടെന്നു സമാധാനപ്പെടാം എന്നാൽദ്രൗണായനിയെന്ന പദത്തിനു കേവലം ഞാൻ എന്നുമാത്രം പ്രയോഗിച്ചതു കഷ്ടംതന്നെ താൻ ദ്രോണനോടു് തുല്യം സമേത്യുമുള്ളവനാണെന്നു ആവാക്കിൽനിന്നും ധ്വനിക്കുന്നുണ്ടു്. മൂലവ്യഞ്ജനങ്ങളെധാരാളം ഉപയോഗിച്ചിരിക്കുന്നതും രസാപകൃഷ്കമാണു്.

മൂലം

ഭേശഃ സോയമരാതിശോണിതജലൈസ്മിൻഹ്രദഃപൂരിതഃ
ക്ഷത്രാദേവതഥാവിധഃ പരിഭവസ്താതസ്യകേശഗ്രഹഃ
താന്യേവാഹിതഹേതിഘസ്മരഗ്രുണ്യസ്രാണിഭാസന്തിമേ
യദ്രോമേണകൃതംതദേവകുരുതേദ്രോണാത്മജഃക്രോധനഃ

അടിയിൽരേഖപ്പെട്ടത്തിയിരിക്കുന്ന പദങ്ങളെതഴ്ത്തിമയിൽ തള്ളിക്കളഞ്ഞിരിക്കുന്നു.

ശ്ലോ – വ്വൻ. സ്ത്രോ..... ടണം–അങ്ങേയ്ക്കു് നിർബ്ബാധംഇറങ്ങാം – ശത്രുഭയം ഉണ്ടാകയില്ല. എന്നത്ഥം. പാത്തട്ടിൽനിന്നു് മുകന്ദസോമകാഭികളെ നശിപ്പിക്കുന്നുണ്ടു്– (ധൃത്യാ ളിം ബലികാം) പ്രാസത്തിനുവേണ്ടി ചേത്തതു്. സമരോദ്യോഗം –യുദ്ധത്തിനായുള്ള ശ്രമം. ശോത്രാധീശ.....ടവി–ക്ഷത്രിയരാകുന്ന മഹാവനം അതുതന്നെയാകുന്ന വലുതായ ഭാരംആണു്. ശോ – ഭരം – (രൂപകം)

ദുര്യോധനൻ കൃഷ്ണന്റെ ഏഷണികേട്ടു് ഭമിച്ചുപോയിരിക്കുന്നു.

ശ്ലോ ൻ. എന്റെ ആയുധം നിന്റേതുപോലെ ഗുരുശാപവശാൽ നിവീര്യമായു് തീന്നിട്ടുണ്ടോ? ഞാൻ നിന്നെപ്പോലെ ഭയന്നു സഖാക്കളെ [illegible]

ഓടിട്ടുണ്ടോ? എന്നിങ്ങനെ മൂലത്തിലെപ്പോലെ ചോദ്യരൂപമാക്കീരുന്നെങ്കിലും കൊക്കുടി ശക്തിഉണ്ടാകുമായിരുന്നു.

മൽ+ശസ്ത്രം – മച്ഛസ്ത്രം.

ഇവിടെ ഗഹനം എന്നനുഷ്ണം.

ശ്ലോ ൻഥ. പഞ്ചാസ്യവിക്രമം – സിംഹപരാക്രമം

ലോകത്രയഖ്യാതിമാനായ എന്റെ താതൻ ഭീരുവോ വിരുതനോ എന്ന യുദ്ധരംഗത്തിൽ ഉണ്ടായിരുന്നവക്കറിയാം. അതുപോലെശസ്ത്രം വെടിയാൻ കാരണമെന്തെന്ന് സത്യവാക്കായ ധർമ്മപുത്രക്കറിയാം. ഭീരുവായ് അവിടെനിന്ന് ഓടിപ്പോന്ന നീഎങ്ങിനെ അറിയുമെന്നർത്ഥം.

ശ്ലോ ൻർ. ചൊടിക്കുക – ക്ഷോഭിക്കുക.

വൃത്തം. ജസം ജസയലങ്ങളിം ഗുരുവുമെട്ടിനാൽ വൃത്തിയാം

ശ്ലോകം- ൻ൫. യതിക്കാറിൽ തട്ടം യമനസഭലംഗം ശിഖിരണി.

ശ്ലോ ൻന്യ. ഇഛാരോഷം – വലിയകോപത്തോടുകൂടി.

രന്നരംലഗുരുവും രഥോദ്ധതാം.

ശ്ലോ- ൻ൭. ഗീതിവൃത്തം.

ശ്ലോ- ൻവ. വസന്തമാലിക.

ശ്ലോ- ഫാവ. അത്രാസം – ഭയംകൂടാതെ

ശ്ലോ- ഫാർ. ആജി – യുദ്ധം

വശം- ഫാർ. അതിനാൽ അങ്ങുകൂടി സഹായിയായ് ചെല്ലുക. സഹായം എന്നനുഷ്ണം

നാലാമങ്കം.

——:o:——

ശ്ലോകം- പോരാടാൻ ദ്രോണനേറേറം – ദ്രോണൻ രക്ഷിക്കാൻ മുതിന്നിട്ടും. വിജ - തൽ – വിജയനാൽ ഹനിക്കപ്പെട്ടവൻ.

ശ്ലോ- ഫാ൭. ഉപമാലങ്കാരം - വൃത്തംഹരിണി.

ദുര്യോധനന്റെ സഹോദരവാത്സല്യം ഈ ഭാഗങ്ങളിൽനിന്നു നല്ലപോലെ തെളിയുന്നു.

ശ്ലോ- ഫാൻ. ഭർത്സനാരൂപമായ പരിവാദം എന്ന നാട്യാലങ്കാരം

ശ്ലോ- ഫാഥ. ഞാൻ നിന്നെക്കൊണ്ട് ഉചിതകർമ്മം ചെയ്യിച്ചു അതാണ ഈ വിപത്തിനൊക്കയും കാരണമാക്കിയത്. ഇപ്പോൾ ഞാൻ നിന്നെ രക്ഷിക്കാൻ തുനിഞ്ഞുമില്ല. ദുര്യോധനന്തം പശ്ചാത്താപമുണ്ടോ?

ശ്ലോ- ഫാഫ പ്രാസം – കുന്തം.

വശം. ന്യ. സുന്ദരകൻ. ''നിങ്ങൾ സാരഥിയേയുംകൂടിയ മഹാരാജാവ് ദുര്യോധനനേ ഇവിടെ കണ്ടോ ഇല്ലയോ'' പുല്ലൻ എന്നുള്ളതിനാൽ (അഭ്യർത്ഥനാപരമായ വാക്കുകളേക്കൊണ്ടുള്ള അനേഷണമാണ് പുല്ലൻ.)

വശം ഒ. 'കുതിരയുംചത്ത്'' ഇപ്രകാരമുള്ളതുകൊണ്ട് (വാക്കുകൾ കേട്ടഉടനേതന്നെ കണ്ണന്റെ മനസ്സു മടിച്ചുപോകുന്നതുപോലെ

ശ്ലോ– ക്രമം. അനുദ്ധതൻ –അഭിരിക്കപ്പെട്ടവൻ.

ശ്ലോ ക്രമം. ആപാഹതതനു – ശരീരംകൊണ്ട് അനുഭവമായതു. അനുഭവം – അറിയപ്പെട്ട – പീഡിതമായ.

ശ്ലോ– ക്രമം. ദുശ്ശാസനൻ എനിക്കുമാത്രം സഹോദരനല്ല (അങ്ങയെക്കൂടി അനുജനാണ്.) വൃഷസേനൻ അങ്ങയ്ക്കുമാത്രമല്ല പുത്രനായിരിക്കുന്നതു് (എനിക്കും അവനോട് പുത്രവാത്സല്യമുണ്ട്)

ഈ അങ്കത്തിൽ കവി അർജ്ജുനന്റെ പരാക്രമത്തെ ഭംഗിയായ് വർണ്ണിച്ചിട്ടുണ്ട്.

അഞ്ചാമങ്കം

കവിയുടെ സ്വഭാവവർണ്ണനാചാതുരി ഈ അങ്കത്തിലാണ് പ്രകടമായ് കാണുന്നതു്.

ഗാന്ധാരി. (കരുണയോടെ) പുത്രാ, തനിച്ചെന്തു പറയുന്നല്ലോ.... .....ഇല്ലയോ'' ഈ ചോദ്യത്തിനു സഞ്ജയൻ യാതൊരു മറുപടിയും പറയാതെ അവളുടെ മനസ്സു വേറൊരിടത്തേയ്ക്കു മാറുവാൻ ശ്രമിക്കുന്നു.

ശ്ലോകം. വിഷമാലങ്കാരം.

ശ്ലോ– ക്രമം. താൻ പാണ്ഡവന്മാരെ നശിപ്പിക്കുമെന്നു സൂചിപ്പിക്കുന്നു.

വൃത്തം വന്നു. ദുര്യോധനൻ താതപുത്രവാത്സല്യത്താ ..... എങ്ങിനെചെയ്യും? ദുര്യോധനന്റെ അഭിമാനാധിക്യം നോക്കുക.

ശ്ലോ– ക്രമം. സാഗരന്റെ നൂറുപുത്രന്മാരും തുലഞ്ഞുപോയതുപോലെ അങ്ങയുടെയും നൂറു പുത്രന്മാർ നശിച്ചു എന്നർത്ഥം.

ശ്ലോ– ക്രമം. ദുര്യോധനന്റെ അഭിമാനം ഇവിടെയും പ്രത്യക്ഷപ്പെടുന്നു. നീചമാർഗ്ഗത്തെ അവലംബിച്ചു ശത്രുക്കളെ നശിപ്പിക്കാൻ അദ്ദേഹത്തിനു മനസ്സില്ല. വിചിത്രാകാവ് – വിപത്തിനെ ജനംചെയ്യുവൻ.

ശ്ലോ– ക്രമം. പടനാ.....സ്യം – കണ്ണനിരുന്നുകൊണ്ട് കണ്ണന്റെ മരണത്തെ സൂചിപ്പിച്ചുകൊണ്ട്.

മന്ത്രാധിപൻ – ശല്യൻ.

ശ്ലോകം. ഗദ്യം. ഉപമ – സമം ഇവയുടെ സംസൃഷ്ടി – ശല്യൻ എന്ന പേരിനെ യോജിച്ച പ്രവൃത്തിയെ അദ്ദേഹംചെയ്തു എന്നുകാണിച്ചിരിക്കുന്നതിനാൽ സമം.

ശ്ലോ– ഗദ്യം. മുഗ്ധമധുചീ – സ്വാഭാവികമായ മധുരസം. വൃഷസേനവിശ്വസ്തതത്താൽ ചിരമിത്രമായ എന്നെവെടിഞ്ഞു് അങ്ങ് അവനോട്ട ചേരുവാനായ് സചിവത്തെ പ്രാപിച്ചുവോ. കാവ്യലിംഗം.

ശ്ലോ– ഗദ്യം. വിധൃയിദം എനിക്ക വ്യസനവന്നതായുമെന്നനുപയം. വ്യസന – കനിവ്.

ശ്ലോ– ഗദ്യം. അരാതിക്ലിഷ്ടൻ – അരാതികാരണനിമിത്തം ക്ലേശിച്ചവൻ. കദനം – ദുഃഖം

ശ്ലോ– ഗദ്യം. ചന്ദ്രൻ സമുദ്രത്തിന്റെ പൂരണത്തിനു കാരണമാണല്ലോ. രൂപകാലങ്കാരം.

എന്റെ ക്രോധവഹ്നി ബഡവാഗ്നിയെ പോലെ ശോകവാരിധിയെ തടയുന്നു ഉപമാരൂപകസങ്കരം..

ശ്ലോ–ഗദ്യം. അനിക്കുതി – ചതിവില്ലാത്തവൻ. ആക്ഷേപാലങ്കാരം.

ശ്ലോ– ഗദ്യം. വരിഷ്ടതുഷ്ടി – ശ്രേഷ്ഠമായ സന്തോഷം. – ഉല്ലേഖാലങ്കാരം.

ശ്ലോകം. ഗദ്യം. ഈ ശ്ലോകത്തിൽ പ്രിയമെന്നതോന്നിക്കുന്നതും എന്നാൽ അപ്രിയമായും ഉള്ള വാക്കുകളും പറഞ്ഞിരിക്കുന്നതിനാൽ വിഷം എന്ന വീര്യുംഗം.

ശ്ലോ– ഗദ്യം. അജ്ഞനന്റെ വാക്കുകളും അദ്ദേഹത്തിന്റെ സംസ്കൃതാശയത്തിനനുരൂപമായിരിക്കുന്നു.

ശ്ലോ– ഗദ്യം. ഇവിടെ കാര്യസാധനങ്ങളിലുടെ സമ്മേളനരൂപമായ വ്യവസായം എന്നസന്ധ്യംഗവും പൂർവസിദ്ധാന്തകഥനരൂപമായ നിരൂക്തി എന്നലക്ഷണവും ഉപക്ഷിപ്തം.

വശം. ൻവ. ദുര്യോധനൻ– എടാഎടാ കാറിന്റെമകനെ വൃദ്ധനായ ..... ഇത്യാദി. രോഷഭാഷണരൂപമായ സംഫോടം എന്നവിമർശസന്ധ്യംഗം

ശ്ലോ– ഗദ്യം. സ്ഫീതാത്തി – വർദ്ധിച്ചിരിക്കുന്ന ദുഃഖം കാര്യാർത്ഥം അവമാനത്തെ സഹിച്ചിരിക്കുന്നതുകൊണ്ട് ഉദ്ഭേദനം എന്നാവിമർശസന്ധ്യംഗം.

ശ്ലോ– ഗദ്യം. ഉൽഭേദിച്ച് – പിളർന്ന്.

ശ്ലോ– ഗദ്യം. കരുകുലസരഃ കുംഭി – കരുകുലമാകുന്ന സരസ്സിനു കുംഭിയപോലെ.

ശ്ലോ– ഗദ്യം. നീമുമ്പർ – നീരുടങ്ങിയ.

ശ്ലോ– ഗദ്യം. വിരോധകരമല്ലാത്തതും [illegible]

ശ്ലോ– ഏതിനു പാ.....ഗ്നിയും–പാണ്ഡവസൈന്യത്തിന് കാലാ
ഗ്നിയായ.

ശ്ലോ– ഏതിവ. ദുര്യോധനന്റെ കണ്ണുപക്ഷപാതം വീണ്ടും തെളിയുന്നു

ശ്ലോ– ഏതിൻ. ദുര്യോധനൻ വീണ്ടും അശ്വത്ഥാമാവിനെ പ്രീണിക്കി
അയക്കുന്നു.

ഈ ശ്ലോകത്തിലെ കരുണരസം അതിശയമായിരിക്കുന്നു. അത് വീര
ത്തെ പോഷിപ്പിക്കുന്നതിന് അത്യന്തം ഉപകരിക്കുന്നു.

ആറാം അങ്കം.

ശ്ലോകം ഏന്നാ . തജ്ജിമ വളരെ നന്നായിട്ടുണ്ട് കാര്യോരശപതി – കർ
ണ്ണനാകുന്ന സപ്തശ്രേഷ്ഠൻ – (കർണ്ണൻ ഏഴുപേരിക്കാരനാണെന്നതുകൂടി സൂചി
പ്പിക്കുന്നു.)

ഇവിടെ കാര്യൈക്യയോപഗമരൂപമായ വിരോധനം എന്നവിമർശ
സന്ധ്യംഗം,

ശ്ലോ– ഏന്നാൽ ജന്തുസന്ത്രാസം – ജന്തുക്കളുടെ ഭയം.
പക്ഷിഗിർ – പക്ഷികളുടെ വാക്കു

യുധിഷ്ഠിരന്റെ കാര്യക്ഷമതനോക്കുക.

ശ്ലോ– ഏന്നവ. വിധുവിനുടെ കുലം – ചന്ദ്രകുലം ചെന്നേ ഒരു വ്യാ
ക്ഷേപകം.....തജ്ജനോദ്വേജനരൂപമായ ധൃതിഎന്ന സംസ്ധ്യംഗം

ഇവിടെ ഭീമന്റെവലാക്കു നല്ലപോലെ പറയുന്നു. ദുരഭിമാനിയായ ദുര്യോ
ധനൻ ഈമാതിരി ഭത്സനങ്ങളും കേട്ടാൻ അടങ്ങിയിരിക്കയില്ലെന്നു നിശ്ച
യമുള്ളതുകൊണ്ടു തന്നെയാണ് ഈ പ്രയോഗം ചെയ്തത്.

ശ്ലോ– ഏതെ. ഹാലാഹലം – വിഷം മനസ്സം – കുടകോൽ,

ബാഹ്യവാകുന്ന മന്ഥത്തെ ഇളക്കിക്കൊണ്ടു സഭിലത്തെവിട്ട് കോപ
ജ്വലനവിഷങ്ങളും വമിച്ചുകൊണ്ട് തീരംപ്രാപിച്ചു. ജലനിധിമഥനത്തിൽ
ഹാലാഹലമുണ്ടായതുപോലെ ഈ സരസ്സിന്റെ മഥനത്തിൽ കോപജ്വലന
വിഷമുണ്ടായി. ഉപമയെ വിശദമാക്കീട്ടില്ല.

ശ്ലോ– ഏതെ. ശത്രുതാവിഷയത്തിൽ ഭീമനും അർജ്ജുനനും തനിക്കു തു
ല്യനാണെന്നു ദുര്യോധനൻ പഠയുന്നു. കർണ്ണനോടുള്ള സഹോദരസ്നേഹ
വ്യംഗ്യം.

ശ്ലോ– ഏതെ. ഭീമൻ രാമനോടുതുല്യനാണെന്നു വ്യഞ്ജിയ്ക്കുന്നു. ഉ
പമാലങ്കാരം വ്യംഗ്യം.

ഇവിടെ സംഹാരാർത്ഥപ്രഭഞ്ജിനിയായ പ്രരോചനാ എന്നസന്ധ്യംഗം
വശം. ഏന്നു. യുധിഭേവകീനന്ദനനായ.....രിക്കുന്നു.

ഇവിടെ കാര്യസാധ്യത്തിനുവേണ്ടിയുള്ള കർമ്മത്തെ ഉപന്യസിച്ചിരിക്കു

കവി ഇവിടെ രാക്ഷസന്റെ കപടതന്ത്രം വഴിക്ക് കായ്യാത്ത്യയശ്ക്ക ജനിപ്പിച്ച് കരുണരസത്തിന് ഇടംകൊടുക്കുന്നു. വിചാരിച്ചിരിക്കാതെയും വലിയസങ്കടത്തിനിടക്കും വന്നുചേരുന്ന സന്തോഷത്തിന്റെ മറവക്കുട്ടമല്ലോ.അതുകൊണ്ട് രാക്ഷസപ്രവേശം ബീജാർത്ഥത്തിന്റെ സമുൽഭേദത്തിനുതന്നെ വഴികൊടുക്കുന്നു.

ശ്ലോ– ഫ്രന്റെ. ഭാരമുള്ള.....ഷയായ്–ഭാരമുള്ള ഗദസഹായസ്ഥാനത്തിന്റെ അലംകാരമായി ഇരിക്കുന്ന (തഴ്ഞ്ഞിമനുന്നായില്ല സഹായസ്ഥാനത്തിന് അലംകാരമായിരിക്കുന്നു എന്നുപറഞ്ഞതുകൊണ്ട് ഭീമനു അപകർഷമേഉള്ളൂ. അലംകാരത്തിനുമാത്രമായിട്ടല്ലല്ലോ അദ്ദേഹം ആയുധം ധരിച്ചിരുന്നത്. തീരും – എന്ന് ഭാവി ഉപയോഗിച്ചതും നന്നായെന്നു തോന്നുന്നില്ല.

ശ്ലോ– ഫ്രവ്വം. രാജാക്കന്മാരെയെല്ലാം.....തീർത്തുനീ എന്നിട്ടും നീലജ്ജിപ്പു. ഭീമന്റെ വിനയാധിക്യം വ്യഞ്ജിയ്ക്കുന്നു.

ഫ്രതി.....പ്പു.....ഗുരുഭക്തി വ്യഞ്ജിയ്ക്കുന്നു. തവചിഹ്നങ്ങൾ – നിന്റേ വിശിഷ്ടഗുണങ്ങൾ.

ശ്ലോ– ഫ്രവ്വം. ജ്ഞാതി – ബന്ധു നിൻഭ്രാ.....തുമേ – നിന്റെ അനുജനായ ശ്രീകൃഷ്ണനും അർജ്ജുനനും തമ്മിലുള്ളവേർപ്പാടും നീരസനിച്ചില്ല. ഭീമൻക്ഷത്രിയധർമ്മത്തെ അനുഷ്ഠിയ്ക്കുയാണ് ചെയ്തത് എന്നും അങ്ങു വിചാരിച്ചില്ല.

ഭേദം ശിഷ്യരിലില്ല എന്നുപറഞ്ഞിട്ട് തുല്യനിലയാണ് എന്നുപറഞ്ഞിരിക്കുന്നതിനാൽ അർത്ഥപൌനരുക്ത്യം ''തുല്യഃകാമം ഭവതുഭവതഃ ശിഷ്യയോഃ സ്നേഹബന്ധഃ'' എന്നുമൂലം ഭീമനും ദുര്യോധനനും അവിടുത്തെ ശിഷ്യന്മാരായിരിക്കെ അവിടുന്നു എന്തുകൊണ്ട് പക്ഷപാതം കാണിച്ചുഎന്നർത്ഥം.

ഇവിടെ ശോകാവേശത്താൽ യുധിഷ്ഠിരൻ ഗുരുജനത്തോട് അനാദരം കാണിച്ചിരിക്കുന്നതിനാൽ ദ്രവം എന്ന വിമർശ്സ്ഥ്യുഭംഗം.

വശം ഫ്രന്നു. ഇവരുടെ വിലാപങ്ങൾ ഭീമന്റെ ഗുണഗണങ്ങളെ പൂർവ്വാധികം പ്രകാശിപ്പിക്കുന്നതിനു ഉപകരിക്കുന്നു.

ശ്ലോ– ഫ്രവ്വ. ശ്രുതത്താൽ – ശ്രുതിജ്ഞാനത്താൽ–
ന്യായൻ – പ്രായക്കൂടുതലുള്ളവൻ.
ഫ്രവ്വന്നു. ശേമുഷി – ബുദ്ധി.
ഫ്രവ്വെ. വിതതവിടപശ്രേണി – വിസ്തൃതമായ വൃക്ഷനിര.
അപ്രസ്തുതപ്രശംസ – അലങ്കാരം.
ഫ്രവ്വവ്വ. സ്യാലൻ – മച്ചുനൻ മത്തേഭം – മദയാന
വംശജൻതൻഗുരു – ഭീമനേറഗുരുവായ. അനുക്രമം എന്ന നാടകലങ്കാരം.
ഫ്രൻഫ്ര – പിപാസിതൻ – ദാഹിച്ചിരിക്കുന്നവൻ.
ഫ്രൻഫ്ര – നിവാപാംബു – നിവാരധാരകുന്ന അംബു.

ശ്ലോ– ഏതിനു പാ.....ഗിയാം–പാണ്ഡവസൈന്യത്തിന് കാലാ ഗിയായ.

ശ്ലോ– ഏവ. ദുര്യോധനന്റെ കണ്ണപക്ഷപാതം വീണ്ടും തെളിയുന്നു

ശ്ലോ– ഏൻ. ദുര്യോധനൻ വീണ്ടും അശ്വത്ഥാമാവിനെ പ്പിണക്കി അയക്കുന്നു.

ഈ ശ്ലോകത്തിലെ കരുണരസം അതിശയമായിരിക്കുന്നു. അത് വീര്യത്തെ പോഷിപ്പിക്കുന്നതിന് അത്യന്തം ഉപകരിക്കുന്നു.

ആറാം അങ്കം.

ശ്ലോകം ഏന്നറ . തജ്ജിമ വളരെ നന്നായിട്ടുണ്ട് കണ്ണീരുമപതി – കണ്ണനാകുന്ന സപ്ലൈശ്രേഷ്ഠൻ – (കണ്ണൻ എഷണിക്കാരനാണെന്നുകൂടി സൂചിപ്പിക്കുന്നു.)

ഇവിടെ കാര്യൈതൃയോപശമ രൂപമായ വിരോധനം എന്നവിമർശസന്ധ്യംഗം.

ശ്ലോ– ഏന്നുര് ജന്തുസന്ത്രാസം – ജന്തുക്കളുടെ ഭയം.
പക്ഷിഗിർ – പക്ഷികളുടെ വാക്കു

യുധിഷ്ഠിരന്റെ കാര്യക്ഷമതനോക്കുക.

ശ്ലോ– ഏന്നവ. വിധുവിന്നുടെ കുലം – ചന്ദ്രകുലം ചെന്നേ ഒരു വ്യാക്ഷേപകം.....തജ്ജനോദ്ദേശനരൂപമായ ഭൃതിഎന്ന സംസന്ധ്യംഗം

ഇവിടെ ഭീമന്റെവലാക്കു നല്ലപോലെ പറയുന്നു. ദുരഭിമാനിയായ ദുര്യോധനൻ ഇതുമാതിരി ഭത്സനങ്ങൾ കേട്ടാൻ അടങ്ങിയിരിക്കയില്ലെന്നു നിശ്ചയമുള്ളതുകൊണ്ടു തന്നെയാണ് ഈ പ്രയോഗം ചെയ്തത്.

ശ്ലോ– ഏതെ. ഹാലാഹലം – വിഷം മന്ഥരം – കടകോൽ,

ബാഷ്പവാകുന്ന മന്ഥരത്തെ ഇളക്കിക്കൊണ്ടു സലിലത്തെവിട്ട് കോപജ്വലനവിഷങ്ങൾ വമിച്ചുകൊണ്ട് തീരംപ്രാപിച്ചു. ജലനിധിമഥനത്തിൽ ഹാലാഹലമുണ്ടായതുപോലെ ഈ സരസ്സിന്റെ മഥനത്തിൽ കോപജ്വലനവിഷമുണ്ടായി. ഉപമയെ വിശദമാക്കീട്ടില്ല.

ശ്ലോ– ഏതെ. ശത്രുതാവിഷയത്തിൽ ഭീമനും അർജ്ജുനനും തനിക്കു തുല്യനാണെന്നു ദുര്യോധനൻ പറയുന്നു. കണ്ണനോടുള്ള സഹോദരസ്നേഹം വ്യംഗ്യം.

ശ്ലോ– ഏന്നെ. ഭീമൻ രാമനോടുതുല്യനാണെന്നു വ്യഞ്ജിയ്ക്കുന്നു. ഉപമാലങ്കാരം വ്യംഗ്യം.

ഇവിടെ സംഹാരാത്മപ്രഭഞ്ജിനിയായ പ്രരോചനാ എന്നസന്ധ്യംഗം.

വശം. ഏന്നു. യുധിഭേവകീനന്ദനനായ.....രിക്കുന്നു.

ഇവിടെ കാര്യസാധ്യത്തിനുവേണ്ടിയുള്ള കാര്യത്തെ ഉപന്യസിച്ചിരിക്കു

കവി ഇവിടെ രാക്ഷസന്റെ കപടതന്ത്രം വഴിക്ക് കാര്യാന്വയശങ്ക ജനിപ്പിച്ച് കരുണരസത്തിന് ഇടംകൊടുക്കുന്നു. വിചാരിച്ചിരിക്കാതെയും വലിയസങ്കടത്തിനിടക്കും വന്നുചേരുന്ന സന്തോഷത്തിനു മറവക്രൂടമല്ലോ.അതു കൊണ്ട് രാക്ഷസപ്രവേശം ബീജാർത്ഥത്തിന്റെ സമൽഭേദത്തിനുതന്നേ വഴി കൊടുക്കുന്നു.

ശ്ലോ– ഹ്രസ്വം. ഭാരമുള്ള.....ഷയായ്–ഭാരമുള്ള ഗദാപ്രഹരസ്ഥിതിയ അലംകാരമായി ഇരിക്കുന്ന (തഴ്ന്നിമനസ്സായില്ല സഹരസ്ഥത്തിന് അലംകാരമായിരിക്കുന്നു എന്നുപറഞ്ഞതുകൊണ്ട് ഭീമനു അപകർഷമേഉള്ളൂ. അലംകാരത്തിനുമാത്രമായിട്ടല്ലല്ലോ അദ്ദേഹം ആയുധം ധരിച്ചിരുന്നത്. തീരും – എന്ന് ഭാവി ഉപയോഗിച്ചതും നന്നായെന്നു തോന്നുന്നില്ല.

ശ്ലോ– ഹ്രസ്വം. രാജാക്കന്മാരെയെല്ലാ.....തീർത്തുനീ എന്നിട്ടും നീലജ്ജിച്ചു. ഭീമന്റെ വിനയാധിക്യം വ്യഞ്ജിയ്ക്കുന്നു.

ക്ഷതി.....പ്പു.....ത്രുഭക്തി വ്യഞ്ജിയ്ക്കുന്നു. തവചിഹ്നങ്ങൾ – നിന്റേ വിശിഷ്ടലക്ഷണങ്ങൾ.

ശ്ലോ– ഹ്രസ്വ. ജ്ഞാതി – ബന്ധു നിൻഭ്രാ.....തുമേ. – നിന്റെ അനുജനായ ശ്രീകൃഷ്ണനും അർജ്ജുനനും തമ്മിലുള്ളവേർപ്പാടുപോലും നീരസനിച്ചില്ല. ഭീമൻക്ഷത്രിയധർമ്മത്തെ അനുഷ്ഠിയ്ക്കുയാണ് ചെയ്തത് എന്നും അങ്ങു വിചാരിച്ചില്ല.

ഭേദം ശിഷ്യരിലില്ല എന്നുപറഞ്ഞിട്ട് തുല്യനിലയാണ് എന്നുപറഞ്ഞിരിക്കുന്നതിനാൽ അർത്ഥപൌനരുക്ത്യം ''തുല്യകോമം ഭവതുഭവതഃ ശിഷ്യയോഃ സ്നേഹബന്ധ'' എന്നുമൂലം ഭീമനും ദുര്യോധനനും അവിടുത്തെ ശിഷ്യന്മാരായിരിക്കെ അവിടുന്നു എന്തുകൊണ്ട് പക്ഷപാതം കാണിച്ചുഎന്നർത്ഥം.

ഇവിടെ ശോകാവേശത്താൽ യുധിഷ്ഠിരൻ. ഗുരുജനത്തോട് അനാദരം കാണിച്ചിരിക്കുന്നതിനാൽ ദ്രവം എന്ന വിമർശസ്ഥ്യംഗം.

വശം ഹ്രസ്വ. ഇവരുടെ വിലാപങ്ങളും ഭീമന്റെ ഗുണഗണങ്ങളെ പൂർവ്വാധികം പ്രകാശിപ്പിക്കുന്നതിനു ഉപകരിക്കുന്നു.

ശ്ലോ– ഹ്രസ്വ. ശ്രുതത്താൽ - ശ്രുതിജ്ഞാനത്താൽ–

ജ്യായാൻ – പ്രായക്കൂടുതലുള്ളവൻ.

ഹ്രസ്വ. ശേമുഷി – ബുദ്ധി.

ഹ്രസ്വ. വിതതവിടപിജാലം – വിസ്തൃതമായ വൃക്ഷനിര.

അപ്രസ്തുതപ്രശംസ - അലങ്കാരം.

ഹ്രസ്വ. സ്യാലൻ – മച്ചുനൻ മത്തേഭം – മദയാന

വൃകോദരൻതൻഗുരു – ഭീമന്റേഗുരുവായ. അധിക്ഷേപം എന്ന നാടാലങ്കാരം.

ഹ്രസ്വ – പിപാസിതൻ – ദാഹിച്ചിരിക്കുന്നവൻ.

ഹ്രസ്വ – നിവാപാംബു – നിവാപമാകുന്ന അംബു.

നിവാപം – പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യുന്നദാനം വിഷ്കമാലങ്കാരം – ഇവ വരെയുള്ള നടപ്പിനു വിപരീതമായിട്ടാണ് ഭീമൻ ഇപ്പോൾ ചെയ്യുന്നു്.

ഛൻദി – സ്വയം വരവധൂടി – സ്വയം വരിച്ചിട്ടുള്ള വധൂടി.(സ്ത്രീ)

ഛൻവ്വ – മൃത.....ങ്ങളിൽ. മൃതങ്ങളായ ആനകളിടേയും അശ്വങ്ങളിടേയും അശ്വങ്ങളിടെയും പാർശ്വങ്ങളിൽ

ഇവിടെ കാവ്യസംഗ്രഹ രൂപമായ അഭാനം എന്ന വിമർശ സന്ധ്യംഗം.

ഛൻൻ അനുരൂപനായ ഒരുവന്റെ സാദൃശ്യംനിമിത്തം ഉണ്ടാകുന്ന ഭ്രമത്താൽ മനസ്സിലുണ്ടാകുന്ന ക്ഷോഭത്തിന് സാരൂപ്യം എന്നുപറയുന്നു. ഇതു ഒരുനാട്യാലങ്കാരമാകുന്നു.

കവി ഇവഭാഗങ്ങളിൽ അഗാധമായ മനഃശ്യസ്വഭാവജ്ഞാനത്തെ പ്രകാശിപ്പിച്ചിട്ടുണ്ട്.

വശം ഛവ്വ. ബുദ്ധിമതിയുടെ പാണ്ഡവ.....എവിടെയാണ് – ഇവിടെ പൂർവ്വവാക്യം എന്ന നിർവ്വഹണസന്ധ്യംഗം. പൂർവ്വവാക്യം ഗുഹ്യജ്ഞേയം യഥോക്തമാത്മോപദർശനം.

ഭീമൻ ഞാൻ പറഞ്ഞതു് ഭവതി ഓർമ്മിക്കുന്നോ? ഇത്യാദി ബീജോപഗമന രൂപമായസന്ധി

ശ്ലോ– ഛവ്വ. 'ചെയ്യു' എന്നതു പൂർണ്ണക്രിയയല്ല (ചെയ്തിട്ട്) അവനീ ശ.....മുക്തശോകരിപുരക്തം അതുക്കി – ശത്രുരാജാക്കന്മാരുടെ തലമുടി അഴിയ്ക്കുവാൻ ഇടയായി. വൈധവ്യ ദുഃഖം നേരിട്ട എന്നർത്ഥം.

വശം ഛവൻ. "ഇനിയുള്ളതിലായ എന്തിഷ്ടത്തെയാണ് ഞാൻ സാധിപ്പിക്കേണ്ടതു്" സംഹാരംഎന്നാസന്ധ്യംഗം.

ഭഗവൽഗീത

കണ്ണശ്ശപ്പണിക്കന്മാർ.

തിരുവല്ലാത്താലൂക്കിൽ നിരണം എന്ന പ്രദേശമാണ് ഇവരുടെ ജന്മഭൂമി. കണ്ണശ്ശൻ എന്ന പദം കരുണേശൻ എന്ന പദത്തിന്റെ തൽഭവമാണെന്നു തോന്നുന്നു. കരുണേശൻ അയിരിക്കണം അവരുടെ കുടുംബത്തിന്റെ സ്ഥാപകൻ. കണ്ണശ്ശരാമായണത്തിന്റെ അന്തിമഘട്ടത്തിൽ നിരണത്തു പണിക്കന്മാരുടെ ഒരു പട്ടിക കാണുന്നുണ്ട്. അതിൽ നിന്നും രാമായണകർത്താവായ രാമപ്പണിക്കരുടെ മാതാമഹനായി കരുണേരൻ എന്ന ഒരു പ്രമയോഗി ഉണ്ടായിരുന്നുവെന്നും അദ്ദേഹം ഉമയെ കവീശ്വരൻ ആയിരുന്നുവെന്നും അറിയാം. അദ്ദേഹത്തിനു മഹാവിദ്വാന്മാരായി രണ്ടു പുത്രന്മാരും മൂന്നു പുത്രികളും ഉണ്ടായിരുന്നു. പുത്രികളിൽ ഇളയവളുടെ സന്താനമാണു രാമായണകർത്താവായ രാമപ്പണിക്കർ. ഈ രാമപ്പണിക്കർതന്നെയാണു ശിവരാത്രിമാഹാത്മ്യവും ഭാരതവും രചിച്ചിട്ടുള്ളതെന്ന് താഴെപ്പറയുന്ന ശ്ലോകങ്ങളിൽ നിന്നും കാണുന്നു.

൧. അവനിയിൽ നന്മചേർ നിരണംതന്നിലൊരുദിവ്യമായ്മ-
റവതരണംചെയ്യാൻ കരുണേശനാകിയ ദേശികൻ മ-
റവനവണ്ണം പിറന്നുള്ളപുത്രരാമവർകൾക്കേഖാമൻ-
പമർമകനകൻ കനിഞ്ഞൊരു രാമനതീവ ബാലൻ
അവനിയിൽ മൻപുമാമുനിതാനിയറിയ ചാരുരാമാ-
യണമതു കണ്ണതീവചുരുക്കമായിവണ്ണം മൊഴിഞ്ഞാർ.

൨. .....മുന്നേ രാമ-
കഥാമൊട്ടായപ്രകാരം പൊന്നേ-
നിളയാതെ ശ്രീകൃഷ്ണകഥായാ-
മിനിയെളുതായപ്പടി പൊൽകുന്നിനേൻ.

൩. സാരതയില്ലാതകൃതി രാമൻ
പെയ്താനേവം ഭാഷയിനാലേ- (ശിവരാത്രിമാഹാത്മ്യം).

ഉടയ കവീശ്വരനായ കുഞ്ചനേശന്റെ രണ്ടു പുരുഷസന്താനങ്ങളും "ജനവനോരതിരായ് വിദ്യാധിപരായർ" എന്നു രാമായണത്തിൽ വിവരിച്ചിട്ടുണ്ട്. അവരിൽ ഒരാൾ ഭാരത മാലയുടെ കർത്താവായ ശങ്കരപ്പണിക്കരും മറ്റൊരാൾ ഭഗവൽ ഗീതയുടെ കർത്താവായ മാധവപ്പണിക്കരും ആയിരിക്കാനാണു മാർഗ്ഗമുള്ളത്. ഇതു മാത്രം സ്വീകരിക്കുന്നപക്ഷം ഉള്ളൂർ പരമേശ്വരയ്യർ പറയുന്നതുപോലെ സാക്ഷാൽ കുഞ്ചൻനമ്പ്യാർ രാമായണ കർത്താവല്ലെന്നു വരും. എന്നു മാത്രമല്ല മാധവപ്പണിക്കർ രാമപ്പണിക്കരുടെ മാതുലന്റെ നില വിട്ടു മാളുല നാകേണ്ടതായും വരുന്നു പക്ഷേ അതുകൊണ്ടു രണ്ടുമുന്നു ഗുണങ്ങളും ഉണ്ട്.

൪. 'കുഞ്ചൻ' എന്ന പദത്തിനു ശരിയായ ഒരു നിഷ്പത്തി കിട്ടുന്നു.

൫. കുഞ്ചനേശന്റെ രണ്ടു മക്കളിൽ ഒരാളെക്കൊണ്ടാനില്ലെന്നുള്ള ദോഷത്തെ പരിഹരിക്കാം.

൬. കുഞ്ചനേശനെപ്പറ്റി രാമപ്പണിക്കർ പലേടത്തും പ്രസ്താവിച്ചിട്ടുണ്ട്. ആ ശബ്ദത്തെ ഒരു ഭേദകമായി ഗണിക്കാതെ കഴിച്ചുകൂട്ടാം.

൭. ഈ അഭിപ്രായത്തെ ഖണ്ഡിക്കുന്നതിന് പര്യാപ്തമായ തെളിവുകൾ കിട്ടീട്ടും ഇല്ല. അവരെല്ലാം പതിനാറാം ശതവർഷത്തിൽ ജീവിച്ചിരുന്നതായി പരമേശ്വരയ്യരവർകൾ പറയുന്നു. ഇതും അസംഗതമാണെന്നു തോന്നുന്നു. അവർ ലീലാതിലകകർത്താവിനെക്കാൾ അർവാചീനന്മാർ ആണെന്നുള്ളതിനു സംശയമില്ല. ആ ഗ്രന്ഥകാരൻ കുഞ്ചൻ കൃതികൾ കണ്ടിരുന്നുവെങ്കിൽ പാട്ടിന്റെ ലക്ഷണത്തെ മാറിക്കളയുമായിരുന്നു. കുഞ്ചൻമാർ സംസ്കൃത

പ്രയോഗങ്ങളെപ്പോലും പാട്ടുകളിൽ സ്വീകരിച്ചിട്ടുണ്ടല്ലോ. വിഭാതിലകത്തിന്റെ ആവിർഭാവം ഉണ്ണുനീലി സന്ദേശത്തിനുപുറമാണെന്ന് അതിൽ സന്ദേഹശ്ലോകങ്ങളിൽ വിചാരിച്ചിട്ടുള്ളതുകൊണ്ടു കാണാം. അതിനുംപുറമേ രവിവർമ്മ ചക്രവർത്തിയുടെ അപദാനങ്ങളെ വർണ്ണിക്കുന്നശ്ലോകങ്ങളും മീനാതിലകത്തിൽ കാണുന്നതുകൊണ്ട് അതിന്റെ കാലം തീച്ചയായും ൧൦-ാം ശതവർഷത്തിനുശേഷമാകാനേതരമുള്ളൂ. ഉണ്ണുനീലിസന്ദേശം അഞ്ചാം ശതവർഷത്തിന്റെ അവസാനഘട്ടത്തിൽ വിരചിതമാണെന്ന് ആർ. കൃഷ്ണപിഷാരടി അവർകളും വേണ്ടപോലെതെളിയിച്ചിട്ടുണ്ട്. അതിലെ ഭാഷാരീതിക്കും കണ്ണശ്ശപ്പണിക്കരുടെ ഭാഷാരീതിക്കും തമ്മിൽ വലിയ അന്തരം കാണ്മാനുണ്ട്. | ആധുനികഭാഷാശൈലികളും ഏറെ കണ്ണശ്ശകൃതികളിൽ ആധിക്യേന കാണുന്നുണ്ട്. അതുകൊണ്ട് കണ്ണശ്ശന്മാരെല്ലാം ൧൨-ാം ശതവർഷത്തിൽത്തന്നെ ജീവിച്ചിരുന്നതായി ഗണിക്കാൻ ന്യായമില്ല. ൧൩-ാം, ൧൪-ാം മധ്യേയാണെന്നു പറയുന്നതല്ലേ കുറെക്കൂടി യുക്തമായിട്ടുള്ളതു്.

൨. നിരണത്തു കവികളുടെ ഭാഷാരീതി.

ക. നിരണത്തുകവികളുടെ കാലമായപ്പോഴേക്കും ഉണ്ണുനീലിസന്ദേശം മുതലായ കവിതകളിൽ കാണാറുള്ള പദബന്ധക്രമങ്ങൾ വിട്ടുതുടങ്ങി. അവരുടെ ഭാഷയ്ക്ക് ആധുനിക ഭാഷയോടാണ് അധികം സാദൃശ്യമുള്ളതു്.

ഖ. സംസ്കൃതപദങ്ങളെ തത്സമങ്ങളായി തന്നെ നിരണത്തുകവികൾ ഉപയോഗിച്ചുതുടങ്ങി. സംസ്കൃതപ്രയോഗങ്ങളും ധാരാളമായ് കാണ്മാനുണ്ട്.

ഗ. അനനുനാസികാതി പ്രസരാദി എല്ലാനയങ്ങളും അക്കാലത്തു പ്രവർത്തിച്ചിരുന്നതുകൊണ്ട് പ്രാചീനങ്ങളും അർവാചീനങ്ങളുമായ രണ്ടുമാതിരിപ്രയോഗങ്ങൾ കണ്ണശ്ശകൃതികളിൽ കാണാം. എന്നാൽ പാണ്ഡ്യഭാഷാപ്രയോഗം രാമചരിതത്തിലുള്ളതിൽ വളരെക്കുറവാണ്.

൪. "എ" എന്ന നിപാതത്തോട് നിരണത്തുകവികൾക്ക് വലിയപ്രത്യമായിരുന്നു. ഒരേ പാട്ടിൽത്തന്നെ പലേടത്തും അതിനെ ഉപയോഗിച്ചു കാണാം.

൫. പ്രകൃതികളിൽ വിപരീതപ്രക്രിയചെയ്ത് പലമാതിരിപടങ്ങളെ സൃഷ്ടിക്കുന്നതിന് മായയ്ക്കുണ്ടായിരുന്നശക്തി നിരണത്തുകവികളുടെ കാലശേഷം നശിച്ചുതുടങ്ങി ഇന്നു മായയ്ക്ക് ഒരേ വലിയനഷ്ടംതന്നെയാണ്. മെയ്യാവ്, നാനാത്വം, ഒന്നിക്കൊടി, പഴംപക-ഇതുമാതിരി പടങ്ങൾ നശിച്ചുപോയതിൽ യഥാർത്ഥരേഷാദികളിൽനിന്നും എല്ലാം മനപ്പൂർവ്വം വ്യത്യസ്തമാക്കുന്നതെന്നുചെയ്യും. ഇതുമാതിരി പടങ്ങളുടെ സ്ഥാനത്ത് സംസ്കൃതശബ്ദങ്ങളെ പ്രയോഗിച്ചാൽ രീതിഭംഗമായും അത്രമാത്രം ശക്തിയുണ്ടായിരിക്കയില്ല.

൬. രേഫകകാരങ്ങളെ പടാരംഭത്തിൽ പ്രയോഗിച്ചു തുടങ്ങിയതും നിരണത്തുകവികളാണെന്നതോന്നുന്നു.

൭. ഒരേ പടത്തെത്തന്നെ രണ്ടും മൂന്നും തവണ ഒരേ പാട്ടിൽ പ്രയോഗിക്കുന്ന വിഷയത്തിൽ നിരണത്തുകവികൾക്ക് ക്ലേശമില്ല.

൮. മലയാളഭാഷയുടെ പോഷണത്തിനുവേണ്ടി പ്രയത്നിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ നിരണത്തുകവികളുടെ സ്ഥാനം അത്യുൽകൃഷ്ടമാകുന്നു.

൯. പാട്ടുകൾക്ക് മാത്രാവൃത്തങ്ങൾ മുഖ്യപ്രമാണമായ് ഉപയോഗിച്ചുതുടങ്ങിയതു നിരണത്തുകവികളാണെന്നതോന്നുന്നു.

൪. നിരണത്തുകവികളുടെ വൃത്തം.

— ⏑ ⏑ — ⏑ ⏑ — ⏑ ⏑ —
അംബുജനേത്രനിരാമ മനയത്തുക-
— — ⏑ — ⏑ ⏑ — ⏑ — —
ണ്ണാശ്വയ്ക്കേ മമ സനാഥേ
— ⏑ — ⏑ ⏑ — ⏑ ⏑ — —
വന്മി ഖകം ഗ ജ ഗ വ യ ഗവാക്ഷ-
— ⏑ ⏑ — ⏑ ⏑ — ⏑ ⏑ — —
നാരൊടു വായുസുതാദി കളോടേ.

ഇതിൽ ചിലതോ പാദത്തിനും ചിലതു മാത്രകളായ വ്യ ഗണങ്ങളും ചേർന്നിരിക്കുന്നു. മധ്യത്തിൽവച്ച് ചിലതോ പാദവും മറിയുകയും ചെയ്യുന്നു. ഈ വൃത്തത്തിനോട്,

ദോഷഗ്രാഹിക ളില്ലാത്തൊരു

ദോഷജ്ഞന്മാരു ടെ സഭ യുള്ളിൽ

എന്ന തരംഗിണീവൃത്തത്തിനും,

നീളത്തിൽ ചിലചരടുപിടിച്ചും
നീളക്കുതി ചാനകറിനടന്നും
വാലെലുകൊണ്ടൊരുമകരംപറിച്ചും
നാമേടിഗന്ധനാരായണജയ.

എന്ന ഇതുപത്തിനാലുവൃത്തത്തിലെ പതിനാലാം വൃത്തത്തിനും ഉള്ള സാദൃശ്യം നോക്കുക. നമ്പ്യാർ ഈ വൃത്തത്തെ എടുത്തു് നല്ലപോലെ മിനുക്കിയാണു് പദ്യേടത്തും സ്വീകരിച്ചിട്ടുള്ളതു്. യതിയുടെ വിഷയത്തിൽ നിർണ്ണയിച്ച കവികർക്കു നിർബ്ബന്ധമുണ്ടായിരുന്നില്ലെന്നു മാത്രമല്ല ഓരോ പാദത്തേയും അവർ വ്യഗണങ്ങളായി ക്രമപ്പെടുത്തിട്ടും ഇല്ല.

൨. നൃയ്യിവിഷയാദി കളിൽ വീണു ഴലുമപ്പു
ഞ്ചേന്ദ്രിയ മറിഞ്ഞറിവുകന്നു ചമമാന്തം

ഇതു ഇന്ദ്രവജ്രമോ വൃത്തംതന്നെ... ചിലസ്ഥലങ്ങളിൽ ഇന്ദ്രവിനെ മാറ്റുവാക്കി ഉച്ചരിക്കേണ്ടിവരും

ഉ-ം, മെയ്യുറിവിലെയ്യു മകന്തായു മതന്നേ രം

ഇവിടെ 'ന'യ്ക്കു മുമ്പുള്ള 'ത' മാറ്റുവാകുന്നു—

മേവിവരുംവായു തടയാതവിടെവയ്ക്കും

ഇവിടെ 'രും' എന്നതിനെ മാറ്റുവാക്കി ഉച്ചരിക്കണം.

ഇങ്ങനെ ഇന്ദ്രവിനെ മാറ്റുവാക്കി ഉച്ചരിക്കുന്ന സമ്പ്രദായം പ്രാചീന കവികർക്കു വിഹിതമായിരുന്നു.

വില്ല മമ്പുമായ ടരി തന്നിലെഴുന്നള്ളി (ഇരുപത്തി നാലുവൃത്തം)

ഇവിടെ 'മ്പു'വിനു മുമ്പുള്ള 'മ' ലഘുവാകുന്നു.

നിരഞ്ഞുകവികൾ ഈ വൃത്തത്തെ പ്രായേണ മാത്രാപ്രധാനമാക്കിയാണ് ഉപയോഗിച്ചിട്ടുള്ളതു്.

ന കാണുകയനേകമായിര ശ്രുപമെങ്കിലതൊക്കയും നീ

കാൺക വിധങ്ങളും പലടിവ്യവർണ്ണങ്ങളുണ്ടനേകം
കാൺകമതത്തർസൂര്യവസുക്കളുമശ്വികളെയശ്വിനെയനീ
കാൺകനീയത്രന്മരുതരാടിമറാരുനകർമുറവും

ഈ വൃത്തത്തെ ലഘുപ്രായമാക്കിയാൽ

വലിതതരധവളഹിമാചലസന്നിഭേഗശരീരൻ
നെടുതാകിനകൊടിമരമെന്നകണക്കുതടിച്ചൊരുവാലും

എന്ന തുള്ളൽവൃത്തം കിട്ടും. 'ഒക്കയും' എന്നിടത്തു 'ക്ക'യെ നീട്ടി ഉച്ചരിക്കണം.

ഇങ്ങനെനോക്കിയാൽ നിരണം വൃത്തങ്ങൾ ഇന്നും എഴുത്തച്ഛന്റേയും നമ്പ്യാരുടെയും ഐന്ദ്രജാലികപ്രയോഗത്താൽ ശ്രുപാന്തരപ്പെട്ടു് തുള്ളൽക്കഥകളിലും കിളിപ്പാട്ടുകളിലും ജീവിക്കുന്നതെങ്ങനെ കാണിക്കാം.

ഭഗവൽഗീതാടിപ്പണം.

അത്ഭുതമായി=സൂക്ഷ്മസ്വഭാവം ഗ്രഹിക്കാൻ വിഷമമായിരിയ്ക്കുന്നതു്. ഒളിവായേ=ഒളിവു് + ആയി- വകാരം ആഗമമല്ല. കൃതികൃൽപ്രത്യയമാണ്. (രഹസ്യമായ്)

ഒളിവതുവിദ്യയിൽ (ശിവപുരാണം)

വാഴ്ത്തുകൊണ്ടേമലകൾപറിച്ചു (ഇ-വൃത്തം)

എഴുത്തച്ഛന്റെ കാലംവരെ 'ഏ' എന്ന നിപാതത്തെ വാക്യാലങ്കാരമായ് കവികൾ ഉപയോഗിച്ചുവന്നിരുന്നു.

പുഷ്പമണംപോൽ=പുഷ്പത്തിനോടു ചേർന്നല്ലാതെ മണത്തിന് പൃഥഗ്ഭാവമില്ല. വസ്തുവിനു അതിന്റെ ഗുണത്തോടുള്ള സംബന്ധമാണു് പരമാത്മാവിനു് ചരാചരാത്മകമായ പ്രപഞ്ചത്തോടുള്ളതെന്നു് കവി ഉപമകൊണ്ടു് കാണിക്കുന്നു.

പരി- എന്നതിന്റെ നാമരൂപമാണു് പരിവു്

പാട്ടു്-ക—പരമേശ്വരയ്യരവർകളുടെ ടിപ്പിണത്തിൽ അല്പം ശ്ലോകക്കേടു് വന്നുപോയിട്ടുണ്ടു്.

"ദീപത്തെ അതിന്റെ ചുടരൊളികൾ കാണിക്കുന്നതുപോലെ" എന്നുപറയാതെ "ചുടരൊളി ദീപത്തെ കാണിക്കുന്നതുപോലെ" എന്നുപറഞ്ഞിരിക്കുന്നു. അടുത്ത ഉപമകൊണ്ടു് ഈ സംഗതി വ്യക്തമാകുന്നതാണു്.

"ഞെരിത്യനെ ആദ്ദേഹത്തിന്റെ പരിരശ്മികൾ കാണിക്കും പോലെ" എന്നാണു് രണ്ടാമത്തെ ഉപമ. ദീപം, ഞെരിത്യൻ ഇവരണ്ടുമതേ ബ്രഹ്മത്തിനു് ഉപമാനമായിരിക്കുന്നതു്.

ചുടർ—(തമിഴ്-മല-ചുട്ടു) അഗ്നി-പ്രകാശം ചുടരിഴകം വിമാനം (രാമചരിതം) വെയിലിന്റെ ചുടർ. (പയ്യന്നൂർപാട്ടു്).

കാട്ടീടിന്നതു്=അനനാസികാതിപ്രസരത്താൽ 'കാട്ടീടിൻറതു്' 'കാട്ടീടിന്നതു്' ആയി. പിന്നീടു് ദ്രാവിഡഭാഷാസഹജമായ സ്വരാനുസംവാദനയത്താൽ കാട്ടീടുന്നതു് ആയി- 'ഇട്ടു' എന്നതു്. അനുപ്രയോഗമാണു്.

പാട്ടു്-ങ—ശക്തിശിവൻ എന്ന പ്രത്യേകപദങ്ങളായെടുക്കുന്ന പക്ഷം പ്രക്രമഭംഗമുണ്ടു്. 'ശക്തിശിവർ' എന്ന സമസ്തപദമായെടുക്കുകയാണു് നന്നു്. അങ്ങനെ ഒരു പാഠം കാണുന്നുമുണ്ടു്.

ഉളൻ ഉളർ എന്നൊക്കെ എഴുത്തച്ഛനും പ്രയോഗിച്ചിട്ടുണ്ടു്. ഇപ്പോഴും 'ഉളവു്' എന്ന നാമരൂപത്തോടു 'അകുക' എന്ന ധാതു ചേർത്താണു് രൂപങ്ങൾ സൃഷ്ടിക്കുന്നതു്. കേരളിനാൽ തൃതീയയിൽ 'ഇൻ' എന്ന അംഗപ്രത്യയത്തെ ഇപ്പോൾ വ്യഞ്ജനാന്തങ്ങളിൽ മാത്രമേ ചേർക്കാറുള്ളു. ശിശു- പശു- ഇത്യാ

ഇത്യാദി ഉകാരാന്തശബ്ദങ്ങളിലും അതിപ്രത്യയത്തിനുമുമ്പ് 'ഇൻ' എന്ന ഇടനിലവർണം.

കാത്തരുൾ=കാത്തരുളുക ഇവിടെ അരുൾ എന്ന അനുപ്രയോഗമാണ്.

പാട്ട്-൪—

ഉരുത്തുൾ=ഉരുച്ചുൾ. ഉരുരുത്തുൾ എന്ന പൂർവ്വരൂപം. 'ഉര' എന്ന രണ്ടുവിധ ധാതുവുണ്ട് രണ്ടും താലവ്യകാരത്തിൽ അവസാനിക്കുന്നു പക്ഷേ ഒന്ന് കാരിതവും മറ്റേ അത്ഥത്തിൽ അകാരിതവും ആകുന്നു അകാരിതമായ 'ഉര'ധാതുവിനോട് 'തു' എന്ന പ്രത്യയം ചേരുമ്പോൾ ഒരു നകാരം ആഗമംവന്ന 'ന്തു' ആകുന്നു.

ഇങ്ങനെ ഉരുന്തു; ഉരുത്തു; എന്ന രണ്ടുവിധ രൂപങ്ങൾ കിട്ടുന്നു.

ഉരുരുന്തു. സപരസംവരണത്താൽ ഉരുന്തുവായി; അതു താലവ്യാദേശത്താൽ 'ഉരുഞ്ചു'വും പിന്നീട് അനുനാസികാതിപ്രസരത്താൽ 'ഉരുഞ്ഞു'വും ആയിമാറുന്നു.

ഉരുരുത്തു; ഉരുത്തു (സപ-സം) ഉരുച്ചു (താ-ആ) ആധുനികവും പ്രാചീനവും ആയ രണ്ടുരൂപങ്ങൾ ഒരേപദത്തിനുതന്നെ കാണുന്നതുകൊണ്ട് വ്യവഹാരത്തിൽ ആധുനികരൂപം പ്രചുരപ്രചാരമായിരുന്നുവെന്നുകാണാം. ഗ്രന്ഥഭാഷയിൽ ഏതെങ്കിലും ഒരു നവ്യമായ പ്രയോഗം കടന്നുകൂടണമെങ്കിൽ അതു സംസാരഭാഷയിൽ ധാരാളമായ് പ്രയുക്തമായിരിക്കണം.

ചൊൽക തുനിഞ്ഞേൻ—തമിഴിൽ വളരെക്കാലത്തിനുമുമ്പുതന്നെ പിൻവിനയച്ച പ്രത്യയമായ 'ആൻ' പ്രചാരക്കുറവുമായ് പോയി. അതിന്റെ സ്ഥാനത്ത് അവർ നടുവിനയച്ചമാണ് ഉപയോഗിച്ചുവന്നത്.

പാട്ട് ൫— 'തികയ'=തമിഴിൽ തൻവിനയച്ചത്തിന്റെ സ്ഥാനത്തു നടുവിനയച്ചമാണ് ഉപയോഗിക്കാറുള്ളത്.

പാട്ട്-൬—ഉരുപ്പേൻ=ഉരുപ്പു+ഏൻ. 'ഉര'ധാതുവിന്റെ ഗുണരൂപമാകുന്നു.

'വിലയറി.....വരമോ! അപ്രസ്തുത പ്രശംസ'

ഏതു ദോഷത്തിലെഴുതിയാലും ഗീതയുടെ മഹിമ കുറയുകയില്ലെന്നുള്ള പ്രസ്തുതത്തിന്റെ പ്രതിനിധാനത്തക്കവണ്ണം അപ്രസ്തുതത്തെ വർണ്ണിച്ചിരിക്കുന്നു.

പാട്ട് ൩.—വരമാകുന്ന=സ്വരാജ്യസംപാദനയത്നത്താൽ വരമാകുന്ന എന്ന് അധ്യാഹാരരൂപം കിട്ടി.

കുരുക്ഷേത്രത്തെപ്പറ്റി ധർമ്മക്ഷേത്രം, തപഃക്ഷേത്രം, പുണ്യക്ഷേത്രം എന്നൊക്കെ പ്രാചീനർ പ്രശംസിച്ചിട്ടുണ്ട്. വൈദികസാഹിത്യത്തിൽ പോലും കുരുക്ഷേത്രത്തിനു മാഹാത്മ്യം കല്പിച്ചിരുന്നു. സരസ്വതീനദിക്കും യമുനയ്ക്കും മദ്ധ്യേ സ്ഥിതിചെയ്തിരുന്നതും മനുസ്മൃതിയിൽ ബ്രഹ്മർഷിദേശമായ് വർണ്ണിക്കപ്പെട്ടിട്ടുള്ളതുമായ ഭൂഭാഗത്തിൽ ഉൾപ്പെട്ടതുമായ ദേശമത്രേ കുരുക്ഷേത്രം.

പാട്ട് ൭ —അരചകർ=അരചർകർ. അൻ, കർ എന്ന രണ്ടു പ്രത്യയങ്ങൾ ചേർന്നു വരുന്നിടത്ത് അർ എന്നതിനെ രേഫാ ലോപിപ്പിക്കുക പതിവായിരുന്നു.

ഈ പാട്ടിൽ രണ്ടു സംഗതികൾ ശ്രദ്ധേയങ്ങളായുണ്ട്. ദുര്യോധനനെ എന്തിനായ് 'അരചൻ' എന്നു പറഞ്ഞിരിക്കുന്നു? ദ്രോണാദികൾ നീതിയില്ലാത്ത ഭാഗത്തു് എന്തുകൊണ്ടു യുദ്ധം ചെയ്തു? ദുര്യോധനനു ന്യായമായ രാജ്യാവകാശം ഉണ്ടായിരുന്നാലും ഇല്ലെങ്കിലും യുദ്ധകാലത്തു് അദ്ദേഹം രാജാവായിരുന്നല്ലോ. ആ നിലയിൽ ഭീഷ്മദ്രോണാദികൾ അദ്ദേഹത്തിനുവേണ്ടി യുദ്ധംചെയ്യാൻ കടപ്പെട്ടിരുന്നു. മാനുഷികമായ എല്ലാ സ്ഥാപനങ്ങളുടേയും ശോഭനമായ നിർവ്വഹണത്തിനു ഭരണാധികാരിയോടുള്ള അനുസരണം അപേക്ഷിതമാകുന്നു. അതുകൊണ്ടു് 'അരച'ശബ്ദം ഇവിടെ പ്രയോഗിച്ചിരിക്കുന്നതു് അർത്ഥവത്താകുന്നു. ദുര്യോധനൻ പാണ്ഡവസൈന്യത്തെ ദ്രോണർക്കു വിളിച്ചു കാട്ടിക്കൊടുക്കുന്നതു് അദ്ദേഹം ഭരണവായിരുന്നതുകൊണ്ടായിരിക്കാം.

'വിരവൊടു.....നരചൻ' എന്നതു പണ്ഡിതരുടെ സ്വന്തമല്ല. 'തപഃതേന്ദ്രിയകുതജീവിതാഃ' എന്നതിന്റെ ഭംഗ്യന്തരേണ

യുള്ള തർജ്ജിമയാകുന്നു. ഈ പാട്ടിൽ ഗീതയിലെ മൂന്നുമുതൽ പന്ത്രണ്ടു വരെയുള്ള ശ്ലോകങ്ങളെ സംഗ്രഹിച്ചിരിക്കുന്നു.

പാട്ട് ൻ. 'ഞാപ... ... ...വിളിച്ചേ' പ്രാകൃതഭാഷകളിൽ യുദ്ധത്തിനു വിളിക്കുന്ന സമ്പ്രദായം ഇതായിരുന്നു. 'മുരൻറിത്തു' ഈ പദം അനുനാസികാതിപ്രസരത്താൽ 'മുരന്തു' എന്നാകുവാനാണു ന്യായം. 'മുരശു' ധാതുവിൽനിന്ന് 'മുരൻറു' എന്ന് ഒരു രൂപം കിട്ടുവാനേതന്നെ ന്യായമില്ല. മുരശു+ന്+തു =മുരൺ+തു=മുരന്തു. (ലീലാതിലകം സന്ധിപ്രകരണം നോക്കുക). നിരുണത്തുകവികൾ ഉദ്ധരിക്കുന്ന അധുനികരൂപങ്ങൾ തന്നെയാണ് ഉപയോഗിച്ചു കാണുന്നതും "നടുങ്ങി, ഞെടിച്ചു, വിരഞ്ഞു, കുന്തീടിന എന്നീ രൂപങ്ങൾ കാണുക".

വിരഞ്ഞു (വിരൈന്തു, വിരന്തു, വിരഞ്ചു, വിരഞ്ഞു).

നന്നി= ഈ പദം 'നറു'വിന്റെ നാമരൂപമാകുന്നു. 'ഇ' എന്നതു് ഒരു നാമപ്രത്യയമാണ്. നൻറി എന്നതത്രേ ഇതിന്റെ പ്രാചീനരൂപം.

പാട്ട് ഫ. വരുന്തി, ഈ പദത്തിന്റെ നാമരൂപമായ 'വരുത്തം' മാത്രമേ ഇപ്പോൾ പ്രചാരത്തിലിരിക്കുന്നുള്ളൂ. അതും ചില ദേശങ്ങളിലെ വാമൊഴിയിൽ മാത്രമേ ഉള്ളൂ.

അർജ്ജുനൻ ശ്രീകൃഷ്ണനോടിങ്ങനെ കണ്ടിട്ട് കൃപയാൽ പരിവേഷ്ടിതനായ് കേവിക്കുന്നു. ശ്രീകൃഷ്ണൻ അദ്ദേഹത്തെ ഉപദേശിച്ച് യുദ്ധം ചെയ്യിക്കുന്നതു നന്നായോ?

സമാധാനം:—(ഫ) കൃപാ ഒരു ഉത്കൃഷ്ടഗുണംതന്നെ. അതുണ്ടെന്നു ഗീതയും ഉദ്ഘോഷിച്ചിക്കുന്നുണ്ട്. അർജ്ജുനന്റെ കൃപ വാസ്തവത്തിൽ സ്വാർത്ഥപരതയാൽ മലീമസമായിരുന്നു. സ്വാർത്ഥത്താൽ പ്രേരിതമായ ധർമ്മബുദ്ധി പലപ്പോഴും നമ്മെ ദുഷ്പഥത്തിലേക്കു നയിച്ചേക്കാം. അവനവന്റെ ഭാര്യയോടും പുത്രന്മാരോടും സ്നേഹമുണ്ടായിരിക്കുന്നതു നല്ലതുതന്നെ. എന്നാൽ ആ സ്നേഹം ഹൃദയത്തിന്റെ വികാസത്തെ തടുത്തു നിസ്സ്വാർത്ഥമായ പ്രേമത്തിന്റെയും അനുകമ്പയുടെയും വളർച്ചയ്ക്കു ബാധകമായ്

വത്തിക്കുന്ന പക്ഷം അവൻ മനുഷ്യരൂപം ധരിച്ച മൃഗമായ് ഭവിക്കുന്നു. അജ്ഞാനം ജ്ഞാതിവിഷയകമായുണ്ടായ ഈ കുപവാസ്തവത്തിൽ ഒരു യോഗിയുടെ നിലയിൽ അദ്ദേഹത്തിനുണ്ടായിരുന്ന കർത്തവ്യങ്ങൾക്കു പ്രതികൂലമായിരുന്നു. അതുകൊണ്ടാണ് ഈ കുപയെ ശ്രീകൃഷ്ണൻ ദൈന്യമായ് ഗണിച്ചതു്. സത്യം, നീതി, മനുഷ്യധർമ്മം ഇവയുടെ ക്ഷേമം ഇവയ്ക്കു നേരിട്ടിരിക്കുന്ന അപായത്തെ നിക്ഷ്കാസനായിട്ടാണെല്ലോ പ്രസ്തുതയുദ്ധം ഉണ്ടായതു്. അങ്ങിനെയുള്ള അവസരത്തിൽ യുദ്ധം ചെയ്യേണ്ടതു ധർമ്മമാണെന്നാണ് ശ്രീകൃഷ്ണന്റെ ഉപദേശത്തിന്റെ പുരുക്കം.

എന്നാൽ= (എൻ ധാതു) പറഞ്ഞു.

എന്നാൽ, എൻമു ഈ രൂപങ്ങൾ ഇപ്പോൾ പ്രയോഗത്തിലില്ല. അതിൽനിന്നുണ്ടായവയത്രേ എന്നു്, എന്നാൽ, എന്നിട്ടു എങ്കിൽ ഈ പദങ്ങൾ.

പാട്ടു് ൪൪. എന്ന= എന്നു പറഞ്ഞു. അറിയേൻ= അറിയുന്നില്ല.

അടിക്കുറിപ്പുള്ള ദ്രാവിഡഭാഷകളെല്ലാം അതു പ്രത്യയം ചെയ്തതിനെ നിഷേധപ്രകൃതിയുണ്ടാക്കി വന്നതു്. അറിയേൻ, അറിയാൻ, അറിയായ്, എന്ന രൂപങ്ങളിൽ 'അ' പുരുഷപ്രത്യയങ്ങളിൽ ലയിച്ചു് അവയെ ദീർഘീകരിച്ചിരിക്കുന്നു.

വെന്നി, വെറി ഇവ രണ്ടും 'വെൽ' ധാതുവിനോടു 'തി' എന്ന കൃൽപ്രത്യയം ചേർന്നുണ്ടായതാണു്.

വെൽ + തി= ചിനമേക്രിയയാൽ 'വെട് + തി=വെറി.

വെൽ + ന് + തി= ടി വെൻ് + തി=വെൻറി.

വെൻറി അനുനാസികാതിപ്രസരത്താൽ വെന്നിയായി.

പാട്ടു് ൪൬. ചൊല്ലർ നല്ല സ്ഥലം കൊടുത്തി നാൽ

ഇവിടെ 'സ്ഥ'യെ ബലപ്പെടുത്താതെ ഉച്ചരിക്കണം. ചൊല്ലർ=ചൊല്ലു് അമരുന്നു.

അജ്ഞാനം യുദ്ധത്തിൽ നിവർത്തിക്കുന്നതിനു മൂന്നു കാരണങ്ങളാണു പ്രധാനമായി പറഞ്ഞിരിക്കുന്നതു്.

(൧) കൌരവന്മാർ ദുഷ്ടന്മാരാണെങ്കിലും ഇങ്ങനെയുള്ളവരെ നിഗ്രഹിച്ചാണോ അവരെ ജയിക്കുവാൻ സാധിക്കേണ്ടുള്ളൂ.

(൨) ധാർത്തരാഷ്ട്രന്മാർ ദുഷ്ടന്മാരാണെന്നുള്ളതു നിസ്സംശയം തന്നെ. പക്ഷെ അവരെ നിഗ്രഹിച്ചുകൊണ്ടു എന്തു പ്രയോജനമാണുള്ളതു്. 'ദോഷത്തേ ഒതുക്കുന്നതെന്തു'ള്ള തത്പരത്തയാണു് അർജ്ജുനൻ ഇവിടെ മുറുകെ പിടിച്ചിരിക്കുന്നതു്.

പക്ഷേ ഇവിടെയും അർജ്ജുനൻ സ്വാർത്ഥതയാൽ പ്രേരിതനാണെന്നു കാണാം. തനിക്കും തന്റെ സഹോദരന്മാർക്കും വിജയത്തിൽ നിന്നു ലഭിച്ചേക്കാവുന്ന ഫലത്തെപ്പറ്റി മാത്രമേ അദ്ദേഹം ചിന്തിക്കുന്നുള്ളൂ. ലോകത്തു് ആ വിജയം എങ്ങിനെ ബാധിക്കുമെന്നു് അദ്ദേഹം ആലോചിക്കുന്നില്ല.

൩. കുലനാശം മുതലായ വഴിയെ ദോഷങ്ങൾ ഈ യുദ്ധത്തിൽ ചെയ്യേണ്ടതായുണ്ടു്.

ഇവിടെ സ്മൃതികളേ ഉദ്ധരിച്ചു് അർജ്ജുനൻ യുദ്ധം ചെയ്യുന്നതു് സാധുവല്ലെന്നു കാണിക്കുന്നു.

പാട്ടു് ൧. വൃയ്ക്കുക=പ്രാചിക്കുക. ചെയ്യുക. ഈ രണ്ടു അർത്ഥങ്ങളും ഉണ്ടു്. ഇപ്പോൾ പ്രയോഗമില്ല.

എയ്തവും ഇലങ്കുമാനകരം (രാമചരിതം).

പാട്ടു് ൨൫. മുനിവു്=കോപം. മുടുകുക=ധൃതിപ്പെടുക. സങ്കടപ്പെടുക.

'മുടുകുന്നിതെൻ മനസ്' (ശിവപുരാണം)

രണ്ടാമധ്യായം.

പാട്ടു് ൨. ഇങ്ങനെയുള്ള + ഉന്നമേ = വകാരം ആഗമം. (ഇപ്പോൾ അലങ്കാരമാണു്.) ചുരുട്ടഴിഞ്ഞിടുന്നതും പോരെ ച്ചുഞ്ഞിടുന്നതും അകാരത്തിനു പിൻപു സ്വരം വന്നാൽ വകാരം ആദേശം വരും. ഈ നിയമത്തെ സാവർത്രികമായി പഴയ മലയാളത്തിൽ അനുസരിച്ചിരുന്നു ഇപ്പോൾ അപൂർവ്വമായേ ഉള്ളൂ. ഇങ്ങനെയുള്ളവരെക്കൊന്നിട്ടു് രാജ്യം ഭരിക്കുന്നതിനേക്കാൾ ഭിക്ഷതേടി കാലക്ഷേപം ചെയ്യുകയാണു് നന്നു് എന്നു അർത്ഥം.

പാട്ട് ൩. എന്ന മാത്രമല്ല അവരെക്കൊണ്ട് അവിടെ
ടെ രകതം പുരണ്ട ചോറാണോ ഞാൻ ഉണ്ണുന്നത്.

'ഹതപാത്ഥകാമാംസ്തു ഗ്രസന്തിഷ്ടൈവ
ഭുഞ്ജീയഭോഗാൻ രുധിരപ്രദിഗ്ധാൻ'

എന്ന മൂലം.

പാട്ട് ൪. ഭീഷ്മദ്രോണാദികളെ ഹനിച്ചുണ്ടാകുന്ന രാജ്യത്തിന്റെ പ്രയോജനം എന്താണുള്ളത്? അവരുടെ രകതം പുരണ്ട അന്നം ഭുജിക്കാമെന്നല്ലാതെ മറ്റ്. അതിൽ നിന്നും നമുക്ക് ആനന്ദപ്രദമാകുന്ന സുഖങ്ങൾ കേവലം വെറുക്കുവും, അനുശോചനവും ഉണ്ടാക്കുന്ന അതിനേക്കാൾ നല്ലത് ഭൈക്ഷ്യമാണെന്നാണ്.

"ഇന്നിതിളയ്ക്കുന്നോ പൊങ്കുകെന്നോ" എന്നുള്ളത് "ന ചൈതദ്വിദ്മഃ കതരന്നോഗരീയഃ" എന്നതിന്റെ തർജ്ജമയാണ്. "ഭൈക്ഷ്യം യുദ്ധം ഇവയിൽ വെച്ച് ഏതാണ് ഞങ്ങൾക്ക് ശ്രേഷ്ഠമായിട്ടുള്ളത്" എന്നാണ്.

ഇന്നിളയ്ക്കുന്നോ? യുദ്ധം ഉപേക്ഷിച്ചിട്ട ഭൈക്ഷ്യം സ്വീകരിക്കുകയാണോ വേണ്ടത്. അഥവാ യുദ്ധത്തിൽ ഏർപ്പെട്ടാൽ തന്നെ ജയിപ്പതു താനോ അവരോ എന്നൊക്കെ ആരിയാം.

യാനേവഹത്വാജിജീവിഷാമഃ-
സ്തേവസ്ഥിതാഃ പ്രമുഖേധാർത്തരാഷ്ട്രാഃ

എന്ന ശ്ലോകാർത്ഥത്തിന്റെ തർജ്ജമയായി ചേർത്തിരിക്കുന്ന "അവരിൻ മിഴർ.....നിനവുമോ" എന്ന ഭാഗം വ്യക്തമായിട്ടില്ല.

അതുകൊണ്ടിട്ട് നമ്മളും ജീവിച്ചിരിക്കാൻ ആഗ്രഹിക്കുന്നില്ല അ ധാർത്തരാഷ്ട്രന്മാരാണ് യുദ്ധത്തിനായുമെപ്പെട്ട് മുന്നിൽ നില്ക്കുന്നത് എന്നാണ് മൂലത്തിന്റെ അർത്ഥം.

തർജ്ജമയും ഇങ്ങനെ അർത്ഥം പറയാം. അവരിൽ ചിലർ മരിച്ചാൽ അതുകൊണ്ട് കൊണ്ടും കൊടുത്തിക്കയില്ല. അ മരണം നിമിത്തം എന്റെ ജീവനും പോകും. (ഉറവരായ) അ ധാർത്തരാഷ്ട്രന്മാരാണ് ഇപ്പോൾ യുദ്ധത്തിനു തയ്യാറായിരിക്കുന്നത്.

(പാരം ഭേമുരേഷോ എന്ന നോക്കിയാൽ കൊള്ളാം) ഇവി ടെയുള്ള അർജ്ജുനൻ ശ്രുതിസ്മൃതികളേ ആധാരമാക്കിയാ ണ്ട് സംസാരിക്കുന്നത്.

മോക്ഷമുണ്ട് ശ്രേയസ്സാണെന്ന പറഞ്ഞിരിക്കുന്നതിനാൽ "നിത്യാനിത്യവിവേകം" ദർശിതം.

പാട്ട് ൪. ഭവബന്ധമോചനത്തിനുള്ള ഉപായം വേണ്ടവ.

ഒന്നാം അദ്ധ്യായത്തിൽ അർജ്ജുനന്റെ സാധനചതുഷ്ടയ സമ്പത്തിനെ സൂചിപ്പിച്ചിട്ടുണ്ട്.

൧ മരുക്കാതിനു പൊരുപ്പുള്ള യോഗ്യം
നിത്യാനിത്യവസ്തുവിവേകം സൂചിതം.

൨. ത്രിലോകരാജ്യത്തിനു തുല്യം വേണ്ടെന്ന പറഞ്ഞിരിക്കുന്നതിനാൽ ഐഹികഫലവിരാഗവും. 'മുന്നിലോകങ്ങളുടെ വാഴ്ചയിനു കാരണമായാലും' എന്ന വാക്യത്തിൽ പാരത്രികഫലഭോഗവിരാഗവും.

൩. രാജ്യവും ഭോഗങ്ങളും തനിക്ക് എന്തിന് എന്നപറഞ്ഞിട്ടുള്ളതിൽ നിന്ന് ശമദമാദികളും.

൪. 'മറവരേന്നതെക്കാൾകിലുമതിനു-മരുക്കാതിനു പൊരുപ്പുള്ള യോഗ്യം' എന്ന വാക്യത്താൽതിതീക്ഷയും ദർശിതമായിരിക്കുന്നു. ഇവിടെ 'മോക്ഷമിരന്നാണെങ്കിലും തന്നേനു' ഭിക്ഷാചര്യോപലക്ഷിതമായ സന്ന്യാസവും പ്രതിപാദിക്കപ്പെട്ടു.

പാട്ട് ൫. ശ്രീകൃഷ്ണന്റെ വാക്കുകൾ അർജ്ജുനനിൽ ഏതാണ്ടു ഫലിച്ചുവെന്നു തോന്നുന്നു. താൻ ധർമ്മസാമൂഢനാണെന്ന് അദ്ദേഹം സമ്മതിക്കുന്നുവെന്നു മാത്രമല്ല ശ്രീകൃഷ്ണനേ സർവ്വാത്മനാ ശരണവാസ്തുതിക്കയും ചെയ്യുന്നു. തന്റെ ധർമ്മം എന്താണെന്നു് അറിവാനുള്ള അന്ധർജ്ഞാനവും അതു് അറിയുന്നതുവരെ തനിക്ക് യഥാർത്ഥമായ സുഖവും സമാധാനവും ഉണ്ടാകയില്ലെന്നുള്ള ബോധവും എന്നു് ഒരുവനിൽ അങ്കുരിക്കുന്നുവോ അന്നു മാത്രമേ തത്വജ്ഞാനോപദേശത്തിനു് അയാൾ അവകാശിയായി തീരുന്നുള്ളൂ. അർജ്ജുനന്റെ സാധനചതുഷ്ടയ സമ്പന്നത്വം ഒന്നാമധ്യായത്തിൽ തന്നേ സൂചിതമായിരിക്കുന്നു. ഇ

പ്പോൾ അദ്ദേഹം ശ്രീകൃഷ്ണനെ ഒരു ഗുരുവായി വരിക്കയും ചെയ്തു അർജ്ജുനൻ ഇങ്ങനെ സർവ്വപ്രകാരേണ തനിക്കു വിധേയനാണെന്നു അറിഞ്ഞതിനുശേഷമേ ഭഗവാൻ ആത്മതത്ത്വങ്ങളെ ഉപദേശിച്ചു കൊടുക്കാൻ ഒരുമ്പെട്ടുള്ളൂ. ഇപ്രകാരം അദ്ദേഹം തന്നെ ഒരു സ്ഥിതപ്രജ്ഞന്റെ നിലയിലാണല്ലോ അതു രിച്ചുവരിക്കുന്നതു്.

പാട്ടു് ന. ശമിക്ക=തൻവിനയച്ചു. (ശമിക്കുന്നതിക്കുവെണ്ണം) എന്നത്രേ. മിന്നു്=മിന്നൽ. (പുഞ്ചിരിതൂകുന്ന മിന്നൽ) പൊരുൾധാരകൾ=വാക്കുകളാകുന്ന ധാരകൾ. ഉണ്മ=തത്ത്വം 'ഉർ' ധാതുവിനോടു് 'മ' എന്ന കൃത്പ്രത്യയം ചേർന്നുണ്ടായതു്. ഇതിന്റെ രൂപകാലങ്കാരം പണിക്കരുടെ സ്വന്തമാകുന്നു. അതിന്റെ സൗന്ദര്യം നോക്കുക.

വ്യ. 'അശോച്യാനന്വശോചസ്ത്വം' എന്നു തുടങ്ങിയ രണ്ടു ശ്ലോകങ്ങളുടെ സ്വതന്ത്രതർജ്ജിമയാണു്. വ്യ-ഠ-ൻ-ഠ പാട്ടുകാരൻ.

ഇക്കാണായവർ ഒന്നും നശിക്കുന്നവരല്ല. ദേഹമേ നാശം പ്രാപിക്കുന്നുള്ളൂ. ആത്മാവു് അനശ്വരവും അമൃത്വും ആയ ഒരു ഉണ്മയത്രേ.

മറന്നുനില്ക്കു. അത്തുനീല്ക്കട്ടേ. 'നില്ക്കു' എന്നുള്ളതു് 'വിധേയകോപം' എന്ന തമിഴ്വൈയാകരണന്മാർ പറയുന്ന നിയോജകപ്രകാരമത്രേ അതുകൊണ്ടു്. ഈ മഹാരഥന്മാർ മരിച്ചുപോകുമെന്നു് വിചാരിച്ചു് ശോചിക്കുന്നതു് പഴുതാ(വ്യർത്ഥ)ണു്. ഇവർ ഒരിക്കലും കുറവുവരാത്ത സച്ചിദാനന്ദസുഖം അനുഭവിക്കും.

ൻ. ഉടലിൽ (പുക്കു്) വർത്തിക്കുന്നതായ ഉയിർപോകിലും പോകാതിരിക്കിലും ഒരുപോലെ തന്നെ. അതായതു് മുമ്പു് നാം ഇല്ലാതിരുന്നതുകൊണ്ടും ഇല്ല. ഇനി ഇല്ലാതെവരുന്നതുകൊണ്ടും ഉണ്ടാകയും ഇല്ല. ഉഖേമിയന്നു് (മോഹംകൊണ്ടു്) അതു തത്ത്വം നാം ഗ്രഹിക്കുന്നില്ല. നശിക്കുന്നതു് ദേഹമത്രേ; ദേഹിയല്ല. വാർ+ന്തു=വാർന്തു. (മീലാന്തിലകം സന്ധിപ്രകരണം നോക്കുക), വാർ+ന്ദ=വാൺ+ന്ദ=വാണ്ട. ണകാരം നകാരമാക്കിച്ചു്

വാണു എന്നായി. മിക്കോളി=മിക്ക+ഒളി മിക്ക എന്നതു 'മികക്' (വർദ്ധിക്കുക) എന്നതിന്റെ പെരുപ്പു രൂപമാകുന്നു.

൫൦. ധീരന്മാർ (ധിയം രാതീത്തിധീരഃ) ബുദ്ധിമാന്മാർ. കൌമാരാദി വികാരങ്ങളും ദേഹത്തെമാത്രം സംബന്ധിക്കുന്നതാണു്. ദേഹിയാകട്ടേ യാതൊരുവികാരവും പ്രാപിക്കാതെ സ്ഥിതി ചെയ്യുന്നു. ഈതാത്മാവു് ദേഹിയുടെ വർത്തമാനമായ ദേഹത്തിനു് പരസ്പരവിരോധമായിരിക്കുന്ന കൌമാരാദ്യവസ്ഥാത്രയം ഉണ്ടെങ്കിലും അതൊന്നും ആത്മാവിനെസംബന്ധിക്കുന്നില്ല. ബാല്യത്തിൽ പിതാക്കളെ ശുശ്രൂഷിച്ചു ഇവ ഞാൻതന്നെയാണെല്ലോ വാർദ്ധക്യത്തിൽ പൌത്രന്മാരാൽ പൂജിക്കപ്പെട്ടതു്. ഇങ്ങനെയുള്ള അവസ്ഥാത്രയത്തിലും നിർവികാരമായിരിക്കുന്ന ദേഹി ഒരു ദേഹത്തെ വിട്ടു് മറെറാരു ദേഹത്തെ പ്രാപിയ്ക്കുന്നതിൽ എന്താണു് അസംഗതമായിട്ടുള്ളതു്.

'ധീരന്മാർ ചിലയാർ ചൊഴും' 'ധീരസ്തത്രന മുഹ്യതി' എന്നതിന്റെ തജ്ജിമയാണു്. ആത്മാവിന്റെ ദേഹാന്തരപ്രാപ്തിയിൽ ധീരന്മാർ മോഹിക്കയില്ല.

'ഒക്കയും കണ്ടപോൽ' അല്ലപോലെ തന്നെയാണു് ദേഹാന്തരപ്രാപ്തി എന്നർത്ഥം.

പാട്ടു് ൫൦. ഈര.....ഗതിയാവൻ മൂലത്തിലില്ല.

പാട്ടു് ൫൧. അറിവു രണ്ടുപ്രകാരത്തിലുണ്ടു്. പഞ്ചേന്ദ്രിയങ്ങൾക്കു് അവയുടെ വിഷങ്ങളോടുള്ള സ്പർശംകൊണ്ടുണ്ടാകുന്ന ശീതോഷ്ണസുഖദുഃഖാദിക ബോധം പൊയ്യാണു് (പിഴയാണു്) ഈ അഴിവെയ്യുക=വന്നുപോയും ഇരിക്കുന്നതായതുകൊണ്ടു് നിത്യമല്ല. മഹാമെയ്യു്=പരമാർത്ഥികതത്വം. ആത്മജ്ഞാനം=അറിയുന്നതാണു്. ഇവ രണ്ടുമറിഞ്ഞവർ എന്നെ (ആത്മാവിനെ അറിയും). മറാരും അറിയാർ (അറിയുകയില്ല). വാനാദികൾ=പഞ്ചഭൂതങ്ങൾ. ശബ്ദാദികൾ അവയുടെ ഗുണങ്ങൾ.

൫൨. ജനനത്തിനു മുമ്പും മരണത്തിനുശേഷവും പാരമാർത്ഥിക സത്തയായ ആത്മാവിനു് ഒരു വികാരവും ഇല്ല. വികാ

രാത്മകമായ യാതൊന്നിനും സത്ഭാവമില്ലാത്തതിനാൽ ശരീരത്തിന് ദേഹിയെ അപേക്ഷിച്ച് യാഥാർത്ഥ്യം ഇല്ല.

'തണ്ണാരേനിമാർവ!' ഇതു മാന്നിരിയുള്ള പദനിർമ്മാണശക്തി ഭാഷയ്ക്കില്ലേപ്പോർ ഉണ്ടോ?

ഗമ. തേരുക=ധരിക്കുക. വിശ്വസിക്കുക.

"ജയിപ്പാൻ പണിതേനുനീ" (ഭാരതം)

"എനിക്കവരെയും അവർക്കെന്നെയും തേരുന്നു" (ഭാരതം). നാശം എന്നതിന് വികാരം, അവസ്ഥാന്തരം എന്നേ അർത്ഥമുള്ളു.

൬൪. ഈ പദ്യത്തിൽ ദേഹി ഒരു ദേഹം വിട്ട് മറ്റൊന്നിനെ പ്രാപിക്കുന്നതെങ്ങനെ എന്നു പറയുന്നു.

നിരാ.....ചലിയാ..... ഇതു നോർത്തർജ്ജിമയല്ല. "നചൈനം ക്ലേദയന്ത്യാപോനശോഷ യതി മാരുതഃ"

പാട്ട് ൬൫. ചലിയാതെ.....ന്നത്. ഘടാദികളേപ്പോലെ വികാരം പ്രാപിക്കാത്തത്. ഇതുകൊണ്ട് ആത്മാവിന്റെ സംസ്കാരയുക്തപദത്തെ നിരാകരിച്ചിരിക്കുന്നു. അവ്യക്തം=ഇന്ദ്രിയങ്ങൾക്കു ഗോചരമല്ലാത്തത്. അപ്രത്യക്ഷമായത്. അചിന്ത്യം=അപ്രത്യക്ഷമായുള്ളതിനെ അനുമാനം കൊണ്ടു അറിവാൻ മാർഗ്ഗമുണ്ടല്ലോ. എന്നാൽ ആത്മാവ് വ്യുൽപ്പത്തിപ്രമാണാസംഭവം നിമിത്തം അനനുമേയം ആകുന്നു. നിത്യം=നാശമില്ലാത്തത്. സനാതനം=എന്നും ഏകരൂപമായുള്ളത്.

പാട്ട് ൬൭. ജനിച്ചവർ മരിക്കുകയും മരിച്ചവർ ജനിക്കുകയും ചെയ്യും. എന്നാൽ അവരുടെ ഉല്പത്തി എവിടെ നിന്ന്? അവർ എങ്ങോട്ടുപോകുന്നു? എന്നു നാം അറിയുന്നില്ല. ജനനത്തിനും മരണത്തിനും ഇടയ്ക്കുള്ളതുമാത്രമേ നമ്മുടെ അറിവിൽ പെടുന്നുള്ളു. എന്നാലാതെ ദേഹിയ്ക്ക് യാതൊരുനാശവും സംഭവിക്കുന്നില്ല.

പാട്ട് ൬൯. ആത്മാവിന്റെ സൂക്ഷ്മസ്വഭാവം അശക്തർക്കു ശരിയായ് ഗ്രഹിക്കാൻ സാധിക്കയില്ല. 'അയ വിദ്യകനാനാവിധ വിശേഷധർമ്മവത്തത്; നിമിത്തം [illegible]

പ്പോഠം. അസത്തയായും തോന്നും. അയ്യ സപ്രകാശമൈത ന്യരൂപമെങ്കിലും ജഡമായും നിർവികാരമെങ്കിലും സവികാരമായും പ്രകാശമാനമെങ്കിലും അപ്രകാശമാനമായും ബ്രഹ്മാദിന്നമെങ്കിലും തൽഭിന്നമായും മുക്തമെങ്കിലും ബദ്ധമായും അദ്വിതീയമെങ്കിലും സദ്വിതീയമായും നമുക്കു തോന്നും.

പാട്ട് ൫൨. മങ്കിഴ്ന്തു=സന്തോഷിച്ചു്.

"കാമാനുസരണത്തിന്നുറക്കാമുമങ്ങിഴമാറാം-
അനുഭവസുഖം അനുനന്ദമാകുന്നതു്". (കൈവല്യനവനീതം)

മാറി=നീക്കി. ഇന്നും=ഇനിയും. അവരവരുടെ നിലയിൽ ചെയ്യേണ്ടതായ കമ്മങ്ങളേ അഹംബുദ്ധി കൂടാതെ ചെയ്യേണ്ടതാണെന്നു ഭഗവാൻ പറയുന്നു.

ഏറവമാനം=ഏറ്റ അവമാനം. പൂർവപദത്തിലുള്ള അകാരം ലോപിച്ചിരിക്കുന്നു. (ലീലാതിലകം സന്ധിപ്രകരണം നോക്കുക.)

പാട്ട് ൫൦. നീ 'മുമ്പേ മുഴുന്നതു' എന്നു പാഠമാണു് നല്ലതു്. നീ മുമ്പേ സമ്പാദിച്ചുള്ള കീർത്തിയും അസ്തമിക്കും എന്നു സാരം.

പിഴയെന്നൊരു പാഠമുണ്ടു്. സുഖദുഃഖങ്ങളിലും ലാഭനഷ്ടങ്ങളിലും സമബുദ്ധിയോടുകൂടി യുദ്ധം ചെയ്ക.

"പടെക്കായി വിരയെവേണം" (തുള്ളൽപ്പാട്ടു്)
"സേവിക്ക വിരയ നീ." (ഭാരതം)

ഇയൽപ്=യോഗ്യത, ഭംഗി.

"ഇയൽ അറിയാതെ." (രാമചരിതം)
"വളകറം ഇയലോടിളകും." (മണിപ്രവാളകാവ്യം)

വിന=പ്രവൃത്തി. ഇതിനു് കാലക്രമേണ ചീത്തപ്രവൃത്തിയെന്നും ദുഃഖമെന്നും അർത്ഥം സിദ്ധിച്ചു. മയൽ=മോഹം.

നയമുള്ള.....നിനവേ-വ്യവസായാത്മികയായ ബുദ്ധി ഏകമുഖമായിരിക്കുന്നു. നേരേമറിച്ചു നിശ്ചയബുദ്ധിയില്ലാത്ത

ഇവിടെ ഫലത്തെകാമിച്ചു പ്രവർത്തിക്കുന്നവരേയും ഫലേച്ഛയെ പ്രവർത്തിക്കുന്നവരേയും തമ്മിൽ താരതമ്യം ചെയ്തിരിക്കുന്നു.

പാട്ട് ൫൧. അറിയാത്തവർ ഫലത്തെമാത്രമേ കണ്ടുകയുള്ളൂ. മഹാവേദപ്പൊരുൾ കേൾക്കിലും അവർക്ക് അറിവുണ്ടാകയില്ല. വിശിഷ്ടമായ വേദാന്തതത്വങ്ങളെന്നും അവരോട് അറിവുള്ളവർ ഉപദേശിക്കയുമില്ല.

വേദപ്പൊരുൾ കേൾക്കിലും=വേദങ്ങൾകൊണ്ടുള്ള ന്യായവിഷയങ്ങളാകുന്നു. അതായത് അവ കർമ്മകാണ്ഡാത്മകങ്ങളാണ് കൊണ്ടികർമ്മങ്ങളെല്ലാം ഫലത്തെ ഉദ്ദേശിച്ച് ചെയ്യപ്പെടുന്നവയാണല്ലോ. ജ്ഞാനം നിസ്സൈഗുണ്യനായിരിക്കണമെന്നു ഭഗവാൻ ഉപദേശിക്കുന്നു.

പാട്ട് ൫൨. കർമ്മഫലങ്ങളെ കാംക്ഷിക്കാതെയും എന്നാൽ കർമ്മങ്ങളിൽ നിന്ന് വിരമിക്കാതെയും ഇരിക്കുന്നവർ മാത്രമേ എന്നെ അറികയുള്ളൂ. എന്നെ=ആത്മാവിനെ.

പാട്ട് ൫൩. അന്തിമതിതെളിവ്=രജസ്സുമോ ഫലങ്ങളെ ഉപേക്ഷിച്ച് ശുദ്ധമായതെന്നു കൈക്കൊണ്ടു.

മഹാശാസ്ത്രങ്ങളി.....നാമേ='ശ്രുതിവിപ്രതിപന്നാ' എന്നതിന്റെ തർജ്ജിമ. (ഫലേച്ഛയോടുകൂടിയ കർമ്മങ്ങളെ നിരാകരിച്ചിട്ട്). ഞാറി=വിധം.

൫൫. ഭാഷ=സന്ദർഭം. വേശകളാൽ=വേശ്യകളാകുന്നതുപോലെ. സ്ഥിതപ്രജ്ഞൻ എങ്ങനെയുള്ളവനാണെന്നു ശ്രീകൃഷ്ണൻ പറയുന്നു.

൫൭. ഒക്കെ=കർമ്മമിച്ച്.

൫൮. വിധേയം=വിധേയത്വം.

൫൯. കരുതിയ + ഇന്ദ്രിയത്തിന്റെ-പേരച്ചപ്രത്യയമായ അകാരത്തിന്റെ പിന്നിൽ ഇകാരം വന്നതിനാൽ വകാരം ആഗമം. ഇപ്പോൾ വകാരത്തിന്റെ സ്ഥാനത്തു യകാരമാണു വന്നിരുന്നത്.

അധ്യായം ൩

തികരം=ശോഭം.

"വരം തികരം ഇരാവണി" (രാമചരിതം)

രണ്ടാംഅധ്യായത്തിൽ നിവൃത്തിമാർഗ്ഗത്തേയും പ്രവൃത്തിമാർഗ്ഗത്തേയും പറഞ്ഞ ഭഗവാൻ ഉപന്യസിച്ചു. ഇവ രണ്ടും നല്ലതാണെന്നും അദ്ദേഹം അരുളിച്ചെയ്തു. നിവൃത്തിമാർഗ്ഗം നല്ലതു് അതുകൊണ്ടു് യുദ്ധത്തിൽനിന്നു വിരമിക്കയല്ലേ വേണ്ടതു്. ഭഗവാൻ ഇതിനു സമാധാനം പറയുന്നു. ഒരുവൻ പ്രവർത്തിക്കാതിരിക്കുന്നതുകൊണ്ടു മാത്രം നിവൃത്തനാകയില്ല.

"ന കർമ്മണാമനാരംഭാന്നൈഷ്കർമ്മ്യം പുരുഷോശ്നുതേ
ന ചസന്ന്യസനാ ദേവ സിദ്ധിം സമധിഗച്ഛതി"

പ്രകൃതിജങ്ങളായ ഗുണങ്ങളാൽ പ്രേരിതരായിട്ടു് എല്ലാവരും കർമ്മം ചെയ്യുന്നുണ്ടു്. കർമ്മേന്ദ്രിയങ്ങളെ സംയമനംചെയ്യും എന്നാൽ ഇന്ദ്രിയവിഷയങ്ങളെ സ്മരിച്ചുകൊണ്ടും ഇരിക്കുന്നവൻ കേവലം മിഥ്യാചാരനാകുന്നു. നിവൃത്തിമാർഗ്ഗം നിഷ്കാമകർമ്മം ചെയ്തു മനസ്സംശുദ്ധി വന്നിട്ടുള്ളവർക്കു മാത്രമേ ശ്രേയസ്കരമായിരിക്കയുള്ളു. അതുകൊണ്ടു് അർജ്ജുനനേപ്പോലെയുള്ളവർക്കു കർമ്മം തന്നെയാണു യോജിച്ചതു്. ജനകാദികർ കർമ്മംകൊണ്ടാണല്ലോ സംസിദ്ധിയെ പ്രാപിച്ചതു്. സാംഖ്യവും യോഗവും രണ്ടും ഉൽകൃഷ്ടമാണെങ്കിലും അർജ്ജുനനേപ്പോലെയുള്ളവർക്കു കർമ്മയോഗമാണു വിഹിതമെന്നു് അർത്ഥം.

പാട്ടു് ൩. അഗ്രഹം നിലനില്ക്കുന്നിടത്തോളം കർമ്മങ്ങളിൽ നിന്നു വിരമിച്ചതുകൊണ്ടു് പ്രയോജനമില്ല.

അവനറി, നിൽക്കുന്നോൻ=മിഥ്യാചാരൻ ക്രിയ=പറഞ്ഞു.

"നിശാചരർ ചെയ്കയും കുറിക്കപിതരായ് ചെന്നു".
(കേരളവർമ്മരാമായണം).

പാട്ടു് ൪. ശ്രേഷ്ഠന്മാർ ചെയ്തുവന്നു, ആചരിക്കുന്നവരോ അതിനെ നാമും പിന്തുടരുന്നു. അവർ യാതൊന്നിനെ പ്രമാണമാക്കുന്നുവോ അതിനെ ലോകവും അംഗീകരിക്കാതിരിക്കയില്ല.

പാട്ട് ൽ. ഭഗവാൻ തന്നെ കർമ്മങ്ങൾ ചെയ്യുകൊണ്ടിരിക്കുന്നുവെന്നു കാണിക്കുന്നു

പാട്ട് ൧൦. എല്ലാവരും കർമ്മം ചെയ്യുകൊണ്ടിരിക്കുന്നുവെന്നു കാണിച്ചു. എന്നാൽ ഒരു വ്യത്യാസം ഉണ്ട്. "താൻ ആത്മാവാണ്"; കർത്താവുമല്ല, ഭോക്താവുമല്ല; തന്നെ സുഖദുഃഖാദികളൊന്നും ബാധിക്കയില്ല. ശീതോഷ്ണസുഖദുഃഖാദികൾ ഇന്ദ്രിയങ്ങൾക്ക് അവയുടെ വിഷയങ്ങളോടുള്ള സംബന്ധംകൊണ്ട് ഉണ്ടാകുന്നവയാണ്". എന്നാൽ ബാധ്യതയൊട്ടുക്കുണ്ടു പ്രവർത്തിക്കുന്നവർ ബ്രഹ്മജ്ഞരാകുന്നില്ല. ഫലത്തെപ്പറ്റി കർത്തൃത്വബുദ്ധിയോടും ഭോക്തൃത്വബുദ്ധിയോടും കൂടി കർമ്മം ചെയ്യുന്നവർ ഉത്തമോത്തമം ബദ്ധരായ് ഭവിക്കും.

'താനായിത്തത്വം' എന്ന പദം എത്ര അർത്ഥവത്തായിരിക്കുന്നുവെന്നു നോക്കുക.

പാട്ട് ൧൧. പാതാളം=പാഴായ ഭൂമി.

പാട്ട് ൧൨. നേരേതൻ.....നന്നാകും=അവനവന്റെ ധർമ്മത്തെ വിഗുണമായിട്ടെങ്കിലും ചെയ്യുന്നതു പരധർമ്മത്തെ നല്ലപോലെ ചെയ്യുന്നതിനേക്കാൾ ഉത്തമമാണ്. അർജ്ജുനന്റെ ധർമ്മം യുദ്ധം ചെയ്കയാണ്. അദ്ദേഹത്തിന്റെ വാസനകൾക്കു വിപരീതമായ് സന്ന്യാസധർമ്മത്തെ കൈക്കൊള്ളുന്നതു ഉചിതമല്ലെന്നു കാണിക്കുന്നു.

പാട്ട് ൧൩. അതി.....തന്നാൽ=അതുകൊണ്ട് പുണ്യം ചെയ്യുവാൻ അഗ്രഹമുള്ളവർക്കു പ്രതിബന്ധമായിരിക്കുന്നതു്.

മജ്ജനം=ശ്രേഷ്ഠതീർത്ഥം സന്ധിചെയ്തിരിക്കുന്നു. ചിന്ത=കോപം.

"ഏറെയും ചിന്തയത്തോടു നിന്നു". (ഭാരതം)

പാട്ട് ൧൪. ജ്ഞാനം=ആത്മജ്ഞാനം. വിജ്ഞാനം=മൈയ്കികജ്ഞാനം.

അഗ്നിയുടെ കരിയെ പുക മറയ്ക്കുന്നതിനു തുല്യമായും കണ്ണാടിയുടെ പ്രതിഫലന ശക്തിയെ അഴുക്കു മറയ്ക്കുന്നതിനു തുല്യമായും കാമക്രോധാദികൾ മനുഷ്യരുടെ ഉണ്മയിനെ മറയ്ക്കും. അതുമൂലം ജ്ഞാനവിജ്ഞാനാദികൾ ചെയ്യുന്നതുശിച്ചുപോകുന്നു

അധ്യായം ൫.

പാട്ട് ൧. ആദിത്യൻ് ഉപദേശിച്ചു കൊടുത്ത വേദരഹസ്യം അവിടുന്നു എങ്ങനെ ഇപ്പോഴും (രൂപം മാറിയിട്ടും) ഓർക്കുന്നു? എന്നു പ്രാർത്ഥിനു, ഭഗവാൻ മറുപടിപറയുന്നു.

എനിക്കെന്നപോലെ നിനക്കും അനേകജന്മങ്ങൾ ഉണ്ടായിട്ടുണ്ടു്. പക്ഷേ ഞാൻ അവയെല്ലാം ഓർക്കുന്നുണ്ടു്. നീ ഓർക്കുന്നില്ല. ഇതാണു ഭേദം.

പാട്ട് ൪. നാടുക=വിചാരിക്കുക, പരിശോധിക്കുക. നാട്ടം=വിചാരം, പരിശോധന.

"നാട്ടമറന്തസ്ഥടികെ പോയെ" (ശങ്കരവല്യനചനീതം)

പാട്ട് ൬. കുറമെനിക്കവരാതൊന്നാളും=കുമ്മങ്ങളും എന്നെ ബന്ധിക്കുകയില്ല.

പാട്ട് ൭. ദിവ്യം=ദിവ്യത. ഇയൽറി എന്ന പദമാണു് ഇപ്പോൾ 'എന്നി' 'എന്നി'യെ എന്നെല്ലാം ആയിട്ടുള്ളതു്.

പാട്ട് ൮. ചിലർ പ്രാണനെ അപാനങ്ങളും അപാനനെ പ്രാണങ്ങളും ഹോമിക്കുന്നു. അപാനനിൽ പ്രാണവൃത്തിയെ പ്രക്ഷേപിക്കുന്നതു പൂരണം എന്ന പ്രാണായാമം. ബാഹ്യവായുവിന്റെ ശരീരാഭ്യന്തരപ്രവേശത്തിനുപമാണു പൂരകം. പ്രാണവൃത്തിയിൽ അപാനവൃത്തിയെ പ്രക്ഷേപിക്കുന്നതു രേചകം (ശരീരവായുവിന്റെ ബഹിർഗ്മനത്തിനുപമാണു രേചകം). യഥാശക്തി വായുവിനെ പൂരണംചെയ്തിട്ടു ശ്വാസപ്രശ്വാസനിരോധംചെയ്യുന്നതു് അന്തഃകുംഭം. യഥാശക്തി സർവ്വവായുവിനേയും വിരേചിച്ചിട്ടു ബഹിഃകുംഭകം ചെയ്യുകയുമാണു്.

'പിന്നെയിറക്കയും.....ഴിക്കും' ഇതിന്റെ അർത്ഥത്തെ പരമേശ്വരയോഗികൾക്കും അല്പം തെറ്റിദ്ധരിച്ചിട്ടില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പ്രാണഗതിയുടെ നിരോധത്തിനുപമായ പൂരകത്തെയും അപാനഗതിയുടെ നിരോധകുംഭത്തിനുപമായ രേചകത്തേയുംപറ്റി പറഞ്ഞതിന്റെ ശേഷം കുംഭകത്തെക്കുറിച്ചു പ്രസ്താവിക്കുന്നു.

ഭഗവൽഗീത

അദ്ധ്യായം ൫.

——:o:——

കർമ്മത്തിൽ അകർമ്മത്തേയും അകർമ്മത്തിൽ കർമ്മത്തേയും കാണേണമെന്ന് ഭഗവാൻ ഉപന്യസിച്ചതു കേട്ട അർജ്ജുനൻ കുഴങ്ങുന്നു. (പാട്ട്. ൻ)യുദ്ധത്തിൽനിന്നും വിരമിച്ചിട്ട് കർമ്മസന്ന്യാസം സ്വീകരിക്കേണമെന്നായിരുന്ന അദ്ദേഹത്തിന്റെ മോഹം. മനസ്സിനെകീഴടക്കാത്ത ഒരുവൻ കർമ്മങ്ങളിൽ ഏർപ്പെടാതിരിക്കുന്ന എന്നുള്ള ഏകകാരണത്താൽ കർമ്മ സന്ന്യാസി ആകയില്ലെന്നും അവൻ പൂർവ്വാധികം ബദ്ധനാകുകയേ ഉള്ളു എന്നും നേരേമറിച്ച് സമാഹിതചേതസ്സുകൾ കർമ്മം ചെയ്താലും അതിനാൽ ബന്ധിക്കപ്പെടുകയില്ലെന്നും ആയിരുന്ന ഭഗവദുപദേശത്തിന്റെ ചുരുക്കം.

പാട്ട്(൧൦-൧൨)അങ്ങു സന്ന്യാസം നല്ലതാണെന്ന ഒരിക്കൽഉപദേശിച്ചു; പിന്നീടുകർമ്മത്തെ ശംസിച്ചുപറഞ്ഞു. ഇതു പൂർവ്വപരവിരുദ്ധമായി തോന്നാം. അതുകൊണ്ട ഇവയിൽ നല്ലതേതെന്ന ഖണ്ഡിതമായ് പറഞ്ഞുതന്നാലും.

പാട്ട്. (൨-൬) രണ്ടും നല്ലതുതന്നെ. പക്ഷേ സന്ന്യാസത്തേക്കാൾ കർമ്മയോഗമാണ് വിശിഷ്ടമായുള്ളതു്. ആശാപാശങ്ങളിൽ കുടുങ്ങാതേയും സുഖദുഃഖാദിദ്വന്ദഭാവങ്ങളിൽ നിന്ന് മുക്തനായും കർമ്മങ്ങൾചെയ്യുന്നവൻ കാലദേശാദ്യവസ്ഥകളിൽ നിന്ന് ഒഴിഞ്ഞു സന്ന്യാസിക്കു തുല്യനായിരിക്കുന്നു.

ഇവിടെ കർമ്മയോഗം സാഖ്യത്തേക്കാൾ ശ്രേഷ്ഠമാണെന്നു പറഞ്ഞതു് അധികാരിഭേദം അനുസരിച്ചു മാത്രമാണ്. അർജ്ജുനനേപ്പോലെയുള്ളവർ സന്ന്യാസത്തിനു അധികാരികളല്ല. നിഷ്കാമകർമ്മങ്ങൾകൊണ്ടു മനസ്സു ശുദ്ധിവന്നിട്ടുള്ളവർക്കു മാത്രമേ സന്ന്യാസംവിധിച്ചിട്ടുള്ളു. അതിനുമുമ്പു് സന്ന്യാസത്തിനൊരുങ്ങിയാൽവീണ്ടും ആശകൾക്കു് വഴിപ്പെട്ട് കർമ്മപാശങ്ങളിൽകുടുങ്ങിപ്പോകുമെന്നർത്ഥം.

വെന്നി. (ഇതു വെൽ എന്നക്രിയയിൽനിന്നും ഉണ്ടായതാ
മാകുന്നു. വെറിയും അതുപോലെതന്നെ (വെൽ + തി = വെ
റി)

ശിവം-മംഗലസ്വരൂപത്തോടുക്രൂടിയ-

പാട്ട്. (ര) കർമ്മംവേറെ സന്ന്യാസംവേറെ എന്നുള്ള വി
ചാരത്തോടുക്രൂടി ഇവരണ്ടിനേയും ഓരോകാലത്തു അംഗീകരി
ക്കുന്നവർക്ക് ആത്മജ്ഞാനം ഉണ്ടാകയില്ല. അവർ എന്നെ പ്രാ
പിക്കയില്ല. അവരെന്നാണെന്നു വിചാരിക്കുന്നവരാകട്ടേ എന്നെ
പ്രാപിക്കും.

അറിവാൻ-അറിവു + ആൻ അറിയാം എന്നർത്ഥം (ശീലഭാ
വിയുടെ പ്രഥമപുരുഷൈകവചനരൂപം)

പാട്ട്. (ന) സംപ്രീതനാൽ യാതൊരു ദർശനമുണ്ടാമുടനതു
തന്നെ എന്ന പാഠമാണ് കുറെക്രൂടി മൂലത്തിനു യോജിച്ചതു

"യൽ സാംപ്രൈഃപ്രാപ്യതേസ്ഥാനം
തദ്യോഗൈരപിഗമ്യതേ" എന്നാമൂലം

പാട്ട്. (ം. വ) ഇന്ദ്രിയങ്ങൾ-കർമ്മേന്ദ്രിയങ്ങളും ജ്ഞാനേ
ന്ദ്രിയങ്ങളും. എല്ലാവരും കാണുക മണക്കുക എന്നീ കർമ്മങ്ങൾ
ചെയ്യുന്നുണ്ട്. സന്ന്യാസികളും അവയിൽ നിന്നു ഒഴിഞ്ഞല്ലാ ഇ
രിക്കുന്നതു്. ഈ മാതിരി കർമ്മങ്ങളെല്ലാം ഇന്ദ്രിയങ്ങൾ അവ
യുടേ വിഷയങ്ങളിൽ വർത്തിക്കമൂലമായുണ്ടാകുന്നതാണെന്നല്ലാ
തെ അവയെ ചെയ്യുന്നതു. ഞാനാണു് എന്നുള്ളവിചാരം ജ്ഞാ
നിയ്ക്കുണ്ടായിരിക്കയില്ല. അതുകൊണ്ടു് അവർ അകർമ്മങ്ങള
ടെ ഫലത്തിൽനിന്നു വിമുക്തരായിരിക്കുന്നു.

പാട്ട്. (ൻ) ബുദ്ധി, മനസ്, കായം ഇത്യാദികളെക്കൊണ്ടു്
യോഗികൾ കർമ്മം ചെയ്യുന്നുണ്ടെങ്കിലും അവർ മുക്തരാകുന്നു.
കാമകാരന്മാരാകട്ടെ ഫലത്തെ ഇച്ഛിച്ചു കർമ്മംചെയ്യുന്നതിനാൽ
ബദ്ധരായ് ഭവിക്കുന്നു.

യോഗത്തോടു = യോഗത്തോടുക്രൂടി നിത്തരാം-ഏറ്റവും. ന
ടമാടുന്നവൻ, നടൻ. യുക്തന്മാർ കർമ്മം ചെയ്യുന്നതു് നടന്മാരെ
പ്പോലെയാണു്. നടന്മാർ രംഗത്തിൽ എന്തൊക്കയോ കാണി
ക്കുന്നുണ്ടെങ്കിലും ആ മാതിരികർമ്മങ്ങൾ അവരെ ബാധിക്കുന്നി
ല്ലല്ലോ.

ഞാൻ' എന്നുള്ളതിനു ഈശ്വരൻഎന്നു് ടീകാകാരൻ അ
ത്ഥം പറഞ്ഞിരിക്കുന്നു. എന്നാൽ ഞാൻ എന്നതിനു് ദേഹി
എന്നേ അത്ഥമുള്ളു.

നവദ്വാരേ പുരേദേഹീ

നൈവകുർവ്വൻ നകാരയൻ' എന്നതിന്റെ തർജ്ജിമയാണിതു.

ആത്മാവു് ഒൻപതു വാതലുകളോടുകൂടിയ പുരത്തിൽ സു
ഖമായിരിക്കുന്നതു് സകല കർമ്മങ്ങളേയും ഫലാപേക്ഷ കൂടാ
തെചെയ്യുന്നതുകൊണ്ടാണു്. ഒരു പുരത്തിനുള്ളിൽ ഇരിക്കുന്നവ
ൻഅ പുരത്തിന്റെ ഉടയവൻ അണല്ലോ. അതുകൊണ്ടു അയാ
ൾക്കു് യഥേച്ഛം പറയുന്നുപോകയോ ഉള്ളിൽകടക്കുകയോ ചെ
യ്യാം. അതുപോലെ നിഷ്കാമകർമ്മിയുടെ ദേഹം സ്വാതന്ത്ര്യത്തിനു
ബാധകമല്ല. നേരേമറിച്ചു യോഗബുദ്ധിയില്ലാത്തവന്റെ ആ
ത്മാവു് നവദ്വാരത്തോടുകൂടിയ പുരത്തിൽ സുഖമായിരിക്കയ
ല്ല; ബന്ധനം പ്രാപിച്ചിരിക്കയാണു്. കർമ്മം ചെയ്യുന്നതും ഫ
ലമനുഭവിക്കുന്നതും താനാണെന്നുള്ള വിചാരം അയാൾക്കിരി
ക്കുന്നിടത്തോളം ദേഹത്തിൽ ആത്മബുദ്ധി നിലനിൽക്കുമല്ലോ.
അതുകൊണ്ടത്രേ അയാളുടെ ആത്മാവു ബന്ധനസ്ഥനേപ്പോ
ലെ ദേഹത്തിനുള്ളിൽ വർത്തിക്കുന്നു എന്നു് പറഞ്ഞതു. ചേരും.
.....ഞാൻ (ആത്മാവു്) യാതൊന്നും ചെയ്യുന്നുമില്ല ചെ
യ്യിക്കുന്നുമില്ല.

പാട്ടു്. (ഫ്ര)കൌശലം-സാമർത്ഥ്യം. പ്രാണികർമ്മം എല്ലാം
കർമ്മങ്ങളിൽ കിടന്നുഴലുന്നതു് അജ്ഞാനംകൊണ്ടാണു്. വാസ്തു
വത്തിൽ പ്രഭുവായിരിക്കുന്ന ആത്മാവു് ലോകത്തിന്റെ കർതൃ
ത്വത്തിനും കർമ്മങ്ങൾക്കും കാരണമായിരിക്കുന്നില്ല. പ്രകൃതിയ
ത്രേഅവയ്ക്കു ഹേതുവായിരിക്കുന്നതു്. ജ്ഞാനം അജ്ഞാനത്താ
ൽ മൂടപ്പെട്ടിരിക്കുന്നതു നിമിത്തം പ്രാണികർമ്മം വ്യാമോഹിച്ചു
പോകുന്നു. അജ്ഞാനപടലത്താൽ ജഡമായ പ്രകൃതിയും ജ്ഞാ
ന പടലത്താൽ ആത്മാവുമാണു് വിവക്ഷിയ്ക്കപ്പെട്ടിരിക്കുന്നതു്.
ബഹിർലോകം ജ്ഞാനത്തിനു വിഷയമായിരിക്കുന്നു. അറിയു
ന്നതിനുള്ള ശക്തി അതിനില്ല.

അജ്ഞാനേനാ.....വരാതെ = ദേഹത്തിന്റെ കർമ്മ
ങ്ങളും അകർമ്മങ്ങളുടെ ഫലങ്ങളും ദേഹിയെ സംബന്ധിക്കുന്നു
താണെന്നുള്ള വിചാരത്താൽ

പാട്ട്. (ഫമ) മറയോൻ-ബ്രാഹ്മണൻ. അകുലഹീനൻ-ചണ്ഡാലൻ. എന്നെയും = ബ്രാഹ്മണനേയും കുലഹീനനായ ശപചകനേയും എന്നുവേണ്ടാ എല്ലാവസ്തുക്കളേയും ആത്മാവിനോട സദൃശമായി കാണുന്നവനാണ് പണ്ഡിതൻ. പണ്ഡിതൻ = ആത്മജ്ഞാനി. (പണ്ഡയൊട്ടക്രുടിയവൻ) പണ്ഡ = ആത്മജ്ഞാനം. കാലക്രമേണ ഈ പദം ദുഷിച്ചു ഇപ്പോൾ വെറും മുരട്ടുവാദം ചെയ്യുന്ന അക്ഷരാഭ്യസ്തനെക്കുറിക്കുന്നു,

പാട്ട്. (ഫർ) ഭ്രമി.....സുഖമെതനിത്യം...- ബാഹ്യസ്പർശത്താലുണ്ടാകുന്ന സുഖംനിത്യമല്ലെന്ന ഓർത്തു. ആത്മബലവ്-കഴിവുള്ളിടത്തോളം. ഇകണ്ണ് = വെടിഞ്ഞു. നിത്യാനന്ദാശ്രിതനായ് - ആത്മാരാമനായ്. തീമ = മ 'ഒരു നാമപ്രത്യയ മാകുന്നു (പഴമ,നന്മ മുതലായ ഉദാഹരണങ്ങൾ നോക്കുക.)

തീമ.....ചേരാൻ = തീമവരാതിരിക്കുന്നവനു് ചിറിമ്പം ചേരാൻ (ചേരുകയില്ല) ചിറിമ്പം എന്ന പദത്തിന്റെ അർത്ഥ സ്ഫുടത നോക്കുക. ഈ മാതിരിപദങ്ങളെ തള്ളിക്കളഞ്ഞിട്ടു അവയുടെ സ്ഥാനത്തു് സംസ്കൃത പദങ്ങൾ ഉപയോഗിച്ചു തുടങ്ങിയതു മഹാകഷ്ടം തന്നേ. നിത്യാനന്ദത്തെ ആശ്രയിക്കുന്നവൻ ക്ഷണികമായ വിഷയസുഖങ്ങളിൽ രമിക്കയില്ലെന്നു സാരം.താം = താൻ എന്നതിന്റെ ബഹുവചനം; തമ്മേ,തമ്മോടുതമ്മിൽ എന്നീബഹുവചന രൂപങ്ങൾ ഇപ്പോഴും തനടുപുണ്ടു്. അഴിവുള്ളതായ ആ മാതിരിസുഖങ്ങളെ ആശ്രയിച്ചാൽ എന്നും ഇടരു തന്നേ ഫലം

പാട്ട് (ഫർ.) ദേഹത്തോടുക്രുടി ഉടൻ പൊട്ട (ഒരുമിച്ചു ഉണ്ടായതായ)കാമക്രോധാദികൾക്കു വശപ്പെടാതെ കർമ്മം ചെയ്യുന്നതിനു നിന്നു് സാരമുള്ളതായജ്ഞാനവും ഏറിയസുഖവും ഉണ്ടാകും.

ഉടൻ = ഒരുമിച്ചു. പൊട്ട = ഉത്ഭവിച്ചു.

(നമുക്കിങ്ങനെ പൊട്ടതെല്ലാം നളചരിതം.)

ക്രുറിയ = സാരവത്തായ. മെയ്തകുംജ്ഞാനം = ഉണ്മയായജ്ഞാനം. മെയ് = സത്യം (ഉണ്മ) ഇയ്യറുമതു് = ഇയറുറുത്തു്. മകാരത്തിന്റെ സ്ഥാനത്തു വകാരവും വകാരത്തിന്റെ സ്ഥാനത്തു മകാരവും ഭാഷയിൽ വന്നുചേർന്നിട്ടുണ്ടു്.)

പാട്ട് (ഫ്രഞ്ച്.) വെറി = വെൽ + തി. പ്രാചീനമലയാളത്തിൽ ലകാരത്തിനുതകാരം പരമായിനിന്നാൽ ഴകാരം അംശം. തവ്ഗ്ം ഴവ്ഗ്ത്തോടുചേരുമ്പോൾ ഴവ്ഗ്മായി മാറും-

വെൽ + തി = വെഴ + തി = വെറി.

പ്രാചീനകൃതികളിൽ ഇതു സാവ്ത്രികമായിരുന്നു. ഇപ്പോഴുംകട്ടേ പ്രത്യയതകാരം പരമായെങ്കിൽ മാത്രമേ ഈ വിനാമക്രിയ ചെയ്യുന്നുള്ളൂ.

പ്രാചീനകൃതികളിൽ കാറ്റാളം കോറേറൻ ഇത്യാദി പ്രയോഗങ്ങൾ കാണാം (ഉണ്ണുനീലി സന്ദേശം നോക്കുക.)

കാൽ + താളം = കാറ്റാളം

കോൽ + തേൻ = കോറേറൻ.

വിഴികൊട്ട് = മിഴികൊണ്ട്

പ്രകൃതിയിൽ തമിഴിലെ വകാരം മലയാളത്തിൽ 'മ' കാരമായ്മാറാറുണ്ട്.- വിഴുങ്ങുക (മിഴുങ്ങുക.) സന്ധിയിൽ നേരെമറിച്ചാണ്. (ഇയറുമതു, ഇയറുവതു)

'കൊട്ട' കൊണ്ട് എന്നതിന്റെ പ്രാചീനരൂപം. ഈ പാട്ടിൽ അത്മസാക്ഷാൽ കാരത്തിനു അഷ്ടാംഗ്രയോഗം ആവശ്യമാണെന്നു കാണിക്കുന്നു.

'കാമക്രോ.....ട്ടോർ' എന്ന ഭാഗത്താൽ യമവും

വിഷയാദികളി..... മെല്ലാം എന്ന ഭാഗത്താൽ നിയമവും; പ്രത്യാഹാരവും;

പ്രാണാ.....സമം ചെയ്ത്; എന്നതിനാൽ പ്രാണായാമവും; പുരുവത്തി..... നോക്കും ഉറച്ച് എന്നതിനാൽ ധാരണ, ധ്യാനം സമാധി, ആസനം ഇവയും ഏറക്കുറെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

പാട്ട് (ഫ്ര.) 'തവമുങ്കേം എന്ന പാഠം ഒന്നും ക്രുടിസ്വീകാര്യമാണെന്ന് പ്രസാധകൻ പറയുന്നു. എന്നാൽ മറേറപാഠമാണ് മൂലത്തിനോടു യോജിച്ചിരിക്കുന്നതു്.

'ഭോക്തുരം യജ്ഞതപസാം' എന്ന മൂലത്തിനു് യജ്ഞാദികം തവംഞാനം ഇവ ചേരുമതു് എങ്കൽ എന്ന തജ്ജ്ഞ. 'സവ്ലോകമഹേശ്വരം, എന്ന പദത്തിന്റെ അത്ഥത്തെയാണ് ഉലകം ചേരുമതു് എങ്കൽ എന്ന തജ്ജ്ഞമയാൽ കാണിച്ചിരിക്കുന്നതു്.

അത്ഥം. യജ്ഞം, ദാനം, തപസ്സ്, ഉലകം ഇവയെല്ലാം എങ്കലാണ് ചേരുന്നത്. എന്നറിഞ്ഞു് ഉണ്മജ്ഞാനപ്പൊരുൾ ധീരതയോടു കൂടി അറിഞ്ഞവർ, എന്നെ പ്രാപിക്കും. ധീരത = ധീരന്റെഅവസ്ഥ ധീരൻ = ബുദ്ധിമാൻ. "യജ്ഞാദികളുടെ ഭോക്തൃത്വമാണെന്നു" സാരം.

ഈ പാട്ടു വളരെ സാരഗർഭമായിട്ടുള്ളതാകുന്നു. 'യജ്ഞം തപസ്സ്', എന്ന പദങ്ങളുടെ അത്ഥം ശ്രദ്ധേയമാണു്. എല്ലാമതിരി ആരാധനകളും എന്നേത്തന്നേ പ്രാപിക്കുന്നു. എല്ലാമതങ്ങളുടേയും സാഹോദര്യത്തെ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. കർമ്മയോഗി പ്രാപിക്കുന്ന ദൈവവും ജ്ഞാനയോഗിപ്രാപിക്കുന്നദൈവവും ഒന്നുതന്നെയാണല്ലൊ. ഈ ആശയത്തെത്തന്നെ ഭഗവാൻ വിസ്തരിച്ചു മറെറാരിടത്തു് പ്രകാശിപ്പിച്ചിട്ടുണ്ടു്.

ചിലർ ജഹോവായേ പൂജിക്കുന്നു. മറെറ ചിലർ 'അള്ളാ, യെ സേവിക്കുന്നു; ഒരുവൻ വിഷ്ണുവിനെ ഭജിക്കുന്നു; മറെറാരുവൻ ശിവനേ ഉപാസിക്കുന്നു. എന്നാൽ വാസ്തവത്തിൽ എല്ലാവരും ഭജിക്കുന്നതു് ഒരു ദൈവത്തെത്തന്നെ. അഹോ! എത്രയോ ശതവർഷങ്ങൾക്കു മുമ്പിൽ മതങ്ങളുടെ സോദര്യഭാവത്തെപ്പററി ഭഗവാൻ ഉപന്യസിച്ചിരുന്നിട്ടും ഇന്നും നാം ചില ബാഹ്യങ്ങളായ ഉപാധികളെ അടിസ്ഥാനപ്പെടുത്തി പരസ്പരം ശണ്ഠകൂട്ടിക്കൊണ്ടിരിക്കുന്നല്ലൊ.

തപസ്സ്, എന്നു വെച്ചാൽ എന്താണെന്നു് ഗീതയിൽ ൧൭-ാം അദ്ധ്യായത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു.

"മനഃ പ്രസാദസൌമ്യത്വം മൌനമാത്മവിനിഗ്രഹഃ
ഭാവസംശുദ്ധിരിത്യേതത്തപോമാനസമുച്യതേ .

യജ്ഞശബ്ദംകൊണ്ടു് എല്ലാമാതിരി ആരാധനകളേയും ധരിക്കേണ്ടതാണെന്നു് ൪-ാം അദ്ധ്യായത്തിലെ ൨൮ മുതൽ ൩൩ വരെയുള്ള ഒരു ശ്ലോകത്തിൽ നിന്നോ അവയുടെ സംഗ്രഹമായ ൨൯ മുതൽ ൩൦ വരെയുള്ള പാട്ടുകളിൽ നിന്നോ ഗ്രഹിക്കാം.

അദ്ധ്യായം. ൯.

നണ്ണും = ധ്യാനിക്കും. എഴുത്തച്ഛന്റെ കാലത്തു ഈ പദം പ്രയോഗത്തിലിരുന്നു. (എന്നുള്ളിൽ നണ്ണി, ഭാരതം. ധാതു

(നം = നട്ട) അഞ്ചാം അദ്ധ്യായത്തിന്റെ ഒടുവിൽ സൂചിപ്പിച്ച ധ്യാനയോഗത്തെ പറഞ്ഞി ഭഗവാൻ ഉപദേശിക്കുന്നു.

ഉള്ളിൽ ഉണവോട്ടക്കുടി ഫലത്തെ ആശ്രയിക്കാതെ കർമ്മങ്ങളിയറവുന്നവൻ ജ്ഞാനിയുംയോഗിയും ആകുന്നു. 'സന്ന്യാസീചയോഗിശ്ച' എന്നാണ് മൂലം. ആ സ്ഥിതിയുള്ള ഭാഷാന്തരീകത്താവു ജ്ഞാനി, യോഗി, യജ്ഞാദികർമ്മം ചെയ്യുന്ന കാമി എന്ന മൂന്നുതരക്കാരും ഒന്നുതന്നെയെന്നു പറഞ്ഞിരിക്കുന്നതെന്തിനാണാവോ!

'ജ്ഞാനി' ശബ്ദത്താൽ കർമ്മസന്ന്യാസിയെയാണ് വിവക്ഷിച്ചിരിക്കുന്നത്. യോഗി = കർമ്മയോഗി എന്നത്രം. ചിത്തശുദ്ധിവിക്ഷേപാഭാവമത്രേയോഗം. ഇവിടെ ഫലത്യാഗത്തോടുകൂടിയ ചിത്തവിക്ഷേപത്തിന്റെ അഭാവത്താൽ കർമ്മയോഗത്തിനു 'യോഗം' എന്നു പേർനൽകിയിരിക്കുന്നു. അഥവാ യോഗിശബ്ദത്താൽ തജ്ജമക്കാരൻ രാജയോഗിയേയും യജ്ഞ.....കർമ്മി' എന്നവാക്കുകളാൽ കർമ്മയോഗിയേയും ആയിരിക്കാം വിവക്ഷിച്ചിരിക്കുന്നത്. വിനയമരു = വിനയം ധാരാളമുള്ള. പക:.....കാമമൊട്ട = ശത്രുക്കളൊട്ടു തുല്യമായ കാമത്തോടുകൂടി (ഫലാസക്തിയോടുക്കുടി)

പാട്ട-(ഛ)യോഗം വരുവാൻ = അന്തഃകരണശുദ്ധിരൂപമായ വൈരാഗ്യം ഉണ്ടാകുന്നതിനായിട്ടാണ് കർമ്മയോഗം ഇയറവുന്നത്. കർമ്മയോഗത്താൽ മനഃശുദ്ധിവന്നവിരാഗിക്ക് വിനകളൊക്കെ എരിപുക്ക് വിറകൊക്കും. (ദഹിച്ചു പോയവിറകിനു തുല്യമാക്കാം.)ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്ന് പിൻവലിച്ചും സർവ്വസങ്കല്പ സന്ന്യാസിയായ് ഫലാപേക്ഷകൂടാതെ പ്രവർത്തിക്കുന്നവൻ പരമയോഗിക്കും ഉപരിയാണ്.

പാട്ട-(ന) എല്ലാവരിലും വെച്ച് തന്നേ ശ്രേഷ്ഠനാകുന്നതും താഴ്ന്നുനിൽക്കുന്നതും താൻതന്നേയാണ്.

(താൻ = മനസ്സ്. ദേഹിയല്ല) ആത്മാ ശബ്ദത്തിനു സംസ്കൃതത്തിൽ മനസ്സ് എന്നും അർത്ഥമുണ്ട്.)തനിക്കു ശത്രുവായും മിത്രമായതും മനസ്സുതന്നേ മറെറാന്നുമല്ല.

"മനഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ" എന്ന ഉപനിഷദ്വാക്യം നോക്കുക.

തന്നേ മനസ്സിനെ അടക്കുന്നവൻ തനിക്കു ബന്ധു. അല്ലാത്തവർതന്നെ (തങ്ങടെകൂടെ)ക്കു ശത്രു. ഇന്ദ്രപദം ശബ്ദത്തിനും മനസ്സിനും ആത്മാവിനും തമ്മിലുള്ള വിരോധം എന്നുഅർത്ഥം പറഞ്ഞിരിക്കുന്നതു് ശ്രദ്ധക്കുറവു കൊണ്ടായിരിക്കാം.

സുഖം ദുഃഖം; ശീതം ഉഷ്ണം; ലാഭം നഷ്ടം ഇത്യാദികളാണു് ദ്വന്ദങ്ങൾ.

ജിതാത്മനഃപ്രശാന്തസ്യ പരമാത്മാ സമാഹിതഃ
ശീതോഷ്ണസുഖ ദുഃഖേഷു തഥാമാനാവമാനയോഃ.

എന്നമൂലം നോക്കുക.

വിനയവുമവനു് - ദ്വന്ദഭാവത്തോടു ക്രൂടാത്തവൻ എന്നു അർത്ഥംപറയുന്നതു കൊള്ളാമെന്നു തോന്നുന്നു. ഈ ഒടുവിലത്തെവരിയിലുള്ള അർത്ഥത്തെ തന്നെ അടുത്ത പാട്ടിൽ വിവരിക്കുന്നു. ഉണവു് - ബോധം. അറിവു് - ആത്മജ്ഞാനം. സ്വയംപ്രകാശജ്ഞാനസ്വഭാവമായ ആത്മാവിനെ യാതൊന്നിനും മറയ്ക്കാൻ സാധിക്കുകയില്ല.

പാട്ടു് (൪) ജ്ഞാനം - ശാസ്ത്രൈകതങ്ങളായ പദാർത്ഥങ്ങളുടെ ഔപദേശികമായ അറിവു്. വിജ്ഞാനം - സാക്ഷാൽകാരം. ജ്ഞാനവിജ്ഞാനങ്ങളാകുന്ന അമൃതത്തെ സേവിച്ചു് തൃപ്തനായി സകലത്തിലും സമബുദ്ധിയോടുകൂടി ഇരിക്കുന്നവൻ യോഗിയാകുന്നു. എന്നു സാരം.

ഇവിടെ അമൃതശബ്ദത്തിനു് നിർവാണം എന്നു അർത്ഥം കവിവിവക്ഷിച്ചിട്ടുണ്ടോ എന്നു സംശയമാണു്.

"ജ്ഞാനവിജ്ഞാനതൃപ്താത്മാ" എന്നു മൂലം.

പാട്ടു് (൫.) ഒരു നാളുമുറങ്ങാതെ - ഒട്ടും ഉറങ്ങാത്തവനാം. കൊതിപ്പെ.....ഴിഞ്ഞേ = അഹാര വിഹാരാദികർമം ഉറക്കം ഇവയെ ചുരുക്കയും പെരുക്കയും ചെയ്യാതെ ധ്യാനംശീലിക്കണമെന്നു് ഒടുവിൽ ചുരുക്കിപറയുന്നു.

പാട്ടു് (൬.) തൂയ = പരിശുദ്ധമായ (തൂയവെള്ള എന്നും മറ്റും ഇപ്പോഴും പറയാറുണ്ടു്.) വൈയം = ലോകം.(വൈയം എഴിലും ഇരുട്ടകറും രാമചരിതം.)

ഇന്ദ്രിയങ്ങൾക്കു വിഷയസ്പർശം, കൊണ്ടുണ്ടാകുന്നതായ അറിവിനെ അകറ്റ് പാരമാർത്ഥികജ്ഞാനം ഉണ്ടാകുമ്പോൾ അ

വൻ നിവാതസ്ഥമായ ദീപം പോലെ നിശ്ചലനായിഭവിക്കും. അതിനോടുകൂടി അവൻ ലോകം ഒട്ടുക്കു് നിറഞ്ഞിരിക്കുന്ന പ്രബ്രഹ്മത്തോടുചേർന്നു് പരമാനന്ദത്തെ പ്രാപിക്കും.

പാട്ടു്. (൯) അപ്പോഴുണ്ടാകുന്ന സുഖത്തെപ്പറഞ്ഞു വണ്ണിച്ചാൽ അവസാനമില്ല. അതിനുതുല്യം മറെറന്തു സുഖമാണുള്ളതു്. ഇന്ദ്രിയങ്ങൾ അവയുടെ വിഷയങ്ങളെപ്രാപിക്കാതെ ഇരിക്കുമ്പോൾ ഉണ്ടാകുന്ന സുഖമത്രേ യഥാർത്ഥസുഖം. മറെറാലൌകിക സുഖങ്ങളെല്ലാം തുച്ഛമാണു്. (വ്യർത്ഥമാണു്- അയഥാർത്ഥമാണു്.) സുഖദുഃഖാദി ദ്വന്ദ്വങ്ങളിൽ സമബുദ്ധിയോടുകൂടി ഇന്ദ്രിയമദാദികളെ അടക്കുന്നതാണു് യോഗം.

൧൦. ചാടുക = ചാണ്ടുക. നീടാർ = നീട്ടുള്ള നീളമുള്ള.

൧൧. അതുനില്ക്ക = അതുനില്ക്കട്ടെ. (നിയോജകപ്രകാരം)

എങ്കൽ = ആത്മാവിങ്കൽ. എന്നെ = ആത്മാവിനെ. യോഗി സർവ്വഭൂതങ്ങളേയും ആത്മാവിലും ആത്മാവിനെ സർവ്വഭൂതങ്ങളിലും കാണുന്നു.

'തത്ത്വമസി' എന്നാണു് വേദാന്തസാരം. ഇവിടെ തത്പദലക്ഷ്യോപസ്ഥിതിയെപ്പറകയാണു്. തൽഭൂതമഖിലത്തേയും - സ്ഥാവര ജംഗമ രൂപമായ ഭൂതങ്ങളിൽ ഭോക്തൃഭാവെന്ന നിലയിൽ സ്ഥിതിയും ഏകവും നിത്യവും വിഭുവും ആയ ആനന്ദഘനവും ആയ ആത്മാവിനെ സാക്ഷ്യങ്ങളായ അസത്യജഡപരിച്ഛിന്നരൂപങ്ങളിൽനിന്നു് തിരിച്ചറിയുകയും; സാക്ഷിയായിരിക്കുന്ന ആത്മാവിൽ ഭോഗ്യതയാ വർത്തിക്കുന്ന സാക്ഷ്യങ്ങളായ ഭൂതങ്ങളേ പരിച്ഛിന്നങ്ങളായും ജഡങ്ങളായും ദുഃഖാത്മകങ്ങളായും വിവേചിക്കുകയും ചെയ്യുന്നവനാണു് യോഗി. ആദ്യത്തെ അദ്ധ്യായംകൊണ്ടു തത് പദാർത്ഥത്തിനേയും ത്വം പദാർത്ഥത്തിനേയും വിവേചിച്ചു പറയുന്നു.

എല്ലാവയിക്കിട = പ്രാചീന മലയാളത്തിൽ 'ൽ' ന്റെ പിമ്പു് കവർഗ്ഗംവന്നാൽ അതു് ങ്കാരമായ്മാറുകപതിവായിരുന്നു.

കൽ + ക്കുളം = കൻക്കുളം.

എല്ലാററിനും ഉള്ളിൽ ആത്മാവിനേയും.

ഒക്കയും പാട്ടു് = എല്ലാററിനേയും തന്നുള്ളിലും. കേടാർ ചെയ്യും എന്ന പാഠമാണു് മൂലത്തോടു് അടുത്തതു്. ഞാൻവി

ചാരിച്ചാൽ അവനും അവൻ വിചാരിച്ചാൽ എനിക്കും കേട്ടു ചെയ്യാൻ സാധിക്കുകയില്ല.

൧൪. കരണാദികം = ജ്ഞാനേന്ദ്രിയങ്ങൾഅഞ്ചു; കർമ്മേന്ദ്രിയങ്ങൾ അഞ്ചു; മനസ്സു; ബുദ്ധി; അഹങ്കാരം; മഹൽ ഇവയാണ് പതിന്നാലുകരണങ്ങൾ.

൧൫. വിയനോട്ടം = ശ്രദ്ധയോടുകൂടി. വിടനായ് = മനസ്സു് ചലിച്ചു്

ശ്രദ്ധയോടുകൂടി യോഗം ചെയ്തു കൊണ്ടിരിക്കേ ഒരുവൻ ചഞ്ചലബുദ്ധിയായും വിഷയാദികളാൽ മോഹിതനായും ഭവിച്ചു് ഉയിർ പോയാൽ അവന എന്തു ഗതിയാണെന്ന അർജ്ജുനൻ ചോദിക്കുന്നു.

ഉവക്കുക = സ്തുതിക്കുക, സ്നേഹിക്കുക.
മാമുനിവർ ഉവന്തു (രാമചരിതം)
ഞങ്ങൾ ഉവന്തോരു കേശവൻ (കൃഷ്ണഗാഥ)
ഓമനയെന്ന പദം ഇതിൽ നിന്നുണ്ടായതാണ്.
തവിരെ - ഒഴികെ (തവിർക്ക എന്നധാതു)

രാമചരിതം.

——:o:——

കവിയും കവിയുടെ കാലവും.

പ്രസ്തുതഗ്രന്ഥത്തിന്റെ കർത്താവു് "ആതിതേവീനിലമിന്ന മനക്കാമ്പുടയ ചീരാമ"ൻ ആണെന്നു നമുക്കു ഖണ്ഡിതമായറിയാം. പക്ഷേ അദ്ദേഹം അരായിരുന്നുവെന്നും എപ്പോൾ ജീവിച്ചിരുന്നുവെന്നും തീർച്ചപ്പെടുത്തുവാൻ തരമില്ല. അനന്തശായിയെ സ്തുതിക്കുകയും തന്റെ നാമത്തോടു് ശ്രീ എന്നു പദംചേർക്കുകയും ചെയ്തിരിക്കുന്നതുകൊണ്ടു് ഇതിന്റെ കർത്താവു് ശ്രീരാമൻ എന്നു പേരുള്ള ഒരു മഹാരാജാവായിരിക്കണമെന്നു പ്രസാധകൻ ഊഹിക്കുന്നു. കൊല്ലം നൂറ്റെ-ൽ ഒരു വീരരാമവർമ്മ മഹാരാജാവു്. രാജ്യം ഭരിച്ചിരുന്നതായ് ശിലാശാ

സ്നങ്ങളിൽ നിന്നും കാണുന്നതിനാൽ അദ്ദേഹമായിരിക്കാം. രാമചരിതകർത്താവു്.

അന്തരമായതെളിവുകളെല്ലാം ഈഅഭ്യൂഹത്തിനു് അനുകൂലമായിരിക്കുന്നു. പോർത്തുഗീസ്സുകാരുടേ പ്രവേശനത്തിനുപിമ്പാണ് ഈഗ്രന്ഥം രചിക്കപ്പെട്ടതെന്നു കാണിക്കുവാൻ യാതൊരു ലക്ഷ്യവും ഇതിലില്ല. കമ്പരുടെ കാലത്തോ അതിനിപ്പുറമോ ആണെന്നു സ്ഥാപിയ്ക്കുവാൻ തെളിവുകൾ ഉണ്ടുതാനും. അതുകൊണ്ടു് പ്രസ്തുതകവി ക്രി- വു 16-ാം ശതവർഷത്തിൽ ജീവിച്ചിരുന്നുവെന്നു വിചാരിക്കുന്നതിൽ അസാംഗത്യമില്ല.

കണ്ണശ്ശപ്പണിക്കരുടേയും അയ്യപ്പിള്ളി ആശാന്റേയും പാട്ടുകളിൽ "ദ്രാവിഡ സംഘാതാക്ഷര നിബന്ധമെന്നുകമോനവൃത്തവിശേഷയുക്തം പാട്ടു്" എന്ന ലക്ഷണത്തെ ലംഘിച്ചിരിക്കുന്നതിനാൽ അവർ ലീലാ തിലകകാരനേക്കാൾ അർവാചീനരായിരിക്കണം. ലീലാതിലകം കൊല്ലവർഷം 18-ാം ശതവർഷത്തിനിപ്പുറം രചിക്കപ്പെട്ടതാണെന്നു സ്ഥാപിക്കുവാൻ മതിയായതെളിവുകൾ ഉണ്ടു്. ഉണ്ണുനീലിസന്ദേശത്തിൽ നിന്നും അതിൽ ശ്ലോകങ്ങൾഉദ്ധരിച്ചിട്ടുണ്ടു്. അതിനും പുറമേ രവിവർമ്മചക്രവർത്തിയുടെ അപദാനങ്ങളെ വർണ്ണിയ്ക്കുന്ന ശ്ലോകങ്ങളും അതിൽ കാണുന്നു. ഉണ്ണുനീലിസന്ദേശം 15-ാം ശതവർഷത്തിന്റെ അന്ത്യദശയിലുണ്ടായതാണെന്നു് ആറ്റൂർ കൃഷ്ണപിഷാരടിഅവർകൾ തെളിയിച്ചിട്ടുണ്ടു്.

കേവലം ഭാഷാവിഷയകമായ സംഗതികളെ അടിസ്ഥാനപ്പെടുത്തി ഒന്നും പറയാവുന്നതല്ല. കണ്ണശ്ശപ്പണിക്കാരെക്കാൾ അർവാചീനനായ അയ്യപ്പിള്ളി ആശാന്റെ രാമകഥയിൽ ദ്രാവിഡശൈലികൾക്രമത്തിലധികം സ്ഥലംപിടിച്ചിരിക്കുന്നതു നോക്കുക. രാമചരിത കർത്താവും തമിഴ് ദേശങ്ങളോടു വളരെ അടുത്തുള്ള ഒരു പ്രദേശത്തു ജീവിച്ചിരുന്നതിനാൽ അതിൽ തമിഴ പദങ്ങളും രൂപഭേദങ്ങളും ധാരാളമായ് സംക്രമിച്ചിരിക്കുവാൻ ഇടയുണ്ടു്.

രാമചരിതം കൊല്ലത്തിന്റെ പിൽക്കാലത്തിലേ അവസാനകൃതിയായിരിക്കണം. സംസ്കൃതപ്രത്യയങ്ങളെ ദ്രാവിഡപ്രകൃതികളോടു ചേർക്കുന്ന സമ്പ്രദായം പോലും അതിൽ കാണുന്നുണ്ടു്

(വയ്യുവായനമ) അനുനാസികാതി പ്രസരാദി എല്ലാം നയങ്ങളും അന്ന വ്യാപരിച്ചിരുന്നു.

അനുനാസികാതിപ്രസരം

(ക.) അയഞ്ഞ മാനതകാമ്പൊട്ട് (ഞ്ച = ഞ്ഞ)
(ഖ.) ഉയത്തിയങ്ങറന്താർ (ങ്ക = ങ്ങ)
(ന.) എഴുന്നിത്ത നളനെന്ന മരിവരനാൽ (ൻറ = ന്ന)

താലവ്യഭേദം

(ക) അവനോട്ടം വച്ചികൽകിട്ടിനാൻ(വൈത്ത = വെച്ചി
(ഖ.) തളപിരിഞ്ഞിളകിനകടൽ (പിരിയ്ന്ത് = പിരിഞ്ച്. പിരിഞ്ഞു)
(ന.) മികച്ച വന്ത പകച്ച.

സ്വരസംവരണം.

)ക) അരുതിവന്നണന്ത (അണൈന്ത അണന്ത)
(ഖ) മലമേൽ മലയെന്ൻ. (മലൈ മല)

പുരുഷഭേദനിരാസം.

(ക)ഞാങ്ങൾം.....പുകുന്നിത്ത
(ഖ) വളർതര.....തളന്ത ചെന്നുടൻ
മനവുമഴിന്ത.
(ങ.) ഖിലോപസംഗ്രഹം,
അറിയിപ്പാൻ ഞാൻ അവൻ.
(ന.) അംഗഭംഗം.
ചാമ്പവാനെൻറിടത്തുനിൻറവനുനാമം.

ഇതിനും പുറമേ പുരുഷപ്രത്യയങ്ങളെ ചില സ്ഥലങ്ങളിൽ തെറ്റിച്ചും പ്രയോഗിച്ചിട്ടുണ്ട്. ഈ കാരണങ്ങളാൽ വ്യവഹാര ഭാഷയിൽ അധുനികരൂപങ്ങളാണ് പ്രചുര പ്രചാരമായിരുന്നതെന്ന ഊഹിക്കാം.

വൃത്തങ്ങളം മാത്രാവൃത്തങ്ങളല്ല. എല്ലാം അച്ചം രൂപാന്തര പ്പെട്ട് ഇപ്പോഴും നിലനില്ക്കുന്നു. മൂന്ന് - അഞ്ച് - പതിനഞ്ച് - ഇരുപത്തെട്ട് - ഈ വൃത്തങ്ങളം സന്ധ്യാകാലത്ത് ചൊല്ലിവരുന്ന ഒരുമാതിരി കീർത്തനത്തിന്റെ മട്ടിലാണ് എഴുതപ്പെട്ടിരിക്കുന്നത്.

— ∪ ∪ ∪ — ∪ ∪ ∪ — ∪ ∪ ∪ — —
മ ന്ന വർ പി രാ നൊ ട്ട വ ഴ ക്കി ന്ന മ തിന്നാൽ

— ∪ ∪ ∪ — ∪ ∪ ∪ — ∪ ∪ ∪ — —
എ ന്ന ക രു മം വ രു മ തെ ന്ന വി ട മെ ല്ലാം.

(ന്നാം പടലം) ഇതു ഇന്ദുവദന തന്നെ.

ഉരപ്പു തടിയേനൊളികിളർന്ത വളർചൂലം-
തരിത്തലറു മെന്നൊട്ട തലപ്പെട്ടകിലിപ്പോഠം
കുരക്കുപടയും കൊടിയ മന്നവരുമൊന്നി-
ച്ചിരിക്കുമിടമായ് മുടിയു മിന്നുതരമിന്നേ.

എല്ലാവരിലും ' ജസന്നഭയ , ഇന്ന് അഞ്ചുഗണങ്ങളം കാണുന്നു. ആദ്യത്തെ ലഘുകളഞ്ഞാൽ അതും ഇന്ദുവദനതന്നേ. ഇവിടെ ഇന്ദുവദനയോട്ട സാദൃശ്യം വന്നതു, യാദൃച്ഛികമായിട്ടാകുന്നു. സംസ്കൃത മാത്രാനിയമങ്ങളെമനഃപൂർവ്വം അനുസരിച്ചുതായ്ക്കരാൻ തരമില്ല. ഒന്നാം പടലം. നാം എന്നും ചൊല്ലിവരാറുള്ള കീർത്തനത്തിന്റെ മട്ടതന്നെ.

രണ്ട് - ഏഴ് - പത്തു് - പതിന്നാല് - ഇരുപത്തഞ്ചു് - ഇരുപതേഴ് - ഇരുപത്തൊൻപതു് ഈ പടലങ്ങളും നടപ്പിലിരിക്കുന്ന ഒരു മട്ടിലാണ് എഴുതപ്പെട്ടിരിക്കുന്നതു്. ശബരിമലയ്ക്കു പോവാൻ വ്രതം എടുത്തിട്ടുള്ളവർ വെള്ളം കുടി ദിവസ്സം ആഴിയ്ക്കുമുറയും പാടിവരാറുള്ള കീർത്തനത്തിന്റെ രീതി ഇതുതന്നെയാകുന്നു.

(ഹരിഹര സുതനേക്കാണ്മാൻ — മണ്ഡലം നോമ്പു തോറും ഇത്യാദി)

ഓരോ പാദവും നടുവിൽവെച്ചു് മുറിയുന്നു. പാദാരംഭങ്ങൾ രണ്ടും ഒരേ അക്ഷരംകൊണ്ടു് ആരംഭിയ്ക്കണമെന്നും നിബന്ധനയുണ്ടായിരുന്നു.

ഇതു കേകയായ് പരിണമിച്ചിരിയ്ക്കാൻ ഇടയുണ്ടെന്നു പരമേശ്വരയ്യരവർകൾ പറയുന്നു.

പതിമ്മൂന്നാം പടലം എന്നുണ്ണികൃഷ്ണനേ കാണുമാറാകണം. എപ്പൊഴുമങ്ങനേ കാണുമാറാകണം; എന്ന പ്രസിദ്ധമായ കീർത്തനത്തിന്റെ രീതിയിലാണ്. ഈ പടലത്തിലുള്ള പാട്ടുകളുടെഓരോ പാദത്തിലും ഹ്രസ്വാക്ഷരങ്ങൾ കാണുന്നു. ഏഴാമത്തെ അക്ഷരത്തിൽ യതിയുണ്ട്. ഈ വൃത്തത്തിനു മണികാഞ്ചിയോട് സാദൃശ്യം ഉണ്ട്.

ഇരുപത്തിരണ്ടാം വൃത്തത്തിനു് മഞ്ജരിയോട്ട് സാദൃശ്യം കാണുന്നില്ല. നേരെമറിച്ച് മല്ലികയോടാണ് അല്പമെങ്കിലും സംബന്ധമുള്ളതു്.

ഹരശംകര ശിവശംകര ഹരിതം കളശിവനേ
ശിവപാദത്തണ വാനൊരുവഴി തേടുകമനമേ.

എന്നകീർത്തനത്തിന്റെ രീതിയിൽ ഈ പാട്ടുകളേചൊല്ലണം.

ഇരുപത്തിനാലാം പടലത്തെ'നരനായിങ്ങനെ ജനിച്ചുഭൂമിയിൽ നരകവാരിധിനടുവിൽ ഞാൻ എന്നമട്ടിൽ ചൊല്ലുക. ഇതിനും പാദമധ്യത്തിൽ യതിയുണ്ട്.

പതിനേഴാംപടലത്തിനു് കുസുമമഞ്ജരിയോട്ട് സാദൃശ്യം ഉണ്ട്.

രാമചരിതം.

ഇരുപത്തിഒന്നാം പടലം

ഇതിലെ വൃത്തത്തിനു് തരംഗണീ വൃത്തത്തോട്ട് അല്പസാദൃശ്യമുണ്ട്.

ഉ.ഉ. അണ്ണന്ത-അണ്ണഞ്ഞ (അണ്ണൈന്ത; അണയ്ന്ത സ്വരസംവരണത്താൽ അണ്ണന്ത; താലവ്യദേശത്താൽ അണഞ്ഞ; അനുനാസികാതി പ്രസരത്താൽ ആണഞ്ഞ)

മാരുതിക്കഞ്ഞി-മാരുതിയോട് തോറ്റ്.

അവരെരക്ഷിക്കാമെന്നു വിചാരിച്ച അകമ്പനൻകണകാം തുകി

ഉടത്തു-സ്വരസംവരണത്താൽ 'ഉടൈത്തു' എന്ന പദം 'ഉടത്തു'

എന്നായ്. പന്നീടുതാലവ്യദേശംകൊണ്ടു, ഉടച്ചുഎന്നും. അണ്ണ യാക്കി-മലത്തി വീഴ്ത്തി. എണ്ണിലാ.....വിഴ-ആയിരം ക ഷണമാകുത്തക്കവണ്ണം (തല്ലി)

൨൨൩. തന്നക്ക്-തനിക്ക്. 'തല്ലുകൊണ്ടു" എന്നുവേണം അല്ലലീടി-അല്ലൽ വർദ്ധിച്ചു.

൨൨൪. ഒട്ടലർ-ശത്രുക്കൾ. 'തുടന്നിട്ടു" എന്നു വേണം. വീട്ട്. പൂമളം, - എഞ്ഞൂറാളം

ഓടിത്തുടങ്ങിയ ശത്രുക്കളെ കപികൾ പിന്തുടന്ന് മാട്ടം മ ലയും പറിച്ചെറിഞ്ഞു പുറകെക്കൂടി. അവർ (രാക്ഷസർ) വിടെ ത്തുന്നതുവരെ ഇങ്ങനെ പിന്തുടന്നിട്ടു തിരിച്ചു പോന്നു (ഇതുമൂ ലത്തിലില്ലാത്തതാണ്. ഭടന്മാരുടെ ധീരതയേ ഉത്തേജിപ്പിക്കു വാനായീ. ഇങ്ങനെ ചിലതെല്ലാം ഗ്രന്ഥകർത്താവു് കൂട്ടിയിട്ടുണ്ടു്.

൨൨൬. പുകണ്ണാർ - പുകൾ + ന് + തു + ആർ - പുക ൺ + ന്തു + ആർ - പുകൺ + ണ + ആർ - പുകണ്ണാർ

ആധുനികരൂപം പുകൾത്തി ഇങ്ങനെ തന്നെ വീണ്ടു അ മിണ്ണ എന്നൊക്കെ പ്രയോഗമുണ്ടായിരുന്നു.

അമൃതജലധൌഹന്ത വിണ്ണേനമിണ്ണേൻ

കനം..... വിപിഴണൻ- വളരെ ശ്രേഷ്ഠനായ വിഭീഷണൻ മന്നോർ മന്നൻ-ശ്രീരാമൻ

൨൨൯. തമ്പിരാൻ-തമിഴിലെ ഇകാരം പലപ്പോഴും മ ലയാളത്തിൽ ഉകാരമായിട്ടുണ്ടു്. 'തമ്പുരാൻചെയ്യും'അല്ല 'പെ യ്യുമാണ്. വേന്തനോടു് എന്നായിരിക്കുമോ? അല്ലാത്തപക്ഷം ആ ശബ്ദത്തിനു് വാക്യത്തിൽ യാതൊരുഗതിയും കാണുന്നില്ല. അരചനോടുനേക്കു നേർ അനുകളേവഷ്ടിച്ചതായ അകമ്പന നേ ബലവാനായ ഹനുമാർ നിഗ്രഹിച്ചതിനെ രാക്ഷസർ വേഗ ത്തിൽ രാവണനെ അറിവിച്ചു. ഇയമ്പുക-പറയുക

൨൩൦. ഇയമ്പുമവ്വളവു്-പറഞ്ഞ അവസരത്തിൽ. തുയ ങ്കി-മോഹിച്ചു. ഇടിന്ന - വർദ്ധിച്ച മൂട്ടു്-താപം (ദുഃഖം) (തുയ ൽ ശബ്ദത്തിനു മോഹാലസ്യംഎന്നും, ഉറക്കമെന്നും അർത്ഥമുണ്ടു

'പാലാഴിയിൽ തുയിൽ കൊള്ളുന്ന' (ഭാരതം) തുയിലെഴു ന്നെഴുമന്ന രാമചരിതം) വീഴ്ന്തനൻ-വീണു മൂഴ്ന്ത-മു

ററിക്കുട്ടിയ. ക്രൂറി-പറഞ്ഞു 'നിശാചരരൊക്കയും ക്രൂറിക്കപിതരാ
യ്" (കേരളവമ്മരാമായണം) വിനവിനർ-ചോദിച്ചു, കേട്ട

ഉറവു. പോന്തിതംകൊം എന്നതു് ലേഖക പ്രമാദമാ
യിരിക്കാം. കവി ഒരിടത്തും ദ്വിതിയാക്ഷരപ്രാസം വിട്ടുകളഞ്ഞി
ട്ടില്ല. എന്നുമാത്രവുമല്ല അനുപയത്തിനു വിഷമവുമുണ്ടു്. 'പോ
ന്തുറങ്ക' എന്നായിരിക്കണം പാഠം. മൂലത്തിലുംഅങ്ങനെയാണു
കാണുന്നതു്. ക്രൂരിരും വ്യാപിയ്ക്കുവേ രാക്ഷസർ ശത്രുഭയ
ത്തോട്ടക്രൂടി പോയി ഉറങ്ങിയപ്പോം സൂയ്പ്പുനദിച്ചു.

കൂറവുള്ളിടങ്ങളിലെല്ലാം രാവണൻ സൈന്യത്തെക്രൂട്ടി.

ഉഉൻ. കുലപ്പുതു - ഇളക്കുന്നതു്. തരിത്ത - ധരിച്ചു ഒ
രിക്കം - തയ്യാർ ഒരക്കണം - ഒരുനിമിഷം.

ഉനുഠ. ഒടുക്കുവേവേണ്ടും - ഒടുക്കേണം.

പ്രകാരം എന്ന ഒരു ഇനത്തേ തമിഠംവൈയാകരണന്മാർ
സ്വീകരിച്ചിരുന്നില്ല. വിധായകപ്രകാരാത്ഥത്തേ കറിക്കുന്നു
തിനു് 'വേണം' എന്ന ക്രിയയുടെ ഭാവിരൂപത്തെ പ്രധാനക്രി
യയോടു് ചേക്കയായിരുന്നു പതിവു്, മലയാളത്തിൽ 'വേണം'
എന്നക്രിയതന്നെ തേഞ്ഞുമാഞ്ഞു ഇപ്പോം ഒരു പ്രത്യയത്തി
ന്റെ രൂപം പ്രാപിച്ചു.

എന്റെറല്ലാം - എന്നെല്ലാം.

ഉനുഥ. വെളിവിട്ട - വെളിയിൽവിട്ടു്.

ആവളവും - കഴിയുന്നിടത്തോളം. (ആ മളഎന്നരൂപം
ആ വളവു് എന്നായതുനേക്കുക.)

വിരൈന്തു്.

വിരന്തു് - (+വിരയ്ന്തു, വിരന്തു; വിരഞ്ചു് വിരഞ്ഞു്)
വേഗത്തിൽ. ആവി - മനസ്സു്. ഏകുക - പറയുക. ('ര
ണ്ടുവാക്കേകുവാൻബന്ധം പറകനീ;' വിലപപുരാണം.)

ഇരുപത്തിരണ്ടാം പടലം.

ഒൺ - ഭംഗിയുള്ള ('ഒണ്ണുതലാം' എന്നപ്രയോഗം നോ
ക്കുക.)

കടൈന്തു; കടന്തു എന്ന രണ്ടുപദങ്ങളും കാലക്രമേണ 'ക
ടന്തു' എന്ന ഒരേരൂപത്തെ അവലംബിച്ചു. ആദ്യത്തേതു് അ
കാരിതവും രണ്ടാമത്തേതു കാരിതവും ആകുന്നു. കാരിതധാതു

ഹ്രസ്വമായ അകാരത്തിൽ അവസാനിക്കുന്നതിനാൽമറേറ ധാതുവിനെപ്പോലെതന്നെ "അതിലും ഭൂതകാലപ്രത്യയം 'ന്ത' ആയി. ഒന്ന തവർഗ്ഗോപമർദ്ദത്താൽ 'കടഞ്ഞു'എന്നും; രണ്ടാമത്തതു അനുനാസികാതിപ്രസരത്താൽ കടന്നുഎന്നും രൂപാന്തരപ്പെട്ടു. 'കടൈന്ത' എന്ന പദത്തിൽ സ്വരസംവരണം, താലവ്യാദേശം അനുനാസികാതിപ്രസരം എന്നീ മൂന്നനയങ്ങൾമുറയ്ക്കു പ്രവർത്തിയ്ക്കുന്നുണ്ട്. 'കട' ധാതുവിൽ ഒന്ന മാത്രമേയുള്ള. ഇങ്ങനെ മറൈന്ത, 'മറന്ത' പറൈന്ത, 'പറന്ത' ഇത്യാദി ധാതുക്കളേയും കാണുക.

എൻറ - എന്നുവിചാരിച്ചു. തേവനായകർ തിക്കിനിൽ - കിഴക്കേടിക്കിൽ. തിറം - സാമർത്ഥ്യം. നാൽവർഅമച്ചർ - നാലമാത്യന്മാർ. വന്തുളരായ് - വന്നുചേർന്ന. കൈവണങ്ങിയ രാക്ഷസപ്പടയേകണ്ടു് തങ്ങൾക്കു് ഇനിവേഗത്തിൽ വിജയം ഉണ്ടാകും എന്നുള്ള വിചാരത്തോടുകൂടി പ്രഹസ്തൻ തേരിൽ കയറി. കിഴക്കേടിക്കിൽ നാലമാത്യരുംപ്പെടെ അഞ്ചുനായകന്മാർ പോക്കളത്തിൽ വന്നുചേർന്ന.

ഉനർ. അടു.....നേരം - അടുത്തു വന്നുചേർന്നസമയം. അരുക്കമണ്ടലം - സൂര്യമണ്ഡലം. അങ്കിനേർ - അഗ്നിക്കു തുല്യമായ്. തുടുക്കണൈച്ചുവന്ന - വളരെച്ചുവന്ന. 'തുടുക്കുക' എന്നക്രിയക്കു 'ചെമക്കുക, എന്നർത്ഥമുണ്ടു്. ആദിത്യൻ കിഴക്കുതുടുക്കെന്നുദിച്ചു." "ഉണ്ടോനേരത്തുടുക്കും തളിരൊടമരടിക്കും ചൊടിയ്ക്കും ചൊടിയ്ക്കും. (കണ്ടത്തിൽ നാരായണമേനോൻ.)

ചുവന്ന - എന്നു് പുരുഷപ്രത്യയം ക്രടാതെ ക്രിയാപദത്തെ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. 'ചുവന്ന' എന്നപദത്തെ 'ചെമന്ന.' എന്നാക്കുവാൻ പലരും ശ്രമിക്കുന്നുണ്ടു്. വാസ്തവത്തിൽ 'ചെം' എന്നധാതുവിൽ നിന്നാണു് ഈ പദം ഉണ്ടായതു്. എന്നാൽ അനേകവർഷ ശതങ്ങൾക്കുമുമ്പു തുടങ്ങി 'ചുവന്ന'. 'ചുവപ്പു' എന്നൊക്കേ കവികൾ പ്രയോഗിച്ചുവന്നതുകൊണ്ടു് ഇതിനു പൂർവ്വവേഷം നൽകാൻ ഒരുമ്പെടുന്നതു ന്യായമെന്നു തോന്നുന്നില്ല. ധാതുനോക്കി രൂപം സംസ്കരിക്കാൻ തുടങ്ങുന്നപക്ഷം പലശബ്ദങ്ങളുടെ രൂപം കണ്ടാലറിയാൻ പാടില്ലാത്തവിധം മാറിപ്പോകും.

തുയവാചി.....പടിഞ്ഞ - നല്ലകുതിരകളെല്ലാം ഭൂമിയിൽ പടിഞ്ഞു (പതിച്ചു,) വെള്ളക്കുതിരകൾ എന്നുമാവാം.

പുള്ളിനങ്ങൾ (പക്ഷികൾ) തട്ടുത്തുപറഞ്ഞു.

'തേരിന്റെനേക്കു വട്ടത്തിലിടംവെച്ചിതു പക്ഷികൾ' എന്നാണുമൂലത്തിൽ. അടുത്തനൻ - അടുത്തു.

൨൧൭. രാക്ഷസന്മാരുടെ കരങ്ങളിലിരുന്ന കൊടികളും ആയുധങ്ങളും ഗളിച്ചു് തറയിൽ പലവട്ടം വീണു.

കെലിത്തു-ഗളിച്ചു് എന്നതിന്റെ തത്ഭവം നിമിത്തങ്ങൾ-ദുർന്നിമിത്തങ്ങൾ പരി-മാതിരി ഇതിന്റെ നാമരൂപമാണു് (പരിച്ചു) പരിയുക്ക ഭംഗിയുള്ള, എന്നും അർത്ഥമുണ്ടു്. പിഴത്തവൻ-പിഴച്ചവൻ. അനാദരിച്ചു. എന്നുവേണം ഒലികൊൾ - ആർത്തു വിളിയുക്കുന്ന ഒട്ടം-പന്തയം ഇകൽ കിട്ടിനാൽ-യുദ്ധംചെയ്താൽ.

൨൧൮. അരചക്കുകോൻ--ശ്രീരാമൻ കൈച്ചില-വില്ലു് വേന്തർകുലോത്തമനു്- ക്ഷത്രിയകുലോത്തംസമായ രാമനോടു്

൨൧൯. മൂൻറു...മൊൻറി- രാക്ഷസസൈന്യത്തിന്റെ മൂന്നുക്രൂരും (മുക്കാൽഭാഗവും) ആറണിന്തരൻ -ആറുചൂടുന്ന ഹരനോടു എതിർത്താലും കുറവുവരികയില്ല. (കുറയാൻ)കുറവുവരികയില്ല. അത്തിരവിത്തു-അസ്ത്രവിദ്യ. അസ്ത്രജ്ഞൻ

പൈന്തേറൽ തേറുമവർ-നല്ല ആത്മവിശ്വാസവും ധൈര്യവും ഉള്ളവർ

തേറൽ ശബ്ദത്തിനു് അമൃതം-തേൻ ധൈര്യം എന്നൊക്കെ അർത്ഥമുണ്ടു്

(ഫ) ഓമനവായ്മലർ തേറൽ വാണേറവും (കു ഗാഥ)
ആനന്ദത്തേറൽ മാനസമാം വണ്ടുണ്ടു (കു ഗാഥ)

ആറും നാലും ഇരിപ്പടം-ആറുനയങ്ങളുടേയും നാലുപായങ്ങളുടേയും ഇരിപ്പടം

നഗരത്തിലെ എന്നായിരിക്കുമോ?

൨൨൧. വൻറ + ആറ്-വൻറവാറ് പേരച്ചത്തിനു് പരമായ് സ്വരം വന്നതുകൊണ്ടു് വകാരംആഗമം. ആറ്-വിധം മികവെഴിൻറ-മികവെഴുന്ന (വർദ്ധിച്ച) വിരവു്-വേഗം വകാടം എന്നതു ഉൽക്കടം ആയിരിക്കുമോ? അകമിഴിത്തു് ധൈര്യം വിട്ടു്.

൨൩൯. ഇനിയ തുളി-നല്ലധൂളി(പൊടി). കാണരുതാമ യാൽ-കാണരുതായ്കനിമിത്തം. ചിനമിണങ്കും-കോപത്തോടുക്കൂടി യ 'ഏററം ചിനത്തോടുനിന്നു' എന്നഭാരതം.മൻറിടം-ഭൂമിയിൽ മന്നു' എന്നപദത്തെ മൻറ' എന്നാക്കിയത്തോക്കുമ്പോൾ അന നാസികാതി പ്രസരം രാമചരിതത്തിൻെറ കാലത്തിനു വളരെ മുമ്പു തന്നെ വ്യാപരിച്ചിരുന്നുവെന്നു കാണാം. നാടോടി ഭാഷ യിൽ 'ന്ന' ആയിരുന്നതിനെ യാഥാസ്ഥിതികന്മാരായ കവിക ൾ 'ൻറ' ആക്കീട്ടുണ്ടു. ആക്രോശത്തിൽ മന്നു'' എന്ന ശബ്ദം മൻറ് എന്ന തമിഴ പദത്തിൽ നിന്നുണ്ടായതാണെന്നു ഭ്രമിച്ചു അങ്ങ നെ പ്രയോഗിച്ചു പോയതായിരിക്കാം. കനിവു ആണോ? തു നിവു അല്ലേ? കനിവോടുക്കൂടി പൊരുതുന്നതിനു് വല്ല ഹേതുവു മുണ്ടോ?

൨൪൦. ചെഞ്ചോരി-രക്തം

൨൪൧. ഇതംകൊൾ-ഹിതംകൊണ്ടു തുരന്തരൻ-ധുരന്ധര ൻ (സമർത്ഥൻ) ഉലകു.....പോക്കിനാൻ-നരാന്തകനായ ഒ രു രാക്ഷസനെ നിഗ്രഹിച്ചു. ഭൂമിയുടെ ദുഃഖത്തെതീർത്തു തമുന്ന തനെൻറ-സമുന്നതൻ എന്ന. ആക്കം-ബലം. ഐശ്വര്യം; വാ ക്കു.....നരകനെ-മഹാനാദനെ ജാംബവാൻ നിഗ്രഹിച്ചു നറുങ്ങു-കഷണം (അല്പം എന്നും അർത്ഥമുണ്ടു്) തിണ്ണംവിളങ്ങി നറുങ്ങി നിന്നാൾ

൨൪൨. അരിവരൻ-ഹരിവരൻ (ജാംബവാൻ). ജാംബ വാൻ ഈ രാക്ഷസനെ നശിക്കിഎന്നറിഞ്ഞ ഉടനെ മൈന്ദൻ ഒരുമലയെടുത്തെറിഞ്ഞ് അറിവിനു നിധി' എന്ന പ്രസിദ്ധ പ്പെട്ട കുംഭഹനുവിനെ നിഗ്രഹിച്ചു. മൂലത്തിൽ ''കുംഭഹനുവി നെ നിഗ്രഹിക്കുന്നതു് താരനാണ്. കറയറ-ക്കറക്കുടാതെ അമ ച്ചർ-അമാത്യർ എന്നപദത്തിൻെറ തത്ഭവം

൨൪൪. മടവിനം-മടങ്ങുന്ന (തോറുപോകുന്ന). അളവും അറുതിയും അററ -അളവും അവസാനവും ഇല്ലാത്ത കുതർന്തു-കുതന്ത (എതിർത്തു). എല്ലാരോടും കുതറി ഹരിനാമകീർത്തനം ഒളികിളർ-പ്രകാശം വർദ്ധിച്ചു. ഒട്ടലർ-ശത്രുക്കൾ

൨൪൫. ഒലിയെഴ-ഒലിയെഴുത്തക്കവണ്ണം-ഹിരം ..... മുകുടം -കൊടുമുടിയോടുക്കൂടിയവന്മലയുടെ അഗ്രഭാഗം. വളർച്ച

രമാരി - ഉഗ്രമായ ശരവർഷം. തുണിചെയ്യ - മുറിക്ക (നാമത്തു പം തുണ്ട്.)

പ്രഹസ്തൻ ശരമാരിയാൽ മലയെ നുക്കീട്ട് നീലന്റെ മെയ്യിൽ കണകാം പൊഴിച്ചു. ഇടി.....വെഴ-ഇടിനാദത്തിന്റെ വടിവിൽ ഇമയവർ-ദേവന്മാർ ഇമ ....പകയർ- ദേവന്മാരുടെ ശത്രുക്കാം പരപ്പ്-സമുദ്രം മുകനി...കമലം-മുഖസമൂഹമാകുന്ന കമലം നണ്മണൽ-വളരെ പെരുതായ മണൽ. ഉടലല്ല കുടലാണ് -- മൂലംനോക്കുക.

കുടലാകുന്ന കണ്ടി കണ്ടി-ചണ്ടി, പായൽ നെയ് എന്നതു പ്രമാദമാണ്; മെയ് എന്നാവേണം. മതകളിർ മദയാന 'മ' യ്ക്കു ദിതാപം ആവശ്യമല്ല. അമ്പുയത്തിലെ-താമരയിലെ. യുദ്ധത്തിൽ ഉടൽപിളർന്നുണ്ടായ രക്തപ്രവാഹം കൊണ്ടുണ്ടായ സമുദ്രത്തിൽ മുഖങ്ങളാകുന്ന താമരകളും മണലുകളാകുന്ന മുത്തുകളും മൃതഭടന്മാരാകുന്ന മുതലകളും കുടലാകുന്ന പായലുകളും ശരീരമാകുന്ന മകര മത്സ്യങ്ങളും കുടകാം കൊടികാം ഇവയാകുന്ന താമരയിലകളും ആനകളാകുന്ന കാലുകളും നിറഞ്ഞിരുന്നു. കവിമൂലത്തെ ഭംഗ്യന്തരേണ തർജ്ജിമചെയ്തിരിക്കുന്നു.

൨൪. ആതിശാമരന്റെ അമ്പുകാംഉടമ്പി(ദേഹം)ൽ കേറിയതുനിമിത്തമുണ്ടായ വേദന താൻ അറിഞ്ഞതെ ഇല്ലെന്നമട്ടിൽ നീലൻ മാമരംകൊണ്ടു തല്ലിയപ്പോാം വാജികാം തകർന്ന പ്രഹസ്തൻ താഴ്ത്തുവീണു. ഉടൻതന്നെ അവൻ ചാടി എണീറ്റ് മുസലവുംധരിച്ചുകൊണ്ടു അന്തകനേപ്പോലെ യുദ്ധത്തിനു മുതിർന്നു എന്നു സാരം.

൨൫. ഉടയ + അറ്റ-ഉടയവറ്റ ചുട്ടെഴുത്തുകാംകൂടി പിന്നു സ്വരം വന്നാൽവകാരം ആഗമം വരും. പേരച്ചത്തിന്റെ പ്രത്യയമായ അകാരം ചുട്ടെഴുത്തു തന്നെ യാകുന്നു. ഇടർദുഃഖം (ഇടയിൽ വന്നിടരെല്ലാം നശിച്ചു. നളചരിതം ആട്ടക്കഥ) എന്റെ - എന്നുവിചാരിച്ചു. മുതലം-മുസലം പ്രഹസ്തന്റെ പ്രഹരങ്ങളോട് നീലനു ആദരവുണ്ടായില്ല (വകവെച്ചില്ലെന്നർത്ഥം)

൨൭൯. ഉദയകാം പ്രമാദമാണ് ഉതകകാം എന്നുവേണം. പാലെ.....യണ്ണൻ-പാലിന്റെ ഒളിയോടുകൂടിയ ചന്ദ്രപ്രകാശമുള്ള. മികവ്-ആധിക്യം. വല്ലടൽ-ഘോരമായുള്ളയുദ്ധം

൨൩൦. ഉരം-ഉരസ്സ് എകിറ്-പല്ല് (ദംഷ്ട്രം) (വമ്പിച്ചുനിന്ന വളഞ്ഞെകിട്ട് കൃഷ്ണഗാഥ) മറലി-യമൻ

൨൩൧. മതാ-മദം അരി...കൊട്-കപികളോടുള്ള ഭയം കൊണ്ട് മനിചർ-മനുഷ്യർ മരുതല-ശത്രു ഉലകത്തിൽ ശത്രുവും ഇല്ലാത്തതായ എന്നെ കേവലം ഒരു മനുഷ്യരാജാവ് എതിക്കുന്നപക്ഷം നിമിഷത്തിൽ അവന്റെ മദഘനത്തെ കറയ്ക്കുന്നുണ്ട് എന്നുള്ള വാക്കുകളോടുകൂടി രാവണൻ തേരിൽ കയറി.

ഇരുപത്തിനാലാംപടലം

൨൩൪. ക്രൂടലാർ-ശത്രുക്കൾ. വീറ്-പരാക്രമം. വാലമൃരിയൻ-ബാലസൂര്യൻ. ആറ.....ടയൽ-ശിവനുപ്രിയപ്പെട്ടവൻ. പോരാതനനു അല്ല. പോരാനതൻ ആണ് പോരാന.....പെറോറാൻ - ആനക്കഴുത്തേറിയ ക്രൂരൻ എന്നു മൂലം. എന്മോൻ-എന്നവൻ.

൨൩൫. വാരണതന്താ-ആനപ്പല്ല്. സിഹലരാജൻ എന്നതിന്റെ തഞ്ജമനോക്കുക. മൈന്തൻ-പുത്രൻ.

൨൩൬. മാമണിയൊച്ചയുള്ളാനകൻറിൽ മേൽ എന്നാക്കിയാൽ മൂലത്തോടുയോജിക്കും. അതുഎന്ന നിരത്ഥപദം ക്രൂടാതെ കഴിയുകയും ചെയ്യാം. മഹോദരൻ-മണിക്കിലുക്കത്തോടുകൂടിയ ആനമേൽകയറി വരുന്നതായിട്ടാണു മൂലത്തിൽ പറഞ്ഞിരിക്കുന്നതു്. വരക്കാൺ - വരവുകണ്ടാലും. കൺ + തലം -കണ്ടലം. കതിരോൻ-സൂര്യൻ. നവേക്കൊട്ടികണ്ട മുവന്നോൻ എന്നുമൂലം.

൨൩൭. തുന്നതെന്നു-തുന്നെന്നവണ്ണം. അപ്പു.....നിറം -കാർകൊണ്ടലിന്റെനിറം. ആരെ.....യെന്റെ-പോരിൽ ആരാണ് എന്റെമുമ്പിൽ നില്ക്കാനുള്ളതു് എന്നു ചൊല്ലി ഗർജ്ജിച്ചു.

൨൩൮. തിരിചിരാവ് - ത്രിശിരസ്സ് (എരുത്തിൽകയറിവരുന്നതായിട്ടാണ് മൂലം.)

എതിരിടാമവർ-എതിരിടാൻ കഴിയുന്നവർ. എന-എന്നുള്ള വിചാരത്തോടുകൂടി. നിചാ.....വേതു്-പിശാച-

മുൻപേറുകളിറിളമപ്പെട്ടുമാറുള്ളശക്തി-മുന്തിറു ആനകളെക്കാൾ ക്രൂരത്വൽ ശക്തി. നാട്ടം എന്നതിനെ നാകംഎന്നാക്കിയാൽ മൂലത്തോടുയോജിക്കും. കുംഭൻനാഗകേതുവാകുന്നു.

൨൯൦. മാറാർക്കുറ്റം-ശത്രുക്കൾക്കുകാലൻ.

൨൯൧. നമൻ-യമൻ.

൨൯൨. രണ്ടുവിലാവിലും-നെഞ്ചിന്റെ ഇരുവശങ്ങളിലും (ഇടംതകും വിലാവുടയവൻ എന്നപ്രയോഗംനോക്കുക.) ചെയ്യുഎന്നാണൊ തുയ്യ അല്ലേ? ക്രൂര-വസ്തും.

൨൯൩. മേവലാർ-ശത്രുക്കൾ. "മേവലാരെ പൊരുതുപുറത്താക്കി" അധ്യാത്മ രാമായണം പിരതാപം - പ്രതാപം.

൨൯൪. തെളികടന്ത - തെളികടൈന്ത - തെളികടഞ്ഞ-നല്ലപ്രകാശമുള്ള. ഒളി + എഴുന്ന - ഒളിവെഴുന്ന ഇപ്പോൾ ഒളിയെഴുന്ന എന്ന പ്രയോഗം.

൨൯൫. പരവ - സമുദ്രം (പരന്നിരിക്കുന്നതിനാൽ) കുവട്ട് - കുന്ത്.

൨൯൬. പകഴി - അമ്പ്. തെറെന്ന് - പെട്ടെന്ന്. മൺമിച-ഭൂമിയിൽ.

൨൯൭. ഉരമികും - വളരെശക്തിയുള്ള. കെചൻ-ഗജൻ. കെവാക്കൻ - ഗവാക്ഷൻ. മുരൻ - ശക്തി. ചോതിമുഖൻ - ജ്യോതിർമ്മുഖൻ

൨൯൮. ചരതമായ് - തീച്ചയായ് അവൻ എളിയവനല്ല. ഇന്ദ്രൻ തന്നേ എതിത്താലും തോറുപോകയേയുള്ളു.

൨൯൯ മറുക്കുക - എതിക്കുക. മറുവറു - കളങ്കമില്ലാത്ത തടംതിറം തോടൻ - വിസ്താരമേറിയതോളോടുകൂടിയവൻ. വെടിന്താർകുലം - ശത്രുകുലം. 'അരികമ്മേ' - അരികം തമ്മേ. അരികളേ.

൩൦൦. തുമ്പമണിഞ്ഞു - വേദനയോടുക്രൂടി.

൩൦൧. നടംകുനിത്തു - നടമാടി

ഇരുപത്തൊന്നാം പടലം

൩൦൨ ക്രൂടവൻ - മായാവി. കാതൽക്രൂടവൻ - വലിയ മായാവി. ഇല്കും - ശോഭിക്കുന്ന. പൊഴം - ഭംഗിയുള്ള - ബലമുള്ള.

൨൬. താരതി - സാരഥി.

൨൭. മതികെടനെ - ദുർബുദ്ധേ. ഉടക്കുക - വ്യതീക്കതീയട.....മുൻ - ഒരു നിമിഷത്തിൽ. തിമപ്പ് - തള്ളിച്ച. ('തിമപ്പൊടെചെന്ന' ഭാഗവതം.) ചെപ്പുവില്ല - (ഗർജ്ജിച്ചിടാ ഭൂപ മഹാപ്രഭാവർ എന്ന വാരമീകി)

പാഴവാക്കു പറയാതെ ആയുധംധരിച്ച് എനോടട് എതിക്കാമെങ്കിൽ ആകട്ടെ. എന്ന സാരം.

൨൯. വേന്തനന്തനൻ - ദശരഥപുത്രൻ. വിണ്ണുളാർപകയൻ - അമരാരി- രാവണൻ.

൩൨. മുന്നൽ - മുന്നിൽ.

൩൩. നീ വിരിഞ്ചനേയോ ശിവനേയൊ അഗ്നിയേയൊ ആരെയെങ്കിലും പ്രാപിച്ചാലും. അവക്കാക്കും എന്നിൽ നിന്ന് നിന്നെ രക്ഷിക്കുവാൻ സാധിക്കുകയില്ല.

ഇരുപത്തേഴാ പടലം.

൩൬. എട്ടാശ - എട്ടദിക്ക്. ഉവരി - സമുദ്രം. (ഉവർ - ഉപ്പ്. ഉപ്പുരസമുള്ളതിനാൻ ഉവരി) ഓർശബ്ദം ഉവരിന്റെ രൂപാന്തരം ആണ്. മുനികൾക്കും ലോകക്കും നേരിട്ടിരിക്കുന്ന ദുഃഖത്തെ നശിപ്പിക്കാനായി ഞാൻ നിന്നെ ഹനിക്കുന്നുണ്ട്.

൩൭. വാൾ+നാൾ - വാൺ + നാൾ - വാണ്ണാൾ - വാണാൾ (ആയുസ്സ്) അതു ഇളയേൻ - ഞാൻ അതു ഇളയുകയില്ല.

൩൮. എത്തുക - സ്തുതിക്കുക. ഒൻറിനിൻറളുക - നന്നായി ഇരുന്നാലും.

൩൯. അണിപുകൾ - കീർത്തിശാലിയായ. നെറിത്തടത്തിട - നെറിത്തടത്തിൽ. തചമടങ്ക - പത്തു മടങ്ങ്.

൪൦. എഴിൽ - ശോഭ. വെൻറി.....ന്തൻ- ജയശാലിയായ ശ്രീരാമൻ. അരമതിതരം - ഏറ്റം വേഗത്തിൽ അണി.....ട്ടാൻ - അണിമകുടത്തെ അഗ്രഭാഗത്തുവെച്ച് മുറിച്ചു താഴത്തിട്ട.

൪൧. വര.....മണിന്തു് - നല്ല ശരം പ്രയോഗിച്ചു്. വിലതിന - വിലസിന. അലകലകായ്- ഖണ്ഡംഖണ്ഡമായ്.

൪൨. ഇതക്ക - ഇതിന്ന്. ഉരുതി - തീർച്ച. പാരം - പറക്കുന്ന. ('പക്ഷികൾ പാരുമ്പോൾ' കുഞ്ചൻനമ്പ്യാർ) പട്ടുമളുള്ള-

വളരെ താഴ്ചയുള്ള. ഇടമലർന്തു - വീട്ടിൽ പോയ് പാർത്തു്. ഇതമുറന്ത - നിനക്കിഷ്ടമുള്ള. ഒൺ + തേർ - ഒണ്ടേർ. കരന്ത-കരൈന്ത - കരഞ്ഞ

ഇരുപത്തെട്ടാം പടലം.

പൻറു വദനമാരുത മിടയ്ന്തേ - കുംഭകർണ്ണന്റെ ശ്വാശ്വാസത്തിനു നേരെ. കണക്കറ - കണക്കില്ലാതെ. (അളവില്ലാതെ)

കുംഭകർണ്ണന്റെ ശ്വാസത്തിന്റെ ഊക്കു കൊണ്ട് വാതുക്കൽ ക്രൂടെ നേരെ പോകാൻ സാധിച്ചില്ല. അതുകൊണ്ടു രാക്ഷസർ മതിൽ ചാടിയാണ് അകത്തുകടന്നതു്.

പൻൻ. വൈത്തു – വയ്ത്തു- വച്ചു.(താലവ്യോപമർദ്ദം) 'ഏ' എന്ന നിപാതത്തോടു ഈ കവിക്കും വളരെ പ്രിയമായിരുന്നു. ഇയറിനാർ - ഇയറി

നാ൦. അമ്പടി - അതുവോളം. അണിന്താർ-അണിഞ്ഞു.

നാ൦ഫ. തണ്ടി - വീണ. (തണ്ടിവെല്ലുംമൊഴിയാൾ എന്ന പ്രയോഗം നോക്കുക.)

നാ൦വ. പടകം – പടഹം. നിഴാതം - നിഷാദം. ഇതർക്കും - ഇതുകൊണ്ടു.

നാ൦ന. കത - ഗദ. ഇരിപ്പൈഴക് - ഇരിമ്പുകൊണ്ടുള്ള എഴുക് (ഉലക്ക) (ഇരുപ്പൈഴകൈ പ്രയോഗിച്ചു. ഭാഗവതം.)

നാ൦ര. പുനൽ – വെള്ളം. (കുരുതിപ്പുനൽ ഭാരതം.)

നാ൦ഭ. തുരകങ്കം - കുതിരകൂം. തുടവിടാതെ – ഇടവിടാതെ. (തുട എന്നതിനു പ്രാവശ്യം എന്നും അർത്ഥമുണ്ടു്.

നാ൦ള. അറന്താർ - അറഞ്ഞു.

നാ൦ൻ. കുംഭകർണ്ണൻ മൂരി നിവർന്നതു കണ്ടപ്പോൾ രാക്ഷസപ്പടമറഞ്ഞു കളഞ്ഞു. പാറ (കാരിതധാതു) പറന്തു-പറന്നു

നാ൦ഫ. ക്രൂറം-കാലൻ- മലിപുകൂം-വലുതായപുകൂം

നാ൦നാ. തുണിത്തപോതു-നനുക്കിയപ്പോൾ ചുകപ്പൊൽകെ-ഗൽഗദത്തോടുകൂടി പറയവേ. ചതിപയിൻറ-ചതിപറിച്ചു (നാനാവിദ്യകൂം പയിന്നവർ)

൩൫൭. എങ്കിൽ-അങ്ങനെയാണെങ്കിൽ കപികുലത്തിന്റെ കഷ്ടണം കഷ്ടണമായ് നശിക്കീ തുടങ്ങി രാമലക്ഷ്മണന്മാരുടെ രക്തത്തേയും കവന്ന് അവരുടെ ഇറച്ചിയെ കവിഠം തടത്തിലാക്കി കൊണ്ടു രാവണനെ ചെന്നു കാണാമെന്നകുംഭകർണ്ണൻ വിചാരിക്കുന്നു.

൩൫൮. രാവണനെകണ്ടു് അനുമതിവാങ്ങിയശേഷം യുദ്ധത്തിനൊരുമ്പെടാൻ പാടുള്ളു എന്നുള്ള രാക്ഷസന്മാരുടെ അഭിപ്രായം ക്രൂര-ക്രൂരമേ (പറഞ്ഞപ്പോഠം. ഉന്മത്തം-ഉന്മദം കുഞ്ജരം-കുഞ്ജരം; ആന

൩൫൯. അരുന്തുയർ-വലിയ ദുഃഖം

൩൬൧. അരിയവല്ലേൻ-അറിഞ്ഞുകൂടാ

മൂപ്പതാം പടലം.

൩൬൨. ചരണെൻറിണംകും-നീയാണ് ശരണം എന്നു പറഞ്ഞു തന്നോടു ഇണങ്ങും. ഇന്നംനല്ലതു്-ഇതിലുംനല്ലതു്. നല്ലവരോടു വൈരം കോലുവതു നന്നല്ല. കോലുക-വഛിക്ക

൩൬൫. തരു.....തു്-ധർമ്മമല്ലാതുള്ളതു്

൩൬൬. ചുരുതി-ശ്രുതി. അടുപ്പമുള്ളവൻ (ബന്ധുഠംക്കഠം) നമ്മോടു് നല്ലതു തടുത്തുരപ്പതു ഒഴിയ്ക്കാവുന്നതല്ല.

൩൬൭. ഒരിക്കുകേടു്-നിരപ്പുകേടു് (യോജിപ്പില്ലായ്മ) .നിലയ്ത്തു-നിലച്ചു. ചെങ്ങും-ചുവന്ന

൩൬൯. മുനിന്തു്-കോപിച്ചു. ചുവം = ശുഭം ഒന്നലാർ -ശത്രുക്കൾ

൩൭൯. മറുവാർ-ശത്രുക്കൾ

ചിലദ്രാവിഡ പായ്യായങ്ങൾ

അഗ്നി-തീ; കനൽ; ചുടർ

അക്കൻ-വൈശ്യവൻ; കതിരവൻ; പകലവൻ; ഞായർ; പൊഴുതു്

അസത്യം-പളുക്; പൊയ്യു്

ആകാശം-വിണ്ണു്; വാന്നു്; മാനം

കളങ്കം-പളുക്; കറ, മറു, കോഴ

കീർത്തി-ഉര, പുകൾ, പേരു്, ചൊല്ലു്

കോപം-ചിനം, മുനിവു്, ചീറ്റം

ചന്ദ്രൻ-തിങ്കൾ, മതി, അമ്പിളി
ജയം - വെൻറി, വെററി
ജലം – പുനൽ, വെള്ളം, തണ്ണി
ജ്ഞാനം – കററ്, ഉറുതി, മെയ്യ്
ദേവന്മാർ - വിണ്ണുളാർ, വാനവർ, ഇമയവർ
ദംഷ്ട്രം – എകിറ
പുഷ്പം - പൂവ്, മലർ, അലർ, താർ
ബ്രാഹ്മണൻ - മറയവൻ, അരണ്ണൻ, ഓതിയർ
ഭൂമി – മണ്ണ്, മന്നു, പാര്.
ഭംഗി – ചെഴിൽ, ഒണ്മ, തിറം, ഇന്നുത്ത്
മധു – വേരി, തെളി, തേൻ, തേറൽ
യമൻ – ക്രൂററം, മറലി
യോദ്ധാവ് – പടയാളി, പോരാളി, അടലാർ
രാജാവ് – വേന്തൻ, കോൻ, മന്നൻ, കോമാൻ
വേദം – അരണം, മറ
ശക്തി – ഉരൺ, ഉരാ
ശത്രു – മറുതല, മാററാർ, ഒട്ടലാർ, മേവലർ, പകയർ, ഒന്നാർ വെടിന്താർ, ക്രുടലാർ
ശരീരം – ഉടൽ, ഉടമ്പ്
ശോഭ – ഒളി, തെളി
സുന്ദരി – ഒണ്ണുതലി; അരുവൈ.
സ്ത്രീ - മടന്ത –മടവ

പ്രരോദനം.

ഭാഷാസാഹിത്യലോകത്തിൽ മിസ്റ്റർ കുമാരനാശാൻ ഏ
ല്ലാവിധത്തിലും ഒരു ഉയർന്നസ്ഥാനത്തിനു അർഹനാകുന്നു. ഏ
ന്നാൽ ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റേ ഉപജ്ഞാതാക്കളിൽ
ഒരുവന്റേ നിലയിൽ ആണു് അദ്ദേഹം പ്രാധാന്യേന അറി
യപ്പെടുന്നതു് 'Lyrical poetry' എന്നു പ്രഖ്യാതമായ സ്വ
തന്ത്രഖണ്ഡ കാവ്യസരണിയെ വെട്ടിത്തുറന്നതു് ഇതു അടുത്ത
കാലത്തുതന്നെയാകുന്നു. ഭാഷാകവികൾ അനുകരണഭ്രമത്താ
ലും പാണ്ഡിത്യ പ്രകടനേച്ഛയാലും ശബ്ദാർത്ഥ വിഷയകമാ
യ ആഡംബരത്തിൽ ലയിച്ചു് കവിതാവനിതയെ അസ്വത
ന്ത്രമായ ഒരു മാർഗ്ഗത്തിൽക്കൂടി നയിച്ചുകൊണ്ടാണിരുന്നതു്. പാ
ശ്ചാത്യകവി സാർവ്വഭൌമന്മാരുടെ സരസകാവ്യങ്ങൾ വായിച്ചു
തഴക്കം വന്നിട്ടുള്ള സഹൃദയന്മാരിൽ ചിലരാണു് സാഹിത്യ
വിഷയകമായ രുചിഭേദത്തെ ആദ്യമായി പ്രകാശിപ്പിച്ചതു്.
പക്ഷേ അതുകൊണ്ടൊന്നും വലിയപ്രയോജനമുണ്ടായില്ല.

സ്വതന്ത്രമായ കവിതയുടെ ആവിർഭാവത്തിനു പ്രേരകമാ
യ രാഷ്ട്രീയമായോ, സാമുദായികമായോ ആത്മീകമായോ ഉ
ള്ള ഒരു ഉണർച്ച കേരളത്തെ അടുത്തകാലംവരെ സ്പർശിച്ചില്ല.
വാസ്തവത്തിൽ യഥാർത്ഥകവികളേ നിർമ്മിക്കുന്നതു പരിതോ
വർത്തികളായ ശക്തികളാണു്. കേരളത്തിലാകട്ടെ നവംനവങ്ങ
ളായ ആശയങ്ങളുടെ പ്രവാഹത്തെ നിരോധിക്കുന്ന ശക്തിക
ളാണു് വ്യാപരിച്ചുകൊണ്ടിരുന്നതു്. അതുകൊണ്ടു് നമ്മുടെ ക
വികൾ പഴയമദ്യത്തെ പുതിയകുപ്പികളിൽ അടയ്ക്കുകമാത്രമേ
ചെയ്യുവാനൊള്ളൂ. എന്നാൽ ബ്രിട്ടീഷ്കാരുടേ ശോഭനമായ ഭ
രണത്തിന്റേ ഫലമായ് ഭാരതഖണ്ഡം ഒട്ടുക്കു് ഉണ്ടായ പ്ര
ബോധനം നാട്ടുരാജ്യങ്ങളിലേക്കും സാവധാനമായ് സംക്രമിച്ചു.
ഈ പ്രബോധനത്തിന്റേ ധ്വനിയാണ് വള്ളത്തോൾ മുതലാ
യ ഖണ്ഡകാവ്യകർത്താക്കളുടെ ചെറുകാവ്യങ്ങളിൽ നാം ശ്രവി
ക്കുന്നതു്. അന്യഭാഷാനി രൂപണസമ്പ്രദായത്തിന്റെ പ്ര

ചാരംനിമിത്തം ഇത്തമാതിരി കാവ്യങ്ങളെ ആദരിക്കുന്നവരുടെ സംഖ്യ ഉത്തരോത്തരം വർദ്ധിച്ചുവരുന്നു.

'Lyrical poetry' യുടെചില പ്രത്യേകലക്ഷണങ്ങൾ.

൧. 'ലിറിക്കൽ പൊയറ്ററി' വർണ്ണനാപരമല്ല ഏതെങ്കിലും ഒരു സ്തോഭമോ വിചാരമോ അവസ്ഥിതിയോ ആണ് അതിന്റെ പ്രതിപാദ്യവിഷയം. ആവികാരത്തിന്റെ ശരിയായും സൂക്ഷ്മമായും ഉള്ള പ്രകാശനത്തിനു വേണ്ടിടത്തോളം ഉള്ള വർണ്ണനകളേ ഇത്തമാതിരി ഖണ്ഡ്യകാവ്യങ്ങളിൽ കാണുകയുള്ളു.

൨. സ്തോഭങ്ങളുടെ തീക്ഷ്ണത ഖണ്ഡ്യകാവ്യങ്ങളുടെ ഒരു പ്രധാനഗുണമാകുന്നു. ഹൃദയത്തിൽനിന്നു ഉൽഗമിക്കുന്ന ഭാവങ്ങൾക്കുമാത്രമേ ഹൃദയത്തെ സ്പർശിക്കുവാൻ ശക്തിയുണ്ടായിരിക്കയുള്ളു. കവിതന്റെ 'വ്യക്തി'ത്വത്തെ തല്ക്കാലത്തേയ്ക്കു വിസ്മരിച്ചിട്ട് വർണ്യവസ്തുവിനോടു തന്മയത്വം പ്രാപിക്കുന്നതിനാൽ കാവ്യംമുഴുവനും സ്വാഭാവികമായ ഒരു സ്തോഭത്താൽ അഭിവ്യാപ്തമായിരിക്കും.

൩. ഖണ്ഡകാവ്യങ്ങളിൽ കൃത്രിമത്തോടി തീരെ വർജ്ജിക്കേണ്ടതാണ്. സ്വാഭാവികത വിട്ടാൽ രസവിച്ഛിത്തി സംഭവിച്ചുപോകും.

൪. കവിത അനതിദീർഘമായും അനതികൃശമായും ഇരിക്കേണം. വാക്കുകളേയും മിതമായേ പ്രയോഗിക്കാവു.

൫. 'ലിറിക്കുകൾ' ഗാനാത്മകങ്ങളാണ്. അതുകൊണ്ട് ഗാനത്തിനു യോജിച്ച ചെറുവൃത്തങ്ങളാണ് അവയ്ക്ക് യോജിക്കുന്നത്.

പൊതുവെ പറയുന്നതായാൽ സ്തോഭം; ഏകതാനത; ശാലീനത്വം ഗാനാത്മകത ഇവയാണ് ഖണ്ഡകാവ്യങ്ങളുടെ മുഖ്യലക്ഷണങ്ങൾ.

മനുഷ്യഹൃദയത്തിന്റെ പ്രവണതകളേപ്പറ്റി ഗാഢമായ പരിജ്ഞാനമുള്ളവർക്കു മാത്രമേ ഖണ്ഡകാവ്യങ്ങൾ എഴുതി ഫലിപ്പിക്കുവാൻ സാധിക്കയുള്ളു എന്ന് ഇതുകൊണ്ട് സിദ്ധമാകുന്നു.

വിലാപഗാനങ്ങൾ കരുണരസപ്രധാനമായ ഒരുമാതിരി ഖണ്ഡകാവ്യങ്ങൾതന്നെ. അത് ശോകഗർഭമായും ചിന്താബ

ഹ്ലമായും കേവലം ഒരു ആക്രന്ദനം ആകാതെ ചിന്തനീയവും ഇരിക്കേണം'' (അവതാരികനോക്കുക.)

സുബ്രഹ്മണ്യൻപോറ്റി അവർകളുടെ വിലാപം; ഉള്ളത്തോളിന്റെ ബധിരവാലാപം; പ്രരോദനം ഇവമൂന്നുമാണു ഭാഷയിലെ പ്രധാന വിലാപകാവ്യങ്ങൾ: ഇവയ്ക്കുള്ള പ്രധാന ഗുണം പ്രതിപാദ്യ വിഷയം കല്പിതങ്ങളല്ലെന്നുള്ളതാണു.

ആശാനവർകളുടെ കവിത.

ക. പ്രതിപാദ്യവിഷയം.

പരിശുദ്ധമായ പ്രേമമാണു് ആശാന്റെ കവിതകളുടെ പ്രധാനവിഷയം. ഭക്തി, സ്നേഹം പ്രണയം, മൈത്രി, അനുകമ്പ എന്നീരൂപങ്ങളെ അവലംബിച്ചു് ലോകത്തെ ഭരിച്ചുവരുന്നതു് ഈ പ്രേമശക്തി ഒന്നുതന്നേ ആണല്ലോ. അനുരാഗമത്രേ പ്രേമത്തിന്റെ ആദർശരൂപം. അതിനെത്തന്നേയാണു് ഈ കവിയും നളിനി, ലീല മുതലായ ഖണ്ഡകാവ്യങ്ങളിൽ പ്രകാശിപ്പിച്ചിട്ടുള്ളതു്.

അനുരാഗം കാലദേശാദികളായ എല്ലാ ഉപാധികളേയും ഉല്ലംഘിച്ചു നിലനിൽക്കുന്നതായ് അദ്ദേഹം തന്റെ കാവ്യമുഖേന വെളിപ്പെടുത്തുന്നു. ഒരു ഭാഷാകവിയും അതിനെ നളിനിയിലെന്നപോലെ അത്രവിശദമായ് പ്രകാശിപ്പിച്ചിട്ടില്ല. ആത്മവിസ്മാരകമായ ശുദ്ധപ്രണയത്തേതന്നെയാണു് ലീലയിലും ചിന്താവിഷ്ടയായ സീതയിലും ഉദാഹരിച്ചിരിക്കുന്നതു്. കവിമുന്നുപരസ്പരവ്യതിരിക്തങ്ങളായ അവസ്ഥിതികൾ എടുത്തുകാണിച്ചു് ഏതവസ്ഥയിലും പ്രേമം അവ്യഭിചരിതമായിരിക്കുമെന്നു് സ്ഥാപിക്കുന്നു. നളിനിയും ലീലയും സീതയും മൂന്നുനിലയിലുള്ളവരാണു്, എന്നാൽ മൂന്നുപേരും പ്രേമദേവതയുടെ ബലിപീഠത്തിൽ സ്വസുഖജീവിതത്തെ നിസ്വാർത്ഥമായ് അർപ്പിച്ചു.

പ്രതിപാദനരീതി.

———:o:———

നവം നവങ്ങളായ ഉല്ലേഖങ്ങളുടെ സമൃദ്ധിയാണു് ആശാന്റെ കവിതയ്ക്കുള്ള പ്രധാനഗുണം. ആശയങ്ങളും നിരർത്ഥകമാ

ന് പ്രവഹിക്കുന്നു. പക്ഷേ ആശയഗതിക്കനുകൂലമായ ഗതിവേഗം ഭാഷയ്ക്കില്ലാത്തതുകൊണ്ടു പ്രസാദം എന്നതുണ്ടെങ്കിലും അദ്ദേഹത്തിന്റെ കവിതയിൽ വളരെ കുറവാണു. ദുരവഗാഹത; ദുരാന്വയം മുതലായ ചില ദൂഷ്യങ്ങളും ആശാന്റെ കൃതികളിൽ സ്ഥലം പിടിച്ചിട്ടുള്ളതു ആശയത്തിന്റെ ദ്രുതഗതി ഒന്നുകൊണ്ടുമാത്രമാണു്.

ഈ കവി ഒരു തത്വദർശ്ശനക്കൂടി ആണു്. പ്രകൃതിയുടെ ഉപരിപ്ലവങ്ങളായ അവസ്ഥകളല്ല അദ്ദേഹത്തിന്റെ ദൃഷ്ടിയെ ആവർജ്ജിക്കുന്നതു്. അതിന്റെ ഒരോ സ്ഥിതി ഭേദങ്ങളും സാധാരണ ജനതയുടെ ദൃഷ്ടിക്കു ഗോചരമല്ലാത്ത പ്രപഞ്ച രഹസ്യങ്ങളെ വെളിപ്പെടുത്തുന്നതായ് അദ്ദേഹം കാണുന്നു. ബാഹ്യപ്രകൃതിയോടു് മനുഷ്യാത്മാവിനുള്ള നിത്യസംസർഗ്ഗത്തെ പ്രസ്തുത കവിതന്റെ കാവ്യമുഖേന വിശദീകരിക്കുന്നു.

പ്രരോദനം.

പ്രരോദനം നമ്മുടെ ഹൃദയത്തെ നല്ലപോലെ സ്പർശിക്കുന്നതിനുള്ള മുഖ്യകാരണം അതിനുവിഷയമായ ചരമംകവി തൃഹൃദയത്തെ ഗാഢമായ്സ്പർശിച്ചിട്ടുണ്ടെന്നുള്ളതു തന്നെയാണു്. വർണ്യവസ്തുവിനുള്ള സ്വതസ്സിദ്ധമായ ഉൽകർഷവും കരുണരസവും കാവ്യത്തിൽ പൂർണ്ണമായ് പ്രതിഫലിക്കത്തക്കവണ്ണം തദ്വിഷയത്തിൽ പ്രവേശിച്ച അതിനു കവിയുടെ ചിത്തഗതിക്കുള്ള നിറവും മാറ്റും നൽകുന്നതിനു് ആശാനേപോലെയുള്ള അപൂർവ്വംചില വാസനാകവികൾക്കേ സാധിക്കൂ. കാവ്യത്തിൽ അവിടവിടെ ചിതറികിടക്കുന്ന ഉൽകൃഷ്ട ചിന്തകൾ ഹൃദയോദ്ദീപകമായ അന്തരീക്ഷത്തിൽ ആധ്യാത്മികജ്ഞാനരൂപമായ വെളിച്ചം കടത്തി അതിന്റെ ദുർഭരമായ തമസ്സിനെ ദൂരീകരിക്കുന്നതിനു സഹായിക്കുന്നു.

പ്രരോദനം:

വ്യാഖ്യാനം.

(പാഠപുസ്തകത്തിൽ കവിതന്നേ ഒരു വ്യാഖ്യാനം ചേത്തിരിക്കുന്നതു കൊണ്ടു് ഒരു ചെറിയ ടീക മാത്രമേ ഇവിടെ കൊട്ടത്തിട്ടുള്ളു.

(ക.) ഇതിലെ ഉൽപ്രേക്ഷ എത്ര ഔചിത്യപൂർവ്വകവും പ്രകൃതോപയുക്തവും ആണെന്നു് നോക്കുക.

(ഖ.) ഒരുനിരൂപകൻ ഇതിലെശ്ലേഷയ്ക്കു് ഒരുവലിയന്യൂനത കണ്ടുപിടിച്ചിരിയ്ക്കുന്നു. ഉരസിജക്കുന്നു;നാഭിസരസ്സു് ഇത്യാദികളിലെ ക്രമം വിട്ടു് ഘനവേണിഎന്നു പ്രയോഗിച്ചതു ഭംഗിയായില്ലത്രേ 'കുറവും കുറവും നോക്കിപ്പുറവാനക്കൊരുക്കുട്ടം തുറക്കണ്ണും മിഴിച്ചുങ്കു മറഭാഗേ വസിക്കുന്നു.'' എന്നു നമ്പ്യാർ പറഞ്ഞിട്ടുള്ളതു് ഇക്കൂട്ടരെപ്പററിയാണു്. കേരള ഭൂമിയെ ഒരു വനിതയായു് കല്പിച്ചിരിക്കുന്നു. അവളുടെ മേഘ മാകുന്ന വേണി കുന്നുകളാകുന്ന ഉരസിജങ്ങളിൽ ഇടഞ്ഞു് എന്നു അത്ഥം പറയാവുന്നതാണു്.

ഉരസിജക്കുന്നിനെ - ഉപമിതസമാസംആക്കി കുന്നുപോലെയുള്ള ഉരസിജങ്ങൾഎന്നു് സ്ത്രീപക്ഷത്തിൽ യോജിപ്പിക്കാംപക്ഷേ അതിന്റെ ആവശ്യമേ ഇവിടെഇല്ല.

ചരമാണ്ണ വാനിലരവത്തെ കേരളഭൂമിയുടെ നിലവിളിയായു് വിഭാവനം ചെയ്തിരിക്കുന്നു.

പൂവേ.....ഴം ഇതു പ്രാസഭ്രമത്താൽ ചേത്തതാണെന്നും വിശേഷിച്ചു ഒരു ചമൽക്കാരവും ഈ വണ്ണന കൊണ്ടില്ലെന്നും ആ നിരൂപകൻതന്നെപറയുന്നു. ഇദ്ദേഹം ഇപ്പോഴത്തെ മഹാകാവ്യങ്ങളുടെ നിരൂപണത്തിനൊരുങ്ങാത്തതു് ആ കവികളുടെ ഭാഗ്യംതന്നെ. കേരളത്തിലെ അത്യന്തരമണീയമായ ഒരു പ്രദേശമാണുമാവേലിക്കര. ഓണനാടു്(ഓണാടു്)എന്നപേരുതന്നെ അതിന്റെ ഐശ്വര്യസമൃദ്ധിയെ കുറിക്കുന്നു. അതുകൊണ്ടു് ഈ വിശേഷണം ഒട്ടും അസംഗതമല്ല. പ്രത്യേകിച്ചുകേരളത്തിന്റെ

ശ്രദ്ധയെ അങ്ങോട്ടേയ്ക്കു ആകഷ്ടിക്കുവാൻ ശ്രമിക്കുന്നകവി അ തിന്റെ ചില വിശിഷ്ടലക്ഷണങ്ങളേ ചൂണ്ടിക്കാണിക്കാതെ കഴിക്കയുമില്ല. ആ ലക്ഷണങ്ങളം കവിയുടെ സങ്കല്പനിർമ്മിതങ്ങ ളാണെങ്കിൽ തന്നെ എന്തുദ്ദേശമാണു് വരാവുള്ളതു്?

ഉ. കേണീടുകേണീടുനീ - വസുധയ്ക്കു കേഴുന്നതിനു് പ്ര പ്രേരണ വേണ്ടിവന്നതായി ഒരു പ്രതീതി ഉണ്ടാകുന്നുവെന്നു് ഒരു പുരോഭാഗിപറയുന്നു. വസുധകേഴുന്നതുകണ്ടു് "നീ അത്യ ന്തം ഖേദിക്കുന്നതു സ്വാഭാവികമാണു്. ശാരദാലയമഹാ ദീ പം കലാശിച്ചെഴും ധൂമത്തിൽ നികുരംബമല്ലേ ഇക്കാണുന്ന തു്" എന്നാണർത്ഥം. അതിൽ യതൊരു അസ്വരസ്വവും ഇ ല്ല. കേണീടുകേണീടുനീ - നീ അത്യന്തം ദുഃഖിക്കുതന്നേ ചെ യ്യണം. ദുഃഖത്തേ പ്രകാശിപ്പിക്കുന്ന വിഷയത്തിൽ നീ ലജ്ജി ച്ചിട്ടാവശ്യമില്ല. എന്നു പായുന്നതിൽ അസ്വരസം എന്താ ണാവോ?

ന്യ. ശോകത്തിന്റെ പ്രഥമ ദശയായ ആക്രന്ദത്തേവർണ്ണി ച്ചിട്ടു് കവിരണ്ടാമത്തെ അവസ്ഥയിലേക്കു കടക്കുന്നു.

ഒ. കൃസാഹ്രാ.....ഭാവം - മരണപ്രതിപത്തി പൂർവ്വക മായ നൈരാശ്യം വ്യഞ്ജിക്കുന്നു.

അർത്ഥാന്തരന്യാസം - അലംകാരം.

ൻ. അനുമാനം ഉൽപ്രേക്ഷ ഇവയുടെസംകരം.

ഥ. അനുമാനം - ഉൽപ്രേക്ഷ.

രിക്കുതപം.....ഭവും - നരന്മാർ കേണീടുന്നതായ ശ്മ ശാനത്തിന്റെ മുകളിലുള്ള ആകാശദേശം ശൂന്യാവസ്ഥ വെടി യുന്നു. ഉപമയും ഉൽപ്രേക്ഷയും.

ഫ. 'അന്നെറി.....വോർ' എന്നും 'ചെന്നെല്ലിൽ .....ള്ളവർ' എന്നുംഉള്ള വിശേഷണങ്ങളം പൊതുവേമൂന്നു അഭിമാനദേവതകളേയും വിശേഷിപ്പിക്കുന്നതായിട്ടേ തോന്നു കയുള്ളൂ. അതുതന്നേ ആയിരിക്കാം കവിയുടെ വിവക്ഷയും. നവതടള.....ന്നവർ എന്നുകൂടി പ്രയോഗിച്ചിരിച്ചിരുന്നു വെങ്കിൽ ഓരോവിശേഷണത്തേയും ഓരോ അഭിമാനദേവത യ്ക്കായ് എടുക്കാമായിരുന്നു.

൧൪. 'മീഴിനീർവാ.....മടിക്കേണ്ടുനീ' - വഞ്ചിലക്ഷ്മി യ്ക്കു സ്വയമേവ വ്യസനമുണ്ടാകുന്നില്ലെന്നു ഒരുതോന്നൽ പ്രഥമദൃഷ്ടിക്കു തോന്നിയേക്കാമെന്നു ഒരാക്ഷേപമുണ്ടു. പ്രൌഢസ്വഭാവത്തോടുകൂടിയവർ തങ്ങളുടെ മനോഭാവങ്ങളെ വെളിയിൽ പ്രകാശിപ്പിക്കുകയില്ല. ഇവിടെ "നീ നിന്റെ ഉൽകടമായ മനോവ്യഥയെ പ്രകാശിപ്പിക്കുന്നതുകൊണ്ടു് ഞാനും നിന്നെ അധിക്ഷേപിക്കയില്ല. നിനക്കു നേരിട്ടിരിക്കുന്ന അത്യാഹിതം അത്തരത്തിലുള്ളതാണു്. അതുകൊണ്ടു് ലജ്ജിച്ചിട്ടാവശ്യമില്ല." എന്നാണു് കവിയുടെ വിവക്ഷ. മടിക്കുക - ലജ്ജിക്കുക.

൧൭. പല്ലക്കും വിളക്കും കൊച്ചിയുടെ ചിഹ്നങ്ങളാകുന്നു.

൧൯. ഖദ്യോതവൃന്ദങ്ങളെ ധാരവൃഷ്ടിയാൽ കെടാത്തവിളക്കുകളായു് വിഭാവനചെയ്തിരിക്കുന്നു. ഈ വർണ്ണനകളുടെ സന്ദർഭൌചിത്യം നോക്കുക.

൨൩. നിശയ്ക്കുപോലും സങ്കടംനേരിട്ടതായു് പറഞ്ഞിരിക്കുന്നതിനാൽ കഥാപുരുഷന്റെ ലോകോത്തരഗുണാഢ്യതയും സർവ്വജനവശ്യതയും വ്യഞ്ജിക്കുന്നു. നിശയെ രാക്ഷസീയസ്വഭാവത്തോടുകൂടി യവതരിപ്പിച്ചിട്ടാണു് സാധാരണ കവികൾ വർണ്ണിക്കാറുള്ളതു. ആസ്ഥിതിക്കു് അവർക്കു സങ്കടം നേരിട്ടതിനാൽ ഈ ചരമം ദുഷ്ടശിഷ്ടഭേദമന്യേ എവർക്കും മർമ്മഭേദകമായിരുന്നുവെന്നു കാണാം.

൨൫) ഒടുവിൽവികസിച്ച ഈപുഷ്പത്തിന്റെസൌരഭ്യാതിശയം ഓർത്തു് അതിനെമുടിയിൽ ചൂടിയ പല്ലവരാജവംശൈശ്രേഷ്ഠതതന്റെപുണ്യംപരിക്ഷീണമാണെന്നു വിചാരിച്ചിരിക്കുന്നു.

അഞ്ചുന്നിതു + അമർത്തുരിൽ = അഞ്ചുന്നിതമർത്തുരിൽ

൨൬)ആവർത്തിപ്പോർ = ആവർത്തിക്കുന്നതായ.

ദുഃഖം ഒരുവിധ സാംക്രമികവ്യാധിയാണു്. സങ്കടംകൊണ്ടിരിക്കുന്നവർക്കും സംകടമുണ്ടാകാതിരിക്കയില്ല.

൨൮) പൈ..... ജഗത് = ബഹുവ്രീഹിസമാസം അർത്ഥാപത്തി;രൂപകാതിശയോക്തി ഇവയുടെസംസൃഷ്ടി.

അന്യന്മാരും അജ്ഞാനികളും ആയആസ്ഥാനപണ്ഡിതന്മാർ അവരുടെബുദ്ധിവിഷയകമായ മാഹാത്മ്യങ്ങളെപ്പറ്റി വിസ്മയിച്ചു

ദുഃഖിയ്ക്കുന്ന സ്ഥിതിക്ക് അങ്ങയുടെ ദേഹത്തെ ഏകാവലംബമായ് കരുതിപ്പോന്ന ഭാര്യാപുത്രാദികൾ എത്രമാത്രം ദുഃഖിക്കും, വൈദൃഷ്യം കേവലം നശ്വരമല്ലല്ലോ. അത് അദ്വൈതത്തിന്റെ കൃതികൾ വഴിക്ക് ശാശ്വതമായ്ത്തിക്കുന്നു. ദേഹമാകട്ടേ നശ്വരമാകുന്നു. അതുകൊണ്ട്, അസ്മാദൃശന്മാക്ക് അൽപ്പമെങ്കിലും ആശ്വാസത്തിനു വഴിയുണ്ടെന്നു സാരം.

അപ്രസ്തുത പ്രശംസ.

വിരഹദുഃഖത്തേ കൃത്യബാഹുല്യത്താൽ നൈരാശ്യത്തോട്ടുക്കൂടി ബന്ധുക്കൾസഹിയ്ക്കുന്നെങ്കിലും അത് ജീവാവസാനംവരെ അവരെ വിട്ടുപോകയില്ല. ഒട്ടുനാൾകഴിഞ്ഞ് പ്രവൃദ്ധമായ ശക്തിയോടുക്കൂടി അത് പൊട്ടിപ്പുറപ്പെടാതിരിക്കയില്ല. കൃത്യബാഹുല്യം നിമിത്തം അവരിൽ കാണുന്ന ശാന്തത ദുഃഖത്തിന്റെ പാരമ്യം തന്നെയാണെന്നു് ഭാവം.....സ്വഭാവം എന്ന പദത്താൽ ദ്യോതിപ്പിക്കുന്നു. "Extremes meet" എന്ന പഴമൊഴി നോക്കുക.

ദേഹികൾ ഒരിക്കലും തീരാത്ത തൃഷ്ണനിമിത്തം ജീവിത രസത്തെ കാംക്ഷിക്കുന്നു. വിധിയാകട്ടേ ആ കാംക്ഷയെ പൂരിപ്പിക്കാതെ തോരാത്ത കണ്ണുനീരിൽ അവരെ എന്നും ചുട്ടതല്ലുന്നു. അതുകൊണ്ടാണ് വിധിയെ അവായ് ക്രൌര്യനെന്നു് വിശേഷിപ്പിച്ചിരിക്കുന്നതു് 'രസം' കൊതിക്കുന്നവരിൽനിന്നും ഉള്ള രസത്തെപ്പോലും ഹരിക്കുന്നതിനാൽ 'പടുപശ്യതോഹരൻ' എന്ന വിശേഷണവും യോജിക്കുന്നു.

൨൨. ഈ വർണ്ണന അത്യന്തം വത്സല്ക്ഷോഭജനകമായിരിക്കുന്നു. സൂര്യമണ്ഡലവുമായ് തിരുമേനിയെ അഭേദ വിവക്ഷ ചെയ്തതുകൊണ്ട അദ്വൈതത്തിനുണ്ടായിരുന്ന മാഹാത്മ്യാതിശയം ധ്വനിക്കുന്നു. അഹോ! ഹന്ത! ശിവനേ എന്നീവ്യാക്ഷേപകങ്ങളും ദുഃഖാതിശയത്തെസൂചിപ്പിക്കുന്നു.

൨൩. ഇതിലെ ബീഭത്സരസം കരുണരസത്തെ അത്യന്തം പോഷിപ്പിക്കുന്നു. 'നോക്കി എന്നിടത്തു് യതിഭംഗം.

൨൫. ശവസംസ്കാരാവസരത്തിലുണ്ടായ നിശ്ശബ്ദത അർദ്ധരാത്രിയിലെ നിശ്ശബ്ദതയെ ജയിക്കുന്നതായിരുന്നു. ഈ മഹാനിശ്ശബ്ദത വളർന്ന ഉത്ഗ്രശംഖമുരജ ധ്വാനങ്ങളും പോലും

ഏറ്റംക്കാത്ത വിധത്തിലുള്ള ഒരു ജഡതലോകത്തിനണച്ചു. വ്യതിരേകം അലംകാരം സംബന്ധാതിശയോക്തി.

൩൭. ദേഹത്തെ വേദാന്തികർ ദേഹിയുടെ ചട്ടയായ് കൂട്ടിക്കാറുണ്ട് ഇവിടെ ശ്ലേഷയുടെ ബലത്താൽ ഈ പ്രയോഗത്തിന് കൂടുതൽ ചമൽക്കാരമുണ്ട്.

൩൮. നിദർശന - ഉൽപ്രേക്ഷ. ജീവിതത്തിന്റെ അസ്ഥിരതയെപ്പറ്റിയുള്ള തത്വചിന്തനകളിലേക്കു കവി കടക്കുന്നു.

വിഷമാലങ്കാരം.

൩൯. കവിമനശ്ശൈരുടെ ദുരഭിമാനത്തെ ഉപഹസിക്കുന്നു.

൪൦. ദിവിഷദ+ശ്രോത്രം സംസ്കൃത പദങ്ങളെ മലയാള രീത്യാസന്ധി ചെയ്തിരിക്കുന്നു. ദിവ്യഷച്ഛ്രോത്രം എന്നാണ് ശരിയായ സന്ധി.

ശ്മശാനദർശനത്താൽ ഉദിച്ച തത്വദർശനംകൊണ്ട് വൈരാഗ്യം അങ്കുരിച്ചു വെങ്കിലും വണ്ടും കഥാപുരുഷന്റെ ഗുണഗണങ്ങളുടെ സ്മരണ പ്രബലമായി ഉണ്ടായതിനോട്ടുകൂടി ദുഃഖവും പൂർവ്വാധികമുണ്ടാകുന്നു.

ശ്രീകൃഷ്ണന്റെ ദേഹസംഗമത്താൽ, ശുഷ്കമായിരുന്നവൃക്ഷം തളിർത്തതുപോലെ പരിശുഷ്കമായവിറകുതളിർത്തതായിരിക്കുമോ ഈ പെൺകൊടി എന്നു കവിസംശയിക്കുന്നു—സസന്ദേഹാലംകാരം

൪൨) ഇവിടെവീണ്ടും വിലാപം ആരംഭിയ്ക്കുന്നു.

൪൩) അന്യാപദേശം.

൪൪) വിഷമം- അപ്രസ്തുതപ്രശംസ.

൪൫) കഥാപുരുഷന്റെ ഗുണഗണങ്ങളെ ശക്തിയോടുകൂടി അനുസ്മരിപ്പിക്കുകയും അദ്ദേഹം ഭാഗ്യക്കേടായിട്ടുള്ളസഹായങ്ങളെ ചൂണ്ടികാണിക്കയും ചെയ്യുന്നു.

൪൬) ഇവിടെ വീണ്ടും തത്വചിന്തയാൽ ദുഃഖത്തെയൊതുക്കുവാൻശ്രമിക്കുന്നു.

(൪൭) ദുഃഖംകൊണ്ടും ശരീരത്തെ നിഗ്രഹിച്ചും വീണ്ടും കേഴുന്നു.

ഫഫം—ഫഫന്നു. വരെഉള്ള പദ്യങ്ങൾ തിരുമേനിയുടെ ശരിയായ ചിത്രങ്ങളായിരിക്കുന്നു.

ഫഫർ. ആധുനികശാസ്ത്രാദി കൊണ്ടും മരണത്തെ ജയിക്കാൻആരുക്കും സാധിച്ചിട്ടില്ല.

ഫഫന്നു. തീവ്രാക്കതാപങ്ങളെ! നിങ്ങൾ മരണം പേടിച്ചു ചൂടേറുന്ന ഉഷ്ണത്തരിന്റെ ജ്വാലകളല്ലെ? വായുക്കളെ നിങ്ങൾ നൊടുവീപ്പുകളുടെ നിചയമല്ലെ. എല്ലാജീവജാലങ്ങളും മരണത്തെ ഭയപ്പെടുന്നു.

ഫഫം. ഇവിടം മുതൽക്കു വീണ്ടും തത്വചിന്തിയിൽ ഏറ്റപ്പെട്ടു ക്രമേണ മനസ്സിനു് ശാന്തിവരുത്തുന്നു.

സംസ്കൃത

നാട്യപ്രബന്ധങ്ങൾ

അധ്യായം ൧.

നാടകത്തിന്റെ ഉൽപ്പത്തി.

നാടകം ഭൂതഭവിഷ്യൽ കാലങ്ങളുടെ സമ്മേളനം ഭൂമിയായ വർത്തമാനത്തിന്റെ കാവ്യവും ചരിത്രത്തിന്റെ പ്രതിബിംബവും ആണെന്നതു ഒരു പ്രസിദ്ധപണ്ഡിതന്റെ അഭിപ്രായപ്പെട്ടതാണ്. ഈ അഭിപ്രായത്തിൽനിന്നും നാടകത്തിന്റെ സർവ്വതോമുഖമായ പ്രാധാന്യം സവിശേഷം പ്രത്യക്ഷപ്പെടുന്നതുണ്ടെന്ന മാത്രമല്ല 'നാടകാന്തം കവിത്വം' എന്ന പ്രമാണികവചനത്തിന്റെ യാഥാർത്ഥ്യവും അതിൽനിന്നു ഗ്രഹിക്കാം. സന്ദേശങ്ങളുടേയും തടാകാ പരിഷ്കാരത്തിന്റേയും വളർച്ചയോടുകൂടി ജനമണ്ഡലം അന്തർമ്മുഖമായി ഭവിക്കുമ്പോഴാണു നാടകങ്ങളും അന്തർമ്മുഖഭാവങ്ങളിൽ അവതരിക്കുന്നതു്. വാസ്തവത്തിൽ മനുഷ്യാത്മാവിന്റെ ഉന്നതിയോടുകൂടിത്തന്നെ നാടകീയശക്തിയും ആവിർഭവിക്കുന്നുണ്ടു്. എന്നാൽ ഈ ശക്തി സമുദായത്തിന്റെ ശൈശവദശയിൽ അന്തർലീനമായിരിക്കുന്നതേയുള്ളു. ഭാരതഭൂഖണ്ഡത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രസ്ഫുരണം വൈദികഗ്രന്ഥങ്ങളിൽത്തന്നെ കാണാം.

നാടകത്തിന്റെ ഉദ്ദേശ്യം "സൽഗുണത്തിനു അതിന്റെ യാഥാർത്ഥ്യത്തേയും ജുഗുപ്സയ്ക്കു് അതിന്റെ പ്രതിബിംബത്തേയും കാലത്തിന്റെ വസ്തുരീതിക്കു് അതിന്റെ രൂപത്തേയും സമ്മർദ്ദത്തേയും വിശദമായി പ്രതിഫലിക്കത്തക്കവണ്ണം പ്രകൃതിക്കു് ഒരു കണ്ണാടി പിടിച്ചുകൊടുക്കയാണെ"ന്നു ഷേക്സ്പീയർമഹാകവി പറയുന്നു. വാസ്തവത്തിൽ സാവലോകികമായ ചരിത്രത്തിന്റെ കാവ്യരൂപമായ മൂർത്തീകരണമാണു നാടകം. ബാഹ്യാഭ്യ

ന്തരപ്രകൃതികളുടേയും അവ തമ്മിലുള്ള സംബന്ധത്തിന്റേയും സൂക്ഷ്മവും വിശദവുമായ ഒരു ചിത്രം നാടകത്തിലൊന്നായപോലെ മറ്റൊരു കാവ്യത്തിനും പ്രദർശിപ്പിക്കുവാൻ കഴിയുകയില്ല.

ലോകസ്വഭാവത്തെക്കുറിച്ച് ആസ്വാദ്യമായ ജ്ഞാനവും ഈ ജ്ഞാനത്തെ ചമൽക്കാരപൂർവ്വകം വാങ്മുഖേന പ്രകാശിപ്പിക്കുന്നതിനുള്ള പാടവവും നാടകകർത്താവിന് അത്യന്താപേക്ഷിതമാകുന്നു. "നാട്യം ഭിന്നരുചേർജനസ്യ ബഹുധാപ്യേകം സമാരാധനം" എന്നാണല്ലോ കാളിദാസമഹാകവി നാടകത്തെപ്പറ്റി പറഞ്ഞിരിക്കുന്നത്. ഭിന്നരുചിയായ ലോകത്തെ ഒരുപോലെ സമാരാധിക്കേണമെങ്കിൽ നാടകകർത്താക്കന്മാരും നടന്മാരും മനശ്ശാസ്ത്രനിഷ്ണാതരായിരിക്കാതെ തരമില്ല.

നാട്യഗ്രന്ഥങ്ങൾക്ക് ഇതരകാവ്യങ്ങളെ അപേക്ഷിച്ച് മനുഷ്യഹൃദയത്തെ സംസ്കരിക്കുന്ന വിഷയത്തിൽ കൂടുതൽ ശക്തിയുണ്ട്. മറ്റു കാവ്യങ്ങൾ ശ്രോത്രമുഖേന മാത്രമേ ഹൃദയത്തിൽ പ്രവേശിക്കുന്നുള്ളൂ. എന്നാൽ നാട്യങ്ങൾക്കാകട്ടേ ഉള്ളിലോട്ടു രണ്ടുവിധ പ്രവേശനദ്വാരങ്ങളുണ്ട്. നടന്മാർ നാടകീയവസ്തുവിനെ അഭിനയിച്ചു പ്രകാശിപ്പിക്കുന്നതിനാൽ പ്രേക്ഷകന്മാരിൽ അത്യന്തബലവത്തരമായ ശക്തി പ്രയോഗിക്കുന്നു. പണ്ട് "ഒരു സൂചികുത്താനുള്ള ഭൂമിപോലും പാണ്ഡവർക്കു കൊടുക്കയില്ല"ന്നുള്ള ദുര്യോധനന്റെ ദേഹത്തെ ഒരു വ്യക്തിയർ അഭിനയിച്ചുപ്രകാരം അടുത്തു നിന്നിരുന്ന ഒരു വാർകന്റെ കണ്ണിനു വാസ്യാകരമായ ഒന്നു പ്രയോഗിച്ചിട്ടും പത്തുപറ നിലം താൻ കൊടുക്കുന്നതാണെന്നു ശപഥംചെയ്തിട്ടും ഈ വാസ്തവത്തെ വെളിപ്പെടുത്തുന്നില്ലേ? അഭിനവകാളിദാസൻ ശാകുന്തളത്തെപ്പറ്റി ശ്ലോകത്തെ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഇയം തിര്യഗ്വൃത്തപത്രേ മന്ദമാനാമപിസിഞ്ചയേ
ഉപായേ ന്യുബ്ജതാധീരേ രൂപകം നാമയത്കൃതം"

(ശാകുന്തളപാരമ്യം)

സ്വസ്ഥനാടകങ്ങളുടെ ഉൽപ്പത്തിയെപ്പറ്റി പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരാകുന്നു. ഭരതമുനിയാണ് ആദിമ നാടകകർ

ത്താവെന്ന മതത്തിനു വിശ്വസമ്മതി ലഭിച്ചിട്ടില്ല. പാണിനിയുടെ സൂത്രഗ്രന്ഥത്തിൽ തിരുമലിൻ, കുശാശ്വനെ എന്നു രണ്ടു നാടകകർത്താക്കന്മാരുടെ പേരുകൾ പറഞ്ഞിരിക്കുന്നു. അവരുടെ കൃതികൾ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയിരിക്കാം. മഹാഭാഷ്യത്തിൽ കംസവധം, ബലിബന്ധം എന്നിങ്ങനെ രണ്ടു പ്രബന്ധങ്ങളെപ്പറ്റി പ്രസ്താവിച്ചിട്ടുമുണ്ട്. അതുകൊണ്ടു നാട്യപ്രബന്ധങ്ങൾ* സൂത്രകാലത്തിനിലോ അതിനുമുമ്പോ ഉദയം ചെയ്തിരിക്കണം. ഭാരതീയശാസ്ത്രസാഹിത്യങ്ങളെ അന്ധമായി പഠനംചെയ്യുന്നവരായ നാട്യശാസ്ത്രങ്ങളുടെ പ്രാഗ്ഭാവത്തിനു മുമ്പു നാട്യസൂത്രങ്ങൾ സംസ്കൃതത്തിൽ രചിക്കപ്പെട്ടിരുന്നു എന്നു വിചാരിക്കുന്നതിനു അസംഗത്യമില്ല. ഭരതന്റെ നാട്യശാസ്ത്രം നാടകലക്ഷണങ്ങളുടെ സിദ്ധാന്തവും പ്രയോഗവും പരിപക്വാവസ്ഥയെ പ്രാപിച്ചതിനു ശേഷം ഉണ്ടായതാകുന്നു.

ഗ്രീക്കുകാരുമായുണ്ടായ ദൃഢമായ വേഴ്ചയുടെ ഫലമായി അവരിൽനിന്നു കാലദേശാനുരൂപമായ ഭേദഗതികളോടു കൂടി നാട്യകലയെ 'ഹിന്ദുക്കൾ പകർത്തിയെടുത്തതായി' വേബർ തുടങ്ങിയ ചില യവനഭാഷാപണ്ഡിതന്മാർ വിചാരിക്കുന്നു. ക്രിസ്തുവർഷാരംഭത്തിനു മുമ്പു രണ്ടു ശതാബ്ദങ്ങളിൽ ഇന്ത്യയുടെ ഉത്തരപശ്ചിമഭാഗം ഗ്രീക്കുകാരുടെ കൈവശമായിരുന്നുവല്ലോ. അവർ അക്കാലത്തു ഭരിച്ചിരുന്ന യവനരാജധാനികളിൽവച്ചു ഹിന്ദുക്കൾ നാടകാഭിനയസമ്പ്രദായത്തെ കണ്ടു പഠിച്ചതായിരിക്കുമെന്ന് അവർ ഊഹിക്കുന്നു. ഹിന്ദുക്കളുടെ ഇടയിൽ ശ്ലാഘ്യമായ് കാണപ്പെടുന്നതെല്ലാം പാശ്ചാത്യലോകത്തിൽനിന്നും സംക്രമിച്ചതാണെന്നു വിശ്വസിച്ചതിൽ ഇക്കൂട്ടർക്ക് ഒരു പ്രത്യേകസുഖം ഉണ്ടെന്നു തോന്നുന്നു. 'യവനിക' ശബ്ദത്തിനുമയവനഭാഷയോടു സാദൃശ്യമുണ്ടായ സാദൃശ്യത്തിലാണ് അവരുടെ ഊഹത്തിന്റെ പ്രതിഷ്ഠ 'യുമി' ഭ്രമണേ എന്ന ധാതുവിൽനിന്നു 'യവനിക' ശബ്ദത്തെ സ്വതന്ത്രമായി ശ്രപനിഷ്പാദനം ചെയ്യാവുന്നതാണ്. ഗ്രീക്കുകാർ

* സൂത്രകാലം ബി. സി. ൪൦൦-നും ൨൦൦-നും മധ്യേയാകുന്നു. പാണിനിസൂത്രങ്ങൾ സൂത്രകാലത്തിന്റെ മദ്ധ്യത്തിൽ ഉണ്ടായവയാണ്.

'കട്ടൻ ഉപയോഗിച്ചുവന്നിരുന്നോ' എന്നുള്ള സംശയവും സംശയാസ്പദമായിരിക്കുന്നതേയുള്ളൂ. ഇതിനും പുറമെ ഗ്രീക്കുനാടകങ്ങളും ഇന്ത്യയിൽ അഭിനയിക്കപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നതിനു പുറപ്പെടുവിച്ചതായ രേഖപ്രമാണങ്ങളും ഏതെങ്കിലുമുണ്ടെന്നു കേൾപ്പിച്ചിട്ടുമില്ല.

വാസ്തവത്തിൽ ഗ്രീക്കുകാരുമായി ദൃഢമായ വേഴ്ചയുണ്ടാകുന്നതിനു മുമ്പുതന്നെ ഹിന്ദുക്കൾക്കു നാടകാഭിനയം പരിചിതമായിരുന്നു. നാട്യസൂത്രങ്ങളുടെ ആവിർഭാവം പാണിനിക്കു പ്രാക്കാലികമാണെന്നുള്ള മുൻപറഞ്ഞ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പാണിനി ജീവിച്ചിരുന്നതു ബി. സി. നാലാംശതവർഷത്തിനുപുറമാണെന്നു കാണിക്കുവാൻ വേണ്ട ലക്ഷ്യങ്ങളുണ്ട്. മിനാൻഡറുടെ സാകേതാവരോധത്തോടുകൂടിത്താണ് പതഞ്ജലി മഹാഭാഷ്യം ചമച്ചതു്. മിണ്ടിന്റെ പ്രയോഗത്തെ അദ്ദേഹം ഉദാഹരിച്ചിരിക്കുന്നതിൽ നിന്നുമിതു സംഗതി ഗ്രഹിക്കാം. വകതാവുകണ്ടിട്ടില്ലാത്തതും കണ്ണാൽ കാണാൻ തരമുണ്ടായിരുന്നതുമായ ക്രിയയെ കുറിക്കുന്നിതിനു മാത്രമേ ലങ് ഉപയോഗിക്കാവൂ. അതിനാൽ 'മിനാൻഡർ സാകേതത്തെ അവരോധിച്ചു' എന്നുള്ള ഉദാഹരണം പതഞ്ജലിയുടെ കാലനിർണ്ണയത്തിനു സഹായിക്കുന്നു. ബി. സി. രണ്ടാംശതവർഷത്തിന്റെ മദ്ധ്യദശയിലാണു മിനാൻഡർ സാകേതത്തെ അവരോധിച്ചതു്. വാത്തികകാരനായ കാത്യായനൻ ദാക്ഷിണാത്യദേശങ്ങളോടു ദൃഢപരിചയം കാണിക്കുന്നതിനാൽ അദ്ദേഹത്തിന്റെ കാലം ബി. സി. മൂന്നാംശതവർഷത്തിലായിരിക്കണമെന്നു വരുന്നു. പാണിനി തന്റെ സൂത്രങ്ങളിൽ പഞ്ചാബിലും അഫ്ഗാനിസ്ഥാനിലും ഉള്ള അനേകദേശങ്ങളെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ദക്ഷിണാന്ത്യദേശങ്ങളെപ്പറ്റി ഒന്നും പ്രസ്താവിച്ചുകാണുന്നില്ല. 'ഡൊറ്റേഷ്യോട്ടിസ്' (ഗൗഡി) നദിയിൽനിന്നും മുന്നോട്ടു പോയാലുള്ള പഴിഞ്ഞതുകളെപ്പറ്റി സ്ഥിതിചെയ്യുന്ന സംഗതികളും പാണിനിയുടെ കാലത്തു സർവ്വസമ്പൽസമൃദ്ധമായിരുന്ന ഈ നഗരത്തെപ്പറ്റിയും പ്രതിപാദിക്കുന്നതായിരുന്നു ഈ നഗരത്തെ ശിപ്രിച്ചുകളഞ്ഞതു് അലക്സന്ത്രനാണ്. അതുകാരണം പാണിനി

യുടെ കാലം ബി. സി. നാലാംശതവഷ്ത്തിലെ അന്തിനപ്പു റമെ ആയിരിക്കണം. എന്നാൽ അലക്സന്ത്രയുടെ ആക്രമണ ത്തിനു ശേഷമേ ഇന്ത്യക്കും ഗ്രീസിനും തമ്മിൽ ദൃഢമായ ബന്ധം ഉണ്ടാകാൻ തുടങ്ങിയിട്ടുള്ളു.

ഹൈന്ദവനാടകങ്ങൾ കേവലം അനുകരണമാണെന്നു സ്ഥാപിക്കുന്നതിന് അത്യന്തരമായ വല്ല തെളിവുകളുമുണ്ടോ എന്നു നോക്കാം. ഗ്രീക്കുകാരുടെയും ഹിന്ദുക്കളുടെയും നാടകങ്ങൾ തമ്മിൽ വളരെ അന്തരമുണ്ട്. ഭാസകവിയുടെ ഉദയത്തിനു മുമ്പു തന്നെ ഇന്ത്യയിൽ എല്ലാ സംസ്കൃതനാടകങ്ങളും മംഗളപര്യവസായികളായിരുന്നു. നേരേമറിച്ചു ഗ്രീക്കുദേശത്തിൽ ശോകപര്യവസായികളായ നാടകങ്ങൾക്കാണു പ്രാധാന്യം. രചനാപരിപാടിയിലും രസപോഷണവിഷയത്തിലും അവ അത്യന്തം വ്യതിരിക്തങ്ങളാണ്. ഗ്രീക്കുനാടകങ്ങളെല്ലാം ഒന്നരരണ്ടു മണിക്കൂറിനുള്ളിൽ അഭിനയിച്ചു തീർക്കാവുന്നവയും ക്രിയാംശം ക്ലിഷ്ടമായിരിക്കുന്നവയുമാകുന്നു. ഹൈന്ദവനാടകങ്ങളെ അഭിനയിച്ചു തീർക്കുന്നതിന് ഒരുദിവസം മതിയാകയില്ലെന്നു മാത്രമല്ല അവയിൽ ക്രിയാഭാഗം വളരെ കുറവുമാണ്. രംഗന്മാർ ചെയ്യുന്നതെന്തു നിഷ്കൃഷ്ടമായാലും കൂടുതൽ അനുഷ്ഠിക്കുന്നു. ഹിന്ദുക്കളുടെ നാടകത്തിൽ മാത്രമേ വേണ്ടപോലെ ശ്രദ്ധ പതിയുന്നുള്ളു.

ഹൈന്ദവനാട്യകല കേവലം അനുകരണമായിരുന്നെങ്കിൽ വിദേശീയസാങ്കേതികശബ്ദങ്ങൾ നാട്യശാസ്ത്രത്തിൽ കടന്നുകൂടുമായിരുന്നു. ഉദാഹരണമാത്മം ജ്യോതിശ്ശാസ്ത്രം എടുത്തു നോക്കിയാൽ മതി. ഹിന്ദുക്കളുടെ ഖഗോളശാസ്ത്രപരിജ്ഞാനം അത്ര നാവഹമായിരുന്നെങ്കിലും സൌരരാശിചക്രത്തിന്റെ സ്വഭാവം അവർ ഗ്രഹിച്ചതു ഗ്രീക്കുകാരിൽ നിന്നുമായിരുന്നു. അതുകൊണ്ടു ജ്യോതിഷവിഷയകമായ അനേകം സാങ്കേതങ്ങൾ സംസ്കൃതഭാഷയിൽ കടന്നുകൂടിട്ടുണ്ട്. 'മയ'ശബ്ദംതന്നെ 'Ptolemy' എന്നതിന്റെ തദ്ഭവമാകുന്നു. നാട്യശാസ്ത്രത്തിൽ ഇത്തരത്തിലുള്ള സാങ്കേതശബ്ദവും കാണുന്നില്ല. 'നട', 'നാടക' ഇത്യാദിശബ്ദങ്ങൾ 'നൃത്' എന്ന ധാതുവിന്റെ പ്രാകൃതരൂപങ്ങളിൽനിന്നു

ന്നം ഉത്ഭവിച്ചതായിരിക്കണമെന്നു മാക്ഡോണൽഡ് ഉപപാദിക്കുന്നു.

എല്ലാറ്റിനും പുറമേ ഐന്ദ്രവനാടകങ്ങൾ ഉത്സവാവസരങ്ങളിൽ അഭിനയിക്കുവാനായ് രചിക്കപ്പെട്ടിട്ടുള്ളവയാകുന്നു. മതത്തോടു സംബന്ധമുള്ള ശാസ്ത്രങ്ങളേയോ കലകളേയോ വിനോദകരികളല്ലാതെ കൂടാവാങ്മീട്ടില്ല അതിനാൽ മാണിയർ വില്യംസ് പറയുമ്പോലെ "താളമേളാദ്യംഗങ്ങളോടുകൂടിയ ഗാനത്തിനു യോജിച്ച കോപചമായ അംഗവിക്ഷേപങ്ങളോടുകൂടി പബ്ലിക്കായി നടത്തപ്പെട്ടുവന്ന നൃത്തത്തിലാണു ഐന്ദ്രവനാടകത്തിന്റെ ബീജാങ്കുരത്തെ അന്വേഷിച്ചുപോകേണ്ടത്". കാലക്രമേണ കൂടുതൽ മോടിപിടിപ്പിച്ച് സംഗീതാദ്യുപകരണങ്ങളും അംഗ്യങ്ങളും നൃത്തത്തിൽ സ്ഥലംപിടിച്ചു. ഗാനമധ്യേ ഇടയ്ക്കിടെ അത്ഭുതാദിവികാരസൂചകങ്ങളായ വാക്കുകളും കൈക്രിയകളെ സഹായിച്ചു വന്നിരിക്കണം. ഒടുവിൽ സംഗീതത്തിന്റെ സ്ഥാനത്തു സ്വാഭാവികഭാഷണത്തെ ഉപയോഗിക്കയും അംഗവിക്ഷേപങ്ങൾ നാടകീയസംവാദത്തിന്റെ ശക്തിക്കായി മാത്രം പ്രയോഗിക്കപ്പെടുകയും ചെയ്തുതുടങ്ങി". ഇങ്ങനെ നോക്കുന്നതായാൽ സംഗീതം, സംവാദം, അംഗ്യം, അനുകരണം ഇവകളാണ് നാടകത്തിന്റെ പൂർവ്വഗാമികളെന്നു കാണാം. ഇവയിൽ ഓരോന്നിലും ഐഹികപാരത്രികരുടെ അന്യാദൃശമായ പാടവം സന്ധാരിച്ചിരുന്നു.

ഗാനാത്മകവും വിവിധവൃത്തങ്ങളിൽ വിരചിതവുമായ എത്രയെത്രയോ പദ്യങ്ങളും ഗദ്യമയമായ സംവാദങ്ങളുമാണു നാടകങ്ങളിൽ കാണുന്നത്. നാടകങ്ങളിലെ ഗദ്യം പ്രായേണ വ്യാവഹാരികവും അതിനെ തുടർന്നു വരുന്ന ഉൽകൃഷ്ടാശയങ്ങൾക്ക് ഒരു മുഖപ്രപോലെ വർത്തിക്കുന്നവയും ആകുന്നു. അതുകൊണ്ടു നാടകം യാതൊരു മിശ്ര സാഹിത്യരൂപങ്ങളിലും പെടാത്തവയാണെന്നു അപേക്ഷിച്ചു ക്രിയാഭാഗം കൂടുതലായിരിക്കുന്നു. ഇപ്പോൾ പ്രചാരമുള്ള ചില രൂപകങ്ങളിൽ മാത്രമേ ക്രിയയ്ക്കു പ്രാധാന്യം കുറഞ്ഞിട്ടുള്ളൂ.

കഥാപാത്രങ്ങളുടെ സാമൂഹികസ്ഥിതിഭേദം അനുസരിച്ചു വിവിധ ഭാഷകൾ ഉപയോഗിക്കുന്നതു സംസ്കൃതനാടകങ്ങളുടെ ഒരു പ്രത്യേകലക്ഷണമാകുന്നു. നായകൻ, രാജാവു്, ബ്രാഹ്മണൻ മുതലായ ഉത്കൃഷ്ട പാത്രങ്ങൾ മാത്രമേ സംസ്കൃതം സംസാരിക്കയുള്ളൂ. സ്ത്രീകളും താണവർഗ്ഗത്തിലുള്ള പുരുഷന്മാരും പ്രാകൃതമാണു് ഉപയോഗിക്കാറുള്ളതു്.

അദ്ധ്യായം ൨

ദൃശ്യകാവ്യഭേദങ്ങൾ

ദൃശ്യശ്രവ്യഭേദം അനുസരിച്ചു കാവ്യം രണ്ടുവിധമുണ്ടു്. രൂപകങ്ങളും ദൃശ്യകാവ്യങ്ങളുമാകുന്നു നടന്മാരിൽ രാമാദികളുടെ രൂപം ആരോപിക്കപ്പെടുന്നതുകൊണ്ടാണു് അവയ്ക്കു രൂപകം എന്ന പേർ സിദ്ധിച്ചതു്.

"യഥാ മുഖാദയഃ പുമ്മാദേ
രാരോപോ രൂപകം മതം
തഥൈവ നായകാരോപോ
നടേ രൂപകമുച്യതേ"

വർണ്യങ്ങളായ മുഖാദികളിൽ പുമ്മാദികളുടെ ഗുണം ആരോപിക്കുന്ന സമ്പ്രദായത്തെ അലങ്കാരികന്മാർ രൂപകം എന്നു പറയാറുള്ളതുപോലെ നടനിലുള്ള നായകാരോപത്തേയും രൂപകമെന്നു വ്യവഹരിക്കുന്നു. ദൃശ്യങ്ങളെല്ലാം അഭിനയിക്കപ്പെടുവാൻ യോഗ്യമായിട്ടുള്ളവയാണു്. *അഭിനയം അവസ്ഥാനുകരണമാണു്. അതു ആംഗികം,† വാചികം, ആഹാര്യം, സാത്വി

---

* ഉൽപാദയൻ സഹൃദയേ രസജ്ഞതാനേകം നിരന്തരം
അനുകർത്തൃസ്ഥിതേരേതാ ഭേദാഭിനയഭേദയോഃ.

†ആംഗികാഭിനയം മൂന്നുവിധം. "ത്രിവിധസ്ത്വംഗികോഽങ്ഗേന്യയഃ ശരീരോ മുഖജസ്ഥഥാ ചേഷ്ടാ കൃതശ്ചൈവ ശാഖാംഗോപാംഗ സംയുതഃ" ശാഖാംഗങ്ങൾ അനുവിധം. "ശിരോഹസ്താരഃ പാർശ്വകടീപാദലക്ഷണംഗി" ശാഖോപാംഗങ്ങൾ "നേത്രഭ്രൂനാസികാധരകപോ ചിബുകത്രുപാണി"

കം എന്ന നാലുവിധമുണ്ട്. അംഗങ്ങളെക്കൊണ്ടു നിഷ്പന്നമായിരിക്കുന്ന അഭിനയം അംഗികവും, വേഷരചനാദിനിഷ്പാദ്യമായത് ആഹാര്യവും, സ്ഥംഭാദിലക്ഷണപ്രമാണത്തെ സാത്വികവും ആകുന്നു.

രൂപകങ്ങൾക്കു പത്തുവിധഭേദങ്ങളുണ്ട്.

"നാടകമഥ പ്രകരണം ഭാണവ്യായോഗസമവകാരഡിമാഃ,
ഈഹാമൃഗാങ്കവീഥ്യംഗാഃ പ്രഹസനമിതി രൂപകാണി ദശ"

ഇവയ്ക്കു പുറമേ അനേകം ഉപരൂപകങ്ങളുമുണ്ട്. ഉപരൂപകങ്ങളിൽ രത്നാവലി തുടങ്ങിയ നാടികകളും, വിക്രമോർവ്വശീയം തുടങ്ങിയ ത്രോടകങ്ങളും, കർപ്പൂരമഞ്ജരി തുടങ്ങിയ സട്ടകങ്ങളും ഇവയാണു പ്രധാനം. ഇവയ്ക്കു നാടകങ്ങളുമായി ഈഷദ്ഭിന്നത്വസാമ്യമേ ഉള്ളൂ. നാടകലക്ഷണത്തെ സാഹിത്യപ്പേർണ്ണത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു.

"നാടകം ഖ്യാതവൃത്തം സ്യാൽ പഞ്ചസന്ധി സമന്വിതം
വിലാസദ്ധ്യാദി ഗുണവല്പ്രകൃതം നാനാവിഭൂതിഭിഃ
സുഖദുഃഖസമുദ്ഭൂതി നാനാരസനിരന്തരം
പഞ്ചാദികാ ദശപരാ സ്തന്ത്രാങ്കാഃ പരികീർത്തിതാഃ
പ്രഖ്യാതവംശോരാജർഷിർദിവ്യോമോത്തപ്രതാപവാൻ
ദിവ്യാഥദിവ്യാദിർവ്വാപാത്രണവാന്നായകോമതഃ
ഏക ഏവ ഭവേദംഗീ ശൃംഗാരോവീര ഏവ വാ
അംഗമന്യേ രസാഃ സർവ്വേ കാര്യോനിർവ്വഹണോത്ഭുതഃ
ചതുരഃ പഞ്ചവാ മുഖ്യാഃ കാര്യാർത്ഥപ്രകൃതയഃ
ഗോപുച്ഛാഗ്രസമാഗ്രന്ഥ ബന്ധനം തസ്യ കീർത്തിതം"

ഉ–ം, അനർഘരാഘവം, ശാകുന്തളം മുതലായവ.

പ്രകരണം*—:മുദ്രകടികത്തിലെപ്പോലെ ഇതിവൃത്തം കവികല്പിതവും ലൗകികവും ആയിരിക്കും. അംഗിയായി ശൃംഗാരമേ പാടുള്ളൂ. നായകൻ ധീരപ്രശാന്തനായ വിപ്രനോ, അമാ

---

* "ഭവേൽ പ്രകരണേവൃത്തം ലൗകികം കവികല്പിതം
ശൃംഗാരോംഗീനായകസ്യ വിപ്രോമാത്യോഥവാണിക
സാപായധർമ്മകാമാർത്ഥ പരോധീരപ്രശാന്തകഃ" (ദശരൂപകം)

ത്രനോ, വണിക്കോ ആയിരിക്കാം. ഉ-ം, ചാരുദത്തം, മൃച്ഛകടികം, മാധവീമാധവം, പുഷ്പഭൂഷണം മുതലായവ.

ഭാണം*:—ഇതിൽ ചിപുണനും പണ്ഡിതനുമായ ഒരു വിടൻ മാത്രമേ രംഗത്തിൽ പ്രവേശിക്കയുള്ളൂ. ധൂർത്തചരിതമായിരിക്കും ഇതിവൃത്തം. (മുകുന്ദാനന്ദം, വസന്തതിലകം, മീഖാമധുകരം).

വ്യായോഗം:—ഒരു ഖ്യാതവൃത്തവും സപ്തപ്രസ്ത്രീസംയുതവും ഒരങ്കം മാത്രമുള്ളതുമായ രൂപകമാകുന്നു. നായകൻ ധീരോദാത്തനോ ധീരോദ്ധതനോ ആയ രാജർഷിയോ ദിവ്യനോ ആയിരിക്കണം. (ഉത്തരരാഘവം, ഉന്മത്തരാഘവം, കസുമശേഖരവിജയം)

സമവകാരം:—ഈ മാതിരി രൂപകത്തിൽ മൂന്നങ്കങ്ങളുള്ളതാണെന്നുകയുള്ളൂ. വിഷ്കംഭസന്ധി ഇല്ല. വൃത്തം ദേവാസുരാശ്രയവും ഖ്യാതവും ആയിരിക്കും. മുഖ്യമായ രസം വീരം. നായകൻ ധീരോദാത്തനായ ദിവ്യാദിവ്യനായിരിക്കണം. (സമുദ്രമഥനം)

ഡിമം:—ഇതിലെ ഇതിവൃത്തം ഖ്യാതവും അംഗിയായ രസം രൗദ്രവും ആകുന്നു. നായകങ്ങളുണ്ടായിരിക്കും. വിഷ്കംഭപ്രവേശങ്ങൾ കാണുകയില്ല. വിമർശസന്ധി ഒഴിച്ചുള്ള എല്ലാ സന്ധികളും കാണും. ശാന്തഹാസ്യശൃംഗാരവർജ്ജിതങ്ങളായ എല്ലാ രസങ്ങളും ദീപ്തങ്ങളായിരിക്കും. നായകൻ ദേവഗാന്ധർവ്വയക്ഷരക്ഷസ്സുകളിലോ ഭൂതപ്രേതപിശാചാദികളിലോ ഒരുവനാണ്. (ത്രിപുരദാഹം)

ഈഹാമൃഗത്തിൽ അങ്കങ്ങൾ നാലു മാത്രം. മുഖം, പ്രതിമുഖം, നിർവ്വഹണം ഈ സന്ധികളേ ഉണ്ടായിരിക്കൂ. നായകപ്രതിനായകന്മാർ ചിലപ്പോൾ ദിവ്യന്മാരും ചിലപ്പോൾ നരന്മാരും ആയിരിക്കും. ഇതിവൃത്തം മിശ്രം. നായകൻ മൃഗവധ ലഭ്യമായിരിക്കുന്ന നായികയെ വാഞ്ഛിക്കുന്നതുകൊണ്ട് ഈ മാതിരി രൂപകത്തിനു ഈഹാമൃഗമെന്ന പേർ സിദ്ധിച്ചു. (കുസുമശേഖരവിജയം).

---

* "ഭാണസ്ത്വേകാങ്കധൂർത്തചരിതനാനാവസ്ഥാന്തരാത്മകഃ
ഏകോഽത്ര വിടഏവാലം നിപുണഃ പണ്ഡിതോ വിടഃ"

അങ്കം:—* ഇതു് ഏകാങ്കത്തോടും പ്രാകൃതനരനേതൃത്വത്തോടും പ്രഖ്യാതമായ ഇതിവൃത്തത്തോടുംകൂടിയ ശ്രവ്യകമാകുന്നു. കരുണമാണു് സ്ഥായിയായ രസം. ഇതിൽ ഭാണത്തിലെന്നപോലെ മുഖനിർവഹണസന്ധികളും കൈശികീ, ഭാരതി എന്നീ രണ്ടു വൃത്തികളും പത്തു ലാസ്യാംഗങ്ങളും മാത്രമേ ഉള്ളു. ഒരു പാത്രം രംഗത്തിൽ പ്രവേശിച്ചു യുദ്ധത്തേയും ജയപരാജയങ്ങളേയും വർണ്ണിക്കുന്നു. ഉദാഹരണം—ശർമ്മിഷ്ഠായയാതി.

വീഥി:—വീഥിയിലും കരുണരസമുള്ളു. ശൃംഗാരരസബാഹുല്യംകൊണ്ടു കൈശികീ വൃത്തിയുടെ ബാഹുല്യത്വം ഇതിൽ കാണുന്നു. നായകൻ ഉത്തമനോ, മധ്യമനോ, അധമനോ ആകാം. സ്ത്രീപ്രകൃതികൾ എല്ലാം കാണും. എന്നാൽ ആദ്യത്തേയും കടവിലത്തേയും സന്ധികളേ ഉണ്ടായിരിക്കൂ.

പ്രഹസനം:—ഇതു് ഇതിവൃത്തം കവികല്പിതവും ഹാസ്യരസപ്രധാനവും നിന്ദ്യന്മാരുടെ ചരിതത്തെ പ്രതിപാദിക്കുന്നതും ആയിരിക്കും. ശേഷമെല്ലാം ഭാണംപോലെ തന്നെ. (കന്ദർപ്പകേളി, ധൂർത്തചരിതം)

ഉപരൂപകങ്ങൾ പലവിധമുണ്ടു്. അവയിൽ നാടികാ, ത്രോടകം, സട്ടകം, പ്രകരണികാ ഇവയത്രേ പ്രധാനം.

നാടിക. കവികല്പിത നായകചരിതവും നടീബഹുലതയും പതുക്കെകയുമാകുന്നു. അതിലെ നായകൻ ധീരലളിതനായ ഉപനായകനായിരിക്കും. നായിക അന്തഃപുരസംബന്ധിയോ സംഗീതവ്യാപൃതയോ ആയ കന്യകയാണു്. അവർ ഉച്ചവംശജയും നവാനുരാഗയും ആയിരിക്കേണം. (ഉദാഹരണം രത്നാവലി, പ്രിയദർശികാ.)

---

* ഉൽസൃഷ്ടികാംകേഽങ്കഃ സോത്തേതരപ്രാകൃതനരപരിഗൃഹീതഃ
രസഃ പ്രായേണ കരുണഃ സ്ഥായീ ബഹ്വ്യസ്ത്രീപരിഗ്രഹോ വീഥ്യാം.
പ്രഖ്യാതമിതിവൃത്തം പ്രകരണികാ പ്രഥിതനീചപാത്രകൃതാ
ഭാണവദസന്ധിവൃത്ത്യംഗാന്യസ്യാൻ ലയപരാജയയോ
യുദ്ധം ചതുരചാകൈർവ്യാഹരിതവിശേഷണം ബഹ്വ്യാം.

രൂപകത്തിൽ അഞ്ചു മുതൽ പത്തു വരെ അങ്കങ്ങൾ ഉണ്ടായിരിക്കും. അങ്കം തോറും വിഷ്കംഭകനുണ്ടായിരിക്കണമെന്ന നിർബന്ധമുള്ളതുകൊണ്ട് അഗ്നിയെ ധരിച്ചും ശൃംഗാരമാണ്. (ഉദാഹരണം വിക്രമോർവ്വശീയം.)

സട്ടകം. പ്രാകൃതാശേഷപാഠ്യവും വിഷ്കംഭപ്രവേശകസംവർജ്ജിതവും അത്യല്പതരസപ്രചുരവുമാകുന്നു (കർപ്പൂരമഞ്ജരി)

പ്രകരണികാന്യൂനത്വവുമാടി നായകനായ നടികനന്നായാകുന്നു.

രൂപകങ്ങളുടെ ശേഷിച്ച ഭേദങ്ങളിലേയും ഉപരൂപകങ്ങളിൽ പ്രധാനമായിട്ടുള്ളവയുടേയും ലക്ഷണങ്ങളെപ്പറ്റി വിവരിച്ചുകഴിഞ്ഞു. ഇനി നാട്യപ്രബന്ധങ്ങളുടെ പൊതുവായ ഘടനയെപ്പറ്റി ചിന്തിക്കാം.

—o—

അദ്ധ്യായം ൩.

നാന്ദിപ്രകരണം.

മിക്കതും * നാടകവും ആശീർരൂപമായ നാന്ദിയോടുകൂടി സമാരംഭിക്കുന്നു. സംസ്കൃതകാവ്യകൃത്തുകൾ 'ആശീർന്നമസ്ക്രിയാവസ്തുനിർദ്ദേശോവാപിതൻമുഖം' എന്ന ആലങ്കാരികവചനത്തെ ആദരിച്ചു ശാകുന്തളത്തിലെപ്പോലെ ആശീർരൂപമായ മംഗളാചരണത്തോടെയോ, മാലവികാഗ്നിമിത്രത്തിലെന്നപോലെ നമസ്ക്രിയയോടെയോ, കുമാരസംഭവത്തിലെപ്പോലെ വസ്തുനിർദ്ദേശത്തോടെയോ കാവ്യമുഖത്തിൽ നിബന്ധിക്കുക പതിവാണ്. നാന്ദി ആശീർരൂപമായ മംഗളാചരണമാണെന്നുള്ളതിനു പുറമേ കാവ്യാരംഭസൂചകവുമാകുന്നു.

കാവ്യാരംഭസൂചകശബ്ദൈകയുക്തി
നാന്ദ്യാമേവം നിരുച്യതേ.

---

* നാടകത്തിനുള്ള വളരെ വ്യാപകമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

എന്നു പ്രമാണമുണ്ട്. നാന്ദീപദത്തിന്റെ വ്യുൽപത്തിയെ നാട്യപ്രദീപത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

"നന്ദന്തികാവ്യാനികവീന്ദ്രചന്ദ്ര
കുശീലവാദ പരിഷദശ്വാസന്ത
ന്യസ്മാദയം നന്ദജ്ഞാസിന്ധുഹംസീ
തസ്മാദിയം സാകഥിതാനാന്ദീ"

പൂർവരംഗത്തിലും അംഗഹാരത്തിലും സർവദാ ശിവൻ സന്നിഹിതനായിരിക്കുന്നതിനാൽ ആ രംഗത്തെ ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന പൂജയാകുന്നു നാന്ദി എന്നു ശാണ്ഡില്യൻ പറയുന്നു.

'നാന്ദീവൃഷഃ കാചിമഹേശ്വരസ്യ
രംഗപ്രദാതേതികിലഃ ഖജഗാമ
തദ്രംഗമുദ്ദിശ്യകൃതാംതുപൂജാം
നാന്ദീതിനാംനാട്യവിദോവദന്തി.'

മഹേശ്വരന്റെ നന്ദിയെന്ന വൃഷം ആദ്യം ആകാശത്തിൽ രംഗത്വം പ്രാപിച്ചു. ആ രംഗത്തെ ഉദ്ദേശിച്ചു ചെയ്യുന്ന പൂജയായതുകൊണ്ട് അതിനെ നാന്ദിയെന്ന നാട്യവേദികർ പറയുന്നു.

ഇങ്ങനെ മനോധർമ്മമനുസരിച്ചു നാന്ദിശബ്ദത്തെ കാരണഭേദത്തെ വ്യുല്പാദിപ്പിക്കാറുണ്ട്. നാന്ദിക്രിയാരൂപയെന്നും, വാഗ്രൂപയെന്നും രണ്ടു വിധത്തിലാണ്. വാഗ്രൂപയായ നാന്ദിയെ കോഹളൻ ഇപ്രകാരം നിർവചിക്കുന്നു.

മാംഗല്യശംഖചക്രാബ്ജകോകനകതാമരംസിനി
യത്രാഷ്ടഭിർപദൈശ്ലിഷ്ടൈശ്ചിത്രൈരേവവാ
പദവിശേതിപദൈർവാപിസാനാന്ദീതിപ്രകീർത്തിതാ.

ഈ നിർവചനമനുസരിച്ചു മാംഗല്യം, ശംഖം, ചക്രം, താമര, കോകം, അനുസ്വാർ എന്നിവയെ ശംസിക്കുന്നതും എട്ട്, പന്ത്രണ്ട്, പതിനെട്ട്, ഇരുപത്തിരണ്ട് എന്നീ പദസംഖ്യയോടുകൂടിയതും അതേ വാക്സമൂഹമാണ് നാന്ദി. ശംഖചക്രാദികൾ ലക്ഷ്യമായോ വ്യംഗ്യമായോ ഇരിക്കാം. പദശബ്ദത്തിന്റെ

അത്രത്തെപ്പറ്റി പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായഭിന്നതയുണ്ട്.

ശ്ലോകപാദപാദാംശകേചിൽ സൂച്ഛിന്നമിഥ്യാഹുരേ
പരേവാന്തരവാക്യൈകദേശപ്രയുക്തപാദമേചിലർ.

(നാട്യപ്രദീപം)

ചിലർ ശ്ലോകത്തിന്റെ തൃതീയാംശത്തെയായ പാദത്തെ പദമെന്നു പറയുന്നു. 'സുച്ഛിന്നം പദം' എന്ന പാണിനീസൂത്രമനുസരിച്ചു വിരാമത്തോടെയുള്ളതോ അന്യ ശബ്ദത്തെ പദമെന്ന മറ്റു ചിലർ വ്യാഖ്യാനിക്കുന്നു. ഭരതന്റെ മതമനുസരിച്ചു ശാകുന്തളം നാന്ദി പതിഞ്ഞ് പദിയും രണ്ടാമത്തെ മതം അനുസരിച്ച് അധികപദിയുമാകുന്നു 'അവാന്തരവാക്യൈകദേശപ്രയുക്തപാദം' എന്ന പക്ഷം സ്വീകരിക്കുന്നതായാൽ അതു അഷ്ടപദാത്മികയാണു്.

നാന്ദീശ്ലോകേവിധാതവ്യശ്ചന്ദ്രനാമാങ്കഏവസഃ
യശോഫലവചന്ദ്രസംബന്ധാദാശിഷ്യത്രവ്യുത്പത്തഥാപരഃ.

എന്ന ലക്ഷണമനുസരിച്ചു് അതു ചന്ദ്രനാമാങ്കിതവുമാണു്.

'നപദംപദമിത്യാഹു-
ർവ്യാഖ്യാത്രം പദമുച്യതേ.'

എന്ന ഒടുവിലത്തെ അഭിപ്രായത്തെയാണു് രാഘവഭട്ടപാരോദിക്കം അംഗീകരിച്ചിരിക്കുന്നതു്. നാന്ദി, 'ദീപ്തി', ശുഭാവഹമെന്ന രണ്ടുവിധമുണ്ടെന്നു കാവ്യേന്ദുപ്രകാശത്തിൽ പറഞ്ഞിരിക്കുന്നു. സൂര്യചന്ദ്രന്മാരോടെ ഉപമാനമോ വർണ്ണനമോ അടങ്ങിയിരിക്കുന്ന നാന്ദി ദീപ്തിയും അല്ലാത്തതു ശുഭയും അത്രേ.

നിഷ്പ്രത്യൂഹമുപാസ്മഹേഭഗവതഃ
കൈടഭരോഷകേലിലക്ഷ്മണഃ
കോകിപ്രീതിചകോരപാരണപടു
ർജ്യോത്സ്നീഷ്ടതീവാചനേ
യാത്യാമല്പിബാധമുജ്ജ്വലമധു
ശ്രീകൽപനിദ്രായിതോ
നാഭീപല്ലവപുണ്ഡരീകമുകുളഃ
കംബോഃസപ്രജനീകൃതഃ.

എന്ന 'അനർഘരംഘവനാന്ദി' സവ്വലക്ഷണസംയുക്ത യാകുന്നു. ശ്രീപദംകൊണ്ടും ഞടിതഗണംകൊണ്ടും മാംഗല്യം സൂചിപ്പിച്ചിരിക്കുന്നു. കോകരുതത്തെയും താമരയേയും വാച്യമായിട്ടും ചന്ദ്രനെ ലക്ഷ്യമായിട്ടും ഇതിൽ ശംസിച്ചിട്ടുണ്ട്. 'നിഷ്പ്രത്യൂഹാ' എന്ന ശബ്ദത്താൽ നിഹതശത്രുവായ ശ്രീരാമനെയും 'കെയമോഷകീമക്ഷുണ്ണ:' എന്ന പദത്താൽ ഇന്ദ്രജിത്പിനാശത്താൽ ഭൂമിയുടെ ഹർഷഹേതുവായി രുചിച്ചു ലക്ഷ്മണനെയും കൂടി സൂചിപ്പിക്കുന്നു കോകശബ്ദം സുഗ്രീവനെ ഉപലക്ഷിക്കുന്നു. കോകത്തിനു താര (നക്ഷത്രം) ങ്ങളുടെ ദർശനം സന്താപജനകമാണെല്ലാ അതുപോലെ തടസ്ഥ സുഗ്രീവന്റെ ബാലിയാൽ പരിഗൃഹീതയായ താരയുടെ ദർശനം ദുഃഖഹേതുകമാകുന്നു. ചകോര പദത്താൽ വിഭീഷണന്റെ രാജ്യപ്രാപ്തി വ്യഞ്ജിയ്ക്കുന്നു. ചകോരത്തിനു രാത്രിയിൽ ചന്ദ്രദർശനത്താൽ ഹർഷോദയം ഉണ്ടാകുന്നതുപോലെ വിഭീഷണനു രാമചന്ദ്ര ദർശനം നിമിത്തം സന്തോഷം ജനിയ്ക്കുന്നു. "അത്ഥവിബോധേ"തി പദത്താൽ രാമരാവണന്മാരുടെ സേനയുടെ നികുംഭവും അർദ്ധനിദ്രയിലേതി പദത്താൽ രാവണ സേനയുടെ അവികുംഭവും കൂടി സൂചിപ്പിക്കുന്നു. സപതനീകൃതഃ എന്ന പദം സീതാപഹരണം നിമിത്തം രാവണൻ രാമചന്ദ്രന്റെ വിരോധം സമ്പാദിച്ചുവെന്നു കാണിച്ചിരിക്കുന്നു. ഇവ നാന്ദി അഷ്ടപദാത്മികയുമാണ്.

നാന്ദി പൂർവരംഗത്തിന്റെ പ്രധാനാംശഭൂതമാകുന്നു.

'യന്നാട്യവസ്തുനഃ പൂർവംരംഗവിഘ്നോപശാന്തയേ
കുശീലവാഃപ്രകുർവന്തിപൂർവ്വരംഗഃ സ ഉച്യതേ'

എന്നുള്ള സാഹിത്യദർപ്പണത്തിൽ പൂർവരംഗത്തെ വിവരിച്ചിരിക്കുന്നു.

നാട്യവസ്തുവിനു മുമ്പായി രംഗവിഘ്നോപശാന്തിക്കായി കുശീലവന്മാർ യാതൊന്നു ചെയ്യുന്നുവോ അതിനാലാണ് പൂർവരംഗമെന്നു പറയുന്നതു്. പൂർവരംഗത്തിനു പല അംശങ്ങളുള്ളതിൽ നാന്ദിയാണ് അവശ്യം കർത്തവ്യമുള്ളതു്.

പ്രായേണ നാടകങ്ങളിൽ "നാന്ദ്യന്തേ സൂത്രധാരഃ" എന്ന മാത്രമേ കാണുന്നുള്ളൂ. അതിനെ സംബന്ധിച്ചു പണ്ഡിതന്മാരുടെ ഇടയ്ക്ക് ഒരു വാദകോലാഹലം നടന്നിട്ടുണ്ട്. 'നാന്ദ്യന്തേ' എന്നതിനു ശേഷം പാത്രിഷ്ണുവോ പ്രവിശതി എന്നോ ചേർത്തു വായിക്കേണ്ടതാണെന്ന് ഒരു വ്യാഖ്യാതാവു പറയുന്നു. അതില്ലാതെകൊണ്ടു രംഗപ്രവേശനം ചെയ്യുന്നതു സൂത്രധാരനോ മറ്റു വല്ല പാത്രമോ എന്ന സംശയം നേരിടാം. നാടകസംഘത്തിന്റെ നായകൻ ബ്രഹ്മണനായിരുന്നാൽ മാത്രമേ അയാൾക്കു നാന്ദിശ്ലോകോച്ചാരണത്തിനും സൂത്രധാരൻ എന്ന പേരിനും അവകാശമുള്ളൂ. അല്ലാത്തപക്ഷം നാന്ദിയുടെ ശേഷമേ അയാൾ രംഗത്തിൽ പ്രവേശിക്കൂ. അയാൾക്കു സൂത്രധാരൻ എന്ന പേരു ഔപചാരികമായിട്ടാണ് നാടകിയിരിക്കുന്നതു്. സ്ഥാപകൻ എന്ന പേരു മാത്രം രണ്ടു കൂട്ടർക്കും ഒരുപോലെ ഉപയോഗിക്കാം. അഭിധാമൂലാമണിയിൽ "നാന്ദി കഴിഞ്ഞു സൂത്രധാരൻ പ്രവേശിയ്ക്കുന്നു" എന്നു പറഞ്ഞിട്ടുണ്ട്.

'ചിന്നം കല്ലോലമല്ലമ്യം' ഇത്യാദി ശ്ലോകം ചേർത്തുകാണുന്നതു് – അതിനെ കവി കേവലം രംഗപ്രവേശമായിട്ടുമാത്രമേ കല്പിച്ചിട്ടുള്ളുവെന്നു തോന്നുന്നു.

—o—

അദ്ധ്യായം ൪.

സൂത്രധാരപ്രകരണം

സൂത്രധാര പ്രവേശത്തെ ഒരു ഗ്രന്ഥത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

നാന്ദിശ്ലോകംപഠിത്വൈവസൂത്രധാരസ്സഹോത്തരഃ
പ്രവിശ്യസ്മേരവദനസ്തതഃപഞ്ചപദീംവ്രജേൽ
തിതാളാന്തരമുൽക്ഷിപ്യപ്പർഗീതന്തുര്യയാത്രിതതോ
വലിതതോഽഭവിന്യാസൈസഃപ്രസ്തുതവ്യഞ്ജനക്ഷമൈഃ
സംയുക്തൈരനസംസ്പൃഷ്ടഹസ്തഃപഞ്ചപദീംവ്രജേൽ.

നമ്മുടെ ചില സൂത്രധാരന്മാർ രംഗപ്രവേശനത്തിന്റെ മുമ്പു പറയുന്നതു കണ്ടാൽ ഏതുമനുഷ്യനും അതുപോലെ ചാടിപ്പുറപ്പെടുവാൻ തോന്നുമല്ലോ? ഇതു ശിക്ഷണാനന്തരമായ അനുഭവമാണോ?

"സൂത്രം ധാരയതീതി സൂത്രധാരഃ," എന്നുള്ള സൂത്രധാരന്റെ വ്യുത്പത്തി. കാവ്യാർത്ഥത്തെ സഭാപൂജാദിപുരസ്സരം സൂചിപ്പിക്കുന്നതുകൊണ്ട് അവരെക്കൊണ്ട് സ്ഥാപകൻ എന്നും പേർ സിദ്ധിച്ചു. സൂത്രധാരന്റെ പൂർവരംഗപ്രവേശനം വർണ്ണിച്ചശേഷം സൂത്രധാരനോടുകൂടെയോ സ്ഥാപകൻ പ്രവേശിക്കുന്നതായിട്ടാണ് സാഹിത്യദർപ്പണകാരൻ പറയുന്നത്. എന്നാൽ ഇങ്ങനെ വരുന്നതു വസ്തുവർണ്ണനയിൽ സൂക്ഷ്മജ്ഞർ പ്രവേശനത്തിനായിരിക്കുന്ന അവസരത്തിലെ ഉള്ളൂ. അതുകൊണ്ടു പാവകളിയിൽ ചരടു പിടിച്ചുകൊണ്ടിരുന്ന ആശാന്റെ പേരു നാടകസംഘം മാനേജർക്കു സിദ്ധിച്ചതായിരിക്കണമെന്നാണ് ചിലരുടെ അഭിപ്രായം. നാടകത്തെ സംബന്ധിച്ചിടത്തോളം സൂത്രപദത്തിന് നാട്യോപകരണാദികം എന്നർത്ഥം. സൂത്രധാരൻ സർവപ്രയോഗകുശലനായും താളജ്ഞനായും ഗന്ധർവനായും കലീനനായും ശബ്ദാവവിശാരദനായും പാത്രസംക്രമണോപായകുശലനായും ഇരിക്കേണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു. ഈ നിർബ്ബന്ധം ഇക്കാലത്തും ഉണ്ടായിരുന്നുവെങ്കിൽ സത്പാത്രങ്ങളായ എത്ര എത്ര നാടകങ്ങൾ നമ്മുടെ നാട്ടിൽ നിന്നു ബഹിഷ്കൃതമാകുമായിരുന്നു. പ്രേക്ഷകപ്രവൃത്തിയേയും മുദ്രാഭിനയത്തേയും തൊട്ടുതൊഴുതു രംഗത്തിൽ പ്രവേശിക്കുന്ന ഇപ്പോഴത്തെ സൂത്രധാരന്മാർക്കും തുള്ളൽനാടകങ്ങളിലെ സൂത്രധാരന്മാർക്കും തമ്മിലുള്ള വ്യത്യാസം വിസ്മയജനകമാകുന്നു. മറുപക്ഷങ്ങൾക്കൊന്നിനും കൊള്ളാത്തതായിട്ടുള്ള ഈ സൂത്രധാരവേഷം അണിയുന്നതു്. ഈ നമ്മുടെ ദൗർഭാഗ്യങ്ങളിൽ ഒന്നാണെന്നു മാത്രമേ പറവാനുള്ളൂ.

രംഗപ്രസാദനമുദ്ദിശ്യ ദേവതാനാമുപാസകഃ
സൂത്രകർമ്മസ്വയം കുർവ്വൻ സൂത്രധാരഃ പ്രകീർത്തിതഃ
ഇത്യുപക്രമ്യതേ പ്രായേണ * മാനസീവൃത്തിമാശ്രിതഃ

* ഭാരതീ സ്യാത്സുകൃത്പ്രായേ വാഗ്പ്രപഞ്ചോചിതാ നരാണാം

എന്ന സഹൃദയകർണ്ണപുടത്തെ സാഹിത്യരസപ്പണം വിവരിക്കുന്ന ഭാരതീവൃത്തിക്ക് പ്രരോചനാ-വീഥി പ്രഹസനാംഗ സുഖം ചെയ്യുന്ന നാല് അംഗങ്ങളുണ്ട്. പൂർവ്വരംഗാവതാരിണിയും പ്രരോചനാ അവശ്യം വേണ്ടതാണെന്ന ജ്യോതിരീശ്വരൻ പറയുന്നു.

മദ്ഭർന്യാസ പരാഗീ നവ നിഷ്പ്രത്യൂഹകുൽകംഠിനേ
മെയ്ദഗ്ദ്ധ്വാ സ്യകയോർഗ്ഗിരേധുരോരോരാധിരാപൂതയേ
ധീരോദാത്തഗുണോത്തരാരഭടിഭാരത്യാഖ്യവീജംമുനി
വാല്മീകിഫലതിവൃത്തസൃഷ്ടചരിതസ്സോത്രാന്വഭിവ്യാഗിരേ

എന്ന മുരാരിനാടകത്തിലും,

"ശ്രീ ഹർഷോനിപുണഃ കവിഃ പരിഷദപ്യേഷാഗുണഗ്രാഹിണീ
എന്ന ശ്രീഹർഷപ്രണീതമായ രത്നാവല്യാദി നാടകത്രയത്തിലും,

'യം ബ്രഹ്മാണമിയം ദേവീവാഗ്വശ്യാനവത്തേ' എന്ന ഉത്തരരാമചരിതത്തിലും കവികർം തങ്ങളേയും തങ്ങളുടെ നാടകീയവസ്തുവിനേയും മറും പ്രശംസിക്കുന്നു.

കാളിദാസൻ മാത്രം ഇതുമപ്രശംസ തീരെ വർജ്ജിച്ചിട്ടുണ്ട്. സദസ്യരുടെ ചിത്തവൃത്തികളെ ഉന്മുഖീകരിക്കുന്നതിനായി കവികർം ചെയ്യുന്ന ഈ മാർഗ്ഗി പ്രശംസയേത്രേ പ്രരോചന. പ്രശംസ രണ്ടുവിധമുണ്ട്. കഥാനാഥകവി സ്വയം നടാടെ ചേതനാത്രയമായ പ്രശംസയും രത്നാവല്യാദികളിൽ കാണുന്നു.

സൂത്രധാരൻ നടീ വിദൂഷകന്മാരിൽ ഒരാളോടോ പാരിപാർശ്വികനോടോ കൂടി ചിത്രമായും വാക്യങ്ങളാം ഉപയോഗിച്ചുചെയ്യുന്ന മിഥസ്സല്ലാപത്തെ ആമുഖമെന്ന പറയുന്നു. അതിന് പ്രസ്താവനയെന്നും പേരുണ്ട്.

പ്രസ്താവന അഞ്ചുതരത്തിലാകുന്നു.
"ക്രൂരഗ്രഹതപമിയല്ലുനസന്ധ്യ കേത്തുവിപ്പോരം
പൂർവ്വിച്ചുമണ്ഡലമെഴാതെയാകചന്ദ്രനെന്തുൻ
പാരമ്പര്യാൽ പരിവേഷ്ടിതനിന്നിടുന്ന (മുദ്രാരാക്ഷസം)

എന്ന് പകൃതിപറഞ്ഞപ്പോൾ അണിയറയിൽ എ! അരങ്ങേ് ഞാനിരിക്കുമ്പോൾ ബലാൽക്കാരേണ ചന്ദ്രനെജയിപ്പാൻ വിചാരിക്കുന്നതു്?

*ഇതു ഉൽഘാത്യക എന്നപ്രസ്താവനാഭേദത്തിനുദാഹരണം. ഇവിടെ ചന്ദ്രഗ്രഹണത്തെ ഉദ്ദേശിച്ചാണ് സൂത്രധാരൻ പറയുന്നതു്. അതു കേട്ട് ചാണക്യൻ "ക്രൂരകർമ്മങ്ങളിൽ അസകൃതനായ രക്ഷസാമാത്യനോടുകൂടി അസപത്നപ്രകൃതിമണ്ഡലനായ ചന്ദ്രഗുപ്തനെ പരിഭവിപ്പിക്കുന്നതിനു ഉദ്യമിക്കുന്ന എന്നതെ റിഞ്ഞിരിച്ചിട്ട് അരാണ് ബലാൽക്കാരേണ ചന്ദ്രനേ ജയിപ്പാൻ വിചാരിക്കുന്നതു്?" എന്ന് അണിയറയിൽനിന്നു വിളിച്ചുപറയുന്നു. അതുകൊണ്ടു് ചാണക്യപ്രവേശം സുമിശ്രമായി.

സൂത്രധാരന്റെ വാക്യത്തെത്തന്നെ ഉച്ചരിച്ചുകൊണ്ടോ അതിന്റെ അർത്ഥത്തെ ഗ്രഹിച്ചിട്ട് മറ്റുപടി പറഞ്ഞുകൊണ്ടോ ഒരു കഥാപാത്രം പ്രവേശിക്കുന്നതെങ്കിൽ അതിനെ കഥാമുഖം എന്നു വ്യവഹരിക്കുന്നു.

തദനന്തരം സൂത്രധാരൻ "ഭീചാരദൃസ്സാദപി" എന്ന ശ്ലോകത്തെ ഉച്ചരിച്ചതിനുശേഷം അണിയറയിൽ "അങ്ങനെതന്നെ എന്നുസന്ദേഹം ഭീചാരദൃസ്സാദപി" എന്നിങ്ങനെ പറഞ്ഞുംകൊണ്ടു കയേറഗന്ധർവ്വൻ പ്രവേശിക്കുന്നു.

വേണീസംഹാരത്തിൽ

† നിർവ്വാണരൌദ്രമഥനോരുപ്രഹാരജർജ്ജര
നന്ദന്തുപാണ്ഡുതനയാഃ സഹമാധവേന

---

* ഉൽഘാത്യകം. പദാനിതുപ്രശസ്യന്തേ തദർത്ഥഗതയേനരാഃ
യോജ്യന്തേപാം പരൈരന്യൈഃ സഉൽഘാത്യകമുച്യതേ

അപ്രസ്തുതാർത്ഥങ്ങളായ പദങ്ങളെ അഭിപ്രസ്തുതാർത്ഥബോധത്തിനു അഭിപ്രസ്തുതാർത്ഥമായപ്രതിപാദകങ്ങളായ പദങ്ങളോടുകൂടി യോജിക്കുന്ന സമ്പ്രദായമാണ് ഉൽഘാത്യകം,

† അർത്ഥം [illegible]

രക്തപ്രസാധിതള ഃക്ഷിതവ് ഗ്രഹാശ്ച
സ്വസ്ഥാമചന്ദ്രകുരാജ സുതഃസട്ടിത്യാഃ.

എന്ന സൂത്രധാരൻ പറഞ്ഞപ്പോൾ അതിന്റെ അർത്ഥം ഗ്രഹിച്ചിട്ട് അണിയറയിൽ "എടാ ദുരാത്മാവേ" വൃഥാമംഗല പാഠകാ ഞാൻ ജീവിച്ചിരിക്കെ ധാർത്തരാഷ്ട്രന്മാർ എങ്ങനെ സ്വസ്ഥന്മാരായി ഭവിക്ക" എന്ന പറഞ്ഞു കോപത്തോടു കൂടി ഭീമസേനൻ പ്രവേശിക്കുന്നു.

ചില പ്രസ്താവനയിൽ സൂത്രധാരൻ പാത്രപ്രവേശത്തെസൂചിപ്പിച്ചിട്ട് നിർഗ്ഗമിക്കുന്നു. ഈ മാതിരി പ്രസ്ഥാവനക്ക് പ്രയോഗാതിശയമെന്ന പേർ. ശാകുന്തളത്തിലെ

ചേതസ്സുമാകൃഷ്ടമായിട്ടു നിൻ
ഗീതസ്വനത്താൽ ഹൃതനായി ഞാനും
സ്നീതദ്രുതംപൂണ്ടു മൃഗത്തിനാമീ
ശീതാംശുവംശ്യൻ നൃപനെന്നപോലെ.

എന്ന ശ്ലോകം നോക്കുക. സാഹിത്യദർപ്പണകാരൻ ഇതിനെ അവലഗിതത്തിനുദാഹരണമായാണ് പറഞ്ഞിരിക്കുന്നത്.

പ്രവൃത്തമായ കാര്യത്തെ ആശ്രയിച്ച് സൂത്രധാരൻ വർണ്ണിക്കുവെ അതിനെ അവലംബിച്ച പാത്രപ്രവേശം ചെയ്യുന്നുവെങ്കിൽ അതു പ്രവൃത്തകമാകുന്നു.

ആസാദിതപ്രകടനിർമ്മലചന്ദ്രഹാസ
പ്രാപ്തഃ ശരൽസമയ ഏഷവിഭുർലോകാന്താ
ഉൽഖായഗാഢതമസംഘനകാലമുഗ്രം
രാമോദശാസ്യമിവസംഭൃതബന്ധുജീവഃ.

ആസാദിതപ്രകടനിർമ്മലചന്ദ്രഹാസ ഇത്യാദി ശരൽകാല വിശേഷങ്ങൾ ശ്ലേഷകൊണ്ട് പ്രസ്തുതവൃത്തത്തെക്കൂടി പ്രതിപാദിക്കുന്നു. ഈ ശ്ലോകം ഉച്ചരിച്ച ഉടൻതന്നെ രാമൻ പ്രവേശിക്കുന്നു. അവലഗിതത്തെ ശ്ലേഷപ്രകരണത്തിൽ ഇപ്രകാരം നിർവചിച്ചിരിക്കുന്നു.

യത്തെ കതുസമാവേശാൽ
കാര്യമന്യത് പ്രസാധ്യതേ
പ്രസ്തുതേനൃതുവാന്യൽസ്യാ
ത്തച്ചാവലഗിതം ദ്വിധാ.

അന്യപരോത്ഥവർണ്ണിനയാലുള്ള പാത്രപ്രവേശത്തെ അവ, (ഗലിതം) എന്ന് കാവേന്ദുപ്രകാശകാരൻ പറയുന്നു. പ്രവൃത്തകാലവർണ്ണനോപമായ പാത്രപ്രവേശമാണെല്ലോ പ്രവൃത്തകം. വർണ്ണന അല്പമാത്രമായിരുന്നാൽ അത് വലിതമാണെന്ന് വ്യത്യാസം.

പ്രതാപരുദ്രീയത്തിൽ പ്രസ്ഥാവനയ്ക്ക് കഥോൽഘാതം പ്രവൃത്തകം പ്രയോഗാതിശയം എന്ന മൂന്നംഗങ്ങളെ കല്പിച്ചിട്ടുള്ളൂ. വാസ്തവത്തിൽ ഉൽഘാത്യകവും അവലഗിതവും വിഷ്കംഭങ്ങളാകുന്നു.

സാ-ദ. അസ്യാസ്സ്യയോ ദശാംഗാനി നിർദിശന്തിമനീ മനീഷിണഃ

ഉൽഘാത്യകാവലഗിതേ പ്രപഞ്ചസ്സിഗതം മുഖം വാക്കേളിധിബന്ധേ ഗണ്ഡമവസ്യന്ദിനനാളികേ അസൽ പ്രലാപവ്യവഹാര മർദ്ദവനിലാ താനിലാ.

മിഥ്യാസംഭ്രമപരമായ പരസ്പരസല്ലാപമാണ് പ്രപഞ്ചം. വിക്രമോർവ്വശീയത്തിൽ രണ്ടാമങ്കത്തിന്റെ പൂർവ്വാർദ്ധത്തിലുള്ള ചേടീവിദൂഷകസംവാദം ഇതിനുദാഹരണം.

ത്രിഗതം ശ്രുതിസാമ്യം കൊണ്ടുണ്ടാകുന്ന അനേകാർത്ഥത്തോടുകൂടിയ ഉദാഹരണം—

വിക്രമോർവ്വശീയത്തിൽ

സവ്യക്ഷിതിഭൃതാംനാഥഃ
ശിഷ്ടാസവ്യാംഗസുന്ദരീ
രാമാരമ്യോവനാന്തസ്ഥി
ന്നയാവിരഹിതീതപ്രിയം

ചോദ്യപക്ഷത്തിൽ ക്ഷിതിഭൃദ്വംശത്തിന്റെ പർവ്വതമെന്നും ഉത്തരപക്ഷത്തിൽ രാജാവെന്നും അർത്ഥം കല്പിക്കാം. ചോദ്യം—

"ഹേ! പർവ്വതശ്രേഷ്ഠാ എന്നോട് വേർപെട്ടിരിക്കുന്ന സർവ്വാംഗസുന്ദരിയും അതിരാമയുമായ ഉർവ്വശിയെ ഈ വനത്തിൽ വച്ച് അങ്ങു കണ്ടുവോ?

സർവ്വാംഗസുന്ദരീ രാമേതരയാ വിഹീനാ അസ്മിൻ വനാന്തേ മയാദിഷ്ടാ എന്ന് അനന്തരം ഉർവ്വശി എന്നാൽ കാണപ്പെട്ട എന്ന് അർത്ഥംകൂടി സമ്പാദിക്കാം. ഇവിടെ പ്രശ്നവാക്യം പർവതഗഹനങ്ങളിൽ മാറ്റൊലികൊണ്ട് ഉത്തരദേവനപ്രശ്നകാരന് കേൾക്കാറാകുന്നു.

* ഇംഗ്ലിഷ് നാടകങ്ങളിലാകട്ടെ പ്രസ്താവനയേയില്ല 'ഗത്തേ' എന്ന ജർമ്മൻ കവി കാളിദാസനെ അനുകരിച്ച് 'ഫ്സ്റ്റ്' എന്ന നാടകത്തിൽ പ്രസ്താവനയെ സ്വീകരിച്ചിട്ടുണ്ട്.

'അസൂചി തസ്യപാത്രസ്യ പ്രവേശോനൈവയുജ്യതേ' എന്ന ഭരതമതം അനുസരിച്ച് സൂത്രധാരൻ നേരെയോ അല്ലാതെയോ കഥാപാത്രത്തെ സൂചിപ്പിക്കണം എന്ന നിർബന്ധമുണ്ട്.

നാട്യപ്രബന്ധങ്ങൾ.

അദ്ധ്യായം ൫.

രചനാപരിപാടി.

പ്രസ്താവനാനന്തരം സൂത്രധാരനാൽ സൂചിതമായ കഥാവസ്തു രംഗംതോറും അങ്കംതോറും ക്രമാനുഗുണമായ് വികാസംപ്രാപിക്കുന്നു. ദൃശ്യകാവ്യങ്ങൾക്കും ശ്രവ്യകാവ്യങ്ങൾക്കും തമ്മിലുള്ള വ്യത്യാസം ഇവിടെ സ്മരണീയമാണ്. ദൃശ്യങ്ങളിൽ കഥാവസ്തു മുഴുവനും പാത്രങ്ങളുടെ സംഭാഷണംകൊണ്ടു പ്രതിപാദ്യമാകുന്നു. ശ്രവ്യങ്ങളിലാകട്ടേ കഥയിൽ കവിവാക്യം ധാരാളമായി കലർന്നിരിക്കും. പ്രവേശിച്ചിട്ടു 'അത്ഭുതമേതാനുക്രുടി' ഇത്യാദിസൂചനകൾ മാത്രമേ ദൃശ്യങ്ങളിൽ കാണുകയുള്ളു.

നാടകീയ വസ്തുവിനെ അങ്കങ്ങളായും ഓരോ അങ്കത്തിനെ ലോരംഗങ്ങളായും കവികൾ വിഭജിക്കുന്നു. ഒരു പാത്രത്തിന്റെ പ്രവേശവും മറെറാന്നിന്റെ നിഷ്ക്രമവുമാണ് രംഗവിഭജനം. അങ്ക മധ്യത്തിൽ ഒരു രംഗവും ശൂന്യമായിരുന്നുകൂടാ. സംസ്കൃതത്തിലേ രംഗവിധാനകോലാഹലമൊന്നും ഗ്രീക്കുനാടകങ്ങളിലില്ല. അവയ്ക്കു നമ്മുടെ കഥകളികളോടാണ് ഈ വിഷയത്തിൽ അധികം സാദൃശ്യമുള്ളതു്.

സരോധം ഭോജനംസ്നാനം സംഭോഗം ചാഗരോപനം
അംബരഗ്രഹണാ ദീനിപ്രത്യക്ഷാണിന ദർശയേൽ
ഏകൈകഭിവസേ വൃത്ത മേകസ്യാത്രപ്രയോജനം
ബഹുപാത്രപ്രവേശാഢ്യ മങ്കമാസന്ന നായകം.
അന്യോന്യനിഷ്ക്രമം കാര്യം പാത്രാണാം സൂചനാന്വിതം
പതാകാസ്ഥാനകാന്യത്ര ചിഹ്നബിജയുതാനിച
പ്രധാന വസ്തുനോന്യൂനാന്യം ഗൈരിതിവാദിഭിർന്നുകം
പ്രധാനസ്യാ നിരാധേന കുപ്പാന്യേ ഗാനിധീയതാ
ഏവമങ്കാപ്രകൃത്യ വ്യാപ്രവേശാദിഭിരന്വിതാ.

ഒരു ശ്രേഷ്ഠകത്തിനു് ഒന്നുമുതൽ പത്തുവരെ അങ്കങ്ങൾ ഉണ്ടായിരിക്കാം. ദുരാധാനം വധം തുടങ്ങിയ നീരസങ്ങളോ

അഗ്നിഭംഗങ്ങളോടുകൂടിയ കഥാംശങ്ങളെ രംഗത്തിൽപ്രയോഗിക്കാൻ പാടില്ല. അവ സൂച്യങ്ങളാണ്. സംസ്കൃതനാടകങ്ങൾക്ക് ഇതരനാടകങ്ങളോടുള്ള വൈലക്ഷണ്യത്തിന്റെ പ്രധാനകാരണം ഇതുനിബന്ധമാകുന്നു.

അങ്കം ഏകനേതൃപ്രയോജിതവും ഒരു ദിവസത്തിനുള്ളിൽ നടന്ന സംഭവങ്ങളെ കുറിക്കുന്നവയുമായിരിക്കും. നായകന്റെ ചരിതം അംശതയിൽ പ്രത്യക്ഷമെന്നപോലെ ഭാസമാനമായുംരസഭാവങ്ങളെക്കൊണ്ട് സമുജ്ജ്വലമായും ഇരിയ്ക്കേണ്ടതാണ്. ഓരോ അങ്കവും ബഹുപാത്രപ്രവേശാഢ്യവും അനുസന്ധതായകവുമാകുന്നു. മന്ദബുദ്ധികൾക്കുകൂടി ശ്രവണമാത്രയിൽ അർത്ഥബോധം ജനിപ്പാത്തക്കവണ്ണമുള്ള ചെറിയ വാക്യങ്ങളേ ഉപയോഗിക്കാവൂ. അവാന്തരകാര്യങ്ങളെ കലർത്തി പ്രധാനവസ്തുവിന്റെ ഗതിയെ തടയുന്നതും യുക്തമല്ല. ഗദ്യപദ്യങ്ങളുടെ നിവേശം ഔചിത്യത്തോടുകൂടി വേണ്ടതാണ്. രണ്ടു അങ്കങ്ങളുടെ ഇടയ്ക്ക് വിട്ടുകളഞ്ഞ ഭാഗങ്ങളെ കവികൾ പ്രവേശകംകൊണ്ടും വിഷ്കംഭംകൊണ്ടും ആണ് സൂചിപ്പിക്കുന്നത്. വിഷ്കംഭകനു് അങ്കാരംഭത്തിലോ മധ്യത്തിലോ അവസാനത്തിലോ പ്രവേശിക്കാം. പ്രവേശകനു് രണ്ടങ്കങ്ങളുടെ മധ്യത്തിലേ പാടുള്ളൂ. അയാൾക്കു് ഒന്നാമങ്കത്തിന്റെ ആരംഭത്തിലും ഒടുവിലത്തെ അങ്കത്തിന്റെ അവസാനത്തിലും പ്രവേശമേഇല്ല.

ക. വിഷ്കംഭം ശുദ്ധമെന്നും സംകീർണ്ണമെന്നും രണ്ടു വിധമുണ്ട്. ഒന്നോ രണ്ടോ മധ്യമപാത്രങ്ങളാൽ പ്രയോജിതമായ വിഷ്കംഭം ശുദ്ധവും നീചപാത്രപ്രയോജിതമായതു് സംകീർണ്ണവുമാകുന്നു.

ഖ. പ്രവേശകന്റെ ചുമതല വളരെ ലഘുവാണ്. രംഗമാറ്റത്തിന്റെയും ഏതെങ്കിലും ഒരു പാത്രത്തിന്റെ പ്രവേശത്തെയും സൂചിപ്പിക്കുന്ന ഭാരമേ വാസ്തവത്തിൽ അയാൾക്കുള്ളൂ. വിഷ്കംഭകനാവട്ടേ കഥയിൽ അഭിനയിക്കാതെ വിട്ടുകളയുന്ന അപ്രധാനവും എന്നാൽ അപരിത്യാജ്യവും അയ രംഗങ്ങളെ സംക്ഷിപ്തമായി വിവരിച്ചു് കഴിഞ്ഞുപോയസംഭവങ്ങളെ വരാൻ പോകുന്നവയോടുകൂടി ചേർത്തിണക്കുന്ന ജോലിക്കു പുറമേ സഭ്യന്മാരെ രസിപ്പിക്കുന്ന ജോലിക്കൂടിയുണ്ട്. ചി

ലർ വിഷ്കംഭകനും പ്രവേശകനും തമ്മിലുള്ള വ്യത്യാസത്തെ ഗണിക്കുന്നേയില്ല. വിഷ്കംഭത്തിനും പ്രവേശകത്തിനും പുറമേ ചൂളികാ അങ്കാസ്യം അങ്കാവതാരം എന്ന മൂന്നാസൂചനകൾ കൂടിയുണ്ട്. അണിയറയുള്ളിലിരുന്ന് കൊണ്ടുള്ള അത്മഗതമാണ് ചൂളികയെന്ന പറയുന്നു. അതു് ആഭ്യന്തരങ്ങളായ അങ്കങ്ങളുടെ ആദിയിലോ മധ്യത്തിലോ കർത്തവ്യമാണെന്ന് കാവ്യേന്ദുപ്രകാശകാരൻ അഭിപ്രായപ്പെടുന്നു. ഒരു അങ്കത്തിന്റെ അവസാനത്തിൽ അടുത്ത അങ്കത്തിന്റെ വസ്തുവിന്റെ ബീജാവാപം ചെയ്യുന്ന സന്ദർഭമാണ് അങ്കാവതാരം. ശാകുന്തളത്തിന്റെ അഞ്ചാമങ്കത്തിൽ ആറാമങ്കം പാത്രങ്ങളാൽ സൂചിപ്പിക്കപ്പെട്ടിട്ട് അതിന്റെ അംഗവിശേഷം എന്നതുപോലെ അവതരിക്കുന്നു. പ്രത്യാദിഷ്ടാം കാമപി കണ്വേന രാത്രൗം - എന്ന ശ്ലോകം നോക്കുക.

കഥാബന്ധം ശിഥിലമായ് പോകാതിരിക്കുന്നതിനു വേണ്ടി അങ്കാന്തപാത്രങ്ങളും തീർന്നും തുടങ്ങാൻ പോകുന്നതുമായ അങ്കങ്ങളും തമ്മിലുള്ള സംബന്ധത്തെ പിരിച്ചുപോകാണിക്കുന്നു. അതിനു അങ്കാസ്യം എന്നുപേർ

അങ്കാവതാരവും അങ്കാസ്യവും തമ്മിലുള്ള വ്യാത്യാസം സൂക്ഷ്മമാണെന്നുള്ള കാരണത്താൽ ചിലർ അതിനെ വകവെക്കുന്നില്ല.

ഹൈന്ദവ നാടകങ്ങളും മംഗലപര്യവസായികളാകുന്നു. നായികാനായകന്മാർക്കു സകല അഭീഷ്ടങ്ങളും സാധിച്ചുകഴിഞ്ഞശേഷം നിർവ്വഹണത്തിൽ പങ്കുകൊള്ളുന്ന ഏതെങ്കിലും ഒരു ഭൃത്യജനം ഇനി എന്തു പ്രിയത്തെയാണ് ഞാൻ ആചരിക്കേണ്ടതു് ? എന്നു ചോദിക്കുന്നു. നായകൻ "ഇതിൽ പരം എനിക്കു എന്താണ് വേണ്ടതു് ? എങ്കിലും ഇപ്രകാരം ഭവിക്കട്ടെ" എന്നു ഭരതവാക്യം ഉച്ചരിച്ചു നാടകം അവസാനിപ്പിക്കുന്നു. ഇങ്ങനെയാണ് എല്ലാ രൂപകങ്ങളുടേയും പരിസമാപ്തി.

പ്രൊഫ്സർ വിൽസൻ ഹൈന്ദവരൂപകങ്ങളുടെ സാമാന്യഘടനയെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഹിന്ദുക്കൾ അവരുടെ നാടകീയവസ്തുക്കളെ ഒരിക്കലുമൊരു മംഗലമായി പര്യവസാനിപ്പിക്കാറില്ല. മനുഷ്യഹൃദയത്തിന്റെ വിവിധവികാരങ്ങളെ-ഭയം ശോകം മൃതിയായവയെപ്പോലും-വി

ട്ടകളയാതെ ഉദ്ദീപിപ്പിക്കാറുണ്ടെങ്കിലും പ്രേക്ഷകന്മാരുടെ മനസ്സിൽ പ്രബലമായ ഒരു ശോകച്ഛായ പതിഞ്ഞു കിടക്കത്തക്കവണ്ണം അവർ കഥയെ അവസാനിപ്പിക്കാറില്ല. ഇങ്ങനെ വന്നുചേർന്നതു് കേവലം ഒരു യാദൃച്ഛിക സംഭവമായിട്ടാണെന്നു വിചാരിക്കാൻ വഹിയാ. ആലംകാരികന്മാർ അമംഗലമായ പര്യവസാനത്തെ കശ്മനമായി നിഷേധിച്ചിട്ടുണ്ടു്. ഠിവിദ്ധകളുടെ പൌരാണിക കഥാ നിർവഹണം അദൃശ്യരൂപവും, ഗംഭീരവുമാണു്. സന്മാർഗ്ഗ ബോധോൽപാദകതാത്പര്യമായും അവർ വാട്ടകളയാറില്ല. ജീവിതസാധാരണവും അനായാസപാഠ്യമെങ്കിലും ഗുണകരവുംആയ ദുഃഖാനുഭൂതിയെ ഹൃദ്യമായ ഒരു മധുരിമകൊണ്ടു പൊതിയുകയത്രേ നാടകപ്രയോഗത്തിന്റെ പ്രധാനോദ്ദേശ്യം, എന്ന ഒരു നാടകകർത്താവുതന്നെ പറഞ്ഞിട്ടുണ്ടു്.''

അദ്ധ്യായം ന്യ.

ഭാണപ്രഹസനലക്ഷണങ്ങൾ.

ഭരതമുനി നാടകസപ്തരൂപത്തെ ഇപ്രകാരം നിർവചിച്ചിരിക്കുന്നു.

പഞ്ചസന്ധി ചതുർവൃത്തി ചതുഷ്പ്രഘട്ടകസംയുതം
പ്രഖ്യാതശുദ്ധവൃത്തോപേത മലംകാരോപശോഭിതം
മഹാരസം മഹാഭോഗ മുദാത്തരചനാന്വിതം
മഹാപുരുഷ സംസ്കാരം സാധുചാരജനപ്രിയം
സംക്ഷിപ്തസന്ധി സംയോഗം സുപ്രയോഗം സുഖാശ്രയം
മുദ്ഗരപ്രഖ്യാതിധാനം ച കവികുഞ്ജരനാടകം.

ഈ അദ്ധ്യായത്തിൽ നന്ന ലക്ഷണങ്ങളെ വിവരിക്കുന്നു.

൧. ഭ്രഷ്ടണം.

അനേക അലങ്കാരങ്ങളാലും ഗുണങ്ങളാലും സമലംകൃതമായ അവസ്ഥയത്രേ ഭ്രഷ്ടണം.

ഉദാഹരണം—

* അക്ഷിപന്ത്യരവിന്ദാനി മുശ്ധതവമുഖശ്രിയം
കോശൗണ്ഡസമഗ്രാണാം കിമേഷ്യാമസ്തിഭഷ്ണുരം.

൨. അക്ഷരസംഘാതം.

ഭിന്നാത്ഥശ്ലിഷ്ടവർണ്ണനാത്മകമായ വാക്യമത്രേ അക്ഷരസംഘാതം.

ശാകുന്തളം ഏഴാമങ്കത്തിൽ

രാജാ—ഈ ബാലന്റെ അമ്മയുടെ പേർ പോലിപ്പെങ്കിലൊ—അഥവാ പരസ്ത്രീ പ്രസംഗം അന്യായമാണല്ലൊ.

ഒന്നാംതാപസ—സർവ്വമനാ ശകുന്തളാവണ്ണം നോക്കു.

ബാലൻ—എന്റെ അമ്മ എവിടെ?

ഒ—താ—കുഞ്ഞെ പക്ഷിയുടെ ഭംഗിനോക്കു. എന്നാണെ പറഞ്ഞതു്.

"രാ—ഈ ബാലന്റെ അമ്മയുടെ പേരു ശകുന്തളാ എന്നാണോ?"

൩. ശ്ലോഭ.

പ്രസിദ്ധമായ ഒരത്ഥത്തോടൊപ്പം പ്രസിദ്ധമായ മറൊരത്ഥംകൂടി സ്ഫുരിക്കുന്നതു ശ്ലോഭ.

ഉദാഹരണം—

സദ്വംശസംഭവഃ ശുദ്ധകോടി ദോഷി ഗുണാന്വിതഃ
കാമംധനരിവ ക്രൂരോ വർജ്ജനീയസ്തഥാം പ്രഭുഃ

ഈ ശ്ലോകത്തിൽ അനപായാത്ഭത്ഥത്തിനു പുറമെ വേണപാത്ഭത്ഥം കൂടി സ്ഫുരിക്കുന്നു.

൪. ശ്രുതതുല്യാത്ഥമായ വാക്യമത്രേ ഉദാഹരണം. ശാകുന്തളത്തിൽ—

രാജാ—"എങ്ങനെയാണിപ്പോൾ എന്റെ വാസ്തവത്തെ പറയുന്നതു്? എങ്ങനെയാണു് ഞാൻ മറൊരാളാണെന്നപറയുന്നതു്. അതുകട്ടെ ഇങ്ങനെ പറയാം. (പ്രകാശം)പൊരവാ

അയി മുശ്ധേ! അരവിന്ദംപോലെ നിന്റെ മുഖശ്രീയെ അനുക്ഷണം നിയ്ക്കുന്നു. കോശദണ്ഡസമഗ്രങ്ങളായ ഇവയ്ക്കു" എന്നതാണു ഭാഷാന്തരമായിട്ടുള്ളതു്. കോശത്തിനു ബീജകോശമെന്നും ദണ്ഡത്തിനു നാളമെന്നും പുഷ്പവിശേഷമെന്നും. ഈ ശ്ലോകം നിർദ്ദോഷം, അന്ത്യാന്തരാന്ത്യപ്രാസം, ശ്ലേഷം ഈ അലംകാരങ്ങളും മാധുര്യപ്രസാദാദി ഗുണങ്ങളും അലംകൃതമായിരിക്കുന്നു

നായ രാജാവിനാൽ ധർമ്മാധികാരത്തിൽ നിയുക്തനായ ഞാൻ ആശ്രമവാസികളുടെ കർമ്മങ്ങളെല്ലാം നിർവിഘ്നമായ് നടക്കുന്നോ എന്ന് നോക്കാനായി ധർമ്മാരണ്യത്തിൽ വന്നിരിക്കുയാണു്.''

൪. ഹേതു.

കാരണം കൂണ്ടിക്കാണിച്ച് സംക്ഷിപ്തീകരിയ്ക്കുകയാൽ അഭീഷ്ടാർത്ഥബോധം വരുത്തുന്നതിനെ ഹേതുവെന്നു പറയുന്നു. ശാകുന്തളത്തിൽ,

രാജാ—എന്റെ അനുരാഗനിമിത്തങ്ങളായ പ്രത്യേകചിഹ്നങ്ങളും ശകുന്തളയുടെ അകൃതിയിൽ കാണുന്നുണ്ടു്.

സഞ്ചിന്നമായ വിരലിന്റെ പാടിതാ
ഭിന്നവർണ്ണ മുപരേഖ മീക്ഷ്യതേ.
വർണ്ണകോ ഽപ്യപസിത ഹേതുഭ്രതമായ്
കർണ്ണനീർകവിളിൽ നിന്നുവീണതും

൫. സംശയം

നിശ്ചയാന്തമല്ലാത്ത വാക്യമാകുന്നു. ശാകുന്തളത്തിൽ;—കൊണ്ടോടത്തക്കരൂപം തളിരുപനതം പണ്ടു ഞാൻസ്വീകരിച്ചുണ്ടോമോയില്ലയോ യെന്നാധിഗതപരിഭ്രമനായിട്ടിദാനീം "കണ്ടെത്തിപ്രാതരാർദ്രഭിന്നവമിഥികാഗർഭമാം കുന്ദപുഷ്പം വണ്ടെത്താനെന്നപോലെന്മധുപ്രവരിരഭോക്തുന്മകുത്തുമീശേ

൬. ദൃഷ്ടാന്തം.

സപക്ഷസാദ്ധ്യത്തിനുവേണ്ടി കാരണം കൂണ്ടികാണിക്കുന്നതു ദൃഷ്ടാന്തം. വേണീസംഹാരത്തിൽ സഹദേവൻ "അയ്യ ദുര്യോധനകളത്രമായ അവർകളെ ഇതു് ഉചിതംതന്നെ.''

൭. തുല്യതർക്കം.

പ്രകൃതിഗാമിയായ പദാർത്ഥം നിമിത്തം അംകുരിക്കുന്നചിന്തയത്രേ തുല്യതർക്കം.

ശാകുന്തളത്തിലെ 'ത്രാണിക്കാത്തനുഭം' എന്നാശ്ലോകത്തിന്റെ നാലാം പാദം.

൮. പദോച്ചയം.

പദാർത്ഥങ്ങളുടെ അനുരൂപഘടനയാണു് പദോച്ചയം.

ഉദാ:— തളിരുപോലധരംസുമനോഹരം
ലളിതശാഖകം പോലെ ഭുജദ്വയം
കിളിമൊഴിയ്ക്കു തനെറ കുസുമോപമം
മിളിതമുജ്ജ്വലമാം നവയൌവനം.

ഇവിടെ ശബ്ദത്തിനും അർത്ഥത്തിനും ഒരുപോലെ സൌന്ദര്യമായ്ക്കാണുന്നതിനാൽ പദോച്ചയം. അർത്ഥം ഉത്കടമായിരുന്നാൽ പദങ്ങളും ഉത്കടനമായിരിയ്ക്കുണ്ണം.

൫. നിദർശന.

പരപക്ഷനിരാസത്തിനു വേണ്ടി പ്രസിദ്ധാന്തരങ്ങളെ എടുത്തുപറയുന്നതിനു നിദർശന എന്നുപേർ.

* ഉദാ:—ക്ഷാത്രധർമ്മോചിതൈർധർമ്മൈരലംശത്രുവധേന വഃ
കിന്തുബാലിനിരാകരണ മുക്തപ്പൊണാഃ പരാങ്മുഖേ.

൬. അഭിപ്രായം.

സാദൃശ്യംനിമിത്തം അസംഭാവ്യാർത്ഥം കല്പന ചെയ്യുന്നതിനെ അഭിപ്രായമെന്നു പറയുന്നു.

ശാകുന്തളത്തിൽ—

വപുസ്സിതു നിസർഗ്ഗസുന്ദരമേയ വിനാസംശയം
തപസ്സിനസ്തുപമാക്ഷമവാനിതുവാൻ താപസൻ

ഇത്യാദിശ്ലോകം.....നിർവ്വാപ്പുലപാത്രധാരകൊണ്ട് സമ്പൂർണ്ണതയെ ദ്യോതിക്കുന്നതു പോലെ തന്നെ മുഗ്ധഗാത്രിയായ ശകുന്തളയെ തപസ്സിനു നിയോഗിക്കുന്നത് അസംഭാവ്യമാണെന്നുപറഞ്ഞിരിക്കുന്നതിനാൽ അഭിപ്രായം.

൭. പ്രാപ്തി

എന്തെങ്കിലും ഒരു വിശേഷണം കണ്ടിട്ട് അപ്പും അഭൂഹത്തിനു വഴിയുണ്ടാകുന്നതു പ്രാപ്തി.

ഉദാ:— എല്ലായിടത്തും ചുറ്റിതിരിയുന്ന ഈ ഭ്രമരം എന്റെ പ്രിയതമയായ പ്രഭാവതിയെ തീർച്ചയായും അറിയാതി

---

* ഹേ പാണ്ഡവരെ! ശത്രുവധത്തിൽ ക്ഷാത്രധർമ്മത്തെപ്പറ്റി ഉപന്യസിച്ചിട്ടു കാര്യമില്ല. രാമൻ പരാങ്മുഖനായിരുന്നപ്പോൾ ബാലിയിൽ ശരമെയ്തിട്ടില്ലേ. ഇവിടെ ക്ഷാത്രധർമ്മനിരാസത്തിനു വേണ്ടി ഒരു പ്രസിദ്ധോദാഹരണം എടുത്തുകാണിച്ചിരിക്കുന്നു

രിക്കയല്ല. എല്ലായിടത്തും ചുററിത്തിരിയുന്ന എന്നവിശേഷണമത്രേ ഇവിടെ ഈ ഉദാഹരത്തിന്റെ കാരണമായിത്തീർന്നത്.

൬൯. വിചാരം.

യുക്തിവചനത്താൽ അപ്രത്യക്ഷത്വത്തെ സാധിക്കുന്നതു വിചാരം.

൭൰. ദിഷ്ടം.

ദേശകാലങ്ങളോട്ട് സാധർമ്മ്യം കല്പിച്ചു വർണ്ണിക്കുന്നതത്രേ ദിഷ്ടം.

വേണീസംഹാരത്തിലെ 'ഇടിത്തീ' കണക്കുന്ന ശ്ലോകം നോക്കുക:—

ഇടിത്തീകണക്കു് ക്രൂരനായ് ആയുധനിൽ സംഭൃതമായജ്യോതിസ്സിനെ ഈ കൃഷ്ണവർഷകാലം എന്നപോലെ വർദ്ധിപ്പിക്കും.

൭൱. ഉപദിഷ്ടം.

ശാസ്ത്രാനുസൃതവും ഹൃദ്യവുമായ വാക്യത്തെ ഉപദിഷ്ടമെന്നു പറയുന്നു.

ഉദാ:—ഭക്ത്യാസേവിതപൂജ്യാൻ.....ഇത്യാദി പ്രസിദ്ധശ്ലോകം. വാത്സ്യായന മുനിപ്രോക്തമായ ഏകചാരിണീവൃത്തം ഇതിൽസംക്ഷിപ്തമായി സംഗ്രഹിച്ചിരിക്കുന്നു.

൭൲. ഗുണാതിപാതം-ഗുണത്തിനു വിപരീതമായ കാര്യമാകുന്നു.

* ഉദാ - യദിസംഹിയതേതമോ ഗ്രഹൃതേസകലൈ സ്തേ പാദ; വസന്നിശിരസി പശുപതേസ്ഥാപിതാ സ്ത്രീയാ: ജീവനം ഹരസി.

വിപരീതാർത്ഥ യോജിതങ്ങളായ അനേക ഗുണാഭിധാനങ്ങളെക്കൊണ്ടു് മധുരമായും എന്നാൽ നിഷ്ഠുരാർത്ഥമായും ഉപന്യസിക്കുന്ന സമ്പ്രദായവും ഗുണാതിപാതമാണെന്നു ചിലർ പറയുന്നു.

"മേദസ്സുറുമെലിഞ്ഞുകുക്ഷിലഘുവും" ഇത്യാദി ശാകുന്തള ശ്ലോകത്തിൽ മൃഗയാവ്യസനത്തിന്റെ വിരൂപഗുണങ്ങളെ മ

* ഹേചന്ദ്ര! അങ്ങു് തമസ്സിനെ നശിപ്പിക്കുന്നു. അങ്ങയുടെ പാദത്തെ എല്ലാവരും ഗ്രഹിക്കുന്നു. ശിവന്റെ ശിരസ്സിൽ ആണ് അങ്ങയുടെ വാസം ഇങ്ങനെയൊക്കെ ഇരുന്നിട്ടും സ്ത്രീയുടെ ജീവനെ നശിപ്പിക്കുന്നല്ലോ.

ധുരമായ് ഉപന്യസച്ചിരിക്കുന്നു. പക്ഷേ അതു് വിദൂഷകനു അഭിമത മല്ലാത്തതിനാൽ നിഷ്ഠുരാർത്ഥമായിട്ടാണു പരിണമിച്ചതു്.

ക്ര. ഗുണാതിശയം. ഉപമാനോപമേയ വൃത്തിസാധാരണമായ ധർമ്മങ്ങളിൽനിന്നു് ഉപമേയത്തിനു് ഗുണം അധികമായിക്കാണുന്നതത്രേ ഗുണാതിശയം.

ക്രവ്യ. വിശേഷണമെന്നു പറയുന്നതു് ഭേദകധർമ്മമാണു്.

† ഉദാ – തുണ്ണാപഹാരീവിമലോദിജാവാസോജനപ്രിയഃ
വൃദ്ധഃ പദ്മാകരഃ കിന്തുബുധസ്തപം സജലാശയഃ

ക്രൻ. അഭിപ്രേതാർത്ഥസിദ്ധിയ്ക്കു വേണ്ടിയുള്ള പ്രസിദ്ധാർത്ഥകഥനമാണു് നിരുക്തം

"ശകുന്തളേ! അവിടെത്തന്നെ ക്ഷണനേരം നില്ക്കണേ നിന്നേക്കൊണ്ടു് ഈ ഇലഞ്ഞി ഒരു നല്ല വള്ളിപ്പുറവിയതുപോലെ ശോഭിക്കുന്നു.

ശകു;—ഇതുകൊണ്ടുതന്നെയാണു് നിന്നെപ്രിയംവദ എന്നു വിളിക്കുന്നതു്." ശകുന്തളയിൽ ലതാരോപം ആരോപിച്ചിരിക്കുന്നതാണു് ഇവിടെ പ്രസിദ്ധാർത്ഥകഥനം.

ക്ഠ. ഒരു വസ്തുവിൽ അനേകവസ്തുക്കളുടെ ഗുണകഥനം സിദ്ധി.

* "യദ്വീയ്യംക്രമ്മരാജസ്യ യച്ചശേഷസ്യവിക്രമഃ
പ്രഥിവ്യാരക്ഷണേ രാജന്നേകതുപയിതൽസ്ഥിതം"

ക്ഥ. വക്താവിന്റെ അഭിമതത്തിനു വിപരീതമായ വാക്കുകൾ സ്വയം നാവിൽനിന്നു പോകുന്നതു് ഭ്രംശം.

വേണീസംഹാരത്തിൽ ദുര്യ്യോധനൻ കഞ്ചുകിയോടു പറയുന്നു.

സഹഭ്രത്യഗണം, സബാന്ധവം സഹമിത്രം സസുതം സ
[ഹാനുജം
സബലേ നനിഹന്തിസം യുഗേനചിരാൽ പാണ്ഡുസുതഃ
[സുദയോധനം

---

* ഹേരാജൻ! ഉപരിപ്രകൃതവിഷയത്തിൽ ധർമ്മരാജന്റെ ധീരത്വം അനന്തന്റെ വിക്രമവും നിന്നിൽ ഏകോപിച്ചിരിക്കുന്നു. രാജ്യഭരണവിഷയകമായുണ്ടാകുന്ന എല്ലാ ക്ലേശങ്ങളേയും സഹിക്കാൻ അദ്ദേഹത്തിനു ശക്തിയുണ്ടു് എന്നുസാരം.

ദുര്യോധരൻ പാണ്ഡവന്മാരെ വധിക്കും എന്നുപറയുന്നതിനുപകരം ഭീമൻ ദുര്യോധനനേ സകുലം നശിപ്പിക്കും എന്നുപറഞ്ഞുപോകുന്നു

൬൨. വിപര്യ്യയം. സന്ദേഹംനിമിത്തം വിചാരത്തിന് അന്യഥാഭാവം വരുന്നതത്രേ വിപര്യ്യയം.

ഉദാ– മതപാലോകമുദാതാരം സന്തോഷയൈ: കൃതാമതിതപയി രാജനിതേരാജന്നതഥാ വ്യവസായിന.

൬൩. ദാക്ഷിണ്യം. ചോദ്ദിക്കൊണ്ടും വാക്കുകൊണ്ടും അന്യന്മാരുടെ ചിത്തത്തേ പ്രീണിപ്പിക്കുന്നതു ദാക്ഷിണ്യം. ഉം– ശാകുന്തളത്തിൽ "ഞാൻ അവളുടെ കടംവീട്ടുന്നുണ്ട്" എന്നുപറഞ്ഞുകൊണ്ട് അംഗുലീയകത്തേ കൊടുക്കുന്നു.

൬൪. അനുനയം. സ്നിഗ്ധങ്ങളായ വാക്കുകളാൽ സ്വാത്ഥം നേടുന്നതു് അനുനയം.

അശ്വത്ഥാമാങ്കത്തിൽ കൃപർ അശ്വത്ഥാമാവിനോടു പറയുന്നു.

"ദിവാസ്സുഗ്രാമകോവിദ്വാം ദ്രോണതുല്യനംആയ ഭവാനിൽ അസംഭാവ്യമായുള്ളതെന്താണ്"

൬൫. മാലാ– സ്വാഭീഷ്ടസിദ്ധ്യർത്ഥം അനേകകാര്യങ്ങളെ പ്രതിപാദിക്കുന്നതുമാല.

ഉദാ– അംഭോബിന്ദുത്തുഷാര മന്ദമരുതാദ്ദേഹക്കുമച്ഛേദിയാ
മംഭോജച്ഛദതാലവൃന്തമതുകൊണ്ടന്നോടു വീശട്ടയോ
രംഭോരുപ്രപുരാദരം മടിയിൽവെച്ചിഷ്ടാന്ന രോധേനഞാ
നംഭോജാരുണമാം ഭവല്പദയുഗം ബാലേതലോടട്ടയോ. ?

൬൬. അർത്ഥാപത്തി. അർത്ഥാന്തരോക്തിയിൽനിന്നു് അന്യാർത്ഥ പ്രതീതിയുണ്ടാകുന്നതു് അർത്ഥാപത്തി വേണീസംഹാരത്തിൽ.

ദതപാദയം സ്രോതിരഥോ വധ്യമാനം കിരീടിനാ
സിന്ധുരാജമുപേക്ഷേ തനൈവം ചേൽകഥമന്യഥാ.

† തുല്യാപഹരിതം വിമലതരം, ബീജാവീസതരം, ജനപ്രിയതരം, പരതന്ത്രാകൃതരം ഇവയെപ്പോണ്ടു വ്യത്യസ്തവും നീയും തുല്യമാണ്. പക്ഷേ നീബുധൻ ശ്രീരമ്യാകൃതേ ജഗദാശ്രയം എന്നിവർക്കു.

ഇവിടെ സിന്ധുരാജോപേക്ഷാ രൂപമായ അത്യന്തരാകൃതി യിൽ നിന്ന് ദ്രോണന്റെ പുത്രാഭിഷേകാഭിപ്രായം വ്യക്തമാകുന്നു.

൨൭. ഗഹനം അർത്ഥം സ്പഷ്ടം. (ഭത്സനാ)

ശാകുന്തളത്തിൽ പുഷ്പസായകനേയും ചന്ദ്രനേയും ഭത്സിക്കുന്നത് ഉദാഹരണം. 'സുമം ത്വദീയസായകം' ഇത്യാദി ശ്ലോകം നോക്കുക.

൨൮. പ്രസിദ്ധി ലോകപ്രസിദ്ധമായും ഉൽകൃഷ്ടമായും ഉള്ള അർത്ഥങ്ങളാൽ ഉണ്ടാകുന്ന പദാർത്ഥപരിണയനമാണ് പ്രസിദ്ധി. വിക്രമോർവ്വശീയത്തിൽ.

അരക്ഷ്നേഷ്വാവഥസോമപൈയത്ത
നാരുർശീ ഭ്രമികഠിനാമനന്ദം
അരേസ്വയം വല്ലഭനോഷിതോമാൽ

നേരെവസിച്ചായവനീ യിവൻതാൻ (കൊ-ഗദ്യപദ്യം) ഇവിടെ സൂര്യചന്ദ്രാദിപ്രസിദ്ധ ശബ്ദങ്ങളാൽ പുരുരവസ്സിന്റെ പരിചയം സിദ്ധിക്കുന്നു.

൨൯. പ്രൗഢി - അഭ്യർത്ഥനാ പരനായകനാകുന്നതിനാൽ ആത്മാനോപഹ്നവം ചെയ്യുന്നത് പ്രൗഢി.

൩൦. സാരൂപ്യം. സദൃശവസ്തുവിനോടുള്ള സാരൂപ്യത്തിനാലുണ്ടാകുന്ന ഭ്രമമാണ് സാരൂപ്യം

ഭീമനേകണ്ടിട്ട് ദുര്യോധനനായിരിക്കുമെന്ന് ഭ്രമിച്ച് യുധിഷ്ഠിരൻ പറയുന്നു. "ദുരാത്മാവേ! ദുര്യോധനാഹതക" ഇത്യാദി വാക്യകഠം ഉദാഹരണം.

പൂർവ്വാനുഭൂതസാദൃശ്യാത്തേനെ വസ്തുകഥനം ചെയ്യുന്നതും സാരൂപ്യംതന്നെ. ശാകുന്തളത്തിൽ (എന്നാൽ കാമിജനങ്ങളുടെ അവസ്ഥ ഇതിഹാസ പുരാണങ്ങളിൽ എങ്ങനെപറഞ്ഞു കേട്ടിരിക്കുന്നുവോ അപ്രകാരം നിന്റെ അവസ്ഥയും ഇരിക്കുന്നു.)

---

* * വിശേഷാർത്ഥം. രൂപലാവണ്യാതി ശയയുക്താനുനാം.

പ്രിയേ! ശിരീഷകുസുമങ്ങളെപോലെ പരിപേലവമായ അംഗങ്ങളെ എന്തിനുഖേദിപ്പിക്കുന്നു. ഭവതിയുടെ ദാസജനമായ ഈവൻ മുഖത്തു വീഴുങ്ങളെപരിച്ചു തരുമല്ലോ.

൩൫. സംക്ഷേപം. അത്ഥാന്തരസ്ഥാനത്തിൽ അവിശേഷേണതന്നേ നിർദ്ദേശിക്കുകയത്രേ സംക്ഷേപം.

രാജാ. പ്രിയേ * അംഗാനിഖേദയസികിം
ശിരീഷകുസുമപരിപേലവാനിമുധാ
(തന്നേ നിർദ്ദേശിച്ചിട്ട്) അയമീഹിത കുസുമാനാം
സമ്പാദയിതാതവാസ്മി ദാസജനഃ

൩൬. ഗുണകീർത്തനം അത്ഥം സ്പഷ്ടം.

"ഘ്രാണിക്കൊത്തസുമം" ഇത്യാദി ശാകുന്തളശ്ലോകം ഉദാഹരണം.

൩൭. ലേശം. സാദൃശ്യ താല്പര്യകമായ വാക്യം അത്രലേശം. വേണീസംഹാരത്തിൽ രാജാ.

"ഹതേ ജരതിഗാംഗേയേപുരസ്കൃത്യ ശിഖണ്ഡിനം.
യാസ്യാമ്യാപാണ്ഡുപുത്രാണാം സൈവാസ്മാകംഭവിഷ്യതി.

ശിഖണ്ഡിയെ മുമ്പിൽനിറുത്തി വൃദ്ധനായ ഭീഷ്മരെ ഹനിച്ചതുകൊണ്ട് പാണ്ഡവന്മാർക്കു കിട്ടിയതുപോലുള്ള ശ്ലാഘ്യനായ അഭിമന്യുവിനെ നിഗ്രഹിച്ചതുകൊണ്ട് ഞങ്ങൾക്കും ലഭിക്കും.

൩൮. അഭിപ്രേതാത്ഥത്തെ ഭംഗ്യന്തരേണ പറയുന്നത് വിനോദം.

രതികേളികല: കിഞ്ചിദേഷമന്മഥമന്ഥര:
പശ്യൻസൃഷ്ട സമാലാഭാൽ കാമം ബഹ്വപി ബധ്നതി പ്രിയാം

ഇവിടെ കളഹംസം പ്രിയയെ ചുംബിക്കുന്നതു കാണിച്ചുകൊടുത്തിട്ട് നായകൻ തന്റെ പ്രിയാചുംബനാഭിപ്രായത്തെ സൂചിപ്പിക്കുന്നു.

൩൯. അനുക്തസിദ്ധി വിശേഷാത്ഥത്തിന്റെ ഊഹവിസ്തരമാണ് അനുക്തസിദ്ധി.

ദൃശ്യതേതന്വിയാവേതെ
ചാരുചന്ദ്രമസംപ്രതി

* നീ എന്തിനാണ് കുസുമ പേലവങ്ങളായ അംഗങ്ങളെ തപിപ്പിക്കുന്നത്. നിന്റെ ദാസജനമായ ഇവൻ പുഷ്പങ്ങൾകൊണ്ടു തന്നെ തുല്യമല്ലോ.

പ്രാജ്ഞേകല്യാണനാമാനാ
വുഭേതിഷ്യപുനർവ്വസൂ.

സപ്തർഷാപവനത്തിൽ വിശ്വാമിത്രസമീപം ഇരിക്കുന്ന രാമലക്ഷ്മണന്മാരെ കണ്ടിട്ട് സഖിമാർ സീതയെവിളിച്ചു പറയുന്ന ഭാഗമാണിത്. അവരുടെ രൂപലാവണ്യം കണ്ടു ചന്ദ്രാദികളായിരിക്കുമോ എന്നു സംശയിക്കുന്നു. ചന്ദ്രാദികൾ ഭൂമിയിൽവരാൻ സംഗതിയുണ്ടു് എന്നു് തർക്കാതിശയം.

ന-ന്യ. പ്രിയോക്തി. പ്രമാണീകരിക്കുന്നതിനുവേണ്ടി പൂജ്യമായും മഹാജനകമായും ഉള്ള വാക്കുപറയുന്നതു് പ്രിയോക്തി.

ഉദാ - പൂർണ്ണമുണ്ടാം തദനന്തരം പ്രഥമം
ജീമൂതജാലം പ്രഥമം തതോജലം
സ്വാമാന്യമട്ടിങ്ങനെഹേതുകായ്യയൊ
ശ്രീമൽപ്രസാദന്യായ മുൻപ്രസാദ്യതേ

അദ്ധ്യായം ന്യ.

നാട്യാലങ്കാരങ്ങൾ.

നാട്യാലങ്കാരങ്ങൾ ന ന. വിധ മുണ്ടു്

ക. ആശിസ്സു് ഇഷ്ടജനാശംസയാകുന്നു.

ശാകുന്തളത്തിൽ നിഷ്ടാജനസ്യ വൃഷഭപ്രജപോലെ
ബഹുമതാഭവപതിക്കയിന്നീയും
മഹിത്ഭാഗ്യമവാപ്തുരുവിനെപ്പോൽ
മഹിയിലേക നൃപമാപ്നഹിപുത്രം.

ഖ. ദുഃഖത്തോടുകൂടിയ പ്രലപിതം ആക്രന്ദം.

ഉത്തര രാമചരിതത്തിൽ "ഹാ ദേവി ദേവയജനസംഭവേ" ഇത്യാദി രാമവിലാപം.

ന. മായയാൽ അന്യമായ രൂപത്തെ വിഭാവനം ചെയ്യുന്നതു് കപടം

* മൃഗരൂപം പരിത്യജ്യവിധായ കപടം വപുഃ
നീയതേ രക്ഷസാതേന ലക്ഷ്മണോ യുധിസംശയം.

൪. അല്പമായ പരിഭവത്തേപ്പോലും സഹിക്കാതിരിക്കുന്നതു് അക്ഷമാ. ശാകുന്തളത്തിൽ രാജാവു്—"അല്ലയോ സത്യവാദിൻ നിങ്ങൾ പറയുന്നതിനേ ഞാൻ വിശ്വസിച്ചു എന്നാൽ ഈ സ്ത്രീയെ വഞ്ചിച്ചിട്ടു എന്താണിനിക്കൊരു പ്രയോജനമുള്ളതു്." ?

ശാർങ്ഗരവൻ—ധർമ്മട്ടംശംതന്നെ

൫. സാവലേപമായ വക്യം ഗർവ്വം ശാകുന്തളത്തിൽ ഏന്റെ ഗൃഹം പഞ്ചഭൂതങ്ങളാൽ ആക്രമിക്കപ്പെട്ടുന്നോ ? ഇത്യാദി.

൬. ഉദ്യമം. കായ്യത്തിന്റെ ആരംഭമത്രേ ഉദ്യമം.

൭. ആശ്രയം. ഉൽകൃഷ്ടാർത്ഥഹേതുവിനെ ഗ്രഹിക്കുന്നതു്. ആശ്രയം വിഭീഷണൻ ഞാൻ രാമനേത്തന്നേ ആശ്രയിക്കും. ഇവിടെ വിഭീഷണൻ തന്റെ രാജ്യപ്രാപ്തി രൂപമായ ഉൽകൃഷ്ടകായ്യത്തിന്റെ ഹേതുവായ രാമനേ ആശ്രയിക്കുന്നതായി പറഞ്ഞിരിക്കുന്നു.

൮. ഉൽപ്രാസനം. സാധുവല്ലാത്ത സാധുമ്മന്യനിലുള്ള ഉപഹാസമാകുന്നു. ശാകുന്തളത്തിൽ ശാർങ്ഗരവൻ രാജൻ! പൂർവ്വവൃത്താന്തത്തേ കളത്രാന്തരത്തിലുള്ള ആസംഗം നിമിത്തം അങ്ങുമറന്നുപോയിരിക്കയാണെങ്കിൽ അധർമ്മത്തേക്കുറിച്ചു് ഇത്ര ഭയമുള്ള അങ്ങേക്കു് ഇവളെ ഉപേക്ഷിക്കാമോ ?

൯. സ്പൃഹാ. ഒരുവസ്തുവിന്റെ രമണീയതാ നിമിത്തം അതിൽ അഭിനി വേശം ജനിക്കുന്നതു് സ്പൃഹാ

ശാകുന്തളത്തിൽ—

കൊണ്ടാടിയൻപൊടപരിക്ഷതകോമളം നിൻ
ചുണ്ടാകുമിപ്പുതിയ പുഷ്പമതിന്റെ സാരം
ഇണ്ടൽ വളർന്ന വലയുന്നൊരു വണ്ടുപോലെ
കൊണ്ടൽതൊഴും കഴലിയാവദഹാംപിബേയം.

---

* മൃഗരൂപം കളഞ്ഞിട്ടു് മാരീചൻ കപടരൂപത്തെ അവലംബിച്ചു് ലക്ഷ്മണനു് യുദ്ധത്തിൽ സംശയം ജനിപ്പിക്കുന്നു.

൧൫. ക്ഷോഭം. അതിക്ഷുദ്രവിചാരകാരിയായക്ഷോഭം തന്നെ ക്ഷോഭം.

തവയാതപസചിചണ്ഡാലാപ്രച്ഛന്നവധവത്തിനാ
നകേവലം ഹതോബാലിസ്വാത്മാചപരലോകതഃ

ചണ്ഡാല! പ്രച്ഛന്ന വധ വത്തിയായിരിക്കുന്നനിന്നാൽ കേവലം ബാലിമാത്രമല്ല ഹതനായത് നിന്റെ ആത്മാവും ഹതമായെന്നു സാരം.

പശ്ചാത്താപം - അർത്ഥം സ്പഷ്ടം.

൧൬. ഉപപത്തി - അർത്ഥസിദ്ധിക്കായി ഹേതുവിനേ ഉപന്യസിക്കുന്നത് ഉപപത്തി

* ഉ ക്രിയതേ ക്രിയമാണേയാതവയി ജീവതി ജീവതി
താംയ ദീച്ഛസിജീവന്തീം രക്ഷാത്മാനം മമാസുഭിഃ

നായികയുടെ ജീവന ഹേതു നിന്റെ ശരീര രക്ഷണമാണെന്നു പറഞ്ഞിരിക്കുന്നു.

൧൭. ആശംസാ - ഉദാഹരണം ആവശ്യമില്ല.

ആശംസാ സാഭീഷ്ടലാഭേച്ഛയും ആശിസ്സ് ബന്ധുജനാഭിമതലാഭേച്ഛയും ആണ്.

൧൮. അധ്യവസായകം. കാര്യത്തേ കർത്തവ്യതേപന നിർദ്ദേശിക്കുകയത്രേ അധ്യവസായകം

അസ്യവക്ഷഃ ക്ഷണേനൈവ നിമ്നഗ്രഗദയാനയാ; ലീല യോന്മൂലയാമ്യേഷഭവനദ്രുമ മദ്യവഃ

൧൯. വിസഷ്ടം സമരമ്പുവും അനിഷ്ടഫലപ്രദവും ആയ കർമ്മമാണ്.

'വേണീസംഹാരത്തിൽ' ഏകസ്യൈവവിപാ കോയം
ദാരുണോഭവിത്തേ
കേശഗ്രഹേ ദ്വിതീയേസ്മിന്നനം നിശ്ലേഷിതാഃ പ്രജാഃ

ദ്രൗപതിയുടെ കേശഗ്രഹ ഫലംതന്നെ ഭൂമിയിൽ ദാരുണമായ് വർത്തിക്കുന്നു. ദ്രോണസംബന്ധിയായ ഈ രണ്ടാമത്തെ

* യാവൽ നീ മരിച്ചാൽ മരിക്കുകയും ജീവിച്ചിരുന്നാൽ ജീവിക്കയും ചെയ്യുന്ന, അവൾ ജീവിച്ചിരിക്കണമെന്ന നിനക്ക ആഗ്രഹമുണ്ടെങ്കിൽ ശരീരത്തെ എന്റെ അസുക്കളെ കൊണ്ട് രക്ഷിക്കുക.

കേശഗ്രഹത്താൽ പ്രജകാം നിർദ്ദിഷ്ടിതരായ് ഭവിക്കും

ഫന്നു. കായ്യദർശനമാണ് ഉല്ലേഖം. ശാകുന്തളത്തിൽ രാജാവിനോടു തപസന്മാർ ;-രാജാവേ !ഞങ്ങടം ചമത്കായ്യായി പുറപ്പെട്ടിരിക്കുന്നു. ഇതാ മാലിനീനദിയുടെ തീരത്തിൽ കുലപതിയായ കണ്വന്റേറ ആശ്രമം കാണപ്പെടുന്നു. കായ്യാന്തരങ്ങടം കൂടാവിഘ്നം വരികയില്ലെങ്കിൽ അവിടെ ചെന്നു അതിഥിസൽക്കാരത്തെ സ്വീകരിച്ചാലും.

ഫഒ. ഉത്തേജനം സ്വകായ്യസിദ്ധിക്കുവേണ്ടി അന്യനെ പ്രേരിപ്പിക്കാനായി കഠിന വാക്കു പറയുന്നതു

* ഇന്ദ്രജിച്ചണ്ഡവീര്യോസിനാപ്പൈവബലവാനസി
ധിഗ്ധിഗ് പ്രച്ഛന്നരൂപേണയുദ്ധ്യസേസ്മൽ ഭയാകുലം

പ്രച്ഛന്നവേഷത്തിൽ യുദ്ധംചെയ്യുന്ന ഇന്ദ്രജിത്തിനെ പ്രകാശയുദ്ധത്തിൽ വർത്തിപ്പിക്കാനായ്. പറഞ്ഞിരിക്കുന്ന കഠോരവാക്കുകളായതിനാൽ ഇതു ഉത്തേജനം

ഫഒ. പരിവാദം. കേവലം ഭത്സനയത്രേ.

ഫൻ. നീതിശാസ്ത്രാനുവർത്തനമാകുന്നു. ശാകുന്തളത്തിൽ ദുഷ്യന്തൻ "തപോവനങ്ങളിൽ വിനീതവേഷത്തോടുകൂടി പ്രവേശിക്കേണ്ടതാണു്." "

* ഇന്ദ്രജിത്തേ നീ പ്രചണ്ഡവീര്യനും നാമമാത്ര ബലവാനും ആണു്. കഷ്ടം കഷ്ടം ഞങ്ങളെ ഭയന്നു പ്രച്ഛന്ന വേഷത്തിൽ യുദ്ധം ചെയ്യുന്നല്ലോ.

ഫഠ. അർത്ഥവിശേഷണം. ഉചിതമായ അർത്ഥത്തെത്തന്നെ സോപാലംഭം അനേകവിധത്തിൽ ഉൽകീർത്തിക്കുകയാകുന്നു. ശാകുന്തളത്തിൽ ശാർങ്ഗരവൻ രാജാവിനോടു; —"ഞങ്ങടം ഉപന്യസിച്ചതെന്താണെന്നാ ? നിങ്ങടം ലോകത്തുങ്ങളിൽ വളരെ സാമർത്ഥ്യമുള്ളവരാണെന്നു മസ്സിലായിട്ടില്ലയോ

ജാതവിവാഹയാം യുവതി സച്ചരിതാപിനിജ.
ജ്ഞാതികുലൈകവാസിനിമറിച്ചു വിശങ്കിതയാം.

ഇത്യാദി. ഇതെന്താണുപന്യസിച്ചതെന്നോ? ഇത്യാദി വാക്യത്രയത്താൽ ഗർഭപന്നസതപ്രയായ ഇവളെ സഹധർമ്മചാരണത്തിനായ് സീകരിച്ചാലും എന്നുള്ള സോപാകൃതമായ അർത്ഥത്തെ വീണ്ടും വീണ്ടും സൂചിപ്പിക്കുന്നു.

൨൧. പ്രോത്സാഹനം. അർത്ഥം സ്പഷ്ടം

* കാളരാത്രികരാളേയം സ്ത്രീതികിം വിചികിത്സസി
തജ്ജഗത്രിതയം ത്രാതും താത!താഡയതാടകാം

൨൨. അഭിമാനം(സ്പഷ്ടം.) വേണീസംഹാരത്തിൽ ദുര്യോ:- അംബ! എന്താണ് ഇങ്ങനെ അസദ്ദശവും ക്ഷുദ്രവും ആയ വാക്ക് പറയുന്നത്? ഇത്യാദി

൨൩. സാഹായ്യം. സങ്കടത്തിൽ പരന്റേറ ആനുകൂല്യമാകുന്നു. വേണീസംഹാരത്തിൽ കൃപനോട്ട് അശ്വത്ഥാമാ "അങ്ങ് രാജാവിന്റേറ പാശ്വവർത്തിയായിരിക്കുക" ഇത്യാദി ഭാഗം നോക്കുക.

൨൪. സവിനയമായ അനുവർത്തനത്തെ അനുവൃത്തം എന്നുപറയുന്നു.

൨൫. ഭൂതകാര്യാഖ്യാനമാണ് ഉൽകീർത്തനം

൨൬. യാച്ഞാ. ദൃതമുഖേനയുള്ള അഭ്യർത്ഥനമാകുന്നു

അദ്യാപിദേഹിവൈദേഹീംദയാലുസ്ത്വയിരാഘവഃ
ശിരോഭിഃകന്ദുകക്രീഡാം കിംകാരയസിവാനരാൻ.

രാമൻ അംഗദമുഖേന രാവണനോട് അഭ്യർത്ഥിക്കുന്നു "വൈദേഹിയെ രാമനുകൊടുത്താലും. അദ്ദേഹം നിന്നിൽ ദയാലുവായിരിക്കും എന്തിനു വാനരന്മാരെ ശിരസ്സുകളേ കൊണ്ട് പന്തുകളിപ്പിക്കുന്നു ?

൨൭. അനുചിതകർമ്മം ചെയ്തശേഷം അതിനുവേണ്ടിയുള്ള ക്ഷമാപണം ആണ് പരിഹാരം.

൨൮. പ്രവർത്തനം കാര്യത്തിന്റേറ സാധുവായ പ്രവർത്തനം തന്നെ.

൨൯. ആഖ്യാനം. പൂർവ്വവൃത്തോക്തിയാണ് "ദേശഃ സോയമനുപ്രാപ്തി ശ്രോണിതപ" ഇത്യാദിവേണീസംഹാരശ്ലോകം ഉദാഹരണം.

---

* കുറെഞ്ഞ താടക കാളരാത്രിപോലെ ഭയംകരിയാണ്. സ്ത്രീയെന്നു നീ എന്തിനു സംശയിക്കുന്നു മൂന്നുലോകങ്ങളെ രക്ഷിക്കുന്നതിനു വേണ്ടി അവളെ കൊന്നാലും" എന്ന് വിശ്വാമിത്രൻ രാമനെ പ്രോത്സാഹിപ്പിക്കുന്നു.

൩൦. അർത്ഥാവധാരണമാണ് യുക്തി.

൩൧. പ്രമദാധിക്യമത്രേ പ്രഹർഷം.

ശാകുന്തളത്തിൽ രാജാവു്—ഇപ്പോൾ പൂർണ്ണമനോരഥനായ എന്നെ ഞാൻ എന്താണ് അഭിനന്ദിക്കാത്തതു്. ?

൩൨. സപ്രയോജനമായ ഉപദേശനം ശിക്ഷ.

ശാകുന്തളത്തിൽ അനസൂയ—തോഴി ആശ്രമവാസിയായ ജനത്തിനു് അതിഥിവിശേഷത്തെ സല്ക്കരിക്കാതെ തോന്നിയപോലെ പൊയ്ക്കളയുന്നതു യുക്തമല്ല.

൩൩. അവധീരിത (അവജ്ഞാത)കർത്തവ്യ കഥനത്തെ നിവേദനമെന്നുപറയുന്നു.

അദ്ധ്യായം ൬.

ചതുർവൃത്തികം.

വൃത്തികം കൈശികീ, സാത്വതി, ആരഭടി, ഭാരതി എന്നു നാലുവിധമുണ്ടു്. ശൃംഗാരരസത്തിൽ കൈശികിയും, വീരത്തിൽ സാത്വതി ആരഭടി ഇവയും സർവ്വത്ര ഭാരതിയും പ്രതിപാദിതങ്ങളാണു്.

കൈശികി മനോഹരമായ നായകാദി ഭൂഷണവിശേഷം കൊണ്ടു് ശോഭാതിശയശാലിനിയായും സ്ത്രീസംകുലയായും പുഷ്കലനൃത്യഗീതയായും ശൃംഗാരപ്രഭവങ്ങളായ ഉപചാരങ്ങളോടുകൂടിയതായും ചാരുവിലാസയുക്തങ്ങളായും ഇരിക്കും. അതിനു് നർമ്മം, നർമ്മസ്ഫൂർജ്ജം നർമ്മസ്ഫോടം, നർമ്മഗർഭം എന്നു നാലംഗങ്ങൾ ഉണ്ടു്.

നർമ്മം. വൈദഗ്ധ്യക്രീഡിതമത്രേ. അതു കേവലം ഹാസ്യരൂപമായൊ സശൃംഗാരഹാസ്യരൂപമായൊ സഭയഹാസ്യരൂപമായൊ ഇരിക്കാം.

നർമ്മസ്ഫൂർജ്ജം സുഖാരംഭവും ഭയാന്തവും ആയ നവരസംഗമാണു്.

നമ്മസ്സോടം ഇതൃഷ്ടൽപ്രകാശിതമായ ഭാവങ്ങളാൽ ശൃ
ഗാരത്തെ അല്പമായ് സൂചിപ്പിക്കുന്നതു്.

മല്ലാക്ഷീമണിവല്ലനോട്ടമതില്യം.....ഇത്യാദി ശ്ലോകം
നോക്കുക.

നമ്മഗർഭം. പ്രച്ഛന്നവൃത്തിയായ നായകന്റെ വ്യവഹൃതി
യാണ് നമ്മഗർഭം

ഉദാ:—മാലതീമാധവത്തിൽ മാധവൻ സഖിയുടെ രൂപം
ധരിച്ചു് മാലതിയുടെ മരണവ്യവസായത്തെ തടയുന്നതു്.

സാതൃതീ. സതൃജ ഗുണസംയുക്തയും സാധുവൃത്തസമാ
നചിതയും ഹർഷോല്ലടയും ശോകേതരവ വിരഹിതയും ആയിരി
ക്കും. വീരം, രൌദ്രം, അത്ഭുതം ഈ രസങ്ങളെയല്ലാതെ ശൃം
ഗാരം, കരുണം ഇവയെ ഈ വൃത്തി അവലംബിക്കുകയില്ല.
സത്യം; ശൌര്യം; ത്യാഗം; ദയ; ആർജ്ജവം ഇവയാണ് സാ
തൃജങ്ങളായ ഗുണങ്ങൾ.

സാതൃതിയുള്ളും നാലംഗങ്ങൾ ഉണ്ടു്.

ശത്രുവിന്റെ ഉത്സാഹാതിരയജനകമായ വാക്കിനു ഉ
ത്തരാപകമെന്നു പേർ.

മഹാവീരചരിതത്തിൽ— ബാലി:—

വൃക്ഷത്തിൻ പിന്നിൽ നിന്നിക്രൂരം വടിവിലുറപ്പിച്ചു
വിസ്താരമുള്ളോൻ—
വക്ഷസ്സുങ്ങുന്നമാക്കിക്കൊടിയശരമെടുത്തുക്കോടൊ
ന്നെയ്തിടേണം
രണ്ടായെൻ മാർപിളർത്തായതു നിണവുമ്മാലിപ്പിച്ചു
നോമ്പിച്ചിടട്ടെ
രണ്ടില്ലെന്നെങ്കിലേ നീയിവനു സദൃശനാണെന്നു
വിശ്വാസമാവൂ.

എന്നു രാമനോടു പറയുന്ന വാക്കുകൾ ഉദാഹരണം.

മന്ത്രശക്തി, ധനശക്തി, ദൈവശക്തി ഇവയെ പ്രയോ
ഗിച്ചു് ശത്രുവിന്റെ സഹായികളെ ഭേദിപ്പിക്കുന്നതു് സംഘാ
തൃമാകുന്നു. മുദ്രാരാക്ഷസത്തിൽ മന്ത്രശക്തി ഉപയോഗിച്ചു്
ചാണക്യൻ രാക്ഷസസഹായികളെ ഭേദിപ്പിക്കുന്നതുദാഹരണം.
നാനാ ഭാവസമാശ്രയമായ ഗംഭീരോക്തി സല്ലാപമാകുന്നു.

മഹാവീരചരിതത്തിൽ

രാമൻ:—സപരിവാരനായ കാർത്തികേയന്റെ വിജയത്താൽപ്രീണിതനായ നീലലോഹിതൻ പരിവത്സര സഹസ്രാന്തേ വ്യാസിയായ അങ്ങേക്ക് നൽകിയ പരശു ഇതുതന്നെയല്ലേ.

പരശുരാമൻ—രാമ! അയ്യപാദന്മാക്ക പ്രിയമായ അ പരശു ഇതുതന്നെയാണു്.

ഇവിടെ ദേവവിഷയകമായ രതി, മതി, വീരരസം ഇവയുടെ സമാശ്രയം കാണുന്നു.

പ്രാരബ്ധമായ കായ്യങ്ങളെ വിട്ടിട്ട് അന്യമായ കായ്യത്തെ സംഗതിവശാൽ ഭജിക്കുന്നതു് പരിവർത്തകം.

ദേവീസംഹാരത്തിൽ ഭീമൻ—സഹദേവാ നീപോയി ഹിഡുംബിനെ അനുവർത്തിക്കുക. ഞാൻ അസ്ത്രാഗാരത്തിനു പ്രവേശിച്ച അയുധസഹായനായ് ഭവിക്കട്ടെ. അഥവാ പാഞ്ചാലിയോടു യാത്രചോദിക്കേണ്ടതാണു് ഇത്യാദി.

അരഭടി. മായാ ഇന്ദ്രജാലം, സംഗ്രാമം, ക്രോധം മുതലായ ദുഷ്ടിതങ്ങളോടു ക്രൂടിയതും വധബന്ധാദികളാലുദ്ധതമായതും അയ വൃത്തിയാണു് അരഭടി. അതിനു നാലു അംശങ്ങൾ ഉണ്ടു്.

ക. വസ്തുത്ഥാപനം. മായാ ഇന്ദ്രജാലം മുതലായവയാൽ ഉത്ഥാപിതവും രൌദ്രായബീഭത്സാദി രസസൂചകവും അയ വസ്തുവാണു്.

ഖ. ക്രൂദ്ധസത്വരയങ്ങളുടെ സമാഘാതമാണ് സംഘടം.

ഗ. നേതാവിന്റെ നായകാന്തരഗ്രഹം നിവൃത്തമായ ശേഷം ശില്പങ്ങളെക്കൊണ്ടും മറ്റുമുള്ള സംക്ഷിപ്തമായ വസ്തുരചനയ്ക്കു സംക്ഷിപ്തി. നായകാന്തരഗ്രഹം വ്യക്തിഭേദത്താലോ ധർമ്മഭേദത്താലോ സംഭവിക്കാം.

ഘ. ഉദാ:—ബാലിയുടെ നിവൃത്തിക്കുശേഷം സുഗ്രീവൻ രാജത്വം പ്രാപിക്കുന്നതു്.

ങ. പരശുരാമന്റെ ഒരുഭാഗ്യനിവൃത്തിക്കു ശേഷം ആ ദേഹത്തിനുണ്ടാകുന്ന ശാന്തത്വം.

൪. പ്രവേശം, ത്രാസം നിഷ്ക്രാന്തി, പലായനം, ഇത്യാദി സംഭവമായ വസ്തു അവപാതനം.

ഭാരതിവൃത്തി. സംസ്കൃതബഹുലവും വാക്പ്രധാനവും നരാശ്രയും ആയ വ്യാപാരമാണു്. അതിനു് പ്രരോചന വീഥി, പ്രഹസനം ആമുഖം എന്നു് നാലംഗങ്ങളും ഉണ്ടു്.

അഭിനയ ദർശനാദിയിൽ ശ്രോതാക്കളുടെ പ്രവൃത്തുന്മുഖീകരണമാണു് പ്രരോചന.

" കല്യൻ ബ്രാഹ്മണനാകുമക്കവിയെ" ഇത്യാദി ഉത്തരരാമചരിതശ്ലോകംനോക്കുക.

മറ്റുള്ളവയെ സൂത്രധാര പ്രകരണത്തിൽ വിവരിച്ചുകഴിഞ്ഞു.

അദ്ധ്യായം ൨,

കഥാവസ്തു.

ആയ്നാടകങ്ങളുടെ ഉല്പത്തിയേയും പ്രാധാന്യവേയുള്ള ഘടനയേയും മറ്റും പറഞ്ഞു പ്രതിപാദിച്ചുകഴിഞ്ഞു. ഇനി നാടകീയകഥയുടെ ഘടകങ്ങളായ വസ്തു നേതാ രസം ഇവയെപ്പറ്റി ചിന്തിക്കാം.

നാടകവൃത്താന്തത്തിനെ സാധാരണമായ് വസ്തുവെന്നാണു് പറയുന്നതു്. വസ്തുവിനു ആധികാരികം പ്രാസംഗികം എന്നു ദ്വിവിധ ഭേദങ്ങളുണ്ടു്. അധികാരം ഫലത്തിന്റെ സ്വാമ്യവും അധികാരി അതിന്റെ സ്വാമിയും ആണു്. രാമായണത്തിൽ സീതപ്രാപ്തിയാകുന്ന ഫലത്തിന്റെ അനുഭോക്താവായ രാമനത്രേ സ്വാമി അഥവാ അധികാരി. അധികാരിയെ സംബന്ധിക്കുന്നവസ്തു അധികാരികമാകുന്നു. ശാകുന്തളത്തിൽ ദുഷ്യന്തവൃത്തമാണു് അധികാരികവസ്തു. അതു കഥയിൽ അത്യന്തം അനുസ്യൂതമായി നിലനിൽക്കുന്നു. അധികാരികമായ ഇതിവൃത്തത്തിന്റെ ഉപകരണാത്മം അനുഷംഗികമായ് ഉപയോഗിക്കുന്ന അപ്രധാനവസ്തുവിനു് പ്രാസംഗികമെന്നുപേർ.

പ്രാസംഗികവസ്തു 'പതാകാ' പ്രകരിഎന്നു രണ്ടുവിധം. കഥാരംഗത്തിൽ ക്രൂടതൽ കൌതുകം ജനിപ്പിക്കത്തക്കവണ്ണം അതിനെ ചമൽക്കരിക്കയൊ പോഷിപ്പിക്കയൊ അഥവാ തടയുകയൊ ചെയ്യുന്നതും ഏകദേശം അന്തിമഘട്ടംവരെ നീണ്ടുകിടക്കുന്നതുമായ പ്രാസംഗികവസ്തു പതാകയാകുന്നു. പ്രകരിയിൽ പ്രധാനപാത്രങ്ങൾക്കു യാതൊരു പങ്കുമില്ല. അതു സ്വല്പകാലസ്ഥിതവും അപ്രധാനവുമാണ്. ശാകുന്തളത്തിൽ ധനമിത്രന്റെ സന്തതിച്ചേർത്തവൃത്താന്തം പ്രകരിയത്രേ. അതു രാജാവിന്റെ ശകുന്തളാവിഷയകമായ ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിനുസഹായിക്കുന്നു. രാമായണത്തിൽ സുഗ്രീവവൃത്താന്തം പതാകയാണ്.

പതാകാ പ്രകരി ഇവയ്ക്കും പുറമെ കഥോപചയത്തിനു് ബീജം, ബിന്ദു, കായ്യം എന്നു മൂന്നു ഉപാധികളും കൂടിഅവശ്യമാണു്. ഒരു വിത്തുപാകിയാൽ അതു മുളച്ചു് വളർന്നു തഴച്ചുക്രമേണ ഫലിക്കുന്നതുപോലെ കഥാബീജം സ്വല്പമാത്രമെങ്കിലും അനേക വിധത്തിൽ പരിസ്പുടിച്ചു് ഫലവത്തായ്ഭവിക്കുന്നു.

ഫലത്തിന്റെ പ്രഥമമായ ഹേതുവത്രേ ബീജം. വേണീസംഹാരത്തിൽ ദ്രൌപതിയുടെ കേശഗ്രഹണം ബീജം.

കഥയ്ക്കു് അവാന്തരാർത്ഥത്താൽ നേരിടുന്ന വിച്ഛേദത്തെ നീക്കുന്നതു ബിന്ദു. ജലത്തിൽപതിച്ചബിന്ദുവിനെപ്പോലെ പ്രസരിക്കുന്നതു കൊണ്ടു് ബിന്ദുവെന്ന പേർലഭിച്ചു.

കഥയുടെ പ്രധാനംഫലനിർവ്വഹണമായ അന്തിമാവയവമാണു് കായ്യം.

ബീജം, ബിന്ദു, പതാകാ, പ്രകരികായ്യം ഇവയ്ക്കു അർത്ഥപ്രകൃതികളും എന്നുപേർ.

കഥാവസ്തുവിൽ പതാകാസ്ഥാനകങ്ങളുടെ സമുചിതമായ സന്നിവേശവും അവശ്യമാണു്. ഒരു വിധത്തിൽ വിചാരിച്ചുകായ്യം വായനക്കാർ വിചാരിച്ചിരിക്കാത്തവിധത്തിൽ മാറിമറിഞ്ഞു മറെറാരുവിധത്തിൽ കലാശിക്കുന്നതിനെയാണു് പതാകാസ്ഥാനമെന്നു പറയുന്നതു്.

പ്രീത്യനുകൂല വ്യാപാരത്താൽ പെട്ടെന്നു പ്രയോജനാന്തരപത്തി ഉണ്ടാക്കുന്നതു് ഒന്നാമത്തെ പതാകാസ്ഥാനകം

അനസൂയയും പ്രിയംവദയും—

"ശകുന്തളേ ഇപ്പോൾ ഇവിടെ അച്ഛനുണ്ടായിരുന്നെങ്കിൽ"

ശകുന്തള—എന്നാലെന്താണ് ?

പ്രിയംവദയും അനസൂയയും—അതിഥിയെ ജീവിതസർവ്വസ്വംകൊണ്ടു കൃതാർത്ഥനാക്കിചെയ്യും.

ശകുന്തള—പോവിൻ! നിങ്ങൾ എന്തൊക്കെ മനസ്സിൽ വെച്ചുകൊണ്ടു സംസാരിക്കുന്നു.

ഇവിടെ ഒന്നാമത്തെ പതാകാസ്ഥാനകം. നാനാർത്ഥസമാശ്രയവും അതിശയക്ലിഷ്ടവും ആയ വാക്കാണ് രണ്ടാമത്തെ പതാകാസ്ഥാനകം.

ശാകുന്തളത്തിൽ—"ശകുന്തള (പരിഭ്രമിച്ചു) എന്റെ ദേഹസ്ഥിതി അറിയുന്നതിനു് അയ്യയായ ഗൌതമി ഇങ്ങോട്ടു വരികയാണു്"

വേണീസംഹാരത്തിൽ—

രക്തപ്രസാധിതഭുവഃ ക്ഷതവിഗ്രഹാശ്ച
സപത്നാഭവന്തുകുരു രാജസുതാഃ സുഭൃത്യാഃ

ഇത്യാദിശ്ലോകം. ഇവിടെ രക്തശബ്ദംകൊണ്ടു രുധിരശരീരാദ്യർത്ഥങ്ങളും കൂടി ശ്ലേഷബലംകൊണ്ടു സിദ്ധിക്കുന്നതിനാൽ അതു് ബീജാർത്ഥത്തെ പ്രതിപാദിച്ചു് നേതാവിന്റെ മംഗളാശംസാരൂപമായ് പര്യവസാനിക്കുന്നു.

നിഗൂഢവും വിജ്ഞാനവും ശ്ലിഷ്ടപ്രത്യുത്തരോപേതവും ആയ അർത്ഥോപക്ഷേപണമാണ് മൂന്നാമത്തെ പതാകാസ്ഥാനകം.

ശാകുന്തളത്തിൽ—

നക്ഷത്രമേതദഹതേ ശശിനിസൈവകുമുദപതിയെൻ
ദൃഷ്ടിയുഗംനന്ദയതിസംസ്മരണീയതാമിദാനീം

ഇത്യാദിശ്ലോകം നോക്കുക. രാജഗൃഹത്തിലേക്കുള്ള യാത്രയെക്കുറിക്കുന്നതിനാൽ ഇവിടെ പതാകാസ്ഥാനകം.

വേണീസംഹാരത്തിൽ

കഞ്ചുകി—ദേവ! ഭഞ്ജിച്ചു.

രാജാ—ആര്.

കഞ്ചുകി—ഭീമൻ.

രാജാ—ആരുടെ ?

കഞ്ചുകി—ഭവാന്റെ.

രാജാ—നീ എന്താണ് പ്രലപിക്കുന്നത്.

ഇവിടെ ദുര്യോധനന്റെ ഊരുഭംഗരൂപമായ പ്രധാന ഫലത്തെ സൂചിപ്പിക്കുന്നു.

രണ്ടർത്ഥമുള്ളതും കാവ്യപ്രയോഗയോഗ്യവും സുശ്ലിഷ്ടവും (സുസംബദ്ധം) പ്രധാനാർത്ഥാന്തരസൂചകവും ആയ വചനവിന്യാസമാണ് നാലാമത്തെ പതാകാസ്ഥാനകം. ഈ പതാകാസ്ഥാനകങ്ങളും ചില സ്ഥലങ്ങളിൽ മംഗലാർത്ഥമായും മറു ചിലസ്ഥലത്തു അമംഗളാർത്ഥമായും എല്ലാ സന്ധികളിലും പ്രയോഗിക്കും. കാവ്യകർത്താവിന്റെ ഇഷ്ടം പോലെ വീണ്ടും വീണ്ടും സംയോജിപ്പിക്കാമെന്നു ചിലരും മുഖസന്ധിയിൽ തുടങ്ങി വിമർശംവരെ ക്രമമായിപ്രയോഗിക്കേണ്ടതാണെന്നു മറു ചിലരും അഭിപ്രായപ്പെടുന്നു.

അധികാരികവസ്തു ഖ്യാതമോകവികല്പിതമോ മിശ്രമോ ആയിരിക്കാം. ശാകുന്തളത്തിലേപ്പോലെ പുരാണപ്രസിദ്ധമായ വസ്തു ഖ്യാതവും മാലതീ മാധവംപോലെ കവികപോല കല്പിതമായ വസ്തു കല്പിതവും വിക്രമോർവ്വശീയത്തിലേപോലെ ഉഭയരൂപമായതു മിശ്രവും ആകുന്നു ഇതിവൃത്തം ഖ്യാതമായിരുന്നാലും നീരസഭാഗങ്ങളെ തൃജിച്ചു് ഉചിതമായ ഭേദഗതികളും വരുത്തുന്നതിനു് നാടകകർത്താവിനു് അധികാരമുണ്ടു്. ഉത്തമരാഘവത്തിൽ ഒളിയമ്പെയ്തു് ബാലിയെ നിഗ്രഹിക്കുന്ന ഭാഗത്തെ രാമനു അപഹർഷഹേതുകമെന്ന കാരണത്താൽ ഉപേക്ഷിച്ചിരിക്കുന്നു. ശാകുന്തളത്തിൽ നായികാനി രാസത്തിനു് ഹേതുവായ് ദുർവ്വാസസ്സിന്റെ ശാപത്തെ കല്പിച്ചിരിക്കുന്നതും നായകന്റെ സ്വഭാവോൽകർഷത്തിനുവേണ്ടി മാത്രമാണു്.

കഥാവസ്തു ആരംഭം യത്നം, പ്രാപ്ത്യാശാ, നിയതാപ്തി ഫലാഗമം എന്നു് അഞ്ചവസ്ഥകളിൽക്കൂടി ക്രമേണ വളർന്നുവരുന്നു. ഈ അവസ്ഥകളേ യഥാക്രമം അഞ്ചു പ്രകൃതികളോടു സംയോജിപ്പിക്കുന്ന കണ്ണികളാണു് പഞ്ചസന്ധികൾ.

മുഖസന്ധിയിൽ ബീജവും ആരംഭവും തമ്മിൽ യോജിക്കുന്നു. മുഖ്യഫലസിദ്ധിക്കു വേണ്ടിയുള്ള ഔത്സുക്യമാത്രമാണ് ആരംഭം.

ശാകുന്തളം ഒന്നാം അങ്കത്തിൽ ജനനാഥമെഴുലി പുരുവിന്റെ കുലേ.....ഇത്യാദി വൈഖാന സവാക്യത്തിൽ ബീജാവാപത്തിനു് നിലം ഒരുക്കിയിരിക്കുന്നു. അദ്ദേഹം ഇഷ്ടപുത്രിയായ ശകുന്തളയെ അതിഥി.....സോമതീർത്ഥത്തിലേക്കു പോയിരിക്കുന്നു. ഇത്യാദി വാക്കുകൾകേട്ടു് "ആകട്ടേ, അവളെ ചെന്നു കാണുകതന്നെ" എന്നു രാജാവു് പറയുമ്പോൾ ബീജം വിന്യസ്തമായി. മുഖസന്ധി രണ്ടാം അങ്കത്തിൽ രണ്ടുപേരും ചുറ്റിനടന്നു് ഇരിക്കുന്നു' എന്നഭാഗംവരെ വ്യാപിച്ചിട്ടുണ്ടു്. മുഖസന്ധിയുടെ പന്ത്രണ്ടംഗങ്ങളുള്ളവയിൽ ആദ്യത്തെ മൂന്നിനേയും പൊരുത്തപ്പെടുത്തിയോജിപ്പിക്കേണ്ടതാണു്. മറ്റുള്ളവയുടെ സന്നിവേശം ക്രമംവിട്ടായാലും മതി.

ക. കാവ്യാർത്ഥ സമുൽപത്തിയാണു് ഉപക്ഷേപം. ജനനാഥമെഴുലി, എന്നുതൊട്ടു് അവളെ ചെന്നുകാണുകതന്നെ, ഇതുവരെ ഉപക്ഷേപം.

ഖ. സമുൽപന്നാർത്ഥത്തെ അതിശയേന സൂചിപ്പിക്കുന്നതു പരികരം വേണീസംഹാരത്തിൽ:

പ്രവൃദ്ധ, "യദൈപരം മമഖലു. ഇത്യാദി ശ്ലോകംനോക്കുക കേവല മാശ്രമ മിങ്ങതിശാന്തം" എന്ന ശാകുന്തള ശ്ലോകം മറ്റൊരുദാഹരണം.

ഗ. ബീജനിഷ്പത്തിരൂപമായ പരിന്യസ്തത്തെ

ക്ഷത്രയോഗ്യയിവളായ്കിലുമാം മന
സ്സത്രമേ നമനുരകൃതമാകയാൽ
സത്തുകാംക്ഷ വിചികിത്സിതങ്ങളിൽ
ചിത്തവൃത്തിയതുതാൻ പ്രമാണമാം.

എന്നശ്ലോകത്തിൽ ഉപക്ഷേപിച്ചിരിക്കുന്നു.

ഘ. ഗുണാഖ്യാനമാണു് വിലോഭനം. "അഹോ ഇവളാണോ ആ കണ്വപുത്രിയായ ശകുന്തള" എന്നുതുടങ്ങി ശകുന്തള "അതു നിങ്ങളുടെ മനസ്സിലുള്ള വിചാരമാണു്" എന്നഭാഗംവരെ വിലോഭനം.

൪. ബീജ സംബന്ധിയായ അർത്ഥങ്ങളുടെ സംപ്രധാർണം യുക്തി. വേണീസംഹാരത്തിൽ സഹദേവൻ (ഭീമനോട്) ആയ്യു! എന്താണു് മഹാരാജാവിന്റെ സന്ദേശത്തെ തെറ്റിദ്ധരിയ്ക്കുന്നതു്?'' എന്നുമുതൽ ഭീമവാക്യംവരെ.

൫. സുഖാർത്ഥത്തിന്റേറ അഭിഗമനമത്രേ പ്രാപ്തി. ശാകുന്തളത്തിൽ, 'അത്യുഷ്ണം വേപമാനം സ്പൃശസിതരളിതാപാംഗമാലോക്യമാന ഇത്യാദി ശ്ലോകം വേണീസംഹാരത്തിൽ

മഠ്നാതികൊടുരവശതം എന്നഭാഗം മുതൽക്കു് ദ്രൌപദി (കേട്ടിട്ടു് സഹർഷം), നാഥ മുമ്പുകേട്ടിട്ടില്ലാത്ത ഈ വാക്കു വീണ്ടും വീണ്ടും പറഞ്ഞാലും, എന്ന ഭാഗംവരെ

൬. ബീജാഗമന രൂപമായ വാക്യസമാധാനം ശാകുന്തളത്തിൽ, ''മനമേ ഇനിയാശ്വസിച്ചുകൊള്ളാം'' ഇത്യാദി ശ്ലോകം വേണീസംഹാരത്തിൽ (അണിയറയിൽ) അല്ലയോ വിരാടദ്രുപദപ്രഭൃതികളായ രാജാക്കന്മാരെ കേട്ടാലും ഇത്യാദി ഭാഗം.

൭. സുഖദുഃഖ കൃതമായ അർത്ഥത്രേ വിധാനം. മഹാവീരചരിതത്തിൽ പരശു രാമൻ ശ്രീരാമനോടു്

നിന്നേക്കണ്ടപ്പോഴെയ്ക്കും നിഖിലസുഖവുമൊ
ന്നിച്ചു ചേന്നെൻ മനസ്സിൽ
ചിന്നിത്തിങ്ങുന്ന നേത്രോത്സവമതുരതിയെ-
പ്പാരമുണ്ടാക്കീടുന്നു.
ഇന്നിപ്പോഠം പുത്തനായ് വേട്ടവനഴകുടയോൻ
വല്പ്രിയൻ നീയുസാംബൻ
തന്നെ ദ്രോഹിക്കുമൂലം തവനിധനമതി-
ന്നോത്തു ദുഃഖിക്കയത്രേ.

ഇവിടെ ഒരേസമയത്തു തന്നെ ഹർഷവിഷാദങ്ങളും പരശുരാമനു ഉണ്ടായതുമുറഞ്ഞിരിക്കുന്നതിനാൽ വിധാനം

൮. കുതൂഹലോത്തരമായ വാക്കാണു് പരിഭാവനാ. ശാകുന്തളത്തിൽ രാജാ ''മുനിതനയാനുനയാന മതിനിഭൃതനായി'' ഇത്യാദി ശ്ലോകം

വേണീസംഹാരത്തിൽ ദ്രൌപദി യുദ്ധമുണ്ടാകുമോ ഇല്ലയോ എന്നു സംശയിച്ചിരിക്കേ തുമ്പുശബ്ദംകേട്ടു് ഭീമനോടു് ''നാഥ! എന്താണു് പ്രളയകാലത്തെ ഇടിമുഴക്കംപോലെയുള്ള ഒ

ത്ര-സമര ദുന്ദുഭി ഘോഷം ഇടവിടാതെ കേൾക്കുന്നത്'' എന്ന പറയുന്നിടത്തു പരിഭാവനാ.

൧൦. ബീജാർത്ഥത്തിന്റെ പ്രരോഹം അണു് ഉദ്ഭേദം. ശാകുന്തളത്തിൽ രാജാ "നിങ്ങടം അന്യഥാ വിചാരിക്കേണ്ട. രാജാവിങ്കൽനിന്നും ലഭിച്ച മുദ്രയാണിതു്'' ഇവിടെ ബീജാർത്ഥം മുളച്ചിരിക്കുന്നു. വേണീസംഹാരത്തിൽ ദ്രൗപദി- "നാഥാ വീണ്ടും സമാശ്വസിപ്പിച്ചാലും, ഭീമൻ "ഭ്രുയ:പരിഭവക്ലാന്തിലജ്ജാവിധുരിതാനനംഅനിശ്ലിഷ്ടിത കൈതവ്യം നംപശ്യസിവൃകോദരം

൧൧. പ്രകൃതാർത്ഥസമാരംഭത്തെകരണമെന്നു പറയുന്നു. വേണീസംഹാരത്തിൽ ദേവീ! ഞങ്ങടം കുരുകുലത്തെ നശിപ്പിക്കാനായി ഇതാ പുറപ്പെട്ട കഴിഞ്ഞു.

൧൨. പ്രോത്സാഹനയാണുഭേദം എന്നു ചിലരും അവിരുദ്ധകർമ്മത്തേപന യോജിച്ചിരിക്കുന്നവരെ ഭേദിപ്പിക്കുന്നതാണ് ഭേദമെന്നു മറുചിലരും പറയുന്നു.

അണിയറയിൽ "ദുഷ്യന്തൻ എന്ന രാജനാമം കേട്ടമാത്രയിൽ ശകുന്തളയ്ക്കു ഉത്സാഹം ജനിച്ചതിനാൽ അവിടെ പ്രോത്സാഹനാ രൂപമായ ഭേദവും, വേണീസംഹാരത്തിൽ ഭീമൻ "ഇന്നു മുതൽക്കു ഞാൻ നിങ്ങളിൽ നിന്നു വേർപെട്ടിരിക്കുന്നു." ഇവിടെ സംഹതഭേദനരൂപമായ ഭേദവും ഉപക്ഷിപ്തം.

പ്രതിമുഖസന്ധി.

പ്രയത്നബിന്ദുസംയോഗമാണ് പ്രതിമുഖസന്ധി. ഫലപ്രാപ്തിഇല്ലാതിരിക്കുവേ അതിനുവേണ്ടി ചെയ്യുന്ന അതിപ്രയോട്ടുക്കുടിയ വ്യാപാരത്തെയാണു് യത്നമെന്നു പറയുന്നത്. "മാഢവ്യ കാണേണ്ടതു കാണായ്കയാൽ തന്റെ കണ്ണ് നിഷ്ഫലം തന്നേ" എന്നു തുടങ്ങി മൂന്നാം അങ്കം അവസാനംവരെ പ്രതിമുഖ സന്ധിയാകുന്നു. ദൃശ്യമായും അദൃശ്യമായും ബീജാർത്ഥത്തെ ഇവിടെ പ്രകാശിപ്പിക്കുന്നു. മൃഗയയേപ്പററിയുള്ള സംസാരത്താലും രാജാവിന്റെ ഉരു പ്രേരിത കൃത്യയുഗത്താലും മറവും മുഖ്യപ്രയോജനത്തിനു നേരിട്ട വിച്ഛേദത്തേ "മാഢവ്യാ കാണേണ്ടതു കാണായ്ക.....തന്നേ എന്നവാക്യത്താൽ നീക്കിയിരിക്കുന്നതിനാൽ ഇവിടെ ബിന്ദു. "എന്തൊരു വ്യാജേനയാണു

ഞാൻ ഒരിക്കൽ കൂടി ആശ്രമത്തിനുള്ളിൽ പ്രവേശിക്കുന്നതെന്നാലോചിക്കൂ'' ഇവിടെ മുഖ്യപ്രയോജനത്തിനായുള്ള യത്നവും സ്മരിക്കുന്നു. ഇങ്ങനെ പ്രതിമുഖസന്ധിയിൽ ബിന്ദുവും പ്രയത്നവും സംയോജിക്കുന്നു.

പ്രതിമുഖസന്ധിക്ക് ഏഴു അംഗങ്ങളുണ്ട്.

ക. സംഗമവിഷയകമായ സമീഹ (ആഗ്രഹം) യെ വിലാസമെന്നു പറയുന്നു. ഏതൊരുവ്യാജേനയാണ് ..... ചിക്കൂ' എന്നു തുടങ്ങി നമുക്കക്ഷ്യം താപസന്മാർ എന്ന ഭാഗംവരെ വിലാസം.

ഖ. ദൃഷ്ടമായിട്ട് പിന്നീട് നഷ്ടമായ പദാർത്ഥത്തെ അന്വേഷിക്കുന്നതു് പരിസർപ്പം

മുന്നിടമഭ്യന്തരമായ്; സന്തതമായ് പിന്നിടം ജഘനഭാരാൽ
പൊന്മണിയുടെ പുറകിടുവതെ; വെണ്മണലിൽ കാണ്മതുണ്ടനവമാരാൽ

ഗ. വിധൂതം. അനിഷ്ടവസ്തു വിക്ഷേപമാണ് വിധൂതം. ശാകുന്തളത്തിൽ ''തോഴി അന്തഃപുരത്തിൽ നിന്നു പിരിഞ്ഞുപോന്നിട്ട് മനസ്സുഖമില്ലാതെ അങ്ങോട്ടു തിരിച്ചു പോകുവാൻ താല്പര്യപ്പെട്ടുകൊണ്ടിരിക്കുന്ന രാജാവിനെ എന്തിനാണ് തടഞ്ഞു നിറുത്തുന്നതു്? ഇവിടെ സഖിമാരാൽ കൃതമായ രാജാവസ്ഥാനാന്തരത്തിൽ രാജാവിനു് അവജ്ഞയുണ്ടായതായ് സൂചിപ്പിച്ചിരിക്കുന്നതിനാൽ വിധൂതം.

ങ. ഉപായാദർശനം താപനം. രത്നാവലിയിൽ സാഗരികാ, ''ദുർല്ലഭജനാനുരാഗോ;ലജ്ജാ ഗുർവീ, പരവശമാത്മാ
പ്രിയസഖിവിഷമം പ്രേമമരണം ശരണം കേവലമേകം'' ദുർല്ലഭജനത്തിലാണ് അനുരാഗം; ലജ്ജ വളരെ വലുതായും മനസ്സു പരവശമായും ഇരിക്കുന്നു. പ്രിയസഖിപ്രേമ. വളരെ വിഷമംതന്നെ. മരണം ഒന്നുമാത്രമേ ശരണമായിട്ടുള്ളു. എന്നിങ്ങനെ ഉപായം കാണാതെ വിഷമിക്കുന്നതിനാൽ താപനം.

ച. പരിഹാസവാക്കാണ് നർമ്മം.

''രത്നാവലിയിൽ സുസംഗത''സ്ഖീ! നീയുരേ ഉദ്ദേശിച്ച് ഇവിടെ വന്നുവൊ അദ്ദേഹം നിന്റെ മുമ്പിൽത്തന്നെ വർത്തി

ക്കുന്നു. സാഗരികാ (സാഭ്യസൂയം) "ഞാൻ അരേ ഉദ്ദേശിച്ചാ ണ് ഇവിടെവന്നതു്" സുസംഗതാ "അന്യഥാശങ്കിക്കേണ്ട. ഈ ചിത്രഫലകത്തെത്തന്നേ"

* പരിഹാസത്തിൽനിന്നുണ്ടാകുന്ന ദ്വിതീയത്തെ നമ്മദ്വിതി. രത്നാവലിയിൽ, 'സുസംഗതാ' സഖീ! ഭർത്താവിനാൽ ഹസ്താവ ലംബിതയായിട്ടും കോപത്തെ ത്യജിക്കാത്ത നീ അദക്ഷിണയാ ണ്, സാഗരിക "സുസംഗതേ! ഇപ്പോഴും നീ കളിവിട്ടുന്നില്ല ല്ലോ."

൬. ഇഷ്ട ജനാനുനയമത്രേ പരിപാസനം. രത്നാവലി യിൽ "ഭോ! വയസ്യ കോപിക്കരുതെ! അവാം കളിഗൃഹത്തി ലേക്കു പോയിരിക്കുന്നു."

൭. പ്രത്യക്ഷ നിഷ്ഠുരമായ വാക്കാണ് വജ്രം.

൮. ഉത്തരോത്തര വാക്യങ്ങളാൽ അനുരാഗത്തെ പ്രകാ ശിപ്പിക്കുന്നതു് പ്രഗമനം.

അനുസൂയയും പ്രിയംവദയും (രാജാവിനെ കണ്ടിട്ട് സന്തോഷ ത്തോടുകൂടി എണീറ്റ്) പ്രാർത്ഥനാനുരൂപമായി ഉടനെ സി ദ്ധിച്ച മനോരഥത്തിനായിക്കൊണ്ട് സ്വാഗതം-എന്നു തുടങ്ങി. ഉണ്ടെങ്കിലും ഭൂരികളത്ര സംഗ്രഹം—എന്നുവരെ ഉത്തരോ ത്തരവാക്യങ്ങളാൽ അനുരാഗബീജപ്രകാശനം ചെയ്തിരിക്കുന്നു.

൯. വ്യസനവ്യാപ്തിയത്രേ വിരോധം (നിരോധം) "ഇവശാ ഖകളുടെ ഉള്ളിൽ മറഞ്ഞുനിന്നുകൊള്ളണേ."

൧൦. അനുരാഗത്തെ പ്രകാശിപ്പിക്കുന്ന വിശിഷ്ട വച നമാണ് പുഷ്പം ശാകുന്തളത്തിൽ, "കല്പിനേൽ പല്ലവാംഗീ" എന്ന ശ്ലോകം.

൧൧. പ്രസാദനമാണ് ഉപന്യാസം.

൧൨. ചാതുർവ്വർണ്യസമ്മേളനത്തെ വർണ്ണ സംഹാരമെന്നു പറയുന്നു.

---

* ഭോഷപ്രച്ഛാദനത്തിനായ് ചെയ്യുന്ന പരിഹാസമാണ് നമ്മദ്വിതിയെന്നു ചിലർ പറയുന്നു. കാവ്യോദ്ദീപ്രകാശകാരനാകട്ടേ കോപപ്രച്ഛാദിയെയാണ് നമ്മദ്വിതിയെന്നു പറയുന്നു. അനുരാഗോൽഘടനയിൽ നിന്നുണ്ടാകുന്ന പ്രീതിയാണ് നമ്മദ്വിതിയെന്നു പ്രതാപരുദ്രീയം.

ഗർഭസന്ധി.

പ്രാപ്ത്യാശാപതാകകളുടെ സംബന്ധമാണു് ഗർഭസന്ധി. ഇവിടെ ബീജം പൂർവ്വാധികം ഉത്തന്നമായിട്ടു് അതിനെ പ്രാപ്തിയും പിന്നീടു് അപ്രാപ്തിയും വീണ്ടും

അന്വേഷണവും ഉപക്ഷേപിച്ചിരിക്കും. ശാകുന്തളത്തിൽ നാലാമങ്കം മുതൽ ഗൌതമി പറഞ്ഞതുപോലെ ചെയ്യുന്നു. ഇതുവരെ ഗർഭസന്ധി വ്യാപിച്ചിരിക്കുന്നു.

ദുർവാസസ്സിന്റെ ശാപമാകുന്ന പതാകയും ശീലേനാപികുലേന—ഇത്യാദിശ്ലോകത്തിൽ സ്ഫുരിക്കുന്ന പ്രാപ്ത്യാശയും ഇവിടെ സംയോജിക്കുന്നു.

ഗർഭസന്ധിക്കു ഛവ അംഗങ്ങളുണ്ടു്.

ക. കപടാശ്രയമായവാക്യം അഭ്രതാഹരണം വേണീസംഹാരത്തിൽ 'അശ്വത്ഥാമാഹത ഇതി' ഇത്യാദിശ്ലോകത്തിൽ അശ്വത്ഥാമാ ഹതനായ് എന്നവ്യാജാശ്രയമായ വാക്കു പറഞ്ഞിരിക്കുന്നതിനാൽ അഭ്രതാഹരണം.

ഖ. ഭ്രതാത്ഥകഥനം മാർഗ്ഗം ശാകുന്തളത്തിൽ "മുധാഭവിക്കാത്തദുഷ്പ്രന്തവീര്യ്യം" ഇത്യാദിശ്ലോകം.

ന. വിതർക്കപ്രതിപാദനവാക്യംരൂപം.(വിതർക്കംസംശയം)

ത. ഉൽകൃഷ്ടയുക്തം വാക്യം ഉദാഹരണം. ശാകുന്തളത്തിൽ ദിവ്യാഭരണങ്ങളും എടുത്തുംകൊണ്ടു് ദ്വിജകുമാരന്മാർ പ്രവേശിക്കുന്നു എന്നു തുടങ്ങി കുറെന്തീർത്തിട്ടുധൌതം പുടകയൊരു.....എന്ന ഭാഗംവരെ വേണീസംഹാരത്തിൽ യോയഃ ശസ്ത്രം ബിഭർത്തി, ഇത്യാദി.

ഭ. നിർവ്വികാരാത്മകമായിരിക്കുന്ന ചിത്തത്തിൽ ഇടംപ്രഥമമായങ്കുരിക്കുന്ന വികാരത്തിന്റെ യഥാർത്ഥ്യാനുഭവമാണ് ക്രമം. ശാകുന്തളത്തിൽ, 'കളഭാഷിണി ചില്ലിയൊന്നയത്തിട്ടളവാക്കാനൊരുപദ്യം—ഇത്യാദി

ന്യ. പ്രസ്തുതോപയോഗിയായ സാമഭാനവാക്യം സംഗ്രഹം. രത്നാവലിയിൽ—രാജാ—സാധുവയസ്യാ ഇതു തനിക്കു് പാരിതോഷികമായിരിക്കട്ടേ (എന്നു കടകം ഉരിഞ്ഞുകൊടുക്കുന്നു) ഇവിടെ സാമഭാനങ്ങളാൽ ദൃതനെ സന്തോഷിപ്പിച്ചിട്ടു രാജാവു

സാഗരികാപ്രാപ്തിരൂപമായ അർത്ഥംനേടുന്നു. അനുമാനം തർക്ക ശാസ്ത്രപ്രസിദ്ധമായ അനുമാനം തന്നേ

വ. പ്രാർത്ഥനാ—രതിഹർഷോത്സവങ്ങളുടെ പ്രാർത്ഥനയാണ്

ൻ. രഹസ്യാർത്ഥത്തിന്റെ ഉദ്ഭേദമാത്രേക്ഷിപ്തി. വേണീ സംഹാരത്തിൽ—ഏകസ്യൈവ വിപാകോയം—ഇത്യാദി മുൻ പുദ്ധരിച്ചിട്ടുള്ള ശ്ലോകം.

ഫ. കോപത്തോടുകൂടിയവാക്കാണ് ത്രോടകം

തരികുധനമരേ നരേന്ദ്രമൂർധാ—ഇത്യാദി ഹരിശ്ചന്ദ്രചരിത ശ്ലോകം.

ഫഫ. ഇച്ഛാജനാഭിസന്ധാനം അധിബലമാകുന്നു.

ഫഒ. നൃപാദിജനിതമായ ഭീതിയത്രേ ഉദ്ഭേദം.

അവമർശസന്ധി ഇവിടെ പ്രകരീനിയ താഫ്തികൾ യോജിക്കുന്നു. ശാകുന്തളം ന്യ-ാം അങ്കത്തിൽ ചൂതാങ്കുരം നോക്കിക്കൊണ്ട് ചേടി പ്രവേശിക്കുന്നു എന്നതുമുതൽക്ക് 'അണിയറയിൽ' എന്നുവരെയുള്ള ഭാഗം പ്രകരി. ഇതിനു് ഫനു അംഗങ്ങൾഉണ്ട്.

ഫ. രോഷപ്രചോദിതവാക്യമാണ് സംഫേടം. ശാകുന്തളത്തിൽ ശകുന്തള (കോപത്തോടുകൂടി) മയ്യാദകെട്ടവനായ അങ്ങ്തന്റെ ദുർബുദ്ധിയെ അനുസരിച്ച് മറവുള്ളവരുടെ പ്രകൃതിയെ ഉപഹിക്കയാണ്. എന്ന ഭാഗംമുതൽ ഇത്തര മസ്മൃതി.....ഇത്യാദി ശ്ലോകംവരെ സംഫേടം.

ഫ. * കാര്യകാരണസമ്മേളനമാത്രേ വ്യവസായം. വേണീസംഹാരത്തിൽ,

ഭീമൻ; "നിഹിതാശേഷകൌരവ്യം ക്ഷ്വീഭോദ്യം ശാസനാസ്വജം" ഇത്യാദി ധൃതരാഷ്ട്രരോടുള്ള ഭീമവാക്യം ദുര്യോധനന്റെ ഉരുഭംഞ്ജനമാകുന്ന കാര്യവും ഭീമത്വമാകുന്ന സാധനവും ഇവിടെ സമ്മേളിയ്ക്കുന്നു.

---

* സചശക്തിയെപ്പറ്റി ഉപന്യസിക്കുന്നത് വ്യവസായമെന്ന ചീഫർ ശാകുന്തളത്തിൽ: ശിക്ഷിക്കും ശിക്ഷ്യനാം നിന്നെ
രക്ഷിക്കും രക്ഷ്യനാംഭിജ്ഞം
ഭക്ഷിക്കും ക്ഷീരമേഹംസ
പക്ഷിവ ക്ഷീരനീരതഃ

൩. ശോകാവേഗംകൊണ്ടുണ്ടാകുന്ന ഗുരുജനതിരസ്കാരം ദ്രവം. വേണീസംഹാരത്തിൽ ഭഗവൻ കൃഷ്ണാഗ്രജ! സുഭദ്രാഭ്രാതാ (വേ- 'ജ്ഞാതിപ്രീതിർമനസിനകൃതാ' ഇത്യാദി ശ്ലോകംവരെ യുധിഷ്ഠിരൻ ബലഭദ്രനേ ഉന്നിപ്പറയുന്നതു്).

൪. ഭത്സനവും ഭയോൽപാദനവും ആണു് ദൃതി. വേണീ സംഹാരത്തിൽ ഭീമൻ "ജന്മേന്ദോവിമലേ കുലേ, എന്നിങ്ങനേ ദുര്യോധനനോടു പറയുന്നതു് (ഭത്സനം) ശാകുന്തളത്തിൽ ഹരീക്കാരൻ ബദ്ധപ്പെട്ട പ്രവേശിക്കുന്നു. "എന്നതുടങ്ങി മധുകരികയും പരഭൃതികയും; അങ്ങനെതന്നെ എന്നഭാഗംവരേ (ഉദ്വേജനം.)

൫. വിരോധപ്രശമനം ശക്തി. ശാകുന്തളത്തിൽ (അണിയറയിൽ) അയ്യയ്യോ അയ്യയ്യോ എന്നുമുതൽ-

"പുരോഹിതൻ നിന്ദനം ചെയ്യുതൻ ഭാഗധേയാനി ബാലാ" ഇത്യാദി ശ്ലോകംവരെ. വേണീസംഹാരത്തിൽ; "കുവ്വന്ത്യാ ത്മഹത്വനാം." ഇത്യാദി യുധിഷ്ഠിരവാക്യം.

൬. ഗുരുകീർത്തനമാണു് പ്രസംഗം. ശാകുന്തളത്തിൽ പ്രത്യാദിഷ്ടാം കാമമക്കണ്വപുത്രീം- എന്നശ്ലോകം അ കണ്വന്റേ പുത്രീ- എന്ന ഗുരുകീർത്തനം.

൭. മനശ്ചേഷ്ടാ സമുൽപന്നമായശ്രമം ആണു് സേചദം. ഉത്തരരാമചരിതത്തിൽ.

'അയ്യയ്യോപിളരുന്നുദേവി ഇ'ത്യാദിശ്ലോകം.

൮. ഇഷ്ടസ്ഥിതാർത്ഥപ്രതിഘാതമാണു് പ്രതിഷേധം.

൯. കാര്യാന്യയോപഗമനമത്രേ വിരോധനം. വേണീസംഹാരത്തിൽ യുധിഷ്ഠിരൻ, "തീർണ്ണഭീഷ്മമഹോദധൌ" ഇത്യാദിശ്ലോകം.

൧൦. സംഹാരാർത്ഥതെ പ്രകാശിപ്പിക്കുന്നതു് പ്രരോചനം. വേണീസംഹാരത്തിൽ— പാഞ്ചാലകൻ "എന്തിനു സന്ദേഹം" "പൂര്യന്താം സലിലേനരത്നകലശാ രാജ്യാഭിഷേകായ" ഇത്യാദി രാജ്യാഭിഷേകത്തിനായിട്ടു് രത്നകലശങ്ങൾ പൂരിപ്പിച്ചാലും. എന്നിങ്ങനെ സംഹാരാർത്ഥത്തെക്കുറിക്കുന്നു.

൧൧. കാര്യസംഗ്രഹമത്രേ ആഹ്വാനം. വേണീസംഹാരത്തിൽ—ഭോ! ഭോ! സമന്തപഞ്ചകസഞ്ചാരികളെ. "നാഹം

ക്ഷാനഭ്രതോ'' ഇത്യാദി. താൻ രക്ഷസ്സുമല്ല ഭ്രതവുമല്ല സമസ്തരിപു വധകായ്യത്തെ നിവ്ഹിച്ചുവന്നിരിക്കുന്നവനാണ് എന്ന ഭീമൻ പറയുന്നതിനാൽ അദ്ദാനം.

ഫവ. കായ്യാർത്ഥം' അപമാനാദികളെ സഹിക്കുന്നത് ഉദാദനം. വേണീസംഹാരത്തിൽ—അജ്ജുനൻ (ഭീമനോട്) 'അപ്രിയാണികരോതേപഷ' ഇത്യാദിശ്ലോകം. ദുയ്യോധനൻ അധിക്ഷേപിക്കുന്നതു കേട്ടിട്ട് ജ്യേഷ്ഠാ, ഈ ദുയ്യോധനൻ വാക്കു കൊണ്ടല്ലാതെ കമ്മംകൊണ്ടു അപ്രിയം ചെയ്യാൻ ശക്തനല്ലല്ലൊ. എന്നിങ്ങനെ ഭീമനെ അജ്ജുനൻ സമാധാനപ്പെടുത്തുന്നു.

ഫനു. അപവാദം.—ദോഷപ്രഖ്യയത്രേ. ശാകുന്തളത്തിൽ

ജനനംമുതൽക്കു ചതിയറിഞ്ഞിടാത്തയി-
ജ്ജനമോതിയൊരു മൊഴി സത്യമല്ലപോൽ.

നിർവഹണ സന്ധി.

മുഖസന്ധ്യാദികളിൽ വികീർണ്ണങ്ങളും ബീജസംയുക്തങ്ങളുമായ സംഗതികളെല്ലാം ഏകതാനമായ് സമ്മേളിച്ചു ഇവിടെ ഫലോന്മുഖമായ്തീരുന്നു. ഫലാപ്തികായ്യാനുഗുണ്യത്താൽ ഇതിനു ഫര് അംഗങ്ങളും ഉണ്ട്.

ഫ. യുക്തിപൂവ്വമായ കായ്യാന്വേഷണം വിബോധം. ശാകുന്തളത്തിൽ—പൊരുവന്മാരു അന്ത്യമായ കുലവ്രതം ഇങ്ങനെ അണല്ലൊ. എന്നു തുടങ്ങി- രാജാവു്- ഈ ബാലന്റെ അമ്മയുടെപേരു ചോദിച്ചെങ്കിലൊ. എന്നതുവരെ വിബോധം.

ഫഭ. അത്ഭുതാർത്ഥത്തിന്റെ സമ്പ്രാപ്തിയാണ്. ഉപഗ്രഹനം.

ശാകുന്തളത്തിൽ (താപസിമാർ രണ്ടുപേരും) ഇതെന്തോ രാശ്ചയ്യം. ഇദ്ദേഹം രക്ഷകയ്യിൽ വച്ചുകൊണ്ടിരിക്കുന്നല്ലോ.

ഫമ. ബീജോപഗമനംസന്ധി. വേണീസംഹാരത്തിൽഭീമൻ ഭവതിയജ്ഞവേദിസംഭവേ! ഞാൻ മുമ്പു് പറഞ്ഞതോക്കുന്നില്ലേ—ഇത്യാദി മുഖസന്ധിയിൽ നിക്ഷിപ്തമായ ബീജത്തിന്റെ പുനരുപഗമനമാണിവിടെ കാണുന്നതു്.

൪. കാഴ്ചക്കളെപ്പററിയുള്ള ഉപന്യാസമത്രേ ഗുഢനം.

ദുര്യോധനൻ:—പാഞ്ചാലി! ഞാൻ ജീവിച്ചിരിക്കേ ദുശ്ശാസന വിലുളിതമായ വേണിയെ എന്റെ കൈകളം കൊണ്ടുതന്നെ ബന്ധിക്കേണ്ടതാണു് ഇത്യാദി.

൫. അനുഭൂതാർത്ഥകഥനത്തെ നിഗ്ഗ്രയമെന്നു പറയുന്നു.

൬. പരിവാദകൃതമായ വാക്യമാണു് പരിഭാഷണം.

ശാകുന്തളത്തിൽ—രാജാവു—അയ്യേ! തന്നു ഭവതി ഏതു രാജഹംസിയുടെ പത്നിയാണു്.

താപസി—ആ ധർമ്മഭാരപരിത്യാഗിയുടെപേരു് അറിയും.

൭. ലബ്ധാത്മശമനം കൃതി. വേണീസംഹാരത്തിൽ—

കൃഷ്ണൻ—വ്യാസ വാത്മീകി പ്രഭൃതികളായ ഈ പുണ്യതപോധനന്മാർ അഭിഷേകകുംഭങ്ങളം ധരിച്ചു് ഇതാ നിൽക്കുന്നു.

൮. ശൃംഗാരാദികളത്രേ പ്രസാദം.

കാശ്യപൻ— (ശകുന്തളയെ നോക്കി) കുഞ്ഞേ കാര്യം മനസ്സിലായല്ലൊ. എന്നു തുടങ്ങി രാജാ:— "നിന്തിരുവടിയാൽ കൃതസംസ്കാരനായ ഇവനിൽ ഇതെല്ലാം സംഭാവ്യമായ്ത്തന്നെ ഞാൻ വിചാരിക്കുന്നു.

൯. വാഞ്ഛിതാഗമമാണു് ആനന്ദം. ശകുന്തള (ആത്മഗതം) ഹൃദയമേ! സമാശ്വസിക്കു. ദൈവം മത്സരം വിട്ടു് എന്റെ മേൽ ദയചെയ്യുവെന്നു തോന്നുന്നു.

൧൦. ദുഃഖനിഷ്പ്രണാമത്രേ സമയം. ശാകുന്തളത്തിൽ ശകുന്തള "സാധ്വസമനന്റെ രക്ഷോപധ്വധിയെ" ഇത്യാദി തൊട്ടു് "അഥവാ സാന്ത്വമതി പറഞ്ഞപോലെ സംഭവിക്കാമല്ലൊ" എന്നുവരെ.

൧൧. സാമദാനാദി ഭാഷണമത്രേ ഭാഷണം.

൧൨. ഉക്തമായ അർത്ഥത്തിന്റെ ഉപദർശനത്തെ പൂർവ്വവാക്യമെന്നു പറയുന്നു.

അദ്ധ്യായം ൪.

നായകപ്രകരണം.

രത്യാദിവികാരങ്ങൾക്കും നായികാനായകന്മാരെ അവലംബിച്ചിരിക്കുന്നതിനാൽ അവരുടെ ലക്ഷണങ്ങൾക്കും നിഷ്കൃഷ്ടമായ വിവക്ഷയുണ്ടാകുന്നതിൽ സാഹിത്യകാരന്മാർ വളരെ നിഷ്കൃഷ്ട കാണിച്ചിട്ടുണ്ട്. അംഗലക്ഷണങ്ങൾ നായികാനായകന്മാർക്കു ഇന്നിന്ന നിർദ്ദിഷ്ടഗുണങ്ങൾ വേണമെന്നു നിർബന്ധമില്ല. എന്നാൽ സംസ്കൃതസമ്പ്രദായം അങ്ങനെയല്ല. ഹാംലറിനേയോ മാക്ബത്തിനേയോ പോലുള്ള ഒരു പാത്രത്തെ സംസ്കൃത നാടക കൃത്തുകൾ നായകത്വേന അംഗീകരിക്കയില്ല. നായകന്മാർ ധീരോദാത്തൻ, ധീരോദ്ധതൻ, ധീരലളിതൻ, ധീരപ്രശാന്തൻ എന്നു പൊതുവേ നാലിനത്തിൽ പെടുന്നെങ്കിലും അവർക്കു ദാനശീലം, കുലീനത, പാണ്ഡിത്യം, ശൗര്യം, സൌന്ദര്യം, യൌവനയുക്തത, ബുദ്ധി, ഉത്സാഹം, സാമർത്ഥ്യം, ജനരഞ്ജനം, വാഗ്മിത, സ്വഭാവമാധുര്യം മുതലായ ഗുണങ്ങൾ അവശ്യം ഉണ്ടായിരിക്കണം.

ധീരോദാത്തൻ; അവികത്ഥനനും ക്ഷമാവാനും, ഗംഭീരനും, സ്ഥിരബുദ്ധിയും സുഖദുഃഖാദികളിൽ സമാഹിതചിത്തനും ദൃഢവ്രതനും സ്വാഭിമാനത്തെ പുറത്തു കാട്ടാത്തവനും ആയിരിക്കും.

ഉദാഹരണം ദുഷ്മന്തൻ - ശ്രീരാമൻ - തുടങ്ങിയവർ.

ധീരോദ്ധതൻ; ചതിപ്രയോഗകുശലനും, ചപലനും, കോപിഷ്ഠനും, ആത്മപ്രശംസാപരനും അഹങ്കാരിയുമാകുന്നു.

ഉ - ം - ഭീമസേനൻ.

ധീരലളിതൻ, നിശ്ചിന്തനും മൃദുശീലനും കലാനിപുണനും ആയ്തു. ഉദാ—മാലതീമാധവത്തിലേ മാധവൻ.

ധീരപ്രശാന്തൻ; നായകസാമാന്യമായ ഗുണങ്ങളോടുകൂടിയ ബ്രാഹ്മണൻ ആണ്.

ഉദാ- രത്നാവലിയിലേ വത്സരാജൻ.

ശൃംഗാരനായകനേ വീണ്ടും ദക്ഷിണൻ, അനുകൂലൻ, ധൃഷ്ടൻ, ശഠൻ, എന്നു നാലായി തരംതിരിക്കാം. ദക്ഷിണനായകൻ ദുഷ്യന്തനേപ്പോലേ അനേക നായികമാരിൽ ഒരുപോലെ അനുരക്തനായിരിക്കും. അനുകൂലൻ ശ്രീരാമനേപ്പോലെ ഏകപത്നീവ്രതത്തോടുകൂടിയിരിക്കുന്നു. ശഠൻ ഒരു സ്ത്രീയിൽ മാത്രം അനുരക്തനെങ്കിലും മറ്റു സ്ത്രീകളോട് അനുരാഗമുണ്ടെന്നു നടിക്കയും അപരാധം ചെയ്താൽ ക്രുദ്ധയില്ലാതിരിക്കയും സ്വാപരാധത്തെ മറയ്ക്കുവാൻ അസത്യം പറകയും ചെയ്യുന്നു. ഇങ്ങനേ നായകന്മാർ പല വിധം ഉണ്ട്.

നായകനു സാധാരണങ്ങളായ എട്ടു ഗുണങ്ങളും ഉണ്ടായിരിക്കാം.

൧. ശോഭ; ശൂരത, ദാക്ഷിണ്യം മഹോത്സാഹം, സത്യം, അനുരാഗിത, ഇവ സമ്പന്നരിൽ സ്പഷ്ടം ഇവയാണ് ശോഭാ.

൨. വിലാസം; ധീരമായനോട്ടവും ചിത്രമായ ഗതിയും പുഞ്ചിരിയോടുകൂടിയ വാക്കുമാണ് വിലാസം.

൩. മാധുര്യം; ക്ഷോഭങ്ങളിൽപോലും ഉദ്വേഗരഹിതമായിരിക്കുന്നതു മാധുര്യം.

൪. ഗാംഭീര്യം; ഭയം, ദുഃഖം കോപം സന്തോഷം ഇവയ്ക്കു കീഴടങ്ങാതിരിക്കുന്നതു ഗാംഭീര്യം.

൫. ധൈര്യം. (സ്പഷ്ടം)

൬. തേജസ്സ്; ആക്ഷേപപരിഭവാദികളെ ജീവൻ പോയാലും സഹിക്കാതിരിക്കുക.

൭. ലാളിത്യം; വാക്കിലും വേഷത്തിലും മധുരതയും ശൃംഗാരചേഷ്ടയും ലാളിത്യം.

൮. ഔദാര്യം; പ്രിയവാക്കോടുകൂടിയ ദാനവും ശത്രുമിത്രാദികളിൽ സമതയും ഔദാര്യം.

നേതാവിന്റെ സഹായികളായി വർത്തിക്കുന്നവരിൽ പ്രധാനിപീഠമർദ്ദനാകുന്നു. ഇയാൾ നായകന്റെ ഗുണങ്ങളോടുകൂടിയ പതാകാനായകനാണ്.

ശൃംഗാരനായകന്ന് വിടൻ, ചേടൻ, വിദൂഷകൻ എന്ന മൂന്ന സഹായികളുണ്ടായിരിക്കും. ഇവക്ക തമ്മിൽ അല്പാല്പ ഭേദമേയുള്ള. മൂന്നക്കൂട്ടരും സ്വാമിഭക്തിയുള്ളവരും ഫലിതം പറയുന്നതിൽ വിദഗ്ദ്ധരും സ്വാമിയുടെ അനുരാഗസാഫല്യത്തിന്ന വേണ്ടി മനസ്സുറപ്പ പ്രയത്നിക്കുന്നവരും ആണ്.

'വികൃതാങ്ഗവേഷോവേഷൈഃ
ഹാസ്യകാരീ വിദൂഷകഃ' എന്നാവിദൂഷക ലക്ഷണം.

നായകന്ന ദൌത്യം വഹിക്കുന്നതിന്ന നിസ്സൃഷ്ടാർത്ഥകൻ, മിതാർത്ഥകൻ, സന്ദേശഹാരകൻ എന്ന മൂന്നതരക്കാരുണ്ട്. ഇതിൽ നിസ്സൃഷ്ടാർത്ഥകന്ന് ക്രൂരതൽ സ്വാതന്ത്ര്യമുണ്ട്. ഇരുപാട്ടുകാരുടേയും അഭിപ്രായം അറിഞ്ഞു വേണ്ട കാര്യങ്ങളം ആയാൾതന്നേ പറകയും പ്രവർത്തിക്കുകയും ചെയ്യുന്ന. മിതാർത്ഥകൻ മിതമായ് പറഞ്ഞു, കാര്യം നേടുന്ന. സന്ദേശ ഹാരകൻ പറഞ്ഞിട്ടുള്ളതു മാത്രം പറഞ്ഞിട്ട വിരമിക്കുന്ന.

അശ്വഘോഷന്റെ ചൂഡാമണി, മൃച്ഛകടിക, വേണീസംഹാരം തുടങ്ങിയ ചില നാടകങ്ങളിൽ നായകന്ന സർവ്വദാ പ്രതികൂലമായി പ്രവർത്തിക്കുന്ന ഓരോ പ്രതിനായകനും സഹായികളും ഉണ്ട്. അയാൾ പ്രായേണ ധീരോദ്ധതനും പാപിഷ്ടനുംആയിരിക്കും. അതുകൊണ്ട് അയാളുടെ ശ്രമം പരാജയത്തിൽതന്നേ പര്യവസാനിക്കുന്ന.

നായികമാരെ പൊതുവെ സ്വീയാ, പരകീയാ, സാമാന്യാ, എന്ന മൂന്നായി വേർതിരിക്കുന്ന.

൧. സ്വീയാ (ഉത്തമ);- വിനയം, നിഷ്കപടത്വം, ഗുരുക ർമ്മപരത മുതലായ സൽഗുണങ്ങളോടുകൂടിയ പതിവ്രതയാകുന്ന.

ഉത്തമമാർ ൧൩-വിധമുള്ളവരിൽ മുഗ്ധാ; മധ്യാ; പ്രഗത്ഭാ, ഇവരത്രേപ്രധാനം.

പ്രഥമാവതീർണ്ണമായ യൌവനത്തോടും മദനവികാരത്തോടുംകൂടിയ സുശീലയാണ് മുഗ്ധ. അവളിൽ ലജ്ജ അത്യധികമുണ്ടായിരിക്കും.

മധ്യ. വിചിത്ര സുരതയും പ്രത്യുത്പന്നമതിയൌവനയും ഈഷദ്വചനയും അല്പമാത്രം ലജ്ജയുള്ളവളും ആകുന്ന.

പ്രഗത്ഭയുടെ ദേഹിനിമാത്രമേ ലജ്ജ കാണുകയുള്ളു. ആ വക സ്മര പരവശയും സമസ്മരതകോവിദയും പ്രായപൂർത്തിവന്നവളും, ഭർത്താവിന്മേൽ അധികാരം പ്രയോഗിക്കുന്നവളും, ഭാഗ്യവതിയും ആകുന്നു.

ഖ. പരകീയാ; പരദാരയും, കന്യാ എന്നു രണ്ടുവിധം;

ന. സാമാന്യ (സ്പഷ്ടം.)

(ക്രമ + ഖ + ക) ഇങ്ങനെ പതിനാറുവിധത്തിലുള്ള നായികമാർ വീണ്ടും അവസ്ഥാഭേദത്താൽ a. സ്വാധീനപതികാ, b. വാസകസജ്ജാ; c. കലഹാന്തരിതാ, d. വിപ്രലബ്ധാ e. അഭിസാരികാ, f. പ്രോഷിതപതികാ g. ഖണ്ഡിതാ, h. വിരഹോൽകണ്ഠിതാ. എന്ന ഇനത്തിലേതിലെങ്കിലും പെടുന്നു.

ഇവയിലോരോന്നിനും ഉത്തമ മധ്യമാധമഭേദവും ഉണ്ട്. ഇങ്ങനെ നായികമാർ (ക്രമ + ഖ + ക) × വ × ന = നൂറ്റി വിധം ആണ്.

നായികമാക്കു അംഗജങ്ങളായി ഭാവം ഹാവം, ഹേല എന്നു മൂന്നും അയത്നജങ്ങളായി ശോഭാ, കാന്തി, ദീപ്തി, മാധുര്യം, പ്രഗത്ഭത, ഔദാര്യം, ധൈര്യം എന്നു ഏഴും സ്വഭാവജങ്ങളായി ലീല, വിലാസം, വിച്ഛിത്തി, ബിബ്ബോകം, കിലകിഞ്ചിതം, മോട്ടായിതം, കുട്ടമിതം, വിഭ്രമം, ലളിതം, മദം, വിഹൃതം, തപനം, മൌഗ്ധ്യം, വിക്ഷേപം, കുതൂഹലം, ഹസിതം, ചകിതം, കേളി എന്നു പതിനെട്ടംഅലങ്കാരങ്ങളുണ്ട്.

ക. ഭാവം. ജനനംമുതല്ക്കേ നിർവികാരമായിരിക്കുന്ന ഹൃദയത്തിൽ ഉൽബുദ്ധമാകുന്ന വികാരത്തെ ഭാവമെന്നു പറയുന്നു.

---

a. ഭർത്താവുസ്വാധീനമായിരിക്കുന്നവൾ.

b കാമുകനെപ്രതീക്ഷിച്ചു സഖീഗൃഹത്തെ സജ്ജമാക്കിയിരിക്കുന്നവൾ.

c. കലഹംനിമിത്തം പിരിഞ്ഞിരിക്കുന്നവൾ.

d. ഭർത്താവുദൂരസ്ഥനായിരിക്കുന്നവൾ.

e. നായകനെഅഭിസരിക്കുന്നവൾ.

f. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവൾ.

g. പരസ്ത്രീസംഭോഗചിഹ്നത്തോടുകൂടിവരുന്ന നായകനോട ഈർഷ്യാകഷായിതയായിരിക്കുന്നവൾ.

h. അത്യുത്കണ്ഠ.

ശകുന്തള; എന്താണു് ഇദ്ദേഹത്തിനെ കണ്ടിട്ടു് തപോവന വിരുദ്ധമായ ഒരു വികാരത്തിനു ഞാൻ വശപ്പെട്ടുന്നതു്.

൨. ഹാവം; ഭ്രൂനേത്രാദിവികാരങ്ങളാൽ സംഭോഗേച്ഛയെപ്രകാശിപ്പിക്കുന്നതും ഇഷ്ടമാത്രം സംലക്ഷ്യമായിരിക്കുന്നതുമായവികാരം.

൩. അത്യന്തസമാലക്ഷ്യമായ വികാരത്തെ ഹേലയെന്നു പറയുന്നു.

ഹാവത്തിനുദാഹരണം.

"ലീലപ്പൂങ്കുഴൽകാവിലമ്പിനൊടുലാത്തീടുംമരുത്താലുഷ്ട
കാലത്തുള്ളലർപോലുണർന്നിതുടലിത്താരുണ്യസമ്പത്തിനാൽ
അലങ്കാരമണീയമാകുമണിരോമാഞ്ചംപുതച്ചോമന
ശ്രീലംകൊഴിവതുകോമളാംഗിസുകൃതംചെയ്താരെയോ നോക്കി നീ"

ഹേലയ്ക്കുദാഹരണം.

അരോമൽക്കളവർണ്ണിനിന്മനമകക്കാമ്പിലെല്ലാമൊളിച്ചാരോടുംപറയാതെനീസഖികളെസവ്രീഡമഞ്ചിക്കിലും
നേരോടെൻനിഴൽകണ്ടുടൻനിജമനോഭാവത്തെലജ്ജാകുല
ശ്രീരോമാഞ്ചമൊടഞ്ചിതസ്മിതമുഖശ്രീയാൽവിളങ്ങുന്നനീ.

൪. ശോഭ. രൂപയൌവനലാലിത്യഭോഗാദികളാലുള്ള അംഗഭ്രഷ്ണം.

"അംഗത്തിലെങ്ങുമണിയാത്തൊരുഭ്രഷ്ണംതാൻ"

ഇത്യാദിപാഠാന്തീവർണ്ണനം ഉദാഹരണം.

൫. കാന്തി; മന്മഥോന്മേഷത്താലുണ്ടാകുന്ന അതിവിസ്തീർണ്ണമായശോഭ.

൬. ദീപ്തി; കാന്തിയുടെ അതിവിസ്തീർണ്ണതയാണു്.

൭. മാധുര്യം. (മുൻപുവിവരിച്ചുകഴിഞ്ഞു.)

സർവ്വാവസ്ഥകളിലും വെച്ചുരമണീയമായിരിക്കുന്ന സ്ഥിതിമാധുര്യമെന്നും പക്ഷമുണ്ടു്.

ഉദാ:—"ഫുല്ലാബ്ജത്തിനുരമ്യതയ്ക്കുകുറവോ" ഇത്യാദി.

൮. പ്രഗൽഭത—ക്ലേശസഹിഷ്ണുതന്നെ.

൯. ഔദാര്യം; സദാപിവിനയത്തോടുകൂടിയിരിക്കയത്രേ.

൧൦. ധൈര്യം. ആത്മശ്ലാഘാവിമുഖവും നിശ്ചഞ്ചലവുമായ മനോവൃത്തിയാണു്.

ഇവപത്തും സ്ത്രീപുരുഷസാധാരണമാണു്.

൭൮. ലീല. നായകന്റെ പ്രീതിക്കുവേണ്ടി വാക്കുകളാലും ചേഷ്ടകളാലും അന്യയെ അനുകരിക്കയാണ്.

൭൯. വിലാസം. ഇഷ്ടജനസന്ദർശനംനിമിത്തം യാനസ്ഥാനാസനാദികർമ്മങ്ങളും മുഖനേത്രാദിചേഷ്ടകർമ്മങ്ങളും താല്ക്കാലികമായുണ്ടാകുന്ന വികാരമത്രേ.

"മന്ദം നിഷ്പന്ദമായും വികസിതതരമായ്-
ഭ്രൂവിലാസാഢ്യമായും
പിന്നെത്തെല്ലൊന്നടഞ്ഞും മിനുമിനുസമതാ
യഗ്രഭാഗം വിരിഞ്ഞും
ഒന്നങ്ങോട്ടേക്കു നോക്കീടുകിലിതു പൊഴുതിൽ
തെല്ല സങ്കോചമാർന്നും
തനുപംഗിക്കുള്ള നാനാവിധ നവനോട്ടത്തിനും
പാത്രമായ് ഞാൻ."

൮൦. വിച്ഛിത്തി. സ്വല്പമാത്രവും എന്നാൽ കാന്തിജനകവും ആയ അംഗപ്രരചനയത്രേ.

"മിന്നുംപൊന്നോല കുണ്ടൻ മണിഗണ ലളിതം
കുണ്ഡലം കുണ്ഡകാണ്ഡ
പിന്നിൽ ചിന്നിക്കവിഞ്ഞൊന്നണിചികുരമകാ
ണ്ഡോദയം മന്ദഹാസം
കുന്നിപ്രായം കുരുത്തോന്തരസികചയുഗം തുന
മപ്പൊൺകിടാവേ
ത്തന്നേ തോന്നിടുമത്രേ സരസമൊരുദിനം കണ്ട
വന്നിത്രിലോക്യാം."

൮൧. ഇഷ്ടമായ വസ്തുവിൽ സഗർവ്വമായ് അനാദരമാണ്.
ഉദാ:—

"നീവല്ലാതെ കൃപാരസം കണവനിൽ കാണിച്ചിടാതുള്ളോരീ
ബ്ഭാവത്തോടരുളുന്നതെന്തു പിഴയെന്നോണ്ണാളിചോദിക്കവേ
പോവട്ടേ! സഖി! യശ്ശോദന്റെകഥയെപ്പറഞ്ഞുകേൾക്കുന്നേ
നേവംപല്ലവഗാത്രിചൊല്ലി നെടുവീപ്പൊട്ടേറെ വിട്ടീടിനാൾ."

൮൨. കിളികിഞ്ചിതം. കാമുക സംഗമാദിയിൽ നായികയുടെ ഹർഷാതിരേകം നിമിത്തം ഉണ്ടാകുന്ന സ്മിതരുദിതഹസിതാദികളുടെ സാങ്കര്യം അത്രേ.

പാണിരോധമവിരോധിതവാങ്മുഖം;
ഭയസനാശ്വമധുരസ്മിതഗർഭാ
കാമിനസ്മികരുതേകരഭോരു!
ഹാരിശുഷ്കരുദിതം ച സുഖേപി.

൫൪. ഇഷ്ടജനത്തിന്റെ കഥാശ്രവണത്താലും മറ്റും ഉണ്ടാകുന്ന ഭാവത്തെ മോട്ടായിതമെന്നു പറയുന്നു.

൫൫. നായകൻ നായികയുടെ കേശസ്തനാദികളെ ഗ്രഹിക്കുവേ സഹർഷം അയാളുടെ കൈതട്ടുക മുതലായവചെയ്യുന്നതു കുട്ടമിതം

"മുഗ്ധഹീനാദരം പുൽകിയമുലകളമന്റെ രോമാഞ്ചമാന്തം
വിദ്ധാഗോദ്ധേകമൂലം കടിതടമതിൽനിന്നംശുകം സ്രംസിയായും
ഭദ്രാസാവേണ്ടവേണ്ടെന്നിതുമതിമതിയെന്നാകുലാലാപിനീ കിം
നിദ്രാണാമൂഢ്ഢിതാകിം മമമനസിലയിച്ചോദ്ഭവത്പം ഭവിച്ചോ"

൫൬. ഭർത്താവിന്റെ ആഗമനവൃത്താന്തം കേൾക്കുക നിമിത്തം സന്തോഷാധിക്യത്താൽ അസ്ഥാനത്തിൽ ആഭരണങ്ങളണിയുന്നതു വിഭ്രമം.

൫൭. ലലിതം = സുകുമാരമായ അംഗവിന്യാസമാകുന്നു.

൫൮. മദം. യൌവനാദികളാലുണ്ടാകുന്ന ഗർവ്വത്രേ.

൫൯. വിഹിതം പറയേണ്ടകാലത്തുലജ്ജയാലോ മറ്റോ ഒന്നും മിണ്ടാതിരിക്കുന്നതു തന്നെ

൬൦. തപനം. കാമുകൻ പിരിയുമ്പോൾ സ്മരാവേശത്താൽ പലതും ചേഷ്ടിക്കുന്നതു തപനം.

൬൧. മൌഢ്യം ഒരു കീഥയില്ലാത്തവളേപ്പോലെ അറിയാവുന്ന കാര്യങ്ങളെപ്പറ്റിയും നായകനോടു അതുമിതും ചോദിക്കുന്നതു മൌഢ്യം

ഉദാ:- നാഥ! എന്റെ കങ്കണത്തിൽ വെച്ചിരിക്കുന്ന മുകുരഫലം എന്തിന്റെ ഫലം (കായ്) ആണു ?

൬൨. ആഭരണങ്ങളും പാതിയണിയുക; വെറുതെ ചുറ്റുപാടും നോക്കുക; മുതലായ ചേഷ്ടാവിശേഷങ്ങളെ വിക്ഷേപമെന്നു പറയുന്നു.

൬൩. കുതൂഹലതാ. രമ്യമായ വസ്തുകാണുമ്പോൾ അതിൽ ആഗ്രഹം ജനിക്കുന്നതു്.

൫൮. യൌവനാരംഭത്താലുളവാകുന്ന വൃഥാ ഹാസാദി അകസ്മിക വികാരമാകുന്നുഹസിതം.

൫൯. എന്തെങ്കിലും കാരണത്താൽ ഭയിതന്റെ മുമ്പിൽ വെച്ചു ഭയസംഭ്രമങ്ങൾ കാണിക്കുന്നതു് ചകിതം.

൬൦. കേളി (അർത്ഥം സ്പഷ്ടം)

മുഗ്ധമാരായ നായികമാർ തങ്ങളുടെ അനുരാഗത്തെ പല പ്രകാരത്തിൽ പ്രകാശിപ്പിക്കുന്നു! കാമുകനേ കാണുമ്പോൾ ലജ്ജാഭാവിക്കുക; മുഖത്തുനോക്കാതിരിക്കുക; അതി ക്രാന്തനായ നായകനെ ഭിത്തികളാലും മറവും മറഞ്ഞിരിക്കുമ്പോൾ നോക്കുക; തന്നോടു പലേ ചോദ്യങ്ങൾ ചോദിച്ചാലും മന്ദമന്ദമായും അധോമുഖിയായും ഗൽഗദസ്വരത്തോടും അല്പമാത്രം സംസാരിക്കുക; അന്യന്മാർ നായകനേപ്പറ്റി സംസാരിക്കുമ്പോൾ അവധാനപൂർവ്വം കേൾക്കുക ഇവയത്രേ മുഗ്ധനായികമാരുടെ പ്രധാനമായ അനുരാഗചേഷ്ടകൾ. ശാകുന്തളത്തിൽ രാജാവു് ശകുന്തളയെ വർണ്ണിച്ചിരിക്കുന്നതു നോക്കുക.

൬൧. എന്നാലാപമതോടു്—ഇത്യാദി

൬൨. മല്ലാക്ഷീമണി വല്ലനോട്ടമതിലും-ഇത്യാദി

പ്രിയസവിധത്തിൽ നിന്നു പോവാൻ മടിക്കുക; ആഭരണം ധരിക്കാതെ അയാളുടെ ദൃഷ്ടിപഥം പ്രാപിക്കാതിരിക്കുക; വാക്കുകൊണ്ടും മറവും നായകന്റെ പരിജനങ്ങളെ വശീകരിക്കുക; വിരലുകൊണ്ടു ഭൂമിയിൽ വരക്കുക; കടാക്ഷപൂർവ്വം നോക്കുക; അധരത്തെ ദംശിക്കുക; പ്രിയനുള്ളപ്പോൾ സന്തുഷ്ടനായും ഇല്ലാത്തപ്പോൾ മലിനയായും ഇരിക്കുക; ഈ മാതിരി ചേഷ്ടകൾ സർവ്വനായികാസാധാരണങ്ങളത്രേ.

ലേഖകം, സ്നിഗ്ധവീക്ഷിതങ്ങൾ, ഭീതിസംപ്രേഷണം ഈ ഉപായങ്ങളാണു് പോതുവിൽ നായികമാർ അനുരാഗപ്രകാശത്തിനു വേണ്ടി പ്രയോഗിക്കുന്നതു്.

അദ്ധ്യായം ൬൦.

എല്ലാകാവ്യങ്ങളുടേയും ജീവൻ രസമാകുന്നു. വിഭാവാനുഭാവങ്ങളേകൊണ്ടും വ്യഭിചാരീ സഞ്ചാരീ ഭാവങ്ങളേക്കൊണ്ടും

അസ്വാദ്യമായ് തീർന്ന രതിശോകാദി ഭാവങ്ങളം കാവ്യനാടകാദികളിൽ സ്ഥായീഭാവങ്ങളായ് ചമയുമ്പോൾ; ആനാടകം കാണുകയോ കാവ്യം വായിക്കുയോചെയ്യുന്ന സഹൃദയന്റെ മനസ്സിൽ അങ്കുരിക്കുന്ന സ്വാദ്യതപം അത്രേ രസം.

ഇന്ദ്രിയഗോചരമായ ഏതെങ്കിലും വസ്തുവിൽ നിന്ന് സമുത്ഭവമാകുന്ന സുഖകരമൊ ദുഃഖകരമൊ ആയ വികാരത്താൽ മനസ്സ് അഭിവ്യാപ്തമാകുന്ന അവസ്ഥയെ ഭാവമെന്നും പറയുന്നു.

ഏതെങ്കിലും ഒരു ഭാവം സജാതീയമായോ വിജാതീയമായോ ഉള്ള യാതൊന്നിനാലും അവ്യവഹിതമായിരിക്കുകയാണ് സ്ഥായീഭാവം.

രത്യാദികളുടെ സ്ഥായീഭാവം കൊണ്ടു മാത്രം രസമുണ്ടാകുന്നില്ല. അസ്വാദ്യതയാണ് രസത്തിന്റെ പ്രധാന ധർമ്മം. സംസ്ഥാനകന് വസന്തസേനയോടുള്ള രാഗത്തിനു സ്ഥായീഭാവമുണ്ടെങ്കിലും അതു രസമല്ല.

രത്യാദി ഇനോവികാരങ്ങളുടെ കാരണമായ് യാതൊന്നു വ്യവഹരിക്കപ്പെടുന്നുവൊ അതു തന്നെ വിഭാവം. അതെ അവലംബിച്ചു രത്യാദിവികാരങ്ങളം അങ്കുരിക്കുന്നു അതു ആലംബനവിഭാവവും അങ്ങനെ ഉദിച്ചുവികാരത്തെഉദ്ദീപിപ്പിക്കുന്നതു യാതൊന്നു അതു ഉദ്ദീപനവിഭാവവും ആകുന്നു.

രത്യാദിവികാരങ്ങളം നായികാനായകന്മാരുടെ ചില ചേഷ്ടകംവഴിക്ക് അനുഭവപ്പെടുന്നു.

ഉദാ:—ഭ്രൂഭാഗം കടാക്ഷം മുതലായവയത്രേ അനുഭാവങ്ങളം.

വ്യഭിചാരീഭാവങ്ങളം ഒരു രസത്തിനുപ്രത്യേകമുള്ളവയല്ല. അതു സമുദ്രത്തിലെ തിരമാലകംപോലെ വന്നംപോയും ഇരിക്കുന്നു. രതി, ഹാസം, ശോകം, ക്രോധം, ഉത്സാഹം, ഭയം, ജുഗുപ്സ, വിസ്മയം, ശമം എന്നീ സ്ഥായീഭാവങ്ങളാൺ. കവിവാക്യത്താലൊ നാടകാഭിനയത്താലൊ സഹൃദയന്റെയൊ പ്രേക്ഷകന്റെയൊ ഹൃദയത്തിൽ പ്രതിഫലിച്ച് ശൃംഗാരം, ഹാസ്യം, കരുണ, രൌദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം, ശാന്തം എന്നീരസങ്ങളായ് ചമയുന്നതു.

രൂപകങ്ങളിൽ സ്വഭാവേന ഹാരിയായ രസങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നു. അതിനാലത്രേ.

"ഏകോരസോ ഭവേദംഗീ
വീരശൃംഗാരയോർദ്വയോഃ"

എന്ന വിധിയുണ്ടായതു്. പ്രഹസനങ്ങളിൽ മാത്രം ഹാസ്യരസം അംഗിയായിരിക്കുന്നു. ഉത്തരരാമചരിതത്തിൽ കവി കരുണത്തെഅംഗിയാക്കിയിരിക്കുന്നതു പ്രസ്തുതവിധിക്കു് ഒരു അപവാദമാകുന്നു. എന്നാൽ അതിലെ രസം ധർമ്മവീരമെന്നോ കരുണവിപ്രലംഭമെന്നോ സ്ഥാപിക്കുന്നതിനും വിരോധമില്ല.

സർവ്വരസങ്ങളിലുംവെച്ചു് ശ്രേഷ്ഠമായുള്ളതു് ശൃംഗാരമാകുന്നു. സർവ്വസംസാരികൾക്കും അത്യന്തനിയതമെന അനുഭവവിഷയമാകുന്നതിനാൽ അതിനേ സർവ്വരസചക്രവർത്തിയായ് നാം ഗണിയ്ക്കുന്നു. നാടകത്തിൽ സംഭോഗശൃംഗാരം അല്പമായ്മാത്രമേ വർണ്ണിക്കയുള്ളൂ.

വീരത്തിനു് ധർമ്മവീരം, ദയാവീരം, രണവീരം, ദാനവീരം എന്നു പലവിധ വിഭാഗങ്ങളുണ്ടു്.

ഉദാഹരണം

യുദ്ധവീരം = മഹാവീരചരിതം.
ദാനവീരം = നാഗാനന്ദം
ഭേദവീരം = മുദ്രാരാക്ഷസം
ധർമ്മവീരം = ഉത്തരരാമചരിതം.

ഏതുരസം അംഗിയായിരുന്നാലും മറ്റു രസങ്ങളെ ഔചിത്യപൂർവ്വം അംഗങ്ങളായ് വരിക്കാവുന്നതാണു്. നിർവ്വഹണത്തിൽ അത്ഭുതരസവും ഉണ്ടായിരിക്കണം.

രസത്തിന്റെ പരിപുഷ്ടിയ്ക്കു അതിനാനുഗുണമായമാധുര്യാദിഗുണങ്ങളെ പ്രകാശിപ്പിക്കുന്ന രചനയും അപേക്ഷിതമത്രേ. വീരരസം ഓജോഗുണശാലിയും ശൃംഗാരരസം മാധുര്യഗുണസംയുക്തവും ആകുന്നു. സന്ദർഭാഡംബരംകൊണ്ടും ചിത്രാഡംബരംകൊണ്ടും രസപ്രതീതിക്കു വിലോപം വരുത്തുന്നതു് അനുചിതമാണു്.

1	കഥകളികളുടെ ഉൽപത്തി
4	കഥകളിയും നാടകവും തമ്മിലുള്ള വ്യത്യാസങ്ങൾ
5	ദക്ഷയാഗം കഥ
8	ഭാഗവതപുരാണവും ദക്ഷയാഗവും
2-1	ദക്ഷയാഗം വ്യാഖ്യാനം
3-1	വേണീസംഹാരം-ഭട്ടനാരായണൻ
4-1	വേണീസംഹാരം-ഭാഷാനാടകം-വ്യാഖ്യാനം
5-1	ഭഗവൽഗീത-കണ്ണശ്ശപ്പണിക്കന്മാർ
5-6	ഭഗവൽഗീതാടിപ്പണം
5-10	രാമചരിതം
6-1	പ്രരോദനം
6-3	ആശാൻ കവിതകൾ
7-1	സംസ്കൃത നാട്യപ്രബന്ധങ്ങൾ
7-1	നാടകത്തിന്റെ ഉൽപ്പത്തി
7-7	ദൃശ്യാകാവ്യഭേദങ്ങൾ
7-11	നാന്ദിപ്രകരണം
7-15	സൂത്രധാരപ്രകരണം
7-22	നാട്യപ്രബന്ധങ്ങൾ
7-22	രചനാപരിപാടി
7-25	ഭാഷാലക്ഷണങ്ങൾ
7-34	നാട്യാലങ്കാരങ്ങൾ
7-39	ചതുർവൃത്തികൾ
7-42	കഥാവസ്തു
7-56	നായക പ്രകരണം